# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊച്ചി കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കൊച്ചി-682011

ഇ-മെയിൽ: corpkochi.ksad@kerala.gov.in

ഫോൺ : 0484 2953994

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KCC/S7-1146/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കൊച്ചി-682011
തീയ്യതി: 05/01/2024
ഇ-മെയിൽ:
corpkochi.ksad@kerala.gov.in
ഫോൺ: 0484 2953994

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
കൊച്ചി കോർപ്പറേഷൻ

സർ,

വിഷയം : കൊച്ചി കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊച്ചി കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
3.റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി
4.ഓഫീസ് പകർപ്പ്.

നമ്പർ: KSA/KCC/S7-1146/2023 തീയ്യതി: 05/01/2024

## എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2023 മുതൽ 15-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 99 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 59 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈല.എം.എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2022 | 23-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എൽസമ്മ എസ്.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജിനിൽ റോയ്.ഡി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സജിത സണ്ണി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസൂൺ .പി.ജെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രമ്യ.എസ്.വിമലൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പി.വി.ജോർജ്ജ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷാരിമോൾ.കെ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജമീലബീവി.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽ.കെ.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സൗമ്യ ജോൺ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബെറ്റ്സി. സി.എക്സ്., ഓഡിറ്റർ
ശ്രീ.എ.അലി. ഓഡിറ്റർ
ശ്രീ.വാലന്റൈൻ.കെ.ഗിൽബർട്ട്. ഓഡിറ്റർ
ശ്രീ.എൻ.ജി.ആൽബർട്ട്.ഓഡിറ്റർ
ശ്രീ.അരുൺ.എൻ.ആർ.ഓഡിറ്റർ
ശ്രീ.മഹേഷ് ഉണ്ണികൃഷ്ണൻ.ഓഡിറ്റർ
ശ്രീ.വിപിൻരാജ്. പി.ആർ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.എം.അനിൽകുമാർ | മേയർ | 01-04-2022 | 31-03-2023 |
| ശ്രീ.എ.എസ്.നൈസാം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 26-07-2022 |
| ശ്രീമതി. വി.കെ. ബിന്ദു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-07-2022 | 03-08-2022 |
| ശ്രീ.വി.പി. ഷിബു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2022 | 10-10-2022 |
| ശ്രീ.ബാബു അബ്ദുൾ ഖാദർ | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.പി. ഷിബു | അഡീഷണൽ സെക്രട്ടറി | 01-04-2022 | 31-03-2023 |
| സ്മിത.പി.ജെ. | എക്സിക്യൂട്ടീവ് എഞ്ചിനീയർ I | 01-04-2022 | 31-03-2023 |
| അമ്പിളി റ്റി.എ. | എക്സിക്യൂട്ടീവ് എഞ്ചിനീയർ II | 01-04-2022 | 31-03-2023 |
| ഡോ.പ്രസന്നകുമാരി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.രാജേഷ്.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഗോൾഡാ കൈമൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ലതിക പണിക്കർ | ഹെഡ്മിസ്ട്രസ് ,Govt. GHSS,എറണാകുളം | 01-04-2022 | 31-03-2023 |
| എസ്.രമേഷ്കുമാർ | അഗ്രി.ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| നിസ എ. | പ്രോജക്ട് ഓഫീസർ UPAD North | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| അനിൽകുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ലിജി ആന്റണി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അനൂപ്.ആർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ലിഷ സേവ്യർ | സി.ഡി.പി.ഒ, ഐ.സി.ഡി.എസ്. I | 01-04-2022 | 31-03-2023 |
| ഇന്ദു.വി.എസ്. | സി.ഡി.പി.ഒ, ഐ.സി.ഡി.എസ്. II | 01-04-2022 | 31-03-2023 |
| ശുഭ.കെ.നായർ | സി.ഡി.പി.ഒ, ഐ.സി.ഡി.എസ്. III | 01-04-2022 | 31-03-2023 |
| ശ്രീ.സാജു സേവ്യർ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹരിത | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബോബൻ.കെ. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| വിൽസൺ സി.ജെ | ഹെൽത്ത് സൂപ്പർവൈസർ (ഹെൽത്ത് ഓഫീസർ ഇൻ ചാർജ്ജ്) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തേയ്മാന ചെലവ് കണക്കാക്കിയതിലെ അപാകത | 1-1.1 |
| 3 | ഇൻവെസ്റ്റ്മെന്റ് വിവരം ലഭ്യമാക്കിയിട്ടില്ല | 1-1.2 |
| 4 | ആസ്തി വിവരം ലഭ്യമാക്കിയിട്ടില്ല | 1-1.3 |
| 5 | ലോൺ ബാധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1.4 |
| 6 | അരിയർ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1.5 |
| 7 | വാർഷിക കണക്കുകളിൽ കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല | 1-1.6 |
| 8 | ഫെസ്റ്റിവൽ അഡ്വാൻസ് തുകയിൽ അലവൻസ് തുക ഉൾപ്പെടുത്തി. | 1-1.7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6 |
| 14 | വിവിധ ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | EMD രസീത് -തിരികെ വാങ്ങി സൂക്ഷിച്ചിട്ടില്ല | 1-10 |
| 18 | കൊച്ചി നഗരസഭയുടെ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ | 1-11 |
| 19 | വസ്തു നികുതി പരിഷ്കരിച്ചപ്പോൾ നികുതിത്തുകയിൽ ഗണ്യമായ കുറവ് -നഗരസഭയുടെ വരുമാന നഷ്ടം പരിഹരിക്കാൻ നടപടികളായിട്ടില്ല. | 1-12 |
| 20 | തൊഴിൽ നികുതി ഓൺലൈനായി ലഭ്യമാകുന്ന പണം തത്സമയം ഓൺഫണ്ട് അക്കൗണ്ടിൽ എത്തിച്ചേരുന്നില്ല. | 1-13 |
| 21 | ചെക്ക് കൗണ്ടറിലെ കമ്പ്യൂട്ടർ രസീതുകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-14 |
| 22 | മാർക്കറ്റ് ഫീസ് - അപാകതകൾ | 1-15 |
| 23 | പബ്ലിക് സാനിറ്റേഷൻ ചാർജ്ജിനത്തിലുള്ള വരവ് - പരിശോധനയ്ക്കായി രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 24 | വാടക അടവാക്കുന്നതിൽ വീഴ്ച - സാമ്പത്തിക നഷ്ടം | 1-17 |
| 25 | നവീകരണ പ്രവൃത്തികളുടെ അഭാവം - ലേലം നടക്കുന്നില്ല. | 1-18 |
| 26 | റോഡ് കട്ടിംഗ് -റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് - നഷ്ടം 447260/- രൂപ | 1-19 |

| | | |
|---|---|---|
| 27 | വിതരണ രീതിയിലെ അപാകത – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-20 |
| 28 | ഗുണഭോക്തൃ വിഹിതം അധികമായി സ്വീകരിച്ചു | 1-21 |
| 29 | സമഗ്രപച്ചക്കറി വികസന പദ്ധതി ഗുണഭോക്താക്കൾക്ക് പച്ചക്കറിയൂണിറ്റുകൾ വിതരണം ചെയ്തില്ല. 4,68,875/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 30 | വാഴക്കന്ന് വിതരണം - രേഖകൾ ഹാജരാക്കിയില്ല- ചെലവഴിച്ച തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 31 | കിഴങ്ങു വർഗ്ഗ നടീൽ വസ്തുക്കൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല – ചെലവഴിച്ച തുകയായ 7,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 32 | രേഖകൾ ഹാജരാക്കിയില്ല – ചെലവഴിച്ച തുകയായ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 33 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകി - ₹2,52,689/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 34 | ഫലവൃക്ഷത്തൈകൾ വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-27 |
| 35 | ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ വ്യത്യാസം -2,00,062/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 36 | ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ മാനദണ്ഡരേഖകൾ , സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ കൈപ്പറ്റു രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 37 | കോഴിയും കൂടും പദ്ധതി-അധിക തുക ചെലവഴിച്ചു | 1-30 |
| 38 | സ്വയംതൊഴിലിന് ഇ-ഓട്ടോ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം -നടത്തിപ്പിലെ അപാകതകൾ | 1-32 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-33 |
| 41 | ഫിഷറീസ് പ്രോജക്ടുകളിൽ വാർഡ് സഭാ മിനിട്സ് വിശദാംശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല | 1-34 |
| 42 | കൈമാറിക്കിട്ടിയ അലോപ്പതി ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | 1-35 |
| 43 | പാലിയേറ്റീവ് കെയർ - രജിസ്റ്ററുകൾ ഹാജരാക്കിയില്ല | 1-36 |
| 44 | വനിതകൾക്ക് ലാബ് ഉപകരണങ്ങൾ -പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-37 |
| 45 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്നു വാങ്ങൽ | 1-38 |
| 46 | ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ചികിത്സാ ഉപകരണങ്ങൾ | 1-39 |
| 47 | മെൻസ്ട്രുവൽ കപ്പ് വിതരണം- നടത്തിപ്പിലും, വിതരണത്തിലും അപാകതകൾ | 1-40 |
| 48 | സ്പിൽ ഓവർ പ്രൊജക്റ്റിന് അനുവദിച്ച പണം വക മാറ്റി ചെലവഴിച്ചു. | 1-41 |
| 49 | പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ ) | 1-42 |
| 50 | കൈമാറിക്കിട്ടിയ ഗവ.ഹോമിയോ ആശുപത്രികൾക്ക് സമയബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല | 1-43 |

| | | |
|---|---|---|
| 51 | ഫോർട്ട് കൊച്ചി ഡയാലിസിസ് യൂണിറ്റിന് മരുന്ന വാങ്ങൽ | 1-44 |
| 52 | ഡിപിസി അംഗീകാരം നൽകിയ പദ്ധതിയ്ക്ക് പണം വിനിയോഗിച്ചില്ല. | 1-45 |
| 53 | തുടർ സാക്ഷരതാ പഠനം രേഖകൾ ഹാജരാക്കിയില്ല.₹297650 രൂപ തടസ്സപ്പെടുത്തുന്നു. | 1-46 |
| 54 | അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -ചെലവ് രേഖകൾ ഹാജരാക്കിയില്ല 22,84,92,914 രൂപ തടസ്സപ്പെടുത്തുന്നു. | 1-47 |
| 55 | വനിതാ ഹോസ്റ്റൽ - നടത്തിപ്പ് വിവരം വ്യക്തമല്ല | 1-48 |
| 56 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി | 1-49 |
| 57 | ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുനരധിവാസം - സ്ഥലം വാങ്ങി ഭവന നിർമ്മാണം - രജിസ്ട്രേഷൻ നടത്തിയില്ല-1,30,06,374 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-50 |
| 58 | കൊതുക് നിവാരണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിലും, ഉപകരണങ്ങൾ വാങ്ങിയതിലും അധികച്ചെലവ് | 1-51 |
| 59 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (AUEGS) | 1-52 |
| 60 | കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-2,43,600/-രൂപ തടസ്സപ്പെടുത്തുന്നു. | 1-53 |
| 61 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച് | 1-54 |
| 62 | എസികളുടെ ആകെ മൂല്യത്തേക്കാൾ കൂടുതൽ തുക വാർഷിക അറ്റകുറ്റപ്പണിക്കായ് ചെലവഴിക്കുന്നു | 1-55 |
| 63 | ആരോഗ്യ പ്രവർത്തകർക്ക് വേതനം തനതുഫണ്ടിൽ നിന്നും വിതരണം നടത്തിയത് - റിക്രൂട്ട്മെന്റ് ചെയ്തിട്ടില്ല | 1-56 |
| 64 | സ്റ്റേഷണറി പ്രിന്റിംഗ് - നിരതദ്രവ്യം ഈടാക്കിയില്ല | 1-57 |
| 65 | പദ്ധതി രൂപീകരണം - മോണിറ്ററിംഗ് ചെലവുകൾ - ചെലവ് വിവരങ്ങൾ മുഴുവനും ഹാജരാക്കിയില്ല | 1-58 |
| 66 | കൊച്ചി നഗരസഭയിലെ പ്രധാന ഓഫീസിലെയും മട്ടാഞ്ചേരി ജനസേവനകേന്ദ്രത്തിലെയും UPS ന്റെ AMC ഏർപ്പെടുത്തിയതിലെ അപാകതകൾ | 1-59 |
| 67 | UPS സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ - അപാകതകൾ | 1-60 |
| 68 | വാഹന അറ്റകുറ്റപ്പണി - അപാകതകൾ | 1-61 |
| 69 | ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസ് ഈടാക്കിയില്ല- നഷ്ടം 60,000/-രൂപ | 1-62 |
| 70 | വിവിധ പ്രവൃത്തികൾ വാർഷിക അറ്റകുറ്റപ്പണി കരാർ നൽകിയിരിക്കുന്നതിലെ അപാകതകൾ | 1-63 |
| 71 | അധിക നിരക്കിൽ ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കേണ്ടി വരുന്നു | 1-64 |
| 72 | പകൽവീട് പ്രവർത്തനരഹിതം | 1-65 |
| 73 | മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി കുമ്മായവും ബ്ലീച്ചിംഗ് പൗഡറും | 1-66 |

| | | |
|---|---|---|
| | വാങ്ങിയത് - ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | |
| 74 | മഴക്കാല പൂർവ ശുചീകരണം- കൂലി നൽകിയതിൽ അപാകത | 1-67 |
| 75 | അഡ്വാൻസ് അനുവദിച്ചത് സമയപരിധി കഴിഞ്ഞിട്ടും ക്രമീകരിച്ചിട്ടില്ല. | 1-68 |
| 76 | ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമികരിച്ചിട്ടില്ല | 1-69 |
| 77 | തെരുവ് വിളക്കുകളുടെ പരിപാലനം | 1-70 |
| 78 | എറണാകുളം ടൗൺഹാൾ നവീകരണം - പരിക്ക് പറ്റിയ പണിക്കാരന് നഗരസഭയുടെ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചു - കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടില്ല | 1-71 |
| 79 | വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത് നിഷ്ക്രിയമായി തുടരുന്നു | 1-72 |
| 80 | അപകടകരമായ കേബിളുകൾ മുറിച്ചു മാറ്റി നീക്കം ചെയ്യുന്നതിന് തുക ചെലവഴിച്ചത് - കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്നും ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല | 1-73 |
| 81 | മുൻകൂർ തുക ചെലവഴിച്ചതിലെ അപാകതകൾ | 1-74 |
| 82 | പി.എം.എ.വൈ നടത്തിപ്പ് അപാകതകൾ | 1-75 |
| 83 | പോർട്ട് വക ഭൂമിയിലെ മാലിന്യം നീക്കം ചെയ്യൽ - ഡിപ്പിംഗ് ചാർജ്ജ് കൃത്യമായി ഈടാക്കിയില്ല | 1-76 |
| 84 | കൊച്ചി കോർപ്പറേഷൻ ഓഫീസ് മന്ദിരം നിർമ്മാണം- അപാകതകൾ | 1-77 |
| 85 | സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ സംബന്ധിച്ച് | 1-78 |
| 86 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-79 |
| 87 | ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല. | 1-80 |
| 88 | കൊച്ചി നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ പരിപാലനം | 1-81 |
| 89 | മാലിന്യം നീക്കാൻ ഭീമമായ ലോറി വാടക- നഗരസഭക്ക് കോടികളുടെ ചെലവ് | 1-82 |
| 90 | ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് - മാലിന്യസംസ്കരണപ്രശ്നം നഗരസഭയ്ക്ക് ഇനിയും സമഗ്രമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. | 1-83 |
| 91 | നഗരത്തിലെ വെള്ളക്കെട്ട് നിവാരണം "അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തി" എന്നു കാണിച്ച് ടെണ്ടർ നടപടികളിൽ ക്രമവിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നു. | 1-84 |
| 92 | എയർകണ്ടീഷൻ യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-85 |
| 93 | 64, 66, 67 ഡിവിഷനുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവൃത്തി - കരാർ വയ്ക്കുന്നതിനു മുൻപേ പ്രവൃത്തി തുടങ്ങിയതും കരാർ തുകയ്ക്കു പുറമേ ജി.എസ്.റ്റി തുക 19,256/- രൂപ അധികമായി കരാറുകാരന് നൽകിയതും ക്രമവിരുദ്ധം | 1-86 |
| 94 | ചെക്ക് മുഖേനയുള്ള റവന്യൂ വരവ്- ചെക്ക് മടങ്ങിയതിനാൽ നഗരസഭാ ഫണ്ടിന് 9019435/- രൂപയുടെ നഷ്ടം | 1-87 |
| 95 | സുസ്ഥിര നഗരവികസന പദ്ധതിക്കു കീഴിലെ വാട്ടർ പ്ലാന്റ് നവീകരണ പദ്ധതി - സമയ ബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ നഗരസഭയ്ക്ക് അധികബാധ്യത | 1-88 |
| 96 | കോടതി വ്യവഹാരത്തിന്റെ പേരിൽ നഗരസഭയ്ക്ക് കിട്ടുവാനുള്ള പരസ്യ ബോർഡ് | 1-89 |

| | | |
|---|---|---|
| | തറവാടക കുടിശ്ശിക അടവാക്കാതെ കരാറുകാർ കബളിപ്പിക്കുന്നു-നഗരസഭ തുടർ നടപടി സ്വീകരിക്കുന്നില്ല | |
| 97 | മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണ ചുമതല ഏറ്റെടുത്ത ശേഷം പിൻമാറിയ കരാറുകാരുടെ കരുതൽ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-90 |
| 98 | യഥാസമയം പണി പൂർത്തീയാക്കാത്തതിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല. | 1-91 |
| 99 | അപകടാവസ്ഥയിലായ കെട്ടിടം പൊളിച്ചു നീക്കിയത് - ചെലവ് തുക കെട്ടിടയുടമയിൽ നിന്നും തിരികെയീടാക്കിയില്ല | 1-92 |
| 100 | മേഖലാ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. | 1-93 |
| 101 | ഓഡിറ്റിനായി ഫയലുകൾ ഹാജരാക്കിയില്ല – 9484776/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-94 |
| 102 | ഷീ ലോഡ്ജ് ഫയലുകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 1-95 |
| 103 | ശുചീകരണ പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങി - പരിശോധനയിൽ വാഹനങ്ങൾ പലതും കട്ടപ്പുറത്ത്- ലക്ഷങ്ങളുടെ പാഴ് ചെലവ് | 1-96 |
| 104 | ബ്രഹ്മപുരം ഖരമാലിന്യ പദ്ധതി ലോൺ - വിശദ വിവരം ലഭ്യമല്ല | 1-97 |
| 105 | അമൃത് ലോൺ - വിശദ വിവരം ലഭ്യമല്ല | 1-98 |
| 106 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-99 |
| 107 | ലൈഫ് ഭവന പദ്ധതി - വിശദ വിവരം ലഭ്യമല്ല | 1-100 |
| 108 | ഇ-ടെന്റർ ഫീസ് | 1-101 |
| 109 | ആദായനികുതി ഈടാക്കിയില്ല | 1-102 |
| 110 | ഓഡിറ്റ് ഇംപാക്റ്റ് | 1-103 |
| | ഭാഗം **2** | |
| 1 | റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് - നഷ്ടം 4,47,260/- രൂപ | 2-1 |
| 2 | ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസ് ഈടാക്കിയില്ല- നഷ്ടം 60,000/-രൂപ | 2-2 |
| 3 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത - നഷ്ടം 27635/- രൂപ | 2-3 |
| 4 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -രൂ.8000/- നഷ്ടം | 2-4 |
| | ഭാഗം **3** | |
| 1 | കൊതുക് നിവാരണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിലും, ഉപകരണങ്ങൾ വാങ്ങിയതിലും അധികച്ചെലവ് | 3-1 |
| 2 | കേബിൾ സർവ്വീസ് ദാതാക്കൾ ചെയ്യേണ്ട പ്രവൃത്തി നഗരസഭ നിർവ്വഹിച്ചത് - തുക തിരികെ ഈടാക്കിയില്ല | 3-2 |
| 3 | ജി.എസ്.റ്റി തുക ഉൾപ്പെടെ ക്വാട്ട് ചെയ്ത കരാറിൽ ,കരാർ തുകയ്ക്ക് പുറമേ ജി.എസ്.റ്റി തുക 19256/- രൂപ അധികമായി കരാറുകാരന് നൽകി | 3-3 |
| 4 | വാഹന അറ്റകുറ്റപ്പണി - രേഖകളിൽ അവ്യക്തത - ചെലവ് തുക 35,929/- നിരാകരിക്കുന്നു | 3-4 |

| | | |
|---|---|---|
| 5 | GST ഇനത്തിലെ അധിക ചെലവ് - തുക നിരാകരിക്കുന്നു. | 3-5 |
| ഭാഗം 4 | | |
| 1 | വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വഴി ഈടാക്കപ്പെട്ട തുകയുടെ വിവരം | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കപ്പെട്ട തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 01.04.2022 മുതൽ 31.03.2023 വരെ പണമാക്കാനാവാതെ മടങ്ങിയ ചെക്കുകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊച്ചി കോർപ്പറേഷന്റെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യപത്രികകളും പ്രസ്തുത ധനകാര്യപത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.08.2023 തീയതിയിലെ 29-ാം നമ്പർ തീരുമാനം അംഗീകരിച്ച് 07.09.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷികധനകാര്യപത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തികനിലയും 1994ലെ കേരളമുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4),2007 ലെ മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളേക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാസ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷികധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാസ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ

അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

എ. വിശേഷണങ്ങളില്ലാത്ത അഭിപ്രായം

കൊച്ചി കോർപ്പറേഷന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ സ്ഥാപനത്തിന്റെ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടേയും 31.03.2023 ലെ സാമ്പത്തികനിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 294 പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് തയ്യാറാക്കുന്ന വാർഷിക ധനകാര്യ പത്രിക ജൂൺ ആദ്യ വാരത്തിനകം നഗരസഭ കൗൺസിലിന്റെ അംഗീകാരത്തിനും ജൂലൈ 31നകം ഓഡിറ്റിനും സമർപ്പിക്കേണ്ടതാണ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 27/7/23ൽ ഓഡിറ്റിനായി സമർപ്പിച്ചു എങ്കിലും നഗരസഭയുടെ അംഗീകാരത്തോടെ (കൗൺസിലിന്റെ 24.08.2023 ലെ 29-ാം നമ്പർ തീരുമാനത്തോടെ MOA 12/12741/2023 നമ്പർ കത്ത് പ്രകാരം) ഓഡിറ്റിനു ലഭ്യമാക്കിയത് 7/9/23ൽ മാത്രമാണ്.

വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റിനായി ലഭ്യമാക്കിയ 2022-23 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് അതിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 25.08.2023ൽ കെ.എസ്.എ.-കെ.സി.സി.(എസ്.14) 790/23 നമ്പരായി കത്ത് നൽകിയിരുന്നു. ആയതിന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ തൃപ്തികരമായി വിശദീകരിക്കുവാൻ സാധിക്കാതിരുന്ന അപാകതകൾ 1-1.1 മുതൽ 1-1.7 വരെയുള്ള ഖണ്ഡികകളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-1.1 തേയ്മാന ചെലവ് കണക്കാക്കിയതിലെ അപാകത

2022-23ലെ വാർഷിക കണക്കുകളിൽ തേയ്മാന ചെലവ് (Depreciation) എന്ന ഇനം പരിശോധിച്ചപ്പോൾ Depreciation Other Fixed Asset എന്ന ഇനത്തിൽ നഗരസഭ 3523735/-

തേയ്മാന ചെലവായി കാണിച്ചിരിക്കുന്നു. ഇപ്രകാരം ആസ്തികളുടെ തേയ്മാന ചെലവുകളുടെ ഇനം തിരിച്ചുള്ള പട്ടികയിൽ നഗരസഭയ്ക്ക് സ്വന്തമായി ബസ് ഉള്ളതായി കാണിച്ച് 24,00,000/- രൂപ മൂല്യം കണക്കാക്കി തൻവർഷത്തിൽ 10% തേയ്മാനചെലവ് കണക്കാക്കി 2,40,000/-രൂപ ടി ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ഇപ്രകാരം കോർപ്പറേഷന് സ്വന്തമായി ബസ്സുകൾ ഉണ്ടോ എന്നും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ചും 18.09.2023ൽ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും നഗരസഭ ലഭ്യമാക്കിയിട്ടില്ല. മറുപടി നൽകാത്തതിനാൽ കോർപ്പറേഷന് സ്വന്തമായി ബസ് ഇല്ല എന്നു കണക്കിലെടുത്ത് ഇല്ലാത്ത ആസ്തി ഉണ്ടെന്നു കാണിച്ച് ആയതിന് 24,00,000/- രൂപ മൂല്യം കണക്കാക്കിയത് ക്രമവിരുദ്ധമായ നടപടിയാണെന്നും അതിന്മേൽ 2,40,000/- രൂപ തേയ്മാന ചെലവ്(വൗച്ചർ നമ്പർ 42205168) കണക്കാക്കിയത് ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് കാണുന്നു.

1-1.2 ഇൻവെസ്റ്റ്മെന്റ് വിവരം ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്കു പ്രകാരം നിക്ഷേപ ഇനത്തിൽ 104564144.35 രൂപ നഗരസഭയ്ക്ക് നീക്കിയിരുപ്പ് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 420500100 | Investment Equity Shares | 12600000.00 |
| 420800100 | Fixed Deposit | 91964144.35 |
| | | 104,564144.35 |

Equity Shares, Fixed Deposit എന്നിവയുടെ നിക്ഷേപ സർട്ടിഫിക്കറ്റുകളും ഷെയർ സർട്ടിഫിക്കറ്റുകളും ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

1-1.3 ആസ്തി വിവരം ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ B.11 Schedule പ്രകാരം 49,23,258485.37 രൂപയുടെ ആസ്തികൾ നഗരസഭയ്ക്കുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

1-1.4 ലോൺ ബാധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 വാർഷിക കണക്കുകളിൽ നഗരസഭയ്ക്ക് ഹഡ്കോ ലൈഫ്, അമൃത്, ബ്രഹ്മപുരം എന്നിങ്ങനെയുള്ള വായ്പാ ബാധ്യതകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക ആയി ചേർത്തിട്ടുണ്ട്.

1-1.5 അരിയർ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭയ്ക്ക് വിവിധ വരവിനങ്ങളിൽ കിട്ടാനുള്ള തുകകളുടെ വിവരങ്ങൾ സംബന്ധിച്ച് കുടിശ്ശിക

രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിക്കുന്നില്ല. തന്മൂലം ഈ ഇനങ്ങളിൽ വാർഷിക കണക്കിൽ സൂചിപ്പിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1.6 വാർഷിക കണക്കുകളിൽ കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല

വാർഷിക കണക്കുകളിൽ കിട്ടാനുള്ള വിവിധ ശീർഷകങ്ങളിലെ (നികുതി നികുതിയിതരം) തുകകൾ സംബന്ധിച്ച കൃത്യത, ഡിസിബി വിവരം, അരിയർ തുകയുടെ വിവരം എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യത സ്ഥിരീകരിക്കാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

ലൈബ്രറി സെസ് പോലെ കൊടുക്കാനുള്ള തുകകളുടെ വാർഷിക ധനകാര്യ പത്രികയിലെ സ്ഥിതി അനുബന്ധ രജിസ്റ്ററുകളിൽ രേഖപ്പെടുത്താത്തതിനാൽ കൃത്യത നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. എസിആർ പ്രകാരം പദ്ധതി ധനസഹായം, ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ പൂർണ്ണമല്ല.

1-1.7 ഫെസ്റ്റിവൽ അഡ്വാൻസ് തുകയിൽ അലവൻസ് തുക ഉൾപ്പെടുത്തി.

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ ഇനത്തിൽ 439514/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ 256750/- രൂപ അലവൻസായി അനുവദിച്ച തുകയാണ്.

1-2 ബജറ്റ്

1994ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 285 മുതൽ 293 വരെയുള്ള വകുപ്പുകളിലും 2007ലെ കേരളാ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 63 മുതൽ 66 വരെയുള്ള വ്യവസ്ഥകളിലാണ് നഗരസഭകളിൽ ബജറ്റ് തയ്യാറാക്കുന്നത് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മേൽ നിയമത്തിലെ 285-ാം വകുപ്പ് പ്രകാരം നഗരസഭ സെക്രട്ടറി വരവ് ചെലവ് കണക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിരുന്ന 10990995015രൂപ വരവും 10590229790രൂപ ചെലവും 400765225രൂപ നീക്കുബാക്കി പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 15.03.2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ആയത് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുകയും 30.3.2022ൽ കൂടിയ പ്രത്യേക

കൗൺസിൽ യോഗം ബജറ്റ് അംഗീകരിക്കുകയും ചെയ്തു.

എ) വകയിരുത്തിയതും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം.

| | പുതുക്കിയ ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യത്യാസം |
|---|---|---|---|
| വരവ് | 9728343967 | 4671268470 | 5057075497 |
| ചെലവ് | 9111154000 | 4254166607 | 4856987393 |

ബജറ്റ് തയ്യാറാക്കുമ്പോൾ കണക്കുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ, സ്ഥിതിഗതികൾ ശരിയായി വിശകലനം ചെയ്ത് തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നഗരസഭയുടെ ബഡ്ജറ്റ് കണക്കുകൾ പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് പ്രസംഗം മാത്രമാണ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 1162254666.21 |
| വരവ്(₹) | 4814976994.00 |
| ആകെ (₹) | 5977231660.21 |
| ചെലവ് (₹) | 4461099000.00 |
| നീക്കിയിരിപ്പ് (₹) | 1516132660.21 |

1-4 ഫണ്ട് വിനിയോഗം

2022-23 വർഷം ലഭിച്ച വിവിധ ഫണ്ടുകളുടെ വരവ് -ചെലവ് വിവരങ്ങൾ (ACR പ്രകാരം)

| ഫണ്ടിനം | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ശതമാനം |
|---|---|---|---|---|
| 1. വികസന ഫണ്ട് | | | | |
| (I) വികസന ഫണ്ട്- ജനറൽ | 697321350 | 551500783 | 145820567 | 79.08 |
| (Ii) വികസന ഫണ്ട് (എസ്.സി.പി) | 50595834 | 50163708 | 432126 | 99.14 |
| (Iii) വികസന ഫണ്ട് (ടി.എസ്.പി) | 32206241 | 16901132 | 15305109 | 52.47 |
| 2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 672508876 | 147459194 | 525049682 | 21.92 |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 250135000 | 167769305 | 82365695 | 67.07 |
| മെയിന്റനൻസ്, നോൺ-റോഡ് | 200717000 | 394455 | 200322545 | .19 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അമൃത് (Head 450410700 & 450610110) | 0 | 247338953 | 247338953 | 247338953 | 0 |
| റേ പദ്ധതി ( Head 450610130 & 450630700) | 25,34,23,410 | 3845104 | 257268514 | 256122874 | 1145640 |
| പി.എം.എ.വൈ. (Head 450610140 & 450620400) | 82971618 | 529911403 | 612883021 | 313729816 | 299153205 |
| അയ്യങ്കാളി തൊഴിലുറപ്പ് ( Head 450620800) | 15,40,232 | 13752 | 1553984 | 1505610 | 48374 |
| ഐ.സി.ഡി.എസ്. (Head 450630500) | 1,93,19,486 | 15899745 | 35219231 | 7352725 | 27866506 |
| സ്വച്ച് ഭാരത് മിഷൻ (Head 450430700) | 16,53,239 | ഇല്ല | 1653239 | 368435 | 1284804 |
| ദുരിതാശ്വാസനിധി (Head 450430800) | 21,58,459 | 82220 | 2240679 | 398990 | 1841689 |
| എൻ. ആർ. എച്ച്.എം. - ആരോഗ്യകേരളം (Head 450620900) | 39,18,460 | 864988 | 4783448 | 413 | 4783035 |
| കെ.എസ്.യു.ഡി.പി. ( Head 450410300) | 77,53,104 | 211464 | 7964568 | | 7964568 |
| ജനറം ( Head 450410500, 450410600, 450610100, 450510200, 450610300, 450610400, 450610600, 450610800, 450610900) | 4,61,91,287.56 | 1294937 | 47486224.56 | 7418923.85 | 40067300.71 |

മേൽപ്പറഞ്ഞ ഗവൺമെന്റ് ധനസഹായം ലഭിക്കുന്നതു സംബന്ധിച്ച ACRലെ വിവരങ്ങൾ അലോട്ട്മെന്റ്, വാർഷിക ധനകാര്യ പത്രിക, ഐകെഎം പത്രിക എന്നിവയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു. ജി.ഒ.(പി) 121/22/ഫിൻ തീയതി. 3.10.2022 പ്രകാരം കൊച്ചി നഗരസഭയ്ക്ക് സർക്കാർ ബഡ്ജറ്റ് അലോക്കേഷൻ മുഖേന അനുവദിച്ച തുക താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| (I) വികസന ഫണ്ട്-ജനറൽ | 953197000 |
| (Ii) വികസന ഫണ്ട് (എസ്.സി.പി) | 76564000 |
| (Iii) വികസന ഫണ്ട് (ടി.എസ്.പി) | 19856000 |

എന്നാൽ വികസന ഫണ്ട്-ജനറൽ ന് അലോക്കേറ്റ് ചെയ്ത വകയിൽ നിന്നും 5999941രൂപ എസ്.സി.പിയിലേക്കും 12470241രൂപ ടി.എസ്.പിയിലേക്കും മാറ്റിയ ബഡ്ജറ്റ് അലോക്കേഷൻ

പിന്നീട് ജി.ഒ.(ആർറ്റി) 1049/2023/ഫിൻ തീയതി. 13.2.23 പ്രകാരം സർക്കാർ പുനക്രമീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക | ഉത്തരവ് |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 290219000 | ജി.ഒ.(ആർറ്റി) 2839/2022/ഫിൻ തീയതി. 8.4.22 ഒന്നാം ഗഡു |
| വികസന ഫണ്ട്-ജനറൽ | 331489000 | ജി.ഒ.(ആർറ്റി) 6872/2022/ഫിൻ തീയതി. 12.10.22 രണ്ടാം ഗഡു |
| വികസന ഫണ്ട്-ജനറൽ | 313018818 | ജി.ഒ.(ആർറ്റി) 1049/2023/ഫിൻ തീയതി. 13.2.23 മൂന്നാം ഗഡു |
| ആകെ | 934726818 | |

| ഫണ്ടിനം | തുക | ഉത്തരവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 25521000 | ജി.ഒ.(ആർറ്റി) 2839/2022/ഫിൻ തീയതി. 8.4.22 ഒന്നാം ഗഡു |
| വികസന ഫണ്ട് (എസ്.സി.പി) | 25521500 | ജി.ഒ.(ആർറ്റി) 6872/2022/ഫിൻ തീയതി. 12.10.22 രണ്ടാം ഗഡു |
| വികസന ഫണ്ട് (എസ്.സി.പി) | 31521441 | ജി.ഒ.(ആർറ്റി) 1049/2023/ഫിൻ തീയതി. 13.2.23 മൂന്നാം ഗഡു |
| ആകെ | 82563941 | |

| ഫണ്ടിനം | തുക | ഉത്തരവ് |
|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 6619000 | ജി.ഒ.(ആർറ്റി) 2839/2022/ഫിൻ തീയതി. 8.4.22 ഒന്നാം ഗഡു |
| വികസന ഫണ്ട് (ടി.എസ്.പി) | 6618500 | ജി.ഒ.(ആർറ്റി) 6872/2022/ഫിൻ തീയതി. 12.10.22 രണ്ടാം ഗഡു |
| വികസന ഫണ്ട് (ടി.എസ്.പി) | 19088741 | ജി.ഒ.(ആർറ്റി) 1049/2023/ഫിൻ തീയതി. 13.2.23 മൂന്നാം ഗഡു |
| ആകെ | 32326241 | |

മേൽപ്പറഞ്ഞ തുകകൾ ആണ് ACR ൽ അനുവദിച്ച തുകയായി കാണിക്കേണ്ടതെന്നിരിക്കെ ACRൽ കാണിച്ചിട്ടുള്ള തുക താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| (I) വികസന ഫണ്ട്-ജനറൽ | 697321350 |
| (Ii) വികസന ഫണ്ട് (എസ്.സി.പി) | 50595834 |
| (Iii) വികസന ഫണ്ട് (ടി.എസ്.പി) | 32206241 |

ഇതിൽ വികസന ഫണ്ട്(ജനറൽ) പുനക്രമീകരിച്ച അലോക്കേഷൻ പ്രകാരമുള്ള തുകയിൽ നിന്നും (934726818) ഉൽഭവത്തിൽ നിന്നും കുറവ് ചെയ്ത തുകയായ 237405468രൂപ കുറച്ചതിനു ശേഷം വരുന്ന 697321350രൂപയാണ് ACRൽ വികസന ഫണ്ട്(ജനറൽ) വരവായി കാണിച്ചിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. ഉൽഭവത്തിൽ നിന്നും കുറവു ചെയ്ത തുകയുൾപ്പെടെ വരവായി കാണിക്കുകയും ഇത് ചെലവിൽ ഉൾപ്പെടുത്തുകയും വേണമായിരുന്നു. ഇപ്രകാരം തന്നെയാണ് (എസ്.സി.പി), (ടി.എസ്.പി) എന്നിവയും കാണിക്കുന്നത്.

എസ്.സി.പി

| | |
|---|---|
| യഥാർത്ഥ വരവ് | 82563941 |
| ACR പ്രകാരമുള്ള തുക | 50595834 |
| വ്യത്യാസം | 31968107 |

ടി.എസ്.പി

| | |
|---|---|
| യഥാർത്ഥ വരവ് | 32326241 |
| ACR പ്രകാരമുള്ള തുക | 32206241 |
| വ്യത്യാസം | 120000 |

1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | സ്പിൽ ഓവർ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 1334 | 666 | 668 | 362 | 50% |

പദ്ധതി നിർവ്വഹണം - മുൻഗണനകൾ

(സ.ഉ(കൈ) നം. 86/2022/lsgd തീയതി. 19.4.2022 ഖണ്ഡിക 23,24 എന്നിവ പ്രകാരം)

1. ഉല്പാദനം ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക
2. പ്രാദേശിക സാമ്പത്തിക വികസനം സംരംഭകത്വം നൈപുണ്യവികസനം
3. തൊഴിൽ സൃഷ്ടി
4. അതിജീവന ക്ഷമത
5. കാലാവസ്ഥാവ്യതിയാനം പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കുക
6. പ്രകൃതി വിഭവ സംരക്ഷണം
7. സുസ്ഥിരവികസനം
8. അതിദാരിദ്ര്യനിർമാർജനം
9. ശുചിത്വം മാലിന്യ സംസ്കരണം
10. സാമൂഹിക നീതി ഉറപ്പാക്കൽ
11. വയോജന ക്ഷേമം
12. കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം
13. ലിംഗസമത്വം
14. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
15. ആരോഗ്യ രംഗത്തെ മേന്മ
16. ആരോഗ്യ സംരക്ഷണം
17. കാര്യക്ഷമവും പ്രതികരണാത്മകവുമായ സദ്ഭരണം

18. വാതിൽപ്പടി സേവനങ്ങൾ
19. നഗരഗതാഗതവും റോഡുകളും
20. പാർക്കിംഗ് സൗകര്യങ്ങൾ
21. നഗരകേന്ദ്രങ്ങളുടേയും കവലകളുടേയും നവീകരണവും സൗന്ദര്യവത്കരണവും
22. റോഡ് സുരക്ഷ
23. പാർക്കുകൾ, കളിസ്ഥലങ്ങൾ, സമ്മേളനങ്ങളും പ്രദർശനങ്ങളും നടത്തുന്നതിനുള്ള മൈതാനങ്ങൾ സ്ഥാപിക്കൽ
24. പൊതുസ്ഥലങ്ങളുടെ സംരക്ഷണം
25. അതിഥിതൊഴിലാളികളുടെ ക്ഷേമം
26. പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗം
27. ചേരി പ്രദേശങ്ങളുടെ വികസനം
28. കുളങ്ങളുടെയും ജലാശയങ്ങളുടേയും സംരക്ഷണം
29. പൊതു ശൗചാലയങ്ങളുടെ സ്ഥാപനവും പരിപാലനവും
30. ഷീലോഡ്ജ്
31. വഴിയോരകച്ചവടക്കാർക്കുള്ള സൗകര്യം
32. ദുരന്തനിവാരണം
33. ഊർജ്ജസംരക്ഷണം

പദ്ധതി നിർവ്വഹണം - നേട്ടങ്ങൾ

1. പച്ചക്കറി കൃഷി വികസനത്തിനും ഫല വൃക്ഷതൈ വിതരണത്തിനുമായി 5 പദ്ധതികളിലായി 4335953രൂപ വിനിയോഗിച്ചു.
2. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി 560005രൂപ അനുവദിച്ചു.
3. കോഴി വളർത്തലിന് 343400 രൂപ ധനസഹായം അനുവദിച്ചു
4. മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല നൽകാൻ 705000രൂപ വിനിയോഗിച്ചു.
5. വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിനായി 720000രൂപയും മൂല്യവർധിത മത്സ്യോല്പന്ന

നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനും പരിശീലനത്തിനുമായി 155600 രൂപയും ചെറുകിട ഉല്പാദന വിപണന മേളയ്ക്ക് 1121000രൂപയും വിനിയോഗിച്ചു.

6. സമീപസ്ഥ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യനിർമാർജ്ജനത്തിനു മുന്നോടിയായി അവ സംഭരിക്കുന്നതിനും തരം തിരിക്കുന്നതിനു വേണ്ടിയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 450000 രൂപയും സോക്പിറ്റ് നിർമ്മാണത്തിന് 2000000രൂപയും വിനിയോഗിച്ചു. ഹരിത കർമ്മസേനയ്ക്ക് ഇ-ഓട്ടോ വാങ്ങുന്നതിന് 24 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 6840000രൂപയും ട്രോളി വാങ്ങുന്നതിന് 1147500രൂപയും ചെലവഴിച്ചു.

7. എലിനശീകരണി വാങ്ങുന്നതിന് 495104രൂപയും കൊതുക് നശീകരണി വാങ്ങുന്നതിന് 5187500രൂപയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തിനാവശ്യമായ തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് 2,499,000രൂപയുടെ ചെലവഴിച്ചു.

8. മാലിന്യ സംസ്കരണ കേന്ദ്രമായ ബ്രഹ്മപുരം പ്ലാന്റിന്റെ വിവിധ പ്രവൃത്തികൾക്ക് തുക വിനിയോഗിച്ചു.

9. ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി 43742163രൂപയും ഭവനം വാസയോഗ്യമാക്കുന്നതിന് 56,25,000രൂപയും ധനസഹായം നൽകി.

10. പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതിയുടെ കീഴിൽ ഭവനനിർമ്മാണത്തിന് പൊതു വിഭാഗം വിഹിതമായി 144139051രൂപയും പട്ടികജാതി വിഭാഗത്തിനുള്ള വിഹിതമായി 68,35,000രൂപയും നൽകി. പട്ടികജാതി വിഭാഗങ്ങൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിന് 2133206/-രൂപയും പട്ടികവർഗ്ഗത്തിന് 6359807രൂപയും ചെലവഴിച്ചു.

11. പട്ടികജാതിവിഭാഗങ്ങളുടെ വീട് അറ്റകുറ്റപ്പണിക്ക് 1,04,25,000രൂപ വിനിയോഗിച്ചു.

12. സാമൂഹ്യ സുരക്ഷാമിഷന് 25ലക്ഷം രൂപ നഗരസഭാ വിഹിതം നൽകി.

13. വയോജനങ്ങൾക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് 2180554 രൂപയും പകർവീട് നിർമ്മാണത്തിന് 5601860രൂപയും വിനിയോഗിച്ചു.

14. പട്ടികവിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിന് 260940രൂപയും പൊതുവിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിന് 4997001രൂപയും വിനിയോഗിച്ചു.

15. വയോജനങ്ങളുടെ പോഷകാഹാര വിതരണത്തിന് 1,50,000രൂപ ചെലവഴിച്ചു

16. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകാൻ 2 പദ്ധതികളിലായി 2,83,99,700രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടറുകൾ നൽകാൻ 7244440രൂപയും വിനിയോഗിച്ചു.
17. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ നൽകാൻ 6054756രൂപ വിനിയോഗിച്ചു.
18. അങ്കണവാടികളിൽ പോഷകാഹാരവിതരണത്തിന് 21066402രൂപയും അങ്കണവാടികൾ ശിശുസൗഹൃദമാക്കാൻ 3499892രൂയും വിനിയോഗിച്ചു.
19. വിവിധ ICDS അർബൻ സെന്ററുകളിലേക്ക് 3581828രൂപയുടെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി.
20. നഗരസഭയ്ക്ക് വിവിധ ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങാൻ 4482219രൂപ വിനിയോഗിച്ചു
21. ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങുന്നതിന് 3447317രൂപ വിനിയോഗിച്ചു.
22. ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് 32,95,866രൂപ വിനിയോഗിച്ചു.
23. നഗരസഭ വക ക്വാട്ടേഴ്സുകളുടെ നവീകരണത്തിന് 1008205രൂപയും മേഖലാ ഓഫീസുകളിൽ റിക്കോർഡ് റൂം നിർമ്മിക്കുന്നതിനും അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനും 4616124രൂപയും വിനിയോഗിച്ചു.
24. ADS ഹാളുകളുടെ നവീകരണത്തിനായി 7 പ്രോജക്ടുകളിലായി 3036132രൂപയും അങ്കണവാടികളുടെ നവീകരണത്തിന് 1136166രൂപയും വിനിയോഗിച്ചു.
25. സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 4275422രൂപയും ഫർണ്ണിച്ചർ വാങ്ങുന്നതിന് 6498841രൂപയും വാട്ടർ പ്യൂരിഫയർ നല്കുന്നതിന് 311500രൂപയും പബ്ലിക് അഡ്രസ് സിസ്റ്റം സജ്ജീകരിക്കുന്നതിന് 295867രൂപയും വിനിയോഗിച്ചു.
26. സർവ്വശിക്ഷാൻ അഭിയാൻ പദ്ധതിക്ക് നഗരസഭാ വിഹിതമായി 144139051രൂപ നൽകി.
27. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ3912500രൂപയും എസ്.റ്റി. വിദ്യാർത്ഥികൾക്ക് 935842രൂപയും മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക്

ഈ ആവശ്യത്തിനായി 3184200രൂപയും വിനിയോഗിച്ചു.

28. എസ്.സി. വിദ്യാർത്ഥികൾക്ക് 499966രൂപയും എസ്.റ്റി. വിദ്യാർത്ഥികൾക്ക് 99993രൂപയും മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് 1039870രൂപയും ഫർണീച്ചർ ലഭ്യമാക്കുന്നതിന് ചെലവഴിച്ചു.

29. എസ്.സി. വിദ്യാർത്ഥികൾക്ക് 87,80,000രൂപയും എസ്.റ്റി. വിദ്യാർത്ഥികൾക്ക് 10,95,000രൂപയും വിദ്യാഭ്യാസ ധനസഹായമായി നൽകി.

30. എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിന് 367527രൂപയും വിദേശതൊഴിൽ പഠനത്തിന് 1,25,000രൂപയും ധനസഹായമായി നൽകി.

31. വിവിധ ആശുപത്രികളിലേക്ക് മരുന്ന വാങ്ങുന്നതിന് 7763390രൂപ ചെലവഴിച്ചു. ഹോമിയോ ആശുപത്രിക്ക് 12,00,000രൂപയുടേയും മൃഗാശുപത്രികൾക്ക് 10,00,000രൂപയുടേയും മരുന്നുകൾ ലഭ്യമാക്കി.

32. ആയുർവേദാശുപത്രികൾക്ക് 7584903 രൂപയും പി.എച്ച്.സികൾക്ക് 3444199രൂപയും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും 839422രൂപ മൃഗാശുപത്രികളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനും 932857രൂപ മൃഗാശുപത്രി വികസനത്തിനായും ചെലവഴിച്ചു.

33. HIV ബാധിതർക്ക് പോഷകാഹാരം, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായി 999999രൂപ ചെലവഴിച്ചു.

34. പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2 പ്രോജക്ടുകളിൽപ്പെടുത്തി 4621638രൂപ ചെലവഴിച്ചു.

35. കാൻസർ കെയർ പദ്ധതിക്ക് നഗരസഭാ വിഹിതമായി 546553 രൂപയും ഡയാലിസിസ് രോഗികൾക്ക് 290800രൂപയും ധനസഹായമായും നൽകി.

36. നഗരസഭാപരിധിയിലുള്ള ആരോഗ്യസ്ഥാപനങ്ങളിലെ താൽക്കാലിക ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനുമായി 8114758രൂപ വേതന വിതരണത്തിന് വിനിയോഗിച്ചു.

37. ജന്നുറം കുടിവെള്ള പദ്ധതിക്ക് 16459170രൂപയും സമീപസ്ഥ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി 12 പ്രോജക്ടുകളിൽപ്പെടുത്തി 48838278രൂപയും ചെലവഴിച്ചു.

38. നഗരസഭാപരിധിയിലുള്ള 28 റോഡുകൾ BMBC നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന്

87557076രൂപ വിനിയോഗിച്ചു.

39. നഗരസഭാപരിധിയിലുള്ള വെള്ളക്കെട്ട് പരിഹരിക്കുന്നതിനുദ്ദേശിച്ചുകൊണ്ട് കാനകളുടെ നിർമ്മാണം, നവീകരണം എന്നിവയ്ക്കായി നാൽപത്തിയെട്ടിൽപ്പരം പ്രോജക്റ്റുകളിൽപ്പെടുത്തി 49341953രൂപ വിനിയോഗിച്ചു.

40. നഗരസഞ്ചയ പദ്ധതിയിൽ ചേരാനല്ലൂർ പഞ്ചായത്തിലെ കണ്ണംകുളം നവീകരിക്കുന്നതിന് ഒരു കോടി രൂപയും ഏലൂർ നഗരസഭയിലെ വിവിധ തോടുകൾ ശുചിയാക്കുന്നതിന് 25ലക്ഷം രൂപയും ചെലവഴിച്ചു

41. നഗരസഭാ ഡിവിഷനുകളിൽ പൈപ്പ് മാറ്റിയിടുന്നതിന് 4557500രൂപ ഡെപ്പോസിറ്റ് ചെയ്തു.

42. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷീലോഡ്ജ് ഉൾപ്പെടുന്ന സ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിന് 8961684രൂപയും ഷീലോഡ്ജുകൾക്ക് അധിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 5 പ്രോജക്റ്റുകളിലായി 8356254രൂപയും വിനിയോഗിച്ചു.

പദ്ധതി നിർവ്വഹണം- കോട്ടങ്ങൾ

1. വിലവർധനവും ഉൽപാദന വർധനവും സ്ഥിരീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ഇല്ല.

2. കോഴി വളർത്തൽ, ആട്ടു വിതരണം എന്നിവയ്ക്കായി 3 പദ്ധതികളിലായി 2590000രൂപ വകയിരുത്തിയെങ്കിലും വകയിരുത്തിയതിന്റെ 15 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

3. സമീപസ്ഥ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മാലിന്യ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിന് സഹായകരമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി അഡീഷണൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 198 പദ്ധതികൾ നടപ്പിലായില്ല.

4. നഗരസഭയുടെ മാലിന്യ സംസ്കരണ കേന്ദ്രമായ ബ്രഹ്മപുരം പ്ലാന്റിന്റെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പാളിച്ചകൾ കാണുന്നു. ബ്രഹ്മപുരത്തിനായി പ്രഖ്യാപിച്ച മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കിയിട്ടില്ല.

5. ഉറവിട മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച 2500000 രൂപയുടെ പദ്ധതി നിർവ്വഹിക്കപ്പെട്ടില്ല.

6. ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം കലൂർ ബസ് സ്റ്റാന്റ്, വൈറ്റില സോണൽ ഓഫീസ്

എന്നിവിടങ്ങളിലുൾപ്പെടെ ടോയ്‌ലറ്റ് സമുച്ചയങ്ങൾ നാളിതുവരെ തുറന്നു കൊടുത്തിട്ടില്ല

7. അഞ്ച് ലക്ഷം രൂപയുടെ അടങ്കലിലുള്ള അഗതിരഹിത കേരളം പദ്ധതിയും രണ്ട് ലക്ഷം രൂപയുടെ അടങ്കലിലുള്ള അഗതി ആശ്രയ പദ്ധതിയും നടപ്പിലായില്ല.

8. വനിതകളുടെ വ്യക്തിഗതവും ഗ്രൂപ്പടിസ്ഥാനത്തിലുള്ളതുമായ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകാനുദ്ദേശിച്ച് ആവിഷ്കരിച്ച 8015000രൂപയുടെ അഞ്ച് പദ്ധതികൾ നടപ്പിലായില്ല.

9. പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് പരിശീലനവും സ്വയംസംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 4,00,5000രൂപ വകയിരുത്തിയ പദ്ധതികൾ നടപ്പിലായില്ല.

10. സമൃദ്ധി കൊച്ചി വ്യവസായ യൂണിറ്റ് തുടങ്ങാനുള്ള 97,00,000രൂപയുടെ പദ്ധതിയും കുടുംബശ്രീ യൂണിറ്റുകൾക്ക് ചപ്പാത്തി നിർമ്മാണ/ഫ്ലവർമിൽ തുടങ്ങാനുള്ള 30,00,000രൂപയുടെ പദ്ധതി നടപ്പിലായില്ല.

11. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് വിദേശതൊഴിലും പഠനവും ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച 375000രൂപയുടെ പദ്ധതി നടപ്പിലായില്ല.

12. സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

13. സർക്കാർ സ്കൂളിലെ ഓട്ടിസം സെന്റർ, സെപ്ഷ്യൽ കെയർ സെന്റർ എന്നിവയിലേയ്ക്ക് പഠന ഉപകരണങ്ങളും ഫിസിയോതെറാപ്പി ഉപകരണങ്ങളും വാങ്ങാനുള്ള 22,00,000രൂപയുടെ പദ്ധതി നിർവ്വഹിക്കപ്പെട്ടില്ല.

14. പാലിയേറ്റീവ് നഴ്സുമാരുടേയും നഗരസഭാ ആരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കപ്പെട്ട ആരോഗ്യ പ്രവർത്തകർക്കും വേതനവിതരണത്തിനായ് ഉപയോഗിച്ച തനതുഫണ്ട് തിരികെ റീക്കൂപ്പ് ചെയ്തിട്ടില്ല.

15. വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 1772634821രൂപയുടെ അടങ്കലിൽ പദ്ധതികൾ രൂപീകരിച്ചെങ്കിലും വകയിരുത്തിയ തുകയുടെ 28% മാത്രമാണ് (501410181 രൂപ) ചെലവഴിക്കാൻ സാധിച്ചത്.

16. 2020-21 വർഷത്തേക്ക് അനുവദിക്കപ്പെട്ടതും 2020-21, 2021-22 വർഷങ്ങളിൽ ചെലവഴിക്കാൻ കഴിയാതിരുന്നതുമായ കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് 2022-23 വർഷത്തിലേയ്ക്ക്

പുനരനുവദിച്ചെങ്കിലും പ്രസ്തുത തുക വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി

17. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ കൃത്യമായ മൂല്യ നിർണ്ണയം നിർവ്വഹിക്കപ്പെടാതെ പോകുന്നു.

18. ഷീലോഡ്ജുകളുടെ നിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

19. ഷീലോഡ്ജുകൾ ഉൾപ്പെടെ നിർമ്മിക്കപ്പെട്ട ഹോസ്റ്റലുകളുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല.

20. നിർമ്മാണം തുടങ്ങി വർഷങ്ങളായിട്ടും പൂർത്തിയാകാത്ത നഗരസഭയുടെ പുതിയ ആസ്ഥാന മന്ദിരനിർമ്മാണം 2022-23 വർഷത്തിൽ പൂർത്തീകരിക്കുമെന്ന് ബഡ്ജറ്റ് ഉറപ്പ് നൽകിയിരുന്നെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

21. തെരുവ് കച്ചവടക്കാർക്കുള്ള നിയമാവലി അധികരിച്ച് ലൈസൻസ് നല്കിയ കച്ചവടക്കാരിൽ നിന്നും വെന്റിംഗ് ലൈസൻസ് ഫീ ഇനത്തിൽ തുക ഈടാക്കിയതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

22. വർദ്ധിച്ചുവരുന്ന വാഹനങ്ങൾക്കനുസൃതമായി പുതിയ പാർക്കിംഗ് സ്ഥലങ്ങൾ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം

### സാമ്പത്തിക നില

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരുപ്പ് | 15,40,239.00 | വേതനഘടകം (22-23) | 1,47,27,268.00 |
| ഗ്രാന്റ് | 1,00,00,000.00 | വേതനഘടകം (21-22) | 11,18,422.00 |
| ഗ്രാന്റ് | 50,00,000.00 | ശമ്പളം | 6,09,755.00 |
| പലിശ | 10,145.00 | പ്രിന്റിംഗ് | 40,450.00 |
| | | ഓഡിറ്റ്ഫീ | 5,900.00 |
| | | ബാങ്ക് ചാർജ്ജ് | 826.00 |
| | | നീക്കിയിരുപ്പ് | 47,763.00 |
| ആകെ | 1,65,50,384.00 | | 1,65,50,384.00 |

### പ്രവൃത്തികളും , സാമ്പത്തിക നേട്ടവും .

ഓഡിറ്റ് വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നഗരസഭ അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരം 24.85 കോടി രൂപയുടെ പ്രവൃത്തികൾ നടത്താനും, ഇത്രയും പ്രവൃത്തി നിർവ്വഹണത്തിലൂടെ 580756 തൊഴിൽ ദിനങ്ങൾ കൈവരിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. എന്നാൽ

1.47കോടി രൂപയുടെ പ്രവൃത്തികൾ നടത്തുവാനും, ആയതിലൂടെ 82382 തൊഴിൽ ദിനങ്ങൾ കൈവരിക്കുന്നതിനും മാത്രമാണ് സാധിച്ചിട്ടുള്ളത്.

| | |
|---|---|
| നഗരകുടുംബങ്ങളുടെ ആകെ എണ്ണം | 103469 |
| നഗര ബിപിഎൽ കുടുംബങ്ങളുടെ ആകെ എണ്ണം | 47480 |

2022-2023 ൽ ലക്ഷ്യമിട്ട പ്രവൃത്തികളും , കൈവരിച്ച തൊഴിൽ ദിനങ്ങളും

| | പ്രവൃത്തികളുടെ എണ്ണം | അടങ്കൽ തുക | തൊഴിൽ ദിനങ്ങൾ | കൗൺസിൽ തീരുമാനം |
|---|---|---|---|---|
| ആക്ഷൻ പ്ലാൻ | 820 | 24,85,80,050.00 | 580756 | (1)20-07-2022 |

2022-2023 ൽ പൂർത്തീകരിച്ച പ്രവൃത്തികളും കൈവരിച്ച മനുഷ്യദിനവും .

| പ്രവൃത്തികളുടെ എണ്ണം | അടങ്കൽ തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 527 | 1,47,27,268.00 | 82382 |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം

| ക്രമ നം. | പ്രവൃത്തി | എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനം |
|---|---|---|---|---|
| 1. | ഡീസിൽറ്റിങ്ങ് | 55 | 36,64,704.00 | 11657 |
| 2. | ഡീസിൽറ്റിങ്ങ് കനാൽ | 2 | 1,38,242.00 | 437 |
| 3. | വേസ്റ്റ് ഡിസ്പോസൽ | 22 | 12,57,799.00 | 3942 |
| 4. | ജൈവകൃഷി | 8 | 4,16,042.00 | 1296 |
| 5. | പ്ലാന്റേഷൻ | 5 | 1,95,743.00 | 600 |
| 6. | പിഎംഎവൈ | 416 | 84,52,838.00 | 62550 |
| 7. | ക്ഷീരകർഷകർ | 19 | 5,52,900.00 | 1900 |
| 8. | സ്പെഷ്യൽ അലവൻസ് | | 49,000.00 | |
| | ആകെ | 527 | 1,47,27,268.00 | 82382 |

1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | ഇല്ല | |
| കർഷക തൊഴിലാളി പെൻഷൻ | 464000 | 28 |
| വിധവാ പെൻഷൻ | 172636100 | 13534 |
| വാർദ്ധക്യകാല പെൻഷൻ | 407498600 | 37443 |
| വികലാംഗ പെൻഷൻ | 33330600 | 2684 |
| അവിവാഹിത പെൻഷൻ | 12278000 | 988 |
| നിർദ്ധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 5190000 | 45 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2023 ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം 03:15 ന് സ്ഥാപനത്തിന്റെ തലവന്റെ

/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,00,232/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല.

ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ടെങ്കിലും നഗരസഭയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട സംവിധാനം തൃപ്തികരമല്ല. സർക്കുലർ നം.17263/L3/തസ്വഭവ തീയതി.29.12.2000 പ്രകാരം ഓരോ അർദ്ധ വർഷവും പൂർത്തിയായ ശേഷം 30 ദിവസത്തിനകം ലഭിച്ച ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കോർപ്പറേഷനിൽ ഈ ഉത്തരവുകളൊന്നും പാലിക്കപ്പെടുന്നില്ല.

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽ നികുതി എന്നീ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. നഗരസഭയുടെ റവന്യൂ, ടൗൺ പ്ലാനിംഗ് വിഭാഗങ്ങൾ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ, സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ എന്നിവ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ തടയുവാനും നിലവിലുള്ളവ കണ്ടെത്താനുമായി കൃത്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

വസ്തുനികുതി, തൊഴിൽ നികുതി വരവുകൾ - തൃപ്തികരമായി പരിശോധിക്കാൻ കഴിയുന്നില്ല.

നഗരസഭയിലെ മെയിൻ ഓഫീസിലും മറ്റ് മേഖല കാര്യാലയങ്ങളിലും വസ്തു നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. റൂൾ 12 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി, കെട്ടിട ഉടമ നൽകിയ വസ്തുനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലോ സ്ഥലത്ത് പോയി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലോ നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൻ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി ആവശ്യമായ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-8ലുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ

രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിൽ ലഭിക്കേണ്ട വസ്തുനികുതിയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക വരവ് എന്നിവയെക്കുറിച്ച് വ്യക്തമായ കണക്ക് ലഭിക്കണമെങ്കിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ സാധിക്കു. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയത് പരിശോധിക്കുന്നതിന് ഡിമാന്റ് രജിസ്റ്ററോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രസീതുകൾ മുഖേന പിരിക്കുന്ന വസ്തു നികുതി വരവ് രേഖപ്പെടുത്തുന്നതിനായി ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ബിൽ കളക്ടർമാരുടെ ബുക്കുകൾ മുഖേനയുള്ള വരവ് മാത്രമാണ് പരിശോധിക്കാൻ സാധിക്കുന്നത്. നിലവിൽ നഗരസഭയിൽ 2013 മുതലുള്ള അസ്സസ്സ്മെന്റുകളാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2013 ന് മുമ്പുള്ള അസ്സസ്സ്മെന്റുകളുടെ ഡാറ്റാ എൻട്രിയാണ് നഗരസഭയുടെ മുഖ്യ കാര്യാലയത്തിലും മേഖലാ കാര്യാലയങ്ങളിലും ഇപ്പോൾ നടന്നു വരുന്നത്. ഓൺലൈൻ പേയ്മെന്റുകൾ യഥാ സമയം സഞ്ചയയിൽ ഡിമാന്റിന് നേരേ അടവ് രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും മാന്വൽ കളക്ഷൻ തുകകൾ സഞ്ചയയിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജിത നടപടി സ്വീകരിക്കുന്നില്ല. ഭീമമായ തുക കാലഹരണപ്പെട്ട നിലയിലാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ പണം അടവാക്കിയ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ നഗരസഭയിലെ തൊഴിൽ നികുതി ഐഐടിഎംകെ എന്ന സൈറ്റിലൂടെ ഓൺലൈനായി അടവാക്കാവുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പണം അടയ്ക്കുന്നവർക്ക് ഓൺലൈനിൽ തന്നെ രസീതും നൽകി വരുന്നുണ്ട്. എന്നാൽ ഇങ്ങനെ അടവാക്കുന്ന പണം കോർപ്പറേഷന്റെ ഓൺഫണ്ട് അക്കൗണ്ടിലോ, മറ്റ് അക്കൗണ്ടുകളിലോ തത്സമയം എത്തുന്നില്ല. ഐഐടിഎംകെ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലാണ് ഈ പണം എത്തിച്ചേരുന്നത്. പിന്നീട് ഐഐടിഎംകെ ഈ പണം കോർപ്പറേഷന് കൈമാറുകയാണ് ചെയ്യുന്നത്. ഈ സൈറ്റിൽ കയറി പരിശോധിക്കുമ്പോൾ സ്ഥാപനത്തിന്റെ പേരും, സ്ഥാപനമോധാവിയുടെ പേരും, അടച്ച തുകയുടെ വിവരവും മാത്രമാണ് ലഭിക്കുക. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെ ശമ്പള വിവരങ്ങളും, അവർ അടയ്ക്കേണ്ട തുകയുടെ വിവരങ്ങളും സൈറ്റിൽ ലഭ്യമല്ല. അതു കൊണ്ട് തന്നെ ആയത് പരിശോധിക്കുന്നതിനുള്ള

അവസരവും ലഭ്യമാകുന്നില്ല.

പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ

വർക്ക് ഓർഡർ നൽകിയ ഒരു പ്രവൃത്തി മൂന്ന വർഷങ്ങൾക്ക ശേഷവും പൂർത്തിയാക്കാത്തതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്തത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുമ്പോൾ വിവിധ ഘട്ടങ്ങളിലായി അയൽക്കൂട്ട ചർച്ചകൾ, ഡിവിഷൻതല ക്രോഡീകരണം, തൊഴിലാളികളുടെ പ്രത്യേക വാർഡ്സഭ എന്നിവയെല്ലാം നടത്തിയാകണം ഏതൊക്കെ സ്ഥലങ്ങളിൽ, എന്തൊക്കെ പ്രവൃത്തികൾ വേണമെന്നും അവയുടെ ആവശ്യകതയും നിശ്ചയിക്കേണ്ടത്. എന്നാൽ കോർപ്പറേഷനിലെ മുഴുവൻ ഡിവിഷനുകളേയും പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കാതിരുന്നതിൽ നിന്നും പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ അനുസരിച്ചല്ല നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു. വനിതകൾക്ക് സ്വയം തൊഴിൽ എന്ന നിലയിലും, ചെറിയ തോതിൽ വരുമാനം ലഭ്യമാക്കുവാനും മറ്റും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി അതിന്റെ പൂർണ്ണ അർത്ഥത്തിലും, രൂപത്തിലും നടപ്പിലാക്കിയില്ല. മാത്രമല്ല, പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ വീഴ്ചകളും, പിഴവുകളും സംഭവിച്ചിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരവും ലഭ്യമാക്കിയ ശേഷം പദ്ധതിപ്പണം വക മാറ്റി ചെലവഴിക്കുന്നതും മറ്റും നടപടിക്രമങ്ങളിലെ ഗുരുതരമായ വീഴ്ചയാണ്. ഒരു പ്രത്യേക പദ്ധതി നിർവ്വഹണത്തിനായി അനുവദിക്കപ്പെട്ട പണം വക മാറ്റി മറ്റൊരു പദ്ധതിയ്ക്കായി ചെലവഴിക്കുന്നതും മറ്റും നടപടിക്രമങ്ങളിലെ ഗുരുതരമായ വീഴ്ചയും, ക്രമപ്രകാരമല്ലാത്ത നടപടികളുമാണ്. ഇതിൽ നിന്നും സ്ഥാപനത്തിന്റെ ആവശ്യകതയിലൂന്നിയുള്ള പദ്ധതി വിഭാവനം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചുവെങ്കിലും, ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതീകവും, സാമ്പത്തികവുമായി പൂർത്തീകരണം നടത്താൻ കഴിയാതെ വന്നാൽ അവ പൂർത്തീകരിക്കുന്നതിനായി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രൊജക്ടുകളാണ് സ്പിൽ ഓവർ പ്രൊജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഒരു തൻവർഷ പ്രൊജക്റ്റ് നിലനിൽക്കെ മുൻ വർഷത്തെ പ്രൊജക്റ്റിൽ മിച്ചം വന്ന പണം സ്പിൽ ഓവറാക്കി തനത് വർഷത്തെ പദ്ധതിയ്ക്കായി ചെലവ് നടത്തിയിരിക്കുന്നു. നഗരസഭയിൽ പ്ലാസ്റ്റിക്ക് മാലിന്യ നീക്കത്തിനായി വാങ്ങിയ ഇലക്ട്രിക്ക് ട്രൈ സൈക്കിളുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നടത്തിയ പ്രാദേശിക പരിശോധനയിൽ

കണ്ടത് മാലിന്യ സംസ്കരണത്തിനായി നഗരസഭ ആസൂത്രണം ചെയ്യുന്ന കാര്യങ്ങൾ താളം തെറ്റിയരീതിയിലാണ്. ആസൂത്രണം ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിലെ ഏകോപനമില്ലായ്മയും, നഗരസഭയ്ക്ക് ഉതകുന്ന തരത്തിലുള്ള വാഹനങ്ങൾ വാങ്ങുന്നതിലെ പിടിപ്പുകേടും നഗരസഭയെ വീണ്ടും സാമ്പത്തിക ബാദ്ധ്യതയിലേക്ക് തള്ളി വിടുന്നു. ഗുണ നിലവാരമുള്ള വാഹനങ്ങൾ വാർഷിക അറ്റകുറ്റപ്പണികളുള്ള തുക ഉൾപ്പെടെ വാങ്ങുവാൻ ശ്രമിക്കാതെ നഗരസഭയുടെ സാഹചര്യം നോക്കാതെ ഗുണനിലവാരമില്ലാത്ത വാഹനങ്ങൾ വാങ്ങിക്കൂട്ടുന്ന രീതി നിലനിൽക്കുന്നു. നഗരസഭയിൽ നടത്തപ്പെടുന്ന ഭൂരിഭാഗം പ്രവർത്തനങ്ങളും പ്രവൃത്തികളും പ്രത്യേകിച്ച് തനത് ഫണ്ട് ഉപയോഗിച്ച് നിർവഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾ മുഴുവനും തന്നെ മേയറുടെ മുൻകൂർ അനുമതിയോടെയാണ് നിർവഹിക്കപ്പെടുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി നടത്തേണ്ടതുമായ പ്രവൃത്തികൾ ചെയ്യുന്നതിന് മേയർക്ക് നിർദ്ദേശിക്കാവുന്നതും അതിനുള്ള ചെലവുകൾ നഗരസഭാ ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്. ഇപ്രകാരം നൽകുന്ന അനുമതിക്ക് അടുത്ത കൗൺസിൽ യോഗത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി നടത്തേണ്ടതായ അടിയന്തിര സാഹചര്യം ഇല്ലാത്തവയ്ക്കും മുൻകൂർ അനുമതി നൽകി വരുന്നുണ്ട് എന്ന് മാത്രമല്ല മുൻകൂർ അനുമതികൾ ഒന്നും തന്നെ അടുത്ത കൗൺസിൽ യോഗത്തിൽ അംഗീകാരം നേടുന്നുമില്ല. മുൻകൂർ അനുമതിക്ക് അടുത്ത കൗൺസിൽ യോഗത്തിൽ അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ഉത്തരവാദിത്തമായി നിശ്ചയിച്ച് ഓഫീസ് ഉത്തരവ് നൽകേണ്ടതാണ്.

ഓഡിറ്റിനായി രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച

1997 ലെ കേരള മുൻസിപ്പാലിറ്റി ( പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം ഓഡിറ്റ് രേഖാ മൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ്. എന്നാൽ 2022-23 ഓഡിറ്റിന്റെ ഭാഗമായി രേഖാ മൂലം ആവശ്യപ്പെട്ട പല രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ ഫയലുകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖാ മൂലം ആവശ്യപ്പെടുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നഗരസഭയിൽ വ്യക്തമായ ഒരു ആഭ്യന്ത നിയന്ത്രണ സംവിധാനം ആവശ്യമാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിനും ആയത് തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നില്ല. അദാലത്ത് നടത്തിയിട്ടുപോലും മറുപടി ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

നഗരസഭയുടെ മികച്ച പ്രവർത്തനത്തിന് മികവുറ്റ ആഭ്യന്തര നിയന്ത്രണം ആവശ്യമായിട്ടുണ്ട്. സ്ഥാപനത്തിന്റെ എല്ലാ വകുപ്പുകളും യോജിച്ച് പ്രവർത്തിച്ചാൽ മാത്രമാണ് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഏകോപനം സാധ്യമാകുന്നത്. ബജറ്റ്, വാർഷിക ധനകാര്യപത്രിക എന്നിവ വസ്തുതാപരമായി തയ്യാറാക്കുന്നതിന് ഈ ഏകോപനം ആവശ്യമാണ്. തനത് വരുമാനം കണ്ടെത്തുന്നതിനും സ്വരൂപിക്കുന്നതിനും നഗരസഭയിലെ വിവിധ വിഭാഗങ്ങളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. എന്നാൽ ചില മേഖലകളിൽ ഭരണപരമായ നിയന്ത്രണങ്ങൾ വേണ്ട വിധത്തിൽ സംയോജിപ്പിച്ച് നിർവഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

1-10 EMD രസീത് -തിരികെ വാങ്ങി സൂക്ഷിച്ചിട്ടില്ല

വിവിധ ഫോറങ്ങൾ, രജിസ്റ്ററുകൾ മുതലായവ 2021-22 കാലഘട്ടത്തിലേക്ക് പ്രിന്റ് ചെയ്യുന്നതിന് 19.01.2021 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ നോട്ടീസ് പ്രകാരം 3000/- + GST ടെണ്ടർ ഫോമിന്റെ വിലയായി ഈടാക്കുന്നതിനും, 20000/- രൂപയുടെ EMDകെട്ടി വയ്ക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. PEE GEE PRINTERS, എന്ന സ്ഥാപനം 01.2.2021 ന് 20000/- രൂപ ( രസീത് നം. 01/ 120020107901) EMD അടച്ചിരുന്നു. ഈ തുക 25.02.2023ന് വൗച്ചർ നം: 22206482, ചെക്ക് നം: 218987 പ്രകാരം തിരികെ നൽകിയിട്ടുണ്ട്. എന്നാൽ EMD അടച്ചതിന്റെ ഒറിജിനൽ രസീത് തിരികെ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒറിജിനൽ രസീത്, ടെണ്ടർ രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ഹാജരാക്കുന്നതിന് 07.11.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 52 ന് മറുപടിയായി (27.11.2023) EMD അടച്ചതിന്റെ ഒറിജിനൽ രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

1-11 കൊച്ചി നഗരസഭയുടെ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ

കൊച്ചി നഗരസഭ കെട്ടിട നികുതി പിരിക്കുന്നതിനായി നിലവിൽ ഉപയോഗിച്ച വരുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അനധികൃത കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകി ആയതിന്റെ നികുതി ഈടാക്കുന്നതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നില്ല. നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ മാത്രമാണ് U/Aകെട്ടിടങ്ങളുടെ നികുതി രേഖപ്പെടുത്തുന്നത്. നഗരസഭയുടെ കീഴിൽ എത്ര U/A കെട്ടിടങ്ങൾ ഉണ്ടെന്നും ടി കെട്ടിടങ്ങളുടെ നികുതി ഇനത്തിൽ ആകെ വർഷാവർഷം എത്ര കളക്ഷൻ വന്നിട്ടുണ്ടെന്നും അറിയുന്നതിനുള്ള Option സഞ്ചയ സോഫ്റ്റ്‌വെയറിൽ നൽകിയിട്ടില്ല. മേൽ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

2. കെട്ടിടങ്ങളുടെ നികുതി ഈടാക്കുമ്പോൾ ബിൽ കളക്ടർ - കെട്ടിടത്തിന്റെ നികുതി, ലൈബ്രറി സെസ്സ്, പീനൽ ഇന്ററസ്റ്റ് എന്ന് തരം തിരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും 'കെട്ടിട നികുതി കളക്ഷൻ ഡീറ്റെയിൽസ്'' എന്ന മെനുവിൽ പീനൽ ഇന്ററസ്റ്റ് തുക കുറച്ച തുകയാണ് കാണിക്കുന്നത്. കൂടാതെ ലൈബ്രറി സെസ്സ് കെട്ടിട നികുതിയോട് കൂട്ടിയ തുകയാണ് കെട്ടിട നികുതി ഇനത്തിൽ കാണിക്കുന്നത്. ലൈബ്രറി സെസ്സ് എന്ന ഫീൽഡ് ബ്ലാങ്ക് ആയും കാണുന്നു.

ഉദാ. ബിൽഡിംഗ് നം. 46/1732, രസീത് നം. 201503 തീയതി 9.8.23

| 2014-15 മുതൽ 2022-23 കാലയളവിൽ | |
|---|---|
| ടാക്സ് | 7218 |
| ലൈബ്രറി സെസ് | 361 |
| പീനൽ ഇന്ററസ്റ്റ് | 8084 |
| ആകെ | 15663/- |

മേൽ രസീത് പ്രകാരം 15663/-രൂപ കളക്ഷൻ വന്നിട്ടുണ്ടെങ്കിലും പീനൽ ഇന്ററസ്റ്റ് തുകയായ 8084/-രൂപ കുറച്ച് 7579/-രൂപയാണ് 'കെട്ടിട നികുതി കളക്ഷൻ ഡീറ്റെയിൽസ്'' എന്ന മെനുവിൽ കാണിക്കുന്നത്. കൂടാതെ ലൈബ്രറി സെസ് 361 രൂപ ബിൽഡിംഗ് ടാക്സ് തുകയോടൊപ്പം കൂട്ടിച്ചേർത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകത കാരണം ലൈബ്രറി സെസ് ഇനത്തിൽ കളക്ഷൻ വന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

3. ഓൺലൈൻ പേയ്മെന്റ് നടത്തുന്ന കെട്ടിടങ്ങളുടെ നികുതി വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ

കാണുന്നുണ്ടെങ്കിലും ആയതിന്റെ കണക്ക് കൃത്യമായി സാംഖ്യ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. സാംഖ്യ സോഫ്റ്റ്‌വെയറും സഞ്ചയ സോഫ്റ്റ്‌വെയറും ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ടോയെന്നത് വ്യക്തമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.27/2022-23 തീയതി.19.09.2023) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലെ മേൽ പറഞ്ഞ അപാകതകൾ വിലയിരുത്തി അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി പരിഷ്കരിച്ചപ്പോൾ നികുതിത്തുകയിൽ ഗണ്യമായ കുറവ് -നഗരസഭയുടെ വരുമാന നഷ്ടം പരിഹരിക്കാൻ നടപടികളായിട്ടില്ല.

നഗരസഭകളിലെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനാണ് 1994ലെ കേരള നഗരപാലികാ നിയമം വ്യവസ്ഥപ്പെടുത്തുന്നത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 233(2) പ്രകാരം വസ്തു നികുതി ചുമത്തുന്നതിലേയ്ക്കായി ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടത്തിന്റേയും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ വിജ്ഞാപനം മൂലം നിർണ്ണയിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് പ്രകാരം വസ്തു നികുതി സംബന്ധിച്ച് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും വസ്തു നികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിന് 1.4.2013 തീയതി മുതൽ പ്രാബല്യം നൽകുകയും പിന്നീട് ഇത് 1.4.2016 തീയതി മുതലായി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് മുമ്പ് കെട്ടിടങ്ങളുടെ നികുതി അവയുടെ വാർഷിക വാടക മൂല്യം അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കുകയായിരുന്നു ചെയ്തു കൊണ്ടിരുന്നത്. ഇപ്രകാരം വാർഷിക വാടക മൂല്യം അടിസ്ഥാനമാക്കി ഒരിക്കൽ നിർണ്ണയിച്ച വസ്തു നികുതി പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി പുനർനിർണ്ണയിച്ചപ്പോൾ കൊച്ചി നഗരസഭയ്ക്ക് നികുതിത്തുകയിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് ആകെ 5619.3ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയുള്ള കേരള ഹൈക്കോടതി മന്ദിര സമുച്ചയത്തിന്റെ വസ്തു നികുതി പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നിർണ്ണയിച്ചപ്പോൾ വരുന്ന ആകെ വാർഷിക നികുതി 733319രൂപയാണ്. വസ്തു നികുതി നിർണ്ണയ ചട്ടം നിർദ്ദേശിക്കുന്ന പ്രകാരമുള്ള കാലപ്പഴക്കം, നിലകളുടെ എണ്ണം എന്നിവ

അടിസ്ഥാനമാക്കിയുള്ള നികുതിക്കിഴിവ് കൂടി കണക്കിലെടുത്താൽ നഗരസഭയ്ക്ക് കിട്ടുന്ന വാർഷിക വസ്തു നികുതി തുച്ഛമായ തുക മാത്രമാണ്. പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കുന്നതിന് മുമ്പ് പ്രസ്തുത കെട്ടിടത്തിൽ നിന്നും ലഭിച്ച വാർഷിക വസ്തു നികുതി 3530138 രൂപയായിരുന്നു. വസ്തു നികുതി നിർണ്ണയ ചട്ടം വ്യവസ്ഥപ്പെടുത്തുന്ന വിവിധ കിഴിവുകൾ പരിഗണിക്കാതെ തന്നെ 733319 രൂപ വാർഷിക നികുതിയായി കണക്കിലെടുത്താൽത്തന്നെ പ്രതിവർഷം പ്രസ്തുത കെട്ടിടത്തിൽ നിന്നു മാത്രം വസ്തു നികുതിയിൽ 2796819 രൂപയുടെ കുറവ് നഗരസഭയ്ക്കുണ്ടാകുന്നു. പാർപ്പിടാവശ്യത്തിനോ, വാണിജ്യാവശ്യത്തിനോ ഉള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വസ്തു നികുതി പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പിലുണ്ടായിരുന്ന നികുതിയിൽ നിന്നും ഏറ്റവും കുറഞ്ഞത് 25% വർദ്ധനവ് വരുത്തുന്നതിന് 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(4എ), 9(4സി) എന്നിവ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും മറ്റ് ഉപയോഗക്രമങ്ങളുള്ള കെട്ടിടങ്ങളുടെ കാര്യം പ്രസ്തുത ചട്ടം പരാമർശിക്കുന്നില്ല. ഇതാകട്ടെ 1994ലെ കേരള മുനിസിപ്പൽ നിയമത്തിലെ വകുപ്പ് 233ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്.

മേൽ പ്രസ്താവിച്ച ഹൈക്കോടതി കെട്ടിട സമുച്ചയത്തിന് പുറമേ നഗരസഭയുടെ പരിധിയിൽ വരുന്ന വിവിധ കെട്ടിടങ്ങളിലായി ഇപ്രകാരം വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ നിലവിൽ കിട്ടിക്കൊണ്ടിരുന്ന നികുതിയിൽ നിന്നും 32,10,319 രൂപയുടെ കുറവ് ഉണ്ടായിട്ടുള്ളതായി 20.07.2022ലെ ജനറൽ കൗൺസിൽ വിലയിരുത്തുന്നുണ്ട്.

ഹൈക്കോടതി കെട്ടിട സമുച്ചയം മുൻനിർത്തി പ്രസ്തുത വരുമാനശോഷണം വ്യക്തമാക്കി നഗരസഭ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും (27.02.2022ലെ ISO/CER10/41218/2022 VXനം. കത്ത്) ഇതിൽ തുടർ നിർദ്ദേശം ലഭിച്ചതായോ തുടർനടപടികൾ സ്വീകരിച്ചതായോ വ്യക്തമാകുന്നില്ല. വസ്തു നികുതി പരിഷ്കരണം വരുമ്പോഴുള്ള പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും തുടർനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 59/2011/തസ്വഭ തീയതി 26.02.2011 പ്രകാരം രൂപീകരിക്കപ്പെട്ട പ്രോപ്പർട്ടി ടാക്സ് ബോർഡിന്റെ പരിഗണനയിൽ പ്രസ്തുത വിഷയം നഗരസഭ കൊണ്ടുവന്നിട്ടുള്ളതായും കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 62/തീയതി. 17.11.2023) മറുപടി ലഭ്യമായിട്ടില്ല. നഗരസഭയ്ക്കുണ്ടാകുന്ന വരുമാന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി

പരിഹാരനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

വസ്തു നികുതി ഈടാക്കിയിട്ടില്ല

I പച്ചാളം സോണൽ ഓഫീസ്

1)അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

പച്ചാളം മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഡിവിഷനുകളിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് UA നമ്പർ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഡിവിഷൻ/ കെട്ടിട നം. | വാർഷിക വസ്തു നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | 31/2590 A | 2714 X 3 + LC = 8549/- | 2020-21 മുതൽ |
| 2 | 31/2590 A1 | 8615 X 3 + LC =27137/- | 2020-21 മുതൽ |
| 3 | 31/2590A2 | 4914 X 3 + LC =15479 | 2020-21 മുതൽ |
| 4 | 31/2590 A2(1) | 3780 X 3 + LC = 11907 | 2020-21 മുതൽ |
| 5 | 31/2590 C | 2981 X 3 + LC =9390 | 2020-21 മുതൽ |
| 6 | 31/2590 D | 1752 X 3 + LC = 5519 | 2020-21 മുതൽ |
| 7 | 31/2590 E | 1595 X 3 + LC =5024 | 2020-21 മുതൽ |
| 8 | 31/2590 F | 7002 X 3 + LC = 22056 | 2020-21 മുതൽ |
| 9 | 31/2590 G | 1773 X 3 + LC = 5585 | 2020-21 മുതൽ |
| 10 | 31/2590 H | 1773 X 3 + LC = 5585 | 2020-21 മുതൽ |
| 11 | 69/20242 A | 19109 X 3 + LC = 60193 | 2019-20 മുതൽ |
| 12 | 69/3355 | 896 X 3 + LC = 2822 | 2019-20 മുതൽ |
| 13 | 73/2392 ( BSNL Tower) | 13812 X 3 + LC = 43508 | 2019-20 മുതൽ |
| 14 | 73/2514 | 11725 X 3 + LC = 36934 | 2019-20 മുതൽ |
| 15 | 73/1152 | 13596 X 3 + LC =42827 | 2019-20 മുതൽ |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.3 /7.9.23 ന് നൽകിയിരുന്നതിന് നല്കിയ മറുപടിയിൽ ക്രമ നം. 1 മുതൽ 10 വരെയുള്ള കെട്ടിടങ്ങളുടെ നികുതിയിനത്തിൽ കുടിശ്ശിക ഉള്ളതാണ് എന്നും ടി കെട്ടിടങ്ങൾ നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 12.07.23 ന് അൺ ഓതറൈസ്ഡ് ആയി നികുതി ചുമത്തി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. ക്രമ നം. 11,12 എന്നീ കെട്ടിടങ്ങളുടെ 2020-21 വർഷം മുതൽ കുടിശ്ശിക നിലനിൽക്കുന്നതിനാൽ നോട്ടീസ് നൽകിയതായും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. ക്രമ നം.13 മുതൽ 15 വരെയുള്ള കെട്ടിടങ്ങൾ മൊബൈൽ ടവറുകളാണ് ടി കെട്ടിടങ്ങളും അൺ ഓതറൈസ്ഡ് ആയി നികുതി ചുമത്തി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കേണ്ടതും അനധികൃത നിർമ്മാണം ചട്ട പ്രകാരം ക്രമപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 200 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു

പച്ചാളം മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന ഡിവിഷൻ 73 ലെ 73/2820 എന്ന നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 272.45$m^2$ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് നഗരസഭ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള വാർഷികാടിസ്ഥാന നികുതി നിരക്ക് 160/- രൂപയാണ്. എന്നാൽ ടി കെട്ടിടത്തിന് നിർണ്ണയിച്ചിട്ടുള്ള നികുതി നിരക്ക് 120/- രൂപയാണ്. ഇപ്രകാരം തെറ്റായി നികുതി നിർണ്ണയിച്ചിരിക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ 5.9.23 ൽ ഓഡിറ്റ് അന്വേഷണം 2/22-23 നല്കിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടത്തിന്റെ നികുതി നിരക്ക് 160/- ആയി പുനർനിർണയം ചെയ്ത് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിവിഷൻ /കെട്ടിട നം. | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി @ 120/- | ഇളവ് / വർധനവ് ശേഷമുള്ള നികുതി ഈടാക്കിയത് (10% ഇളവ്, വർദ്ധനവ് 20%) | ആകെ നികുതി ഈടാക്കിയത് ( ലൈബ്രറി സെസ്സ് ഉൾപ്പടെ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി @ 160/- | ഇളവ് / വർധനവ് ശേഷമുള്ള നികുതി ഈടാക്കേണ്ടത് (10% ഇളവ്, വർദ്ധനവ് 20%) | ആകെ നികുതി ഈടാക്കേണ്ടത് (ലൈബ്രറി സെസ്സ് ഉൾപ്പടെ) | കുറവ് |
|---|---|---|---|---|---|---|---|
| 73 /2820 | 272.45 X 120 = 32694 | 35964 | 35964 + 1798 = 37762 | 272.45 X 160 = 43592 | 47951 | 47951 + 2398 = 50349 | വസ്തു നികുതി = 11987 ലൈബ്രറി സെസ്സ് = 600 ആകെ = 12587 |

നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക 12587/- രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

II വൈറ്റില സോണൽ ഓഫീസ്

വൈറ്റില മേഖല കാര്യാലയത്തിലെ 2022-23 സാമ്പത്തിക വർഷം U/A നമ്പർ നൽകിയ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കെട്ടിട നികുതി ഈടാക്കുകയോ തുടർനടപടികൾ എടുക്കുകയോ ചെയ്തിട്ടില്ല.

| | കെട്ടിട നം. | ഉടമയുടെ പേര് | ഏരിയ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | 51/UA/142 | ഫ്രാൻസിസ് | 8F-165$m^2$ Dormitory | 10890 X 3 = 32670+LC | - | 32670 |
| 2 | 48/UA/477D | ആശ പതംജ് പട്ടേൽ | 208.8$m^2$ | 90228/- | - | 90228/- |

1) അനധികൃത കെട്ടിടത്തിന്റെ നികുതി കണക്കാക്കിയതിൽ കുറവ്

വൈറ്റില മേഖല കാര്യാലയത്തിലെ 2022-23 സാമ്പത്തിക വർഷം U/A നമ്പർ നൽകിയ (48/UA/477D) കെട്ടിടത്തിന്റെ കെട്ടിട നികുതി കണക്കാക്കിയതിൽ കുറവ് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| Floor Area | = | 208.86 (Commercial 120 Rs/$m^2$) |
| Basic Building Tax | = | 208.86 X 120 = 25063.2 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് (20%) | = | 5012.64 |
| ആകെ നികുതി | = | 25063.2+5012.64 =30075.84 |
| അനധികൃത കെട്ടിടത്തിന് 3 ഇരട്ടി നികുതി | = | 30075.84 X 3=90227.52 =90228/- |
| Library Cess (5%) | = | 4511.4 |
| ആകെ ഈടാക്കേണ്ട നികുതി | = | 90228+4512 =94740/- |
| ഈടാക്കിയ നികുതി ( U/A രജിസ്റ്റർ പേജ്. 95) | = | 86846/- |
| കുറവ് തുക | = | 7894/- |

അസസ്മെന്റ് രജിസ്റ്ററിൽ വേണ്ട തിരുത്തൽ വരുത്തി മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - നഷ്ടം 22093/- രൂപ

ഒരേ വ്യക്തിയുടെ പേരിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിനെ ചെറിയ മുറികളായി തിരിച്ച് പ്രത്യേക നമ്പർ നൽകി 100$m^2$ താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നൽകേണ്ട നിരക്കിട്ട് (90രൂപ/$m^2$) നികുതി നിർണ്ണയിച്ചതുമൂലം നികുതി നിർണ്ണയത്തിൽ കുറവ് സംഭവിക്കുകയും തന്മൂലം 22094/- നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഉടമസ്ഥന്റെ പേര് ആകെ വിസ്തീർണ്ണം | ബിൽഡിംഗ് നം. | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയ ഏരിയ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| ഉഷ ജയൻ 659 $M^2$ | 51/467(D) | 51.6$m^2$ | 51.6 X 160 =8256 | 51.6 X 90 = 4644 | 3612 |
| നീലകണ്ഠ അയ്യർ 258 | 51/2704 A1 | 50.12$m^2$ | 50.12 X 120 =6014.4 | 50.12 X 90 =4510.8 | 1504 |
| ആൻഡ്രൂസ് സി.ജെ. 211 $M^2$ | 51/548 E1 | 67.91$m^2$ | 67.91 X 120 = 8149.2 | 67.91 X 90 =6111.9 | 2038 |
| സി.വി. ജേക്കബ് | 50/200A3 | 76.99$m^2$ | 76.99 X 120 = 9238.8 | 76.99 X 90 =6929.1 | 2310 |
| സി.വി. ജേക്കബ് | 50/200 A2 | 62.72$m^2$ | 62.72 X 120 = 7526.4 | 62.72 X 90 =5644.8 | 1882 |
| സി.വി. ജേക്കബ് | 50/200 B2 | 62.71 $M^2$ | 62.71 X 120 = 7525.2 | 62.71 X 90 =5643.9 | 1881 |
| സി.വി. ജേക്കബ് | 50/200 B3 | 76.99$m^2$ | 76.99 X 120 = 9238.8 | 76.99 X 90 =6929.1 | 2310 |
| സിജോ ജോസഫ് 189 $M^2$ | 50/1164 B | 19.50$m^2$ | 19.5 X 120 = 2340 | 19.5x 90 =1755 | 585 |
| ഹുമയൂൺ കളിയത്ത് | 50/1617 A | 70.49$m^2$ | 70.49 X 120 = 8458.8 | 70.49 X 90 =6344.1 | 2115 |
| ഹുമയൂൺ കളിയത്ത് | 50/1617 B | 70.49$m^2$ | 70.49 X 120 = 8458.8 | 70.49 X 90 =6344.1 | 2115 |
| ഹുമയൂൺ കളിയത്ത് | 50/1617 C | 58.02$m^2$ | 58.02 X 120 = 6962.4 | 58.02 X 90 =5221.8 | 1741 |
| ആകെ | | | | | 22093/- |

നിർണ്ണയത്തിൽ വന്ന കുറവുമൂലം ഉണ്ടായ 22093/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് അസസ്സമെന്റ് രജിസ്റ്ററിൽ വേണ്ട തിരുത്തലുകൾ വരുത്തേണ്ടതാണ്.

III ഫോർട്ടുകൊച്ചി സോണൽ ഓഫീസ്

വസ്തുനികുതി നിർണയത്തിലെ അപാകതകൾ -വരുമാന നഷ്ടം

1)തറ വിസ്തൃതിയ്ക്കനുസരിച്ചുള്ള വർദ്ധനവ് ഉൾപ്പെടുത്താത്തതിനാൽ വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ക്രമനമ്പർ 5 പ്രകാരം 250 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തൃതിയുള്ള വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടത്. ഫയൽ നം. FCR3/290/23 പരിശോധിച്ചതിൽ 28-ാം ഡിവിഷനിലെ ആരിഫ നൗഫൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2207-ാം നമ്പർ വാണിജ്യ കെട്ടിടത്തിന്റെ തറ വിസ്തൃതി 307.88 ച.മീ ആണ്. കെട്ടിടത്തിന്റെ വിവര ശേഖരണ ഫോറത്തിൽ തറ നിർമ്മിതി വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ തറ നിർമ്മിതിയ്ക്കനുസരിച്ചുള്ള 15% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതി വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2022-2023 സാമ്പത്തിക വർഷം നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി

ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് - 120/- രൂപ

അടിസ്ഥാന വസ്തുനികുതി- 307.88 X 120=36946/- രൂപ

വർദ്ധനവ് (വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ-20%) -7389.2/-

വർദ്ധനവ് (തറ നിർമ്മിതി-15%) -5542/-

ആകെ വസ്തുനികുതി-36946+7389+5542= 49877/- രൂപ44335

നിർണയിക്കേണ്ടിയിരുന്ന ആകെ വസ്തുനികുതി ---- 49877/-രൂപ

2022-2023 സാമ്പത്തിക വർഷം നിർണയിച്ച വസ്തു നികുതി (15% വർദ്ധനവ് ഉൾപ്പെടുത്താതെ)

-44335/-

36946+ 7389.2 = 44335/-

2022-2023 സാമ്പത്തിക വർഷം നഷ്ടമായ തുക-----49877-44335 =5542/-

2023-2024 സാമ്പത്തിക വർഷം നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി

ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് - 120/- രൂപ

അടിസ്ഥാന വസ്തുനികുതി- 307.88 X 120=36946/- രൂപ

വർദ്ധനവ് (വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ-20%) -7389.2/-

വർദ്ധനവ് (തറ നിർമ്മിതി-15%) -5542/-

ആകെ വസ്തുനികുതി-36946+7389+5542= 49877/- രൂപ

വാർഷിക വസ്തുനികതി വർദ്ധനവ് (5%) ---- 2494 (49877 X 5%)

{22/3/23 ലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പ്രകാരം}

നിർണയിക്കേണ്ടിയിരുന്ന ആകെ വസ്തുനികുതി---- 49877 +2494= 52371/-രൂപ

2023-2024 സാമ്പത്തിക വർഷം നിർണയിച്ച വസ്തു നികുതി (15% വർദ്ധനവ് ഉൾപ്പെടുത്താതെ) -46552/-

44335+(44335 X 5%) =44335+2217 =46552

നഷ്ടം------52371-46552 =5819/-

ഇപ്രകാരം വസ്തുനികുതി നിർണയിച്ചതിലും ലൈബ്രറി സെസ്, സർവീസ് ചാർജ് എന്നീ ഇനങ്ങളിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/8.9.23) സാധാരണ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച തറയാണെന്ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പരാമർശിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഉൾപ്പെടുത്തുകയോ മറുപടിയോടൊപ്പം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. റവന്യൂ ഇൻസ്പെക്ടറുടെ മേൽ പരാമർശിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. നികുതി പുനർ നിർണയിച്ച് നഷ്ടമായ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2)ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് പ്രത്യേക നമ്പർ നൽകി 100 $m^2$ താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നൽകേണ്ട നിരക്കിട്ട് (90രൂപ/ $m^2$) നികുതി നിർണ്ണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം ഉണ്ടാകുന്നു.

ഫയൽ നം. FCR4/2535/23 പരിശോധിച്ചതിൽ 24-ാം ഡിവിഷനിലെ ടീന എ ആന്റണിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വിസ്തൃതി 137.11ച.മീ ആണ്. 2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം കൊച്ചി നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൗൺസിലിന്റെ 98/14.06.2013 ലെ തീരുമാനം പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഷോപ്പിന് 120രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഫോറം-6 പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ പത്രിക, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിശദാംശം, അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന്റെ ആകെ വിസ്തൃതി കണക്കാക്കി ച.മീ. ന് 120/- രൂപ നിരക്കിൽ നികുതി ചുമത്തേണ്ടതിന് പകരം ച.മീ. ന് 90/- രൂപ എന്ന നിരക്ക് കണക്കാക്കി നികുതി നിർണ്ണയിച്ചത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്.

വസ്തുനികുതി വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി

കെട്ടിട നമ്പർ 1442/7(വിസ്തൃതി-68.55 ച.മീ.), 1442/8 (വിസ്തൃതി-68.56 ച.മീ.)

ആകെ വിസ്തൃതി-137.11 ച.മീ.

ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് - 120/- രൂപ

അടിസ്ഥാന വസ്തുനികുതി-16,453/- രൂപ (137.11x120)

ഇളവ് ( ദ്വിതീയ മേഖല -10%) - 1645/-

വർദ്ധനവ് (വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ-20%) -3291/-

ആകെ വാർഷിക വസ്തുനികുതി-16453-1645+3291 = 18099/- രൂപ

ബഹുനില വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഇളവ് (5%)----905 ( 18099 X 5%)

നിർണയിക്കേണ്ടിയിരുന്ന വസ്തുനികുതി -----18099-905 = 17194/- രൂപ

നിർണയിച്ച വസ്തു നികുതി

കെട്ടിട നമ്പർ 1442/7(വിസ്തൃതി-68.55 ച.മീ.), 1442/8 (വിസ്തൃതി-68.56ച.മീ.)

ആകെ വിസ്തൃതി-137.11 ച.മീ.

ചതുരശ്ര മീറ്ററിന് കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി നിരക്ക് - 90/- രൂപ

അടിസ്ഥാന വസ്തുനികുതി-12340/- രൂപ (137.11x90)

ഇളവ് ( ദ്വിതീയ മേഖല -10%) - 1234/-

വർദ്ധനവ് (വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ-20%) -2468/-

നിർണയിച്ച ആകെ വാർഷിക വസ്തുനികുതി------12340-1234+2468= 13574/- രൂപ

ബഹുനില വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഇളവ് (5%)----679 (13574x5%)

നിർണയിച്ച വസ്തു നികുതി ------13574-679= 12895/- രൂപ

നഷ്ടം------17194-12895=4299/-

ഇപ്രകാരം വസ്തുനികുതി നിർണയിച്ചതിലും ലൈബ്രറി സെസ്, സർവീസ് ചാർജ് എന്നീ ഇനങ്ങളിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-6/7.9.23) സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതയാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് പരിഹരിച്ച് വരുമാന നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3)അനധികൃത നിർമ്മാണങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫോർട്ടുകൊച്ചി മേഖലാകാര്യാലയത്തിന്റെ പരിധിയിൽ നിലവിൽ 326 അനധികൃത കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-4/7.9.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഒന്നും തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയത് പരിശോധിക്കുന്നതിന് ഡിമാന്റ് രജിസ്റ്ററോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2022-2023 സാമ്പത്തിക വർഷം ഒരു കെട്ടിടം മാത്രമാണ് അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4)വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജിത നടപടി സ്വീകരിക്കുന്നില്ല – ഭീമമായ തുക കാലഹരണപ്പെട്ടു.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) ൽ നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാമായിരുന്നതോ വ്യവഹാരം ആദ്യം നടത്താമായിരുന്നതോ ആയ തീയതിമുതൽ മൂന്നുകൊല്ലം കഴിഞ്ഞതിനു ശേഷം യാതൊരു വ്യവഹാരം നടത്തുകയോ ശിക്ഷാനടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. സെക്ഷൻ 539(2) ൽ യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക കാലഹരണപ്പെടുന്ന പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഫോർട്ട് കൊച്ചി മേഖലാ കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ ഗണത്തിൽ പെട്ട നിരവധി കെട്ടിടങ്ങളിൽ നിന്ന് 2013-2014 മുതൽ വസ്തുനികുതി ഈടാക്കാതെ കാലഹരണപ്പെട്ടതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വസ്തുനികുതി ഇനത്തിൽ 2021-2022 വരെ കുടിശ്ശിക 5,74,58,268/- രൂപയും 2022-2023 ലെ കുടിശ്ശിക 1,21,03,116/- രൂപയും ചേർത്ത് ആകെ 6,95,61,384/- രൂപ കുടിശ്ശികയുണ്ട്. 2022-2023 ലെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മൊബൈൽ ടവർ ഒഴികെ വിവിധ ഗണത്തിൽപെട്ട കെട്ടിടങ്ങളിൽ ഒരു ലക്ഷത്തിന് മുകളിൽ കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് ചുവടെ ചേർത്തിരിക്കുന്നത്.

I)മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

ജി.ഒ.(ആർ.റ്റി.)നം. 19/2011/ത.സ്വഭ.വ./14-1-2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/- രൂപയും കൂടിയ വസ്തുനികുതി 500/-രൂപയുമാണ്. നഗരസഭ കൗൺസിലിന്റെ 14.6.2013 ലെ 98-ാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി 500/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഫോർട്ട്കൊച്ചി മേഖലാ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളിൽ 1/461 -ാം നമ്പരിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി 2013-14 മുതൽ നാളിതുവരെ ഈടാക്കിയിട്ടില്ല. 6 മൊബൈൽ ടവറുകളുടേയും തൻവർഷത്തെ വസ്തുനികുതിയും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | വാർഷിക വസ്തു നികുതി | കുടിശ്ശിക | തൻ വർഷ കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | ആകെ കുടിശ്ശിക തുക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 1/461 | 11574 | 579 | 1158 | 13311 | 104166 | 11574 | 115740 | 2013-2014 മുതൽ 2022-2023 വരെ |
| 2 | 1/1079 | 11473 | 574 | 1148 | 13195 | 45892 | 11473 | 57365 | 2018-2019 മുതൽ 2022-2023 വരെ |
| 3 | 22/2253 | 11088 | 555 | 1109 | 12752 | 33264 | 11088 | 44352 | 2019-2020 മുതൽ 2022-2023 വരെ |
| 4 | 24/1138 | 9569 | 479 | 957 | 11005 | 38274 | 9569 | 47843 | 2018-2019 മുതൽ 2022-2023 വരെ |
| 5 | 26/178 | 8605 | 431 | 861 | 9897 | 25815 | 8605 | 34420 | 2019-2020 മുതൽ 2022-2023 വരെ |
| 6 | 1/2318 | 2331 | 117 | 234 | 2682 | 10490 | 2331 | 12821 | 2017-2018 മുതൽ 2022-2023 വരെ |

കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ12/5.10.23) ക്രമ നമ്പർ 1,2,3,6 എന്നീ ടവറുകളുടെ 2022-2023 വരെയുള്ള നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്ത് അപാകത പരിഹരിച്ചുവെന്നും ക്രമ നമ്പർ 4, 5 എന്നീ ടവറുകളുടെ ഓഫീസ് കെട്ടിടം നിലനിന്നിരുന്ന പ്രദേശത്ത് നിന്ന് മാറിയതിനാൽ ഡിമാന്റ് ചെയ്തിരുന്നില്ലെന്നും ക്രമ നമ്പർ 5 പ്രകാരമുള്ള ടവറിന് നിലവിൽ ഡിമാന്റ് നോട്ടീസ് അയച്ചുവെന്നും ക്രമ നമ്പർ 4 പ്രകാരമുള്ള ടവറിന് ഡിമാന്റ് നോട്ടീസ് അയക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

Ii)വാണിജ്യ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | വാർഷിക വസ്തു നികുതി | കുടിശ്ശിക | തൻ വർഷ കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | ആകെ കുടിശ്ശിക തുക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|---|---|---|---|---|---|
| 1 | 1/2964 | 47641 | 2383 | 4765 | 54789 | 357309 | 47641 | 404950 | 2013-2014 മുതൽ 2022-2023 വരെ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 1/753 | 24255 | 1213 | 2426 | 27894 | 181914 | 24255 | 206169 | 2013-2014 മുതൽ 2022-2023 വരെ |
| 3 | 1/290 | 168009 | 8401 | 16801 | 193211 | 1260069 | 168009 | 1428078 | 2013-2014 മുതൽ 2022-2023 വരെ |
| 4 | 3/1300 | 139650 | 6983 | 13965 | 160598 | 349125 | 139650 | 488775 | 2019-2020 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 5 | 1/398 | 39338 | 1967 | 3934 | 45239 | 295035 | 39338 | 334373 | 2013-2014 മുതൽ 2022-2023 വരെ |
| 6 | 1/751 | 44730 | 2237 | 4473 | 51440 | 290745 | 22365 | 313110 | 2013-2014 മുതൽ 2022-2023 വരെ |
| 7 | 1/623 | 38905 | 1946 | 3891 | 44742 | 272336 | 38905 | 311241 | 2013-2014 മുതൽ 2022-2023 വരെ |
| 8 | 1/753 | 30240 | 1512 | 3024 | 34776 | 196560 | 30240 | 226800 | 2013-2014 മുതൽ 2022-2023 വരെ |
| 9 | 1/753 | 20979 | 1049 | 2098 | 24126 | 160839 | 20979 | 181818 | 2013-2014 മുതൽ 2022-2023 വരെ |
| 10 | 1/289 | 20160 | 1008 | 2016 | 23184 | 151200 | 20160 | 171360 | 2013-2014 മുതൽ 2022-2023 വരെ |
| 11 | 1/205 | 19215 | 961 | 1922 | 22098 | 144114 | 19215 | 163329 | 2013-2014 മുതൽ 2022-2023 വരെ |
| 12 | 2/131 | 18170 | 909 | 1817 | 20896 | 136275 | 18170 | 154445 | 2013-2014 മുതൽ 2022-2023 വരെ |
| 13 | 1/640 | 15910 | 796 | 1591 | 18297 | 119325 | 15910 | 135235 | 2013-2014 മുതൽ 2022-2023 വരെ |
| 14 | 1/1892 | 15876 | 794 | 1588 | 18258 | 119070 | 15876 | 134946 | 2013-2014 മുതൽ 2022-2023 വരെ |
| 15 | 2/958 | 16351 | 818 | 1636 | 18805 | 122633 | 0 | 122633 | 2013-2014 മുതൽ 2022-2023 വരെ 2021 I st, |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | 2021 IInd, |
| 16 | 26/428 | 21431 | 1072 | 2144 | 24647 | 171448 | 21431 | 192879 | 2013-2014 മുതൽ 2022-2023 വരെ |
| 17 | 26/428 | 11003 | 551 | 1101 | 12655 | 99027 | 11003 | 110030 | 2013-2014 മുതൽ 2022-2023 വരെ |
| 18 | 3/1187 | 1010435 | 50522 | 101044 | 1162001 | 5557397 | 5 | 5557402 | 2015-2016 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 19 | 1/752 | 41580 | 2079 | 4158 | 47817 | 311850 | 41580 | 353430 | 2018-2019 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെl |
| 20 | 1/755 | 24255 | 1213 | 2426 | 27894 | 181914 | 24255 | 206169 | 2018-2019 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 21 | 28/556 | 15120 | 756 | 1512 | 17388 | 126775 | 15120 | 141895 | 2018-2019 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 22 | 1/613 | 71087 | 3555 | 7109 | 81751 | 59711 | 71087 | 130798 | 2020 Ist, 2021 Ist, 2021 IInd, 2022 Ist, 2022 IInd |
| 23 | 22/2053 | 36647 | 1833 | 3665 | 42145 | 91616 | 36647 | 128263 | 2018 Ist, 2020 Ist, 2020 IInd, 2021 Ist, 2021 IInd, 2022 Ist, 2022 IInd |
| 24 | 1/614 | 79792 | 3990 | 7980 | 91762 | 39899 | 79792 | 119691 | 2020 Ist, 2021 IInd, 2022 Ist, 2022IInd |

കുടിശ്ശിക ഈടാക്കാത്ത 24 വാണിജ്യ കെട്ടിടങ്ങൾ ഓഡിറ്റ് എൻക്വയറിയിൽ (നമ്പർ-12/5.10.23) പരാമർശിച്ചതിൽ 7 കെട്ടിടങ്ങൾക്ക് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളു. ക്രമ നമ്പർ 1, 8 എന്നീ കെട്ടിടങ്ങളുടടെ 2020-2021 വരെയുള്ള നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ നടപടി

സ്വീകരിച്ച് വരുന്നതായും ക്രമ നമ്പർ 3 കെട്ടിടത്തിന്റെ നികുതി ഒടുക്കിയിട്ടുള്ളത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ നടപടി സ്വീകരിച്ച് വരുന്നതായും ക്രമ നമ്പർ 16, 17 കെട്ടിടങ്ങളുടെ 2019-2020 വരെയുള്ള നികുതി അടവാക്കിയിട്ടുള്ളതാണെന്നും തുടർന്നുള്ള നികുതി ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 21 കെട്ടിടത്തിന്റെ 2018-2019 വരെയുള്ള നികുതി അടവാക്കിയിട്ടുള്ളതാണെന്നും തുടർന്നുള്ള നികുതി ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 23 കെട്ടിടത്തിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഭാഗിക മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

Iii)അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

12-04-12ലെ 49590/ആർ.സി2/2011എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ 14-01-2011 മുതൽ പുതിയ അസസ്മെന്റായി കരുതി വസ്തുനികുതി ഈടാക്കുന്നതിനും അതിനു മുമ്പുള്ള വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല. ഈ സ്കൂളുകൾ സർക്കാർ അംഗീകൃതമാണെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | വാർഷിക വസ്തു നികുതി | കുടിശ്ശിക | തൻ വർഷ കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | ആകെ കുടിശ്ശിക തുക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|---|---|---|---|---|---|
| 1 | 28/1701 | 53487 | 2675 | 5349 | 61511 | 373134 | 53487 | 426621 | 2013-2014 മുതൽ 2022-2023 വരെ |
| 2 | 1/523 | 28668 | 1434 | 2867 | 32969 | 258012 | 28668 | 286680 | 2013-2014 മുതൽ 2022-2023 വരെ |
| 3 | 4/1332 | 27529 | 1377 | 2753 | 31659 | 233454 | 27529 | 260983 | 2013-2014 മുതൽ 2022-2023 വരെ |
| 4 | 24/1111 | 33771 | 1689 | 3378 | 38838 | 202626 | 33771 | 236397 | 2016-2017 മുതൽ 2022-2023 വരെ |
| 5 | 1/523 | 62521 | 3127 | 6253 | 71901 | 125044 | 62521 | 187565 | 2018-2019 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 6 | 1/523 | 53512 | 2676 | 5352 | 61540 | 107024 | 53512 | 160536 | 2020-2021 മുതൽ 2022-2023 വരെ |
| 7 | 1/370 | 31153 | 1558 | 3116 | 35827 | 124612 | 31153 | 155765 | 2018-2019 മുതൽ 2022-2023 വരെ |
| 8 | 1/524 | 13529 | 677 | 1353 | 15559 | 121761 | 13529 | 135290 | 2013-2014 മുതൽ 2022-2023 വരെ |
| 9 | 1/490 | 41993 | 2100 | 4200 | 48293 | 62989 | 41993 | 104982 | 2020-2021 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |

ക്രമ നമ്പർ 1, 5, 6 എന്നീ കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/5.10.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 2 കെട്ടിടത്തിന്റെ നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്ത് അപാകത പരിഹരിച്ചുവെന്നും ക്രമ നമ്പർ 3, 4 കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 4 കെട്ടിടം എയിഡഡ് സ്കൂൾ വിഭാഗത്തിൽ പെട്ടതാണെന്ന് പ്രധാന അദ്ധ്യാപിക അറിയിച്ചിട്ടുണ്ടെന്നും എന്നാൽ ആയത് ബോധ്യപ്പെടുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും ക്രമ നമ്പർ 7, 8, 9 എന്നീ കെട്ടിടങ്ങളുടെ 2020-2021 വരെയുള്ള നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ നടപടി സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി ഒടുക്കാത്ത സ്കൂളുകൾ സർക്കാർ അംഗീകൃതമാണെങ്കിൽ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

lv)അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് എന്നീ ഗണത്തിൽപെട്ട കെട്ടിടങ്ങൾ

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | വാർഷിക വസ്തു നികുതി | കുടിശ്ശിക | തൻ വർഷ കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | ആകെ കുടിശ്ശിക തുക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|---|---|---|---|---|---|
| 1 | 22/1328 | 47257 | 2363 | 4726 | 54346 | 398448 | 43530 | 441978 | 2013-2014 മുതൽ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | 2022-2023 വരെ |
| 2 | 1/821 | 24503 | 1226 | 2451 | 28180 | 220527 | 24503 | 245030 | 2013-2014 മുതൽ 2022-2023 വരെ |
| 3 | 1/777 | 81648 | 4083 | 8165 | 93896 | 163296 | 40824 | 204120 | 2019 II$^{nd}$, 2020 I$^{st}$, 2020 II$^{nd}$, 2021 II$^{nd}$, 2022 I$^{st}$ |
| 4 | 3/1297 | 49613 | 2481 | 4962 | 57056 | 143574 | 49613 | 193187 | 2019-2020 രണ്ടാം അർദ്ധ വർഷം മുതൽ 2022-2023 വരെ |
| 5 | 28/792 | 22493 | 1125 | 2250 | 25868 | 118641 | 22493 | 141134 | 2016 I$^{st}$, 2016 II$^{nd}$, 2017 I$^{st}$, 2017 II$^{nd}$, 2018 I$^{st}$, 2018 II$^{nd}$, 2019I$^{st}$, 2019 II$^{nd}$, 2020 II$^{nd}$, 2021 I$^{st}$, 2021 II$^{nd}$, 2022 I$^{st}$, 2022 II$^{nd}$ |
| 6 | 1/605 | 10080 | 504 | 1008 | 11592 | 80640 | 10080 | 90720 | 2013-2014 മുതൽ 2022-2023 വരെ |

ക്രമ നമ്പർ 2,3,4,6 എന്നീ കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/5.10.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 1 കെട്ടിടത്തിന്റെ 2021-2022 വരെയുള്ള നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്ത് അപാകത പരിഹരിച്ചുവെന്നും ക്രമ നമ്പർ 5 ലെ കെട്ടിടത്തിന്റെ 2018-2019 വരെയുള്ള നികുതി ഒടുക്കിയതാണെന്നും തുടർന്ന് 2022 വരെയുള്ള നികുതി ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമുള്ള ഭാഗീക മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

V)വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം

| കെട്ടിട | വസ്തു | ലൈബ്രറി | സേവന | വാർഷിക | കുടിശ്ശിക | തൻ വർഷ | ആകെ | കുടിശ്ശികയുടെ |
|---|---|---|---|---|---|---|---|---|

| നമ്പർ | നികുതി | സെസ് | നികുതി | വസ്തു നികുതി | | കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | കുടിശ്ശിക തുക | കാലയളവ് |
|---|---|---|---|---|---|---|---|---|
| 22/377 | 49485 | 2475 | 4949 | 56909 | 60378 | 49485 | 109863 | 2019 Ist, 2020 Ist, 2020 IInd, 2021 Ist, 2021 IInd, 2022 Ist, 2022 IInd |

ഈ കെട്ടിടം പൊളിച്ച് നീക്കിയിട്ടുള്ളതാണെന്നും സഞ്ചയയിൽ നിന്ന് നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചതായും മറുപടി ലഭ്യമാക്കി. കെട്ടിടം പൊളിച്ച് മാറ്റിയതിനാൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള കൗൺസിൽ തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

Vi)ആശുപത്രി കെട്ടിടം

| കെട്ടിട നമ്പർ | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | വാർഷിക വസ്തു നികുതി | കുടിശ്ശിക | തൻ വർഷ കെട്ടിട നികുതി ഡിമാന്റ് (സഞ്ചയ പ്രകാരം) | ആകെ കുടിശ്ശിക തുക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|---|---|---|---|---|
| 2/638 | 13860 | 693 | 1386 | 15939 | 93801 | 13860 | 107661 | 2013-2014 മുതൽ 2022-2023 വരെ |

2022-2023 വരെയുള്ള നികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്ത് അപാകത പരിഹരിച്ചുവെന്ന മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

IV ഇടപ്പള്ളി മേഖലാ കാര്യാലയം

1)മൊബൈൽ സേവന ദാതാക്കളിൽ നിന്നും വസ്തു നികുതി പിരിക്കാൻ ബാക്കി നിൽക്കുന്ന

2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരവും, 14.1.2011-ലെ സ.ഉ(അ) നം. 17/2011/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും കൊച്ചി കോർപ്പറേഷനിലെ വിവിധ വാർഡുകളിലെ കെട്ടിടങ്ങൾക്ക് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് ബാധകമായ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതും 1.4.2013 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനായി 14.6.2013ലെ 98-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. വിജ്ഞാപന പ്രകാരം മൊബൈൽ ഫോൺ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ്

വസ്തുനികുതി ആയി നിശ്ചയിച്ചിട്ടുള്ളത്.

കൊച്ചി കോർപ്പറേഷന്റെ ഇടപ്പള്ളി മേഖലാ കാര്യാലയത്തിലെ 2022-2023 വർഷത്തെ വരവ് ഓഡിറ്റിന്റെ ഭാഗമായി മേഖലയിലെ വിവിധ മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിക്കുകയുണ്ടായി. സഞ്ചയ സോഫ്റ്റ്‌വെയർ ഫോം6, രസീത് വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെട്ട വാർത്താവിനിമയ സേവന ദാതാക്കൾ മുഴുവൻ നികുതി തുകയും ഒടുക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു.

| ക്രമ | കെട്ടിട നമ്പർ | സേവന ദാതാവിന്റെ പേര് | തറ വിസ്തീർണ്ണം ($M^2$) | സഞ്ചയ പ്രകാരം നിർണ്ണയിച്ച നികുതി@ 500/- | വർദ്ധനവ് 20% | ആകെ വാർഷിക വസ്തുനികുതി ( നികുതി+ ലൈബ്ര. സെസ്സ് ) | സഞ്ചയ പ്രകാരം | | | നികുതി പിരിക്കാൻ ബാക്കി നിൽക്കുന്ന കാലയളവ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | |
| 1 | 34/1661 /ഡിമാന്റ് | BHARATHI TELE VENTURES LTD | 9.00 | 4500 | 4500+ 900 = 5400 | 5400 + 270 = 5670 | 11340 | 0 | 11340 | 2021 – 2022 |
| 2 | 35/524/A1 | BIJU T NAIR, INDUS TOWERS LTD | 21.64 | 10820 | 10820 + 2164 =12984 | 12984 + 650 = 13634 | 136340 | 6817+ 24904 (ADV.) | 104619 | 2014 II$^{Nd}$ – 2022 II$^{nd}$ |
| 3 | 36/2177/A | RELIANCE JIO INFO COMMUNICATION LTD | 3.00 | 1500 | 1500 + 300 =1800 | 1800 + 90 = 1890 | 12285 | 0 | 12285 | 2016 II$^{Nd}$ –2022 |
| 4 | 36/2753/A | RELIANCE JIO INFO COMMUNICATION LTD | 1.5 | 750 | 750 + 150=900 | 900 +45=945 | 6143 | 0 | 6143 | 2016 II$^{nd}$ –2022 II$^{nd}$ |
| 5 | 37/3646/A | SUGUNAN | 18.58 | 9290 | 9290+ 1858 =11148 | 11148 +557 =11705 | 23410 | 0 | 23410 | 2021 – 2022 |
| 6 | 38/1794/A | M/S BHARATHI AIRTEL | 10.5 | 5250 | 5250 +1050 =6300 | 6300+315= 6615 | 66150 | 13230+ 46305 (ADV) | 6902 | 2019 II$^{Nd}$ –2022 II$^{Nd}$ |
| 7 | 38/2111/B | BHARATHI INTRATEL LTD | 19.76 | 9880 | 9880+ 1976 =11856 | 11856+ 593 =12449 | 124490 | 0 | 124490 | 2013 I$^{st}$ –2022 II$^{nd}$ |
| 8 | 39/1608/A | BHARATHI INDUSTRIAL LTD | 18.95 | 9475 | 9475+ 1895 =11370 | 11370+ 569 =11939 | 41787 | 5970+ 8462(ADV) | 27355 | 2019 II$^{nd}$ –2022 II$^{nd}$ |
| 9 | 40/465A | VODAFONE ESSAR CELLULAR LTD | 15.54 | 7770 | 7770+ 1554 =9324 | 9324 +466= 9790 | 44059 | 14687+ 9789 (ADV) | 20008 | 2020 II$^{nd}$ –2022 II$^{nd}$ |
| 10 | 40/2622/A | M/S BHARATHI INTRATEL LTD | 19.76 | 9880 | 9880 +1976 =11856 | 11856+ 593= 12449 | 49796 | 0 | 49796 | 2019 I$^{st}$ –2022 II$^{nd}$ |
| 11 | 41/24/D19 | K N ANILKUMAR, INDUS TOWERS | 14 | 7000 | 7000 +1400 =8400 | 8400 +420 =8820 | 52920 | 8820+ 39690 (ADV) | 4410 | 2022 II$^{nd}$ |
| 12 | 43/118/A | REHANA JIO | 6 | 3000 | 3000 +600 =3600 | 3600 +180 =3780 | 8190 | 3780 | 4410 | 2016 II$^{nd}$ –2022 II$^{nd}$ |
| 13 | 43/225/A | M/S INDUS TOWERS | 7.5 | 3750 | 3750 +750 =4500 | 4500 +225 =4725 | 13230 | 1890 | 11340 | 2020 I$^{st}$ –2022 II$^{nd}$ |
| 14 | 43/1584/A | M/S INDUS TOWERS | 25.36 | 12680 | 12680 +2536 =15216 | 15216+761 =15977 | 18900 | 2362+ 2362 (ADV) | 14175 | 2020 I$^{st}$ –2022 II$^{nd}$ |
| 15 | 43/1726/A | M/S BHARATHI AIRTEL | 6 | 3000 | 3000 +600 =3600 | 3600 +180 =3780 | 8190 | 7988+ 15977 (ADV) | 31954 | 2021 I$^{st}$ –2022 II$^{nd}$ |
| 16 | 43/2229/A | M/S INDUS TOWERS | 1.87 | 935 | 935 +187 =1122 | 1122 +56= 1178 | 13230 | 0 | 13230 | 2019 II$^{Nd}$ –2022 II$^{nd}$ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 17 | 43/2605/B | M/S REHANA JIO | 15.1 | 7550 | 7550+ 1510= 9060 | 9060+453 =9513 | 52322 | 490+ 676 (ADV) | 51156 | 2017 IInd -2022 IInd |
| 18 | 43/2746/A | M/S BHARATH TELERENTURES | 17.45 | 8725 | 8725 +1745 =10470 | 10470 +524 =10994 | 38479 | 0 | 38479 | 2019 II Nd -2022 IInd |
| 19 | 44/1511/A | BHARATHI | 9.25 | 4625 | 4625+ 925 =5550 | 5550+ 278 =5828 | 38479 | 16491+ 10994 (ADV) | 10994 | 2022 I St -2022 II Nd |
| 20 | 70/113/A | BHARATHI INFRATEL LTD | 2.455 | 1228 | 1228+ 246 =1474 | 1474 +74 =1548 | 20398 | 2914 | 17484 | 2021 Ist -2022 IInd |
| 21 | 70/1640/A | VODAFONE ESSAR | 15 | 7500 | 7500+ 1500 =9000 | 9000 +450 =9450 | 28350 | 2914 | 25436 | 2020 Ist -2022 IInd |
| 22 | 71/635/A2 | M/S BPL MOBILE CELLULAR LTD | 2 | 1000 | 1000 +200 =1200 | 1200 +60 =1260 | 97335 | 0 | 97335 | 2013 Ist -2022 IInd |

സഞ്ചയ പ്രകാരം ഡിമാന്റ് ആയി കാണിച്ചിട്ടുള്ള തുക അനുബന്ധ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കൃത്യമല്ല എന്ന് കാണുന്നു.

സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ടവറുകളുടെ നികുതി യഥാസമയം പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15. 09.23 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 6/ 2022-2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ വ്യവഹാരം ആദ്യം നടത്താവുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാവുന്നതോ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിനുശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരം നടത്തുകയോ യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. മേൽ പട്ടിക പ്രകാരം 2020-2021 ന് മുൻപ് പിരിച്ചെടുക്കേണ്ട മുഴുവൻ നികുതി തുകയും കാലഹരണപ്പെട്ടിരിക്കുകയാണ്. സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ടവറുകളുടെ നികുതി യഥാസമയം പിരിച്ചെടുക്കാത്ത നടപടി ശരിയല്ല. ആയതിനാൽ കോർപ്പറേഷന്റെ പ്രധാന വരുമാന മാർഗ്ഗമായ നികുതി നിർണ്ണയവും, പിരിവും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ നിർണ്ണയിച്ച നികുതി കാലഹരണപ്പെട്ടു പോകാതെ യഥാകാലം പിരിച്ചെടുക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)100 $M^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ അല്ലാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരവും, 14.1.2011-ലെ സ.ഉ(അ) നം. 17/2011/തസ്വഭവ നമ്പർ ഉത്തരവിന്റെ

അടിസ്ഥാനത്തിലും കൊച്ചി കോർപ്പറേഷനിലെ വിവിധ വാർഡുകളിലെ കെട്ടിടങ്ങൾക്ക് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് ബാധകമായ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതും 1.4.2013 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനായി 14.6.2013ലെ 98-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ആയത് പ്രകാരം 100 $M^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് (ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ) 120/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്.എന്നാൽ കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള ഇടപ്പള്ളി സോണൽ ഓഫീസിലെ 2022-2023 വർഷത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ ഫോം 6, അസസ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 100 $M^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 90/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം ($M^2$) | നിർണ്ണയി ച്ചിരിക്കുന്ന വസ്തു നികുതി @ 90 | വർദ്ധനവ് 20 % | [ഇളവ് വർദ്ധനവ് ഉൾപ്പെടെ] (TAX+ LC+ Service Charge, 5% നികുതി വർദ്ധനവ്) @ 90 | നിർണ്ണയി ക്കേണ്ട വസ്തു നികുതി) @ 120 | വർദ്ധനവ് 20 % | [ഇളവ് വർദ്ധനവ് ഉൾപ്പെടെ] (TAX+LC +Service Charge, 5%നികുതി വർദ്ധനവ്) @ 120 | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 33 | അജീഷ് കുമാർ | 626A | 158.69 | 14282 | 14282+ 2856= 17138.52 | 17138.52+ 857(5% നികുതി വർദ്ധനവ്) = 17996 + 1800(10% ST)+ 900(LC) = 20696 | 19042.8 | 19042.8 + 3809 = 22852 | 22852+ 1143 (5% നികുതി വർദ്ധനവ്) =23995 + 2400 (10% ST)+ 1200(LC) = 27595 | വസ്തു നികുതി = 6599 ലൈ.സെ =300 ആകെ =6899 |
| | | | 626 A1 | 158.69 | 14282 | 14282+ 2856= 17138.52 | 17138.52 +857(5% നികുതി വർദ്ധനവ്) =17996 + 1800 (ST) +900(LC) = 20696 | 19042.8 | 19042.8 + 3809= 22852 | 22852+ 1143(5% നികുതി വർദ്ധനവ്) =23995 + 2400 (10% ST) +1200(LC) = 26515 | വസ്തു നികുതി = 6599 ലൈ.സെ. =300 ആകെ =6899 |
| 2 | 33 | രാജേഷ് വൃന്ദ | 1490A | 140.35 | 12632 | 12632+ 2526= 15158 | 15158 + 758 =(5% നികുതി വർദ്ധനവ്) =15916+ 1592 (ST)+ 796 (LC) | 16842 | 16842+ 3368= 20210 | 20210+ 1011(5% നികുതി വർദ്ധനവ്) =21221 + 2122 (10% ST)+ 1061(LC) =24404 | വസ്തു നികുതി = 5835 ലൈ.സെ. 265 ആകെ 6100 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | =18304 | | | | |
| 3 | 37 | എൻ.എ സോമനാഥ മേനോൻ | 773A | 240 | 21600 | 21600+<br>4320=<br>25920 | 25920+<br>1296(5% നികുതി വർദ്ധനവ്)<br>=27216<br>+2722(ST)<br>+1361<br>= 31299 | 28800 | 28800+<br>5760=<br>34560 | 34560+<br>1728(5% നികുതി വർദ്ധനവ്)<br>=36288+<br>3629<br>(10% ST)<br>+1814(LC)<br>=41731 | വസ്തു നികുതി = 9979<br>ലൈ.സെ. 453<br>ആകെ<br>10432 |
| 4 | 37 | ടി.എച്ച് ഷുജാഹുദ്ദീൻ | 3535A2 | 138.4(2nd Floor) | 12456 | 12456+<br>2491=<br>14947 | 14947<br>+748(5% നികുതി വർദ്ധനവ്)<br>=15695+<br>+1570(ST)<br>+785(LC)=<br>18051 | 16608 | 16608+<br>3322=<br>19930 | 19930+<br>997(5% നികുതി വർദ്ധനവ്)<br>=20927<br>+2093(ST)<br>+1047(LC)=<br>=24067 | വസ്തു നികുതി = 5755<br>ലൈ.സെ. 262<br>ആകെ<br>6017 |
| 5 | 44 | അബ്ദുൾ നാസർ | 2286A1 | 110 (2nd) | 9900 | 9900+<br>1980=<br>11880 | 11880<br>+594 (5% നികുതി വർദ്ധനവ്)<br>=12474<br>+1247(ST)<br>+623(LC)<br>=14344 | 13200 | 13200+<br>2640=<br>15840 | 15840+<br>792(5% നികുതി വർദ്ധനവ്)<br>=16632<br>+1663(ST)<br>+831(LC)<br>=19126 | വസ്തു നികുതി = 4574<br>ലൈ.സെ. 208<br>ആകെ<br>4782 |
| 6 | 44 | ടോമി ജോസഫ് | 2917A | 125.6 | 11304 | 11304+2261=<br>13565 | 13565<br>+679<br>(5% നികുതി വർദ്ധനവ്)<br>=14244<br>+1424(ST)<br>+712 (LC)<br>=16380 | 15072 | 15072+<br>3014=<br>18086 | 18086+<br>904(5% നികുതി വർദ്ധനവ്)<br>=18990<br>+1899(ST)<br>+950(LC)=<br>21839 | വസ്തു നികുതി = 5229<br>ലൈ.സെ. 238<br>ആകെ<br>5459 |
| | | | 2917B | 125.6 | 11304 | 11304+2261=<br>13565 | 13565<br>+679(5% നികുതി വർദ്ധനവ്)<br>=14244<br>+1424(ST)<br>+712 (LC)<br>=16380 | 15072 | 15072+<br>3014=<br>18086 | 18086<br>+904(5% നികുതി വർദ്ധനവ്)<br>=18990<br>+1899(ST)<br>+950(LC)<br>=21839 | വസ്തു നികുതി = 5229<br>ലൈ.സെ. 238<br>ആകെ<br>5459 |
| 7 | 44 | വി.സി രാജു | 3429 | 273.28 ($2^{nd}$) | 24595 | 24595<br>+4919<br>=29514 | 29514+<br>1476<br>(5% നികുതി വർദ്ധനവ്)<br>=30990<br>+3099(ST)<br>+1550(LC)<br>=35639 | 32794 | 32794+<br>6559=<br>39353 | 39353+<br>1967(5% നികുതി വർദ്ധനവ്)<br>=41320<br>+4132(ST)<br>+2066(LC)<br>=47579 | വസ്തു നികുതി = 11364<br>ലൈ.സെ. 516<br>ആകെ<br>=11880 |

100 $M^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 120/- രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം നികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 15. 09.23 ന് നൽകിയ 7 /2022-2023 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്. മുകളിലെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 33,37,44 വാർഡുകളിലെ ഏതാനം കെട്ടിടങ്ങൾ

മാത്രമാണ്. ഇടപ്പള്ളി സോണൽ ഓഫീസ് പരിധിയിൽ വരുന്ന മുഴുവൻ വാർഡുകളിലെയും 100 $M^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 120/- രൂപ നിരക്കിൽ തന്നെയാണോ നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കേണ്ടതും, അല്ലാത്ത പക്ഷം നികുതി പുനർനിർണ്ണയം നടത്തി വിവരം സഞ്ചയ ഡാറ്റാ ബേസിൽ അപ്ഡേറ്റ് ചെയ്ത് വരുമാന ചോർച്ച തടയേണ്ടതുമാണ്.

3)ഇടപ്പള്ളി മേഖലയിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച്

ഇടപ്പള്ളി മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഡിവിഷനുകളിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് UA നമ്പർ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഡിവിഷൻ/ കെട്ടിട നം. | വാർഷിക വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1. | 42/359 | 403.20 X20 X3 = 24192 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 2 | 42/954 | 260 X120 X 3= 93600 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 3 | 40/2142 E | 54.84 X 120 X 3= 19742 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 4 | 40/2142 E1 | 73.31 X 60+ 20% X 3= 15837 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 5 | 40/2142 E2 | 73.30 X60+ 20% X 3= 15833 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 6 | 40/2142 E3 | 73.30 X60+ 20% X 3= 15833 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 7 | 40/2142 E4 | 73.30 X60+ 20% X 3= 15833 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 8 | 40/2142 E5 | 73.30 X60+ 20% X 3= 15833 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 9 | 40/2142 E6 | 111.74 X60+ 20% X 3= 24135 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 10 | 40/2142 E7 | 6.75 X 60+ 20% X 3= 1458 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 11 | 72/352 A3 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 12 | 72/352 A4 | 81.84 X 60 X3= 14731+LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 13 | 72/352 A5 | 81.84 X 60 X3= 14731+ LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 14 | 72/352 A 6 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 15 | 72/352 A 7 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 16 | 72/352 A 8 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 17 | 72/352 A 9 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 18 | 72/352 A 10 | 81.84 X 60 X3= 14731 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 19 | 70/2842 A1 | 93.56 X 60 X 3= 16841 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 20 | 70/1645 A | 64.3 X 120 + 20% X 3= 27780 | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 21 | 70/2721 | 277.01 X120– 25% + 20% X 3 = 94737+ LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 22 | 70/3152 A | 89.23 X 20 X 3= 5354 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 23 | 70/2623 | 89.23 X 20 X 3= 5354 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 24 | 70/957 | 160.32 X 20 X3=9619.2 +LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 25 | 33/833 | 312 X 120 – 25%+ 20% X 3 = 106704 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 26 | 35/95 A5 | 36.99 X20x 3= 2219 + LC | 2022-23 1-ാം അർദ്ധ വർഷം മുതൽ |
| 27 | 37/3990 A | (364.32x 120 -10% + 20%) = 144270 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 28 | 37/3990 A1 | 165 X 120 -10%+ 20% X 3 = 65340 + LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |
| 29 | 37/3990 A2 | 366.6 X 120– 10% + 20%x 3 = 145173+ LC | 2022-23 2-ാം അർദ്ധ വർഷം മുതൽ |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച

നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.4 /15.9.23 ന് നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിരിക്കുന്ന അതിൽ മേൽപ്പറഞ്ഞ പട്ടികയിലെ ക്രമ നം. 27 മുതൽ ക്രമ നം. 29 വരെയുള്ള അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

V മട്ടാഞ്ചേരി മേഖലാ കാര്യാലയം

1)മട്ടാഞ്ചേരി മേഖലയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സഞ്ചയ സോഫ്റ്റ്‌വെയറിലും ഫോം 6 ലും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

മട്ടാഞ്ചേരി മേഖലാ കാര്യാലയത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ / ഫോറം-6 പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 200ച.മീ.ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 120/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ/ കെട്ടിട നം. | ഫോം 6 ലെ രേഖപ്പെടുത്തലുകൾ | | | സഞ്ചയയിലെ രേഖപ്പെടുത്തലുകൾ | | |
|---|---|---|---|---|---|---|---|
| | | അടിസ്ഥാന വസ്തുനികുതി നിരക്ക് | ഇളവ് | വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി നിരക്ക് | ഇളവ് | വർദ്ധനവ് |
| 1 | 5/403 | 120 | 30% | - | 160 | 30% | |
| 2 | 11/3319 | 120 | | 20% | 90 | | 20% |
| 3 | 8/2710 A | 120 | | 20+ 15 =35% | 160 | - | 20+ 15 =35% |
| 4 | 8/2713 | 120 | | 20% | 90 | | 20% |

ഇത്തരത്തിൽ സഞ്ചയയിലും ഫോം 6 ലും വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ വരാനിടയായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/17.08.23ന് നൽകിയ മറുപടിയിൽ മേൽ സൂചിപ്പിച്ച പ്രകാരം കുറവ് വന്നിട്ടുള്ള തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ മേൽ കെട്ടിടങ്ങൾ വസ്തുനികുതി ഏത് നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത് എന്നുള്ളതും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)200 ച.മീ. കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയർ/ ഫോം 6 പ്രകാരം കുറവായി നിർണ്ണയിച്ചിരിക്കുന്നു

കൊച്ചി നഗരസഭാ കൗൺസിലിന്റെ 98/14.06.2013 തീരുമാനപ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 200 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 160/-രൂപ നിരക്കിൽ ആണ് അന്തിമ വിജ്ഞാപനം പ്രകാരം വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. മട്ടാഞ്ചേരി മേഖലാ കാര്യാലയത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ/ ഫോറം-6 പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 200ച.മീ.ൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 120/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി@ 120/- രൂപ ഈടാക്കിയത് | ഇളവ്/ വർദ്ധനവ് ശേഷമുള്ള നികുതി | ആകെ നികുതി ഈടാക്കിയത് (ലൈബ്രറി സെസ്സ് ഉൾപ്പടെ) | അടിസ്ഥാന നികുതി @ 160/- രൂപ ഈടാക്കേണ്ടത് | ഇളവ്/ വർദ്ധനവ് ശേഷമുള്ള നികുതി | ആകെ നികുതി ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | 5/403 | അറാഫത്ത് .എൻ | 217.37 ച.മീ | 26084/- | 18259/- 30% ഇളവ് | 18259 + 5% (LC) = 19172/- | 34779 | 24345 | 24345 + 5% (LC) = 25562 | വസ്തു നികുതി =6086 ലൈബ്ര. സെസ്സ് =304 ആകെ =6390 |
| 2 | 5/634 | എൻ.ബി. മജ്ന | 225 | 27000 | 29160 10% ഇളവ് 20% വർദ്ധന | 29700 +1485 5% LC =31185 | 36000 | 39600 | 39600 + 1980 (LC 5%) =41580 | വസ്തു നികുതി =9900 ലൈബ്ര. സെസ്സ് =495 ആകെ =10395 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/17.8.23ന് മറുപടിയിൽ മേൽ സൂചിപ്പിച്ച പ്രകാരം കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3) HHA ടാങ്ക് ടെർമിനൽസ് പ്രൈവറ്റ് ലിമിറ്റഡ്- അനധികൃത നിർമ്മാണം - ഫയൽ നം.WZR4/3135/2017

ഫയൽ നം. WZR4/3135/17 പരിശോധിച്ചതിൽ വെല്ലിംഗ്ടൺ ദ്വീപിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് വക ഭൂമി ലീസിനെടുത്ത് M/s HHA Tank Terminals എന്ന സ്ഥാപനം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളും സ്റ്റോറേജ് ടാങ്കുകളും ക്രമവത്ക്കരിച്ചിട്ടില്ലാത്തതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുശാസിക്കും

പ്രകാരം നികുതി ചുമത്തുന്നതിനായി UA രജിസ്റ്റർ പേജ് നം. 56,57 -ൽ 24/UA-1869A1 To A29 ആയി 113m$^2$ X 29 എണ്ണം സ്റ്റോറേജ് ടാങ്കുകൾക്ക് 01.04.2000 മുതൽ അർദ്ധ വാർഷിക നികുതിയായി 18225/- രൂപ നിർണ്ണയിച്ചതായി കാണുന്നു. 25.07.2017-ലെ റവന്യൂ ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിൽ HHA ടാങ്ക് ടെർമിനൽസിന്റെ ഉടമസ്ഥതയിലുള്ള ലിക്വിഡ് സ്റ്റോറേജ് ടാങ്ക്സ്, കെട്ടിടങ്ങൾ എന്നിവ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി ചുമത്തിയതെന്നും എന്നാൽ ടി കെട്ടിടങ്ങൾ, ടാങ്കുകൾ എന്നിവ നാളിതുവരെ ക്രമവത്ക്കരിച്ചിട്ടില്ലായെന്നും ഇതിനു ശേഷം നിർമ്മിച്ചിട്ടുള്ള ലിക്വിഡ് സ്റ്റോറേജ് ടാങ്കുകൾ 14 എണ്ണം കൂടി നിർമ്മാണം നടത്തി ഉപയോഗിക്കുന്നുണ്ടെന്നും ആയതിനാൽ പുതുതായി നിർമ്മിച്ചിട്ടുള്ള ടാങ്കുകൾ, കെട്ടിടങ്ങൾ എന്നിവ അധികൃതമാണോ എന്നും അല്ലായെങ്കിൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കണമെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. U/A രജിസ്റ്ററിൽ 29 സ്റ്റോറേജ് ടാങ്കുകൾക്കാണ് അനധികൃത നിർമ്മാണത്തിന് ബാധകമായ നിരക്കിൽ നികുതി ചുമത്തിയതായി കാണുന്നത്. റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുകയോ അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കെട്ടിടം പൊളിച്ചുകളയുന്നതു വരെയോ സെക്ഷൻ 242- പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് കോർപ്പറേഷൻ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ് എന്ന് 2021-22 ഓഡിറ്റ്റിപ്പോർട്ടിലെ ഖണ്ഡിക 1-17 ൽ പരാമർശിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി ടി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 29 നിർമ്മാണങ്ങൾക്കും സ്റ്റോറേജ് ടാങ്കുകൾക്കും(113 ച.മീ) കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 242 പ്രകാരം 24/UA/1869 A1 മുതൽ 24/UA/1869 A29 വരെ നമ്പറുകളിലായി 18,225/- രൂപ അർദ്ധവാർഷിക നികുതി ചുമത്തിയിട്ടുള്ളതും ടി തുക സ്ഥാപനം നാളിതുവരെ ഒടുക്കി വരുന്നതുമാണ്. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുറമെ 14 അനധികൃത സ്റ്റോറേജ് ടാങ്കുകൾ കൂടി അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത നിർമ്മാണം പൊളിച്ചു നീക്കുകയോ ക്രമവത്ക്കരണം നടത്തുകയോ ചെയ്യണമെന്ന് സ്ഥാപനത്തിന് നഗരസഭ അറിയിപ്പ് നല്കിയിരുന്നതാണ്. 14 സ്റ്റോറേജ് ടാങ്കുകളിൽ ഓരോന്നും 200.96 ച.മീ വിസ്തീർണ്ണമുള്ളതാണ്. ടി സ്ഥാപനം നാളിതുവരെ മേൽ സൂചിപ്പിച്ച അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ചിട്ടില്ലാത്തതിനാൽ 14 സ്റ്റോറേജ് ടാങ്കുകൾക്ക് വസ്തുനികുതി

120/-രൂപ നിരക്കിൽ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ടി കെട്ടിട നികുതി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയിട്ടില്ല.

1-13 തൊഴിൽ നികുതി ഓൺലൈനായി ലഭ്യമാകുന്ന പണം തത്സമയം ഓൺഫണ്ട് അക്കൗണ്ടിൽ എത്തിച്ചേരുന്നില്ല.

കൊച്ചി നഗരസഭയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകളും, വിശദാംശങ്ങളും പരിശോധിച്ചതിൽ, രജിസ്റ്ററുകളിൽ പണം അടവാക്കിയ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തുന്നില്ല. നിലവിൽ നഗരസഭയിലെ തൊഴിൽ നികുതി ഐഐടിഎംകെ എന്ന സൈറ്റിലൂടെ ഓൺലൈനായി അടവാക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്, പണം അടയ്ക്കുന്നവർക്ക് ഓൺലൈനിൽ തന്നെ രസീതും നൽകി വരുന്നുണ്ട്. എന്നാൽ ഇങ്ങനെ അടവാക്കുന്ന പണം കോർപ്പറേഷന്റെ ഓൺഫണ്ട് അക്കൗണ്ടിലോ, മറ്റ് അക്കൗണ്ടുകളിലോ തത്സമയം എത്തുന്നില്ല. ഐഐടിഎംകെ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലാണ് ഈ പണം എത്തിച്ചേരുന്നത്. പിന്നീട് ഐഐടിഎംകെ ഈ പണം കോർപ്പറേഷന് കൈമാറുകയാണ് ചെയ്യുന്നത്. ഈ സൈറ്റിൽ കയറി പരിശോധിക്കുമ്പോൾ സ്ഥാപനത്തിന്റെ പേരും, സ്ഥാപനമേധാവിയുടെ പേരും, അടച്ച തുകയുടെ വിവരവും മാത്രമാണ് ലഭിക്കുക. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെ ശമ്പള വിവരങ്ങളും, അവർ അടയ്ക്കേണ്ട തുകയുടെ വിവരങ്ങളും സൈറ്റിൽ ലഭ്യമല്ല. അതു കൊണ്ട് തന്നെ ആയത് പരിശോധിക്കുന്നതിനുള്ള അവസരവും ലഭ്യമാകുന്നില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 43 / 28-10-2023 നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയതിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ തൊഴിൽ നികുതി ഐഐടിഎംകെ എന്ന സൈറ്റിലൂടെ ഓൺലൈനായി അടവാക്കാനുള്ള സൗകര്യം ലഭ്യമാണെന്നും, ഇപ്രകാരം അടവാക്കിയ തുക തൊഴിൽ നികുതി പേമെന്റ് ഗേറ്റ് വേ യിലൂടെ ഐഐടിഎംകെ കൊച്ചി നഗരസഭയുടെ ഓൺഫണ്ട് അക്കൗണ്ടിലേയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഐഐടിഎംകെ എന്ന സൈറ്റിലൂടെ തൊഴിൽ നികുതി അടവാക്കുന്ന ജീവനക്കാരുടെ മുഴുവൻ വിശദാംശങ്ങളും ലഭ്യമാകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പണം അന്നുതന്നെ കൈമാറുന്നുണ്ടോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പണം കൈമാറുന്നതിൽ കാലതാമസം സംഭവിക്കുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

വൈറ്റില മേഖല

കൊച്ചി നഗരസഭയുടെ വൈറ്റില മേഖല കാര്യാലയത്തിന് കീഴിലെ 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 57, 63 ഡിവിഷനുകളിലെ 2022-23-ലെ തൊഴിൽ നികുതി വരവ് പരിശോധിക്കുന്നതിന് ഡിമാന്റ് രജിസ്റ്ററും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും, ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകൾ എന്നിവ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്ററുകളും തൊഴിൽ നികുതി ദായകരുടെ ലിസ്റ്റുമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. എംപ്ലോയീസ് ഡിമാന്റ് രജിസ്റ്റർ 2022-23-ലെ ഒന്നാം അർദ്ധവർഷത്തെ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. രണ്ടാം അർദ്ധവർഷത്തെ എംപ്ലോയീസ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയോ സ്ഥാപനങ്ങൾ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ പേരിന്റേയും, വരുമാനത്തിന്റെയും വിവരങ്ങളടങ്ങിയ അർദ്ധവാർഷിക വരുമാന പത്രികയും ഏതാനും സ്ഥാപനങ്ങളുടെ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

2022-23 വർഷത്തെ വൈറ്റില മേഖലാ കാര്യാലയത്തിലെ എംപ്ലോയീസ്/ട്രേഡേഴ്സ് ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കിയത് യഥാസമയം ഡിമാൻഡ് രജിസ്റ്ററിൽ ചേർക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 257, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവയിൽ ഡിമാൻഡ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. ഒരു വ്യക്തിയിൽ/സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി സ്വീകരിച്ച് കഴിഞ്ഞാലുടൻ ഈടാക്കിയ തുകയുടെ വിശദ വിവരങ്ങൾ അതായത് വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്, ഡിമാൻഡ് തുക, അടവാക്കിയ തുക, രസീത് നമ്പർ, അടവാക്കിയ തീയതി എന്നിവ സഹിതം ഡിമാൻഡ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഡിമാൻഡ് രജിസ്റ്ററിൽ തൊഴിൽ നികുതി രേഖപ്പെടുത്തുന്നത് ഒന്നാം അർദ്ധവർഷത്തെ വരുമാനം, രണ്ടാം അർദ്ധവർഷത്തെ വരുമാനം എന്നിവ പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. സാംഖ്യ രസീത് വഴിയുള്ള തൊഴിൽ നികുതി അടവാക്കലായാലും മാന്വൽ രസീതു വഴിയുള്ള അടവാക്കലായാലും രസീത് നമ്പർ, തുക, അടവാക്കിയ തീയതി എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. ചെക്ക് മുഖേനയുള്ള അടവാക്കലിന് ചെക്ക് നമ്പറും പണം ബാങ്കിൽ എത്തിയതിനു ശേഷം നൽകുന്ന ഒറിജിനൽ രസീത് നമ്പറും രേഖപ്പെടുത്തണം. ഓൺലൈൻ പണമടവാണെങ്കിൽ UTR നമ്പർ രേഖപ്പെടുത്തണം. എന്നാൽ ഓഡിറ്റ് വേളയിൽ ഡിമാൻഡ് രജിസ്റ്ററിൽ ഭൂരിഭാഗം പേജുകളും അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല.

വൈറ്റില മേഖല ട്രേഡേഴ്സ് ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും, നികുതി

അടച്ച സ്ഥാപനങ്ങളുടെ എണ്ണവും താഴെ പട്ടികയായി ചേർക്കുന്നു.

1)തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ - ട്രേഡേഴ്സ്.

| ക്രമ നം | ഡിവിഷൻ | ഡിമാൻഡ് രജിസ്റ്റർ പ്രകാരം ആകെ സ്ഥാപനങ്ങൾ | നികുതി അടച്ച സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 45 | 354 | 218 |
| 2 | 46 | 499 | 260 |
| 3 | 47 | 177 | 105 |
| 4 | 48 | 320 | 168 |
| 5 | 49 | 252 | 172 |
| 6 | 50 | 196 | 120 |
| 7 | 51 | 264 | 162 |
| 8 | 52 | 427 | 195 |
| 9 | 53 | 384 | 271 |
| 10 | 54 | 277 | 215 |
| 11 | 55 | 554 | 334 |
| 12 | 57 | 272 | 128 |
| 13 | 63 | 645 | 384 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 257 പ്രകാരം സൂക്ഷിക്കേണ്ട ഡിമാൻറ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ കുടിശ്ശിക പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്ററുകളിൽ ഏതാനും വ്യക്തികളുടെ പേരിന നേർക്ക് മാത്രമാണ് നികുതി ഒടുക്കിയ തുകയും രശീത് നമ്പറും ചേർത്തിട്ടുള്ളത്. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാലും തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മാത്രമല്ല, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്മെന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 253, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി

ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് നൽകി, ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് 253(3) പ്രകാരം വിവരങ്ങൾ കൈപ്പറ്റിയാലുടൻ സെക്രട്ടറി ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ വളരെയധികം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കാൻ ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നോ എന്നത് വ്യക്തമല്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വർഷം തിരിച്ചുള്ള കുടിശ്ശിക തിട്ടപ്പെടുത്തേണ്ടതാണ്.

IIപള്ളുരുത്തി

1)തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിൽ കെടുകാര്യസ്ഥത

പള്ളുരുത്തി മേഖലാ കാര്യാലയത്തിന്റെ 2022-2023 വർഷത്തെ തൊഴിൽ നികുതി പിരിവ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 257, 2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം, രസീത് നമ്പർ, തീയതി എന്നിവ യഥാസമയം രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. കൂടാതെ സാമ്പത്തിക വർഷം അവസാനിച്ചിട്ടും രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ, രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മേലുദ്യോഗസ്ഥർ ആരും പരിശോധിക്കുകയോ, സംക്ഷിപ്തം എഴുതി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി പിരിവിന്റെ പുരോഗതി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്. നിർണ്ണാകയമായിട്ടുള്ള ഡിമാന്റ് രജിസ്റ്റർ യഥാവിധി സൂക്ഷിക്കാതിരിക്കുന്നത് ഭൂഷണമല്ല. ഇക്കാര്യത്തിലേക്ക്

അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2)സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടു ത്തിയിട്ടില്ല

2022-2023 വർഷത്തിലെ ജീവനക്കാരുടെ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കേണ്ട സർക്കാർ സ്ഥാപനങ്ങളിൽ ചില സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 258 പ്രകാരം സർക്കാർ ജീവനക്കാരുടെ തൊഴിൽ നികുതി, അതാത് കാര്യാലയ മേധാവി ഈടാക്കി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ അടവാക്കിയ സാക്ഷ്യപത്രം ഓരോ അർദ്ധവർഷത്തിലും ട്രഷറിയിൽ ഹാജരാക്കുകയോ അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കിയെന്ന് സ്പാർക്ക് മുഖേന സ്ഥിരീകരിച്ചെങ്കിൽ മാത്രമേ ശമ്പളം മാറി നൽകാൻ ട്രഷറികൾക്ക് കഴിയുകയുള്ളൂ. മേൽ വിഷയവുമായി ബന്ധപ്പെട്ട് സെക്ഷനോട് വിശദീകരണം ആരാഞ്ഞതിൽ സർക്കാർ സ്ഥാപനങ്ങൾ ഓൺലൈനായോ ചെക്കു മുഖേനയോ കോർപ്പറേഷനിലേക്ക് നേരിട്ട് ആയിരിക്കാം നികുതി ഒടുക്കുന്നത് എന്നും മേൽ വിവരം സ്ഥാപനങ്ങൾ മേഖലാ കാര്യാലയത്തിൽ അറിയിക്കാത്തതിനാലാണ് പെൻഡിംഗ് ആയി കിടക്കുന്നത് എന്ന മറുപടിയുമാണ് ലഭിച്ചത്. ഉദാഹരണമായി 19-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, കെ.എസ്.എഫ്.ഇ പള്ളുരുത്തി, 21-ാം വാർഡിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസർ, രാമേശ്വരം, ബ്ലോക്ക് പഞ്ചായത്ത്, പള്ളുരുത്തി എന്നീ കാര്യാലയങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ലഭിച്ചതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 19.08.2023 തീയതിയായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/2022-2023- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെക്കുമുഖേനയോ ഓൺലൈൻ ട്രാൻസ്ഫർ മുഖേനയോ തൊഴിൽ നികുതി പ്രസ്തുത സ്ഥാപനങ്ങൾ നഗരസഭയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മേഖലാ ഓഫീസിൽ സൂക്ഷിക്കുന്നതിനും ആയത് ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)തൊഴിൽ നികുതി അടവാക്കിയതായി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിലും അലംഭാവം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1) മുതൽ (11), ചട്ടം 4 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിച്ച വരുന്ന സ്ഥാപനങ്ങളുടെ അസസ്മെന്റ് നടത്തി ഡിമാൻഡ് നോട്ടീസ് നൽകുന്നതിനും നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം ഡിമാൻഡ് തുക പിരിച്ചെടുക്കാനും നഗരസഭ ബാദ്ധ്യസ്ഥമാണ്. സർക്കാർ സ്ഥാപനങ്ങളിൽ ശമ്പളത്തിനോ വേതനത്തിനോ നിയമിക്കപ്പെടുകയോ തൊഴിലെടുത്തു വരികയോ ചെയ്യുന്ന ജീവനക്കാരുടെ റിട്ടേണുകൾ പരിശോധിച്ച് പ്രതിമാസ അടിസ്ഥാന ശമ്പളം, പ്രതിമാസ ഡി.എ, അർദ്ധവാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. പുതിയ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 60 ദിവസം കഴിഞ്ഞിട്ടുണ്ടെങ്കിൽ അവരുടെ തൊഴിൽ നികുതി റിട്ടേണുകളിൽ പ്രസ്തുത ജീവനക്കാരന്റെ ബേസിക് പേ, ഡി.എ, ജോലി ചെയ്ത കാലാവധി എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്. മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി അസസ്മെന്റ് നടത്തുന്നതിലും ഡിമാൻഡ് നോട്ടീസ് കൊടുക്കുന്നതിലും അസസ് ചെയ്ത ഡിമാൻഡ് പിരിച്ചെടുക്കുന്നതിലും പിരിച്ചെടുത്ത തുക ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കുന്നതിലും സ്ഥാപനങ്ങൾ നല്കുന്ന റിട്ടേണുകൾ സൂക്ഷിക്കുന്നതിലും തികഞ്ഞ അലംഭാവം പ്രകടമാണ്.

(I) വിവിധ സ്ഥാപന മേധാവികൾ ജീവനക്കാരെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 12 | The Manager Union Bank, Thoppumpady |
| 2 | 12 | Geo Sea Food |
| 3 | 13 | Auxilium English Medium School |
| 4 | 13 | Avanoor Gold And Diamonds |
| 8 | 14 | Dhanalakshmi Bank , Pallurythy |
| 6 | 14 | Choise Trading Corporation Pvt Ltd |
| 7 | 15 | Siena College Of Professional Studies |
| 8 | 15 | Avila College Of Education |
| 9 | 16 | Monsun Foods Pvt Ltd |
| 10 | 16 | A S Marine Industries |
| 11 | 18 | Fathima Hospital |
| 12 | 18 | Thaluk Industries Office |
| 13 | 19 | KSFE Palluruthy |
| 15 | 20 | SBI Palluruthy |
| 15 | 20 | Fedaral Bank, Palluruthy |
| 16 | 20 | Village Officer Rameshwaram |
| 17 | 21 | Block Panchayath Palluruthy |

(ii) ഡിമാന്റ് രജിസ്റ്റർ പ്രകാരം നികുതി ലഭ്യമായതായി രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ സമർപ്പിച്ച ഫോറം നം. Iv പ്രകാരമുള്ള ജീവനക്കാരുടെ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡിവിഷൻ | ഡിമാൻഡ് രജിസ്റ്റർ പ്രകാരം ആകെ സ്ഥാപനങ്ങൾ | നികുതി അടച്ച സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 45 | 354 | 218 |
| 2 | 46 | 499 | 260 |
| 3 | 47 | 177 | 105 |
| 4 | 48 | 320 | 168 |
| 5 | 49 | 252 | 172 |
| 6 | 50 | 196 | 120 |
| 7 | 51 | 264 | 162 |
| 8 | 52 | 427 | 195 |
| 9 | 53 | 384 | 271 |
| 10 | 54 | 277 | 215 |
| 11 | 55 | 554 | 334 |
| 12 | 57 | 272 | 128 |
| 13 | 63 | 645 | 384 |

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നികുതി നിർണ്ണയിക്കുന്നതിനും, പിരിച്ചെടുക്കുന്നതിനും, ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

4)ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല .

വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 257, 2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവ പ്രകാരം പള്ളുരുത്തി മേഖലാ കാര്യാലയത്തിന്റെ 2022-2023 വർഷത്തെ തൊഴിൽ നികുതി പിരിവ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം, രസീത് നമ്പർ, തീയതി എന്നിവ യഥാസമയം രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. കൂടാതെ സാമ്പത്തിക വർഷം അവസാനിച്ചിട്ടും രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ, രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മേലുദ്യോഗസ്ഥർ ആരും പരിശോധിക്കുകയോ, സംക്ഷിപ്തം എഴുതി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ

ചെയ്തിട്ടില്ല. തൊഴിൽ നികുതി പിരിവിന്റെ പുരോഗതി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്. നിർണ്ണായകമായിട്ടുള്ള ഡിമാന്റ് രജിസ്റ്റർ യഥാവിധി സൂക്ഷിക്കാതിരിക്കുന്നത് ഭൂഷണമല്ല. ഇക്കാര്യത്തിലേക്ക് അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഡോർ നം. | പേര് | ഡിമാന്റ് തുക (അർദ്ധ വാർഷികം) |
|---|---|---|---|---|
| 1 | 14 | 2639D | N.K Haneef | 1000 |
| 2 | 14 | 2642E | Shijas 4G Gents Wear | 300 |
| 3 | 14 | 2655A UA | A K Santhosh, Petrol Pump | 1250 |
| 4 | 14 | 2707 | St. Dominic Play School | 1250 |
| 5 | 15 | 1933 C | Mercil Justin, J K Hardware | 1000 |
| 6 | 15 | 1784E | Smitha Ajeesh, Chappathi | 450 |

ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിൽ അന്വേഷിച്ചപ്പോൾ പള്ളുരുത്തി മേഖല കാര്യാലയത്തിൽ നിലവിൽ രണ്ട് ബിൽ കളക്ടർമാർ മാത്രമേ ഉള്ളുവെന്നും ജോലിത്തിരക്ക് കാരണമാണ് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കാതിരുന്നതെന്നും, മുൻവർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമാണ് ഡിമാന്റ് രജിസ്റ്റർ എഴുതിയതെന്നുമാണ് അറിയിച്ചത്. ഇത് ശരിയായ നടപടിയല്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുണ്ട്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും അതിനനുസരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

5)കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2022-2023 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഒട്ടേറെ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കാൻ ബാക്കി നിൽക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം, ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം എന്നിവ പട്ടികയായി ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഒടുക്കുവാൻ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം

| ക്രമ നം. | വാർഡ് നം. | ആകെ സ്ഥാപനങ്ങളുടെ എണ്ണം | നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 12 | 238 | 101 |
| 2 | 13 | 202 | 86 |

| | | | |
|---|---|---|---|
| 3 | 14 | 206 | 90 |
| 4 | 15 | 135 | 75 |
| 5 | 16 | 115 | 38 |
| 6 | 17 | 176 | 135 |
| 7 | 18 | 123 | 47 |
| 8 | 19 | 188 | 145 |
| 9 | 20 | 181 | 151 |
| 10 | 21 | 151 | 90 |
| | | 1715 | 958 |

ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം

| ക്രമ നം. | വാർഡ് നം. | ആകെ സ്ഥാപനങ്ങളുടെ എണ്ണം | നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 13 | 30 | 15 |
| 2 | 13 | 13 | 6 |
| 3 | 14 | 14 | 5 |
| 4 | 15 | 15 | 4 |
| 5 | 16 | 30 | 18 |
| 6 | 17 | 5 | 1 |
| 7 | 18 | 3 | 1 |
| 8 | 19 | 11 | 3 |
| 9 | 20 | 15 | 9 |
| 10 | 21 | 24 | 5 |
| ആകെ | | 160 | 67 |

എന്നാൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചേർത്ത് കുടിശ്ശിക രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2022-2023 വർഷം ലഭിച്ച മുൻവർഷങ്ങളിലെ കുടിശ്ശിക സംബന്ധിച്ച വിവരം അതാത് വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തുന്നത് എന്നാണ് ചുമതലയുള്ള സെക്ഷൻ അറിയിച്ചിരിക്കുന്നത്. എന്നാൽ തൊഴിൽ നികുതിയിലുള്ള വരവുകൾ കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

6)തൊഴിൽ നികുതി പിരിവ് കൃത്യമായി നടത്തുന്നില്ല

1. 2022-2023 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ വളരെയധികം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഡോർ നം. | സ്ഥാപനത്തിന്റെ പേര് | നികുതി (I &II) |
|---|---|---|---|---|
| 1 | 12 | 126 | Quick Splash Car Wash | 1250(II) |
| 2 | 12 | 141A | Ujjivan Small Finance Bank | 2500 |
| 3 | 12 | 1688 | The Manager, Kerala Gramin Bank | 1250(II) |
| 4 | 12 | 357 | Devi Mdedicals | 2500 |
| 5 | 12 | 298(A) | Instakart Services Pvt Ltdket | 2500 |

| | | | | |
|---|---|---|---|---|
| 6 | 12 | 337C | Darshana Rao Chair Table | 2500 |
| 7 | 13 | 2396 | Reghu Nandhanan, Saiclinic | 2500 |
| 8 | 13 | 2398B | Sajeesh Shihab, Electrical Shop | 2500 |
| 9 | 13 | 2425(A) | Pratheesh C P,<br>New Dhanya Driving School | 2500 |
| 10 | 14 | 2639(D) | N.K Haneef, Travells | 2000 |
| 11 | 14 | 2633A6 | Ennar Finance | 2500 |
| 12 | 14 | 2647C | Dhanalakshmi Bank | 2500 |
| 13 | 15 | 1631B | Shabeer, Ice Plant | 2500 |
| 14 | 15 | 382A | Linson Lawrence Workshop | 2500 |
| 15 | 15 | 183 | Manappuram Finance Ltd | 2500 |
| 15 | 16 | 1707 | Jacobs Multy Gym | 2500 |
| 17 | 16 | 593 | Geena Dominic, AML Ice Plant | 2500 |
| 18 | 16 | 1071A | Ansal, Work Shop | 2500 |
| 19 | 17 | 1235C1 | Joseph Raphel, Computer Training | 2500 |
| 20 | 17 | 1252 | Dr. PP Sujatha, Shilpa Clinic | 2500 |
| 21 | 17 | 984A5 | General Managger, MMC Bank | 2500 |
| 22 | 18 | 3046C | Simon Dcruze, Furniture | 2500 |
| 23 | 18 | 2475G1 | Roshni Jacob, Textiles | 2500 |
| 24 | 18 | 1835B | Dr. Mathew Jacob, Homoeopathy Clinic | 2500 |
| 25 | 19 | 854D | Riyas R S, Two Wheeler Work Shop | 2500 |
| 26 | 19 | 865D | Muthoot Fin Corp | 2500 |
| 27 | 19 | 1044 | Greens Lifecare | 2500 |
| 28 | 20 | 3D | SBI Palluruthy | 2500 |
| 29 | 20 | 3(1) | Dr. Sajith, Dentist | 2500 |
| 30 | 20 | 162 | Crown Dental Care | 2500 |
| 31 | 21 | 29A | Remakanth, Hardware Shop | 2500 |
| 32 | 21 | 203 | Sajeesh,Safe Gas | 2500 |
| 33 | 21 | 412 | Geo VPL Finance | 2500 |
| | | | Total | 80,000/- |

മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ നിന്നു തന്നെ ആകെ 80,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

2. ഒട്ടേറെ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

ഏതാനും ഉദാഹരണം പട്ടികയായി ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|---|
| 1 | 12 | Partner, Sajimon Transport Palluruthy | I & II |
| 2 | 12 | Circle Inspector Of Police, Palluruthy | I & II |
| 3 | 13 | Manager HDFC Bank | I & II |
| 4 | 13 | Manager, Triveny Supermarket | I & II |
| 5 | 14 | Our Lady Hospital | I & II |
| 6 | 14 | S N Infotech Computer Education, Palluruthy | I & II |
| 7 | 15 | KSEB , Edakochi | I & II |
| 8 | 15 | Principal, Avila College | I & II |
| 9 | 16 | M D Roshan Food (P) Ltd | I & II |
| 10 | 16 | Elezhath George Boatyard | I & II |
| | | | |

| | | | |
|---|---|---|---|
| 11 | 17 | Geo Financial Source | I & II |
| 12 | 18 | Headmistress, Govt LPS Konam | I & II |
| 13 | 19 | Secretary, PMSC Bank | I & II |
| 14 | 19 | KSFE Kumbalangy Vazhi | I & II |
| 15 | 20 | The Manager Federal Bank | I & II |
| 16 | 20 | Joseph Kurian Managing Director, Delsy Exports | I & II |
| 17 | 21 | Treasury Officer, Sub Treasury, Palluruthy | I & II |
| 18 | 21 | St Aloshious ICS School | I & II |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19.08.2023 തീയതിയായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/2022-2023- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതേ വിഷയം സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ തുടർ നടപടികൾ എടുക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. നഗരസഭയുടെ തൊഴിൽ നികുതിയിലൂടെ ലഭിക്കുന്ന വരുമാനം ഉയർത്തുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, യഥാസമയം ഡിമാന്റ് ചെയ്യേണ്ടതും, തൊഴിൽ നികുതി പിരിവ് കൃത്യമായി രേഖപ്പെടുത്തേണ്ടതും, പിരിക്കാൻ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും, മേൽ നടപടികൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തേണ്ടതുമാണ്.

III പച്ചാളം മേഖലാ കാര്യാലയം

പച്ചാളം മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ജീവനക്കാരന്റെ പേര് | വരുമാനം | അടവാക്കേണ്ട തുക | അടച്ച തുക | രസീത് നമ്പർ/ തിയതി | കുറവ് |
|---|---|---|---|---|---|---|
| I | ചിൻമയ വിദ്യാലയം, എറണാകുളം<br>രണ്ടാം അർദ്ധ വർഷം | | | | | |
| 1 | ലനാ രാജു (ആയ) | 1,41,300 | 1250 | 1000 | 0795/10.03.23 | 250 |
| 2 | മഞ്ജുഷ (ആയ) | 1,41,300 | 1250 | 1000 | 0795/10.03.23 | 250 |

| | | | | | | |
|---|---|---|---|---|---|---|
| II | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 3 എഫ്പിഎസ് (രണ്ടാം അർദ്ധ വർഷം) | | | | | |
| 3 | മരിയദാസ് സാംദാസ് എഫ്ഡിഎസ് ഓപ്പറേറ്റർ | 165426 | 1250 | 1000 | 0645/10.04.2023 | 250 |
| 4 | അഹമദ് മാനേജർ ഒ&എം | 270042 | 1250 | 1000 | 0645/10.04.2023 | 250 |
| III | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 1 ഫയർ ഫൈറ്റിംഗ് (രണ്ടാം അർദ്ധ വർഷം) | | | | | |
| 5 | വിഷ്ണു രാജ്(എഫ്/റ്റി) | 130818 | 1250 | 1000 | 0645/18.04.23 | 250 |
| 6 | സുരേഷ്(എഫ്/റ്റി) | 168918 | 1250 | 1000 | 0645/18.04.23 | 250 |
| 7 | ശ്യാം(എഫ്/റ്റി) | 136818 | 1250 | 1000 | 0645/18.04.23 | 250 |
| 8 | പ്രവീൺ കുമാർ(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 9 | മുഹമ്മദ് കാസിം | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 10 | ഗോഡ്‌വിൻ, മാനേജർ | 183084 | 1250 | 1000 | 0645/18.04.23 | 250 |
| 11 | എമിൽ(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 12 | ഡെന്നി(എഫ്/റ്റി) | 139818 | 1250 | 1000 | 0645/18.04.23 | 250 |
| 13 | ബിജു(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 14 | അനീഷ്(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| IV | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 1 HVAC (രണ്ടാം അർദ്ധ വർഷം) | | | | | |
| 15 | സുവർണ്ണകുമാർ സൂപ്പർവൈസർ | 210000 | 1250 | 1000 | 0645/18.4.23 | 250 |
| 16 | മനു കെ. ആനന്ദ് ബിഎംഎസ് ഓപ്പറേറ്റർ | 150000 | 1250 | 1000 | 0645/18.4.23 | 250 |
| 17 | അഭിജിത്ത് കൃഷ്ണൻ എസ്. എഞ്ചിനീയർ | 150000 | 1250 | 1000 | 0645/18.4.23 | 250 |
| V | കൊച്ചി മെട്രോ റയിൽ ലി.മി. (രണ്ടാം അർദ്ധ വർഷം) | | | | | |
| 18 | സാം വി. റോയി, ടെക്നീഷ്യൻ | 125004 | 1250 | 1000 | 0645/18.4.23 | 250 |
| 19 | സജി പോൾ, ടെക്നീഷ്യൻ | 146784 | 1250 | 1000 | 0645/18.4.23 | 250 |
| 20 | രാജേഷ് എ., ടെക്നീഷ്യൻ | 134274 | 1250 | 1000 | 0645/18.4.23 | 250 |
| 21 | രാഹുൽ പി.കെ., ടെക്നീഷ്യൻ | 132000 | 1250 | 1000 | 0645/18.4.23 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 22 | നിതിൻ കെ.വി., ടെക്നീഷ്യൻ | 125961 | 1250 | 1000 | 0645/18.4.23 | 250 |
| 23 | അഭിലാഷ് സി.കെ., ടെക്നീഷ്യൻ | 131004 | 1250 | 1000 | 0645/18.4.23 | 250 |
| VII | ഇൻഫോ പാർക്ക്, കൊച്ചി (രണ്ടാം അർദ്ധ വർഷം) | | | | | |
| 24 | അഖിൽ പി. ബൈജു, ടെക്നീഷ്യൻ | 136740 | 1250 | 1000 | 0645/18.4.23 | 250 |
| 25 | ജിൻസ്, ടെക്നീഷ്യൻ | 128576 | 1250 | 1000 | 0645/18.4.23 | 250 |
| 26 | വിജയൻ, ടെക്നീഷ്യൻ | 267000 | 1250 | 1000 | 0645/18.4.23 | 250 |
| 27 | വിന്ദ എൽദോസ്, ടെക്നീഷ്യൻ | 163184 | 1250 | 1000 | 0645/18.4.23 | 250 |
| 28 | വിഷ്ണു, ടെക്നീഷ്യൻ | 133800 | 1250 | 1000 | 0645/18.4.23 | 250 |
| | ടിസിഎസ്, കൊച്ചി (രണ്ടാം അർദ്ധ വർഷം) | | | | | |
| 29 | ഓമൽ കെ.വി.,സൂപ്പർവൈസർ | 152034 | 1250 | 1000 | 0645/18.4.23 | 250 |
| 30 | മഹേഷ് റ്റി.ആർ, സൂപ്പർവൈസർ | 163086 | 1250 | 1000 | 0645/18.4.23 | 250 |
| 31 | കൃഷ്ണകുമാർ വി.എസ്., സൂപ്പർവൈസർ | 158702 | 1250 | 1000 | 0645/18.4.23 | 250 |
| 32 | അലോഷ്യസ് ആന്റണി, സൂപ്പർവൈസർ | 141240 | 1250 | 1000 | 0645/18.4.23 | 250 |
| | ആകെ തുക | | | | | 8000 |

മേൽ സൂചന കത്തിൽ ചിന്മയ വിദ്യാലയമൊഴികെയുള്ള സ്ഥാപനങ്ങളുടെ നികുതി തുകയ്ക്ക് തൊട്ടടുത്ത സാമ്പത്തിക വർഷത്തിലാണ് രസീത് നൽകിയിട്ടുള്ളതെന്ന് കാണുന്നു. 2022-23 വർഷം ലഭിക്കേണ്ട നികുതിത്തുക അതേ വർഷത്തെ കണക്കിൽ വരവുവെയ്ക്കപ്പെട്ടിട്ടുണ്ടോ എന്ന് നിർണ്ണയിക്കാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 01/05.09.2023ന് നൽകിയ മറുപടിയിൽ, തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-14 ചെക്ക് കൗണ്ടറിലെ കമ്പ്യൂട്ടർ രസീതുകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നഗരസഭയുടെ നികുതി-നികുതിയേതര വരുമാനങ്ങളിൽ ചെക്ക് മുഖാന്തിരം വരുന്നവ

സ്വീകരിച്ച് വരവ് വെയ്ക്കുന്നതും ആയതിന് കമ്പ്യൂട്ടർ രസീത് നൽകുന്നതും ചെക്ക് കൗണ്ടറിൽ നിന്നാണ്. ഇങ്ങനെ നൽകുന്ന കമ്പ്യൂട്ടർ രസീതിന്റെ കൗണ്ടർഫോയിൽ ഓഡിറ്റിനായി ലഭ്യമാക്കുന്നു. എന്നാൽ 2022 സെപ്റ്റംബർ മുതൽ ചെക്ക് കൗണ്ടറിൽ നിന്നുള്ള കമ്പ്യൂട്ടർ രസീതുകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിരവധി തവണ കൗണ്ടറിൽ ആവശ്യപ്പെട്ടതനുസരിച്ച് 2023 ജൂലൈ മാസത്തിലാണ് മെയ് മാസം വരെയുള്ള രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കാൻ നൽകിയ 16.10.2023 ൽ നൽകിയ കെ.എസ്.എ-കെ.സി.സി (എസ്9)961/961/23 കത്തിന് 02.11.2023 ൽ ലഭ്യമാക്കിയ ISO/MOA3/3657/2023 നമ്പർ മറുപടി കത്തിൽ സെപ്റ്റംബർ മാസത്തിൽ അർദ്ധവാർഷിക ക്ലോസിങ് മൂലം ഉണ്ടായ തിരക്കും കൗണ്ടറിൽ ജോലി ചെയ്ത് പരിചയമില്ലാത്ത ആളുകൾ കൗണ്ടർ ഡ്യൂട്ടിയിലുണ്ടായിരുന്നതുമാണ് ഇപ്രകാരം സംഭവിക്കാൻ കാരണമായതെന്ന് വിശദമാക്കിയിട്ടുണ്ട്.

രസീതുകൾ യഥാസമയം ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ രസീത് പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഇത്തരം കാലതാമസം ഒഴിവാക്കേണ്ടതാണ്.

1-15 മാർക്കറ്റ് ഫീസ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം, നികുതിയേതര വരവിനത്തിലുൾപ്പെടുന്ന മാർക്കറ്റ് ഫീസിനത്തിലെ (140501000) മൊത്തവരുമാനം ₹1,61,200/- ആണ്. ചമ്പക്കര മാർക്കറ്റിന്റെ ഫയൽ (ഫയൽ നം.MOR4/012930/22). പരിശോധിച്ചതിൻ പ്രകാരം, ₹8,60,000/- മാർക്കറ്റ് ഫീസിനത്തിൽ വരവുള്ളതായി കാണുന്നു. അക്കൗണ്ട്സ് പ്രകാരമുള്ള മൊത്തം മാർക്കറ്റ് ഫീസ് തുകയും യഥാർത്ഥത്തിൽ ലഭിച്ച മാർക്കറ്റ് ഫീസ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു. ഈ വിധത്തിലുള്ള വ്യത്യാസത്തിന്റെ കാരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (നം. 60/10.11.23) മറുപടിയായി സെൻട്രൽ സോണിന്റെ പരിധിയിലുള്ള ചമ്പക്കര മാർക്കറ്റ്, ഫീസിനത്തിലുള്ള വരവ് ഓക്ഷൻ ഡെപ്പോസിറ്റ് എന്ന ഹെഡിലാണ് വരവ് വെച്ചിരിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി. മാർക്കറ്റ് ഫീസിനത്തിലുള്ള വരവ് മാർക്കറ്റ് ഫീസ് എന്ന ഹെഡിലാണ് വരവ് വെയ്ക്കേണ്ടത്.

കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ മാർക്കറ്റ് ഫീസ് ഈടാക്കുന്ന മാർക്കറ്റുകളുടെയും, ഈടാക്കാത്ത മാർക്കറ്റുകളുടെയും വിശദവിവരങ്ങളും ഫയലുകളും രേഖകളും പരിശോധനയ്ക്കായി

ലഭ്യമാക്കുവാൻ നൽകിയ എൻക്വയറിക്ക് (നം. 87/02.12.23), കൊച്ചി നഗരസഭ സെൻട്രൽ സോണിന്റെ പരിധിയിൽ വരുന്ന മാർക്കറ്റുകൾ എറണാകുളം മാർക്കറ്റ്, തേവര മാർക്കറ്റ്, ചമ്പക്കര മാർക്കറ്റ്, ഇടപ്പള്ളി മാർക്കറ്റ്, പച്ചാളം മാർക്കറ്റ്, വടുതല മാർക്കറ്റ് എന്നിവയാണെന്നും, ഇതിൽ എറണാകുളം മാർക്കറ്റ്, തേവര മാർക്കറ്റ്, ചമ്പക്കര മാർക്കറ്റ് എന്നിവയുടെ ടെണ്ടർ നടത്തിയതിൽ ചമ്പക്കര മാർക്കറ്റിന് മാത്രമാണ് ബിഡ് ലഭിച്ചതെന്നും മറ്റ് രണ്ട് മാർക്കറ്റുകൾക്കും ബിഡ് ലഭ്യമാകാതിരുന്നതിനാൽ അവയിൽ നിന്ന് ഫീസ് പിരിവ് നടത്താൻ ഈ സാമ്പത്തിക വർഷം കഴിഞ്ഞിട്ടില്ലെന്നും, വടുതല മാർക്കറ്റിൽ മത്സ്യകച്ചവടം ഇല്ലാത്തതിനാലും ഇടപ്പള്ളി മാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി വാടക നിശ്ചയിക്കുന്നതിനായി ഫയൽ ധനകാര്യകമ്മിറ്റിയുടെ പരിഗണനയിലായതിനാലും ഇവയിൽ നിന്ന് മാർക്കറ്റ് ഫീസ് ഈടാക്കിവരുന്നില്ലായെന്നും, പച്ചാളം മാർക്കറ്റിൽ നിന്നും ഫീസ് ഈടാക്കുവാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണെന്നും, സോണൽ ഓഫീസിന്റെ പരിധിയിലുള്ള മാർക്കറ്റുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സോണൽ ഓഫീസിലേക്ക് അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

സെൻട്രൽ സോണിന്റെ പരിധിയിൽ വരുന്ന 6 മാർക്കറ്റുകളിൽ ഒരെണ്ണത്തിൽ നിന്നും മാത്രമാണ് മാർക്കറ്റ് ഫീസിനത്തിലുള്ള വരുമാനം ലഭ്യമായിട്ടുള്ളത്. മറ്റുള്ളവയിൽ നിന്നും നിയമാനുസൃതമായി മാർക്കറ്റ് ഫീസ് ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. സോണൽ ഓഫീസിന്റെ പരിധിയിലുള്ള മാർക്കറ്റുകളുടെ വിശദവിവരങ്ങളും ഫയലുകളും രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മാർക്കറ്റ് ഫീസിനത്തിലുള്ള വരവിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമല്ലാത്തതിനാൽ, ഈയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

1-16 പബ്ലിക് സാനിറ്റേഷൻ ചാർജ്ജിനത്തിലുള്ള വരവ് - പരിശോധനയ്ക്കായി രേഖകൾ ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം, (140500900) പബ്ലിക് സാനിറ്റേഷൻ ചാർജ്ജിനത്തിൽ, ₹2,73,72,757/- വരവുള്ളതായി കാണുന്നു. ഈയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വരവിന്റെ വിശദവിവരങ്ങളടങ്ങിയ ഫയലുകളും രേഖകളും, ഓഡിറ്റ് എൻക്വയറി നം.60/10.11.23 & നം.84/30.11.2023 എന്നിവ മുഖേന ആവശ്യപ്പെട്ടിട്ടും ഓഡിറ്റിനായി

ലഭ്യമാക്കിയില്ല. അതിനാൽ പബ്ലിക് സാനിറ്റേഷൻ ചാർജ്ജിനത്തിലുള്ള വരവിന്റെ കൃത്യതയേക്കുറിച്ച് യാതൊരുവിധത്തിലുള്ള വ്യക്തതയുമില്ല. കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

1-17 വാടക അടവാക്കുന്നതിൽ വീഴ്ച - സാമ്പത്തിക നഷ്ടം

I. മട്ടാഞ്ചേരി മേഖലാ കാര്യാലയം

മട്ടാഞ്ചേരി സോണൽ ഓഫീസിലെ 2022-2023 ഓഡിറ്റുമായി ബന്ധപ്പെട്ട് വാടക രജിസ്റ്ററും, അനുബന്ധരേഖകളും പരിശോധിച്ചതിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ വാടക കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കട /റൂം നമ്പർ വാടക | കട ഉടമയുടെ പേര് | കുടിശിക കാലയളവ് | ആകെ (രൂപ) |
|---|---|---|---|---|
| കുവപ്പാടം മാർക്കറ്റ് | | | | |
| 1. | 12/201ക്യൂ<br>3594/- രൂ. | പി. എ. യൂസഫ് | 4 മാസം<br>12/22 മുതൽ 3/23 | 3594 X4<br>14376/- |
| അമ്മായി മുക്ക് മാർക്കറ്റ് | | | | |
| 2. | 01/<br>1806/- രൂ. | കെ. എ. നൗഷാദ് | 2 മാസം<br>2/23 മുതൽ 3/23 | 1806 X 2<br>3612/- |
| കൊച്ചങ്ങാടി മാർക്കറ്റ് | | | | |
| 3. | 13/91ബി<br>2302/-രൂ. | കെ. എച്ച്. താജു | 2 മാസം<br>2/23 മുതൽ 3/23 | 2302 X2<br>4604/- |
| 4. | 13/91ഡി<br>1685/- | പി. എ സക്കറിയ | 2 മാസം<br>2/23 മുതൽ 3/23 | 1685x 2<br>3370/- |
| 5. | 13/91എഫ്<br>747/-രൂ. | പി.എൻ ദിൽഷാദ് | 5 മാസം<br>11/22 മുതൽ 3/23 | 747x 5<br>3735/- |
| ഐലന്റ് സൂപ്പർ മാർക്കറ്റ് | | | | |
| 6. | 14/WSR<br>11/3688/21<br>1983/-രൂ. | ക്രിസ്റ്റോം ജോസഫ് | 1മാസം<br>3/23 | 1983/- |
| 7. | 21<br>3750/- | ടി. ആർ. സജു | 4 മാസം<br>12/12 മുതൽ 3/23 | 3750x 4<br>15000/- |
| പാലസ് റോഡ് | | | | |
| 8. | 5/945എ | കടമുറി നൽകിയിട്ടില്ല | | |
| 9. | 5/945 ബി | കടമുറി നൽകിയിട്ടില്ല | | |
| 10. | 5/945 സി<br>7784/- | നജീബ്. എച്ച്. | 5 മാസം<br>11/22 മുതൽ 3/23 | 7784 X5<br>38920/- |
| 11. | 5/945 ഡി<br>1283/- | എ.എ. റഫീഖ്.<br>കടയുടെ സമീപസ്ഥലം | 12 മാസം<br>4/22 മുതൽ 3/23 | 1283 X 12<br>15396/- |
| ഹാർബർ മാർക്കറ്റ് (പുതിയ കടകൾ) | | | | |
| 12. | 7/683<br>857/- | സി.ജി. രാധാകൃഷ്ണൻ | 12 മാസം<br>4/22 മുതൽ 3/23 | 857x 12<br>10284/- |
| 13. | 7/685 | ജുനൈദ്. സി. എ. | 8 മാസം | 857x 8 |

| | | | | |
|---|---|---|---|---|
| | 857/- | | 8/22 മുതൽ 3/23 | 6856/- |
| മാന്ത്ര ഷോപ്പിംഗ് സെന്റർ | | | | |
| 14. | 6/1448(5) | എ.എച്ച്. അബ്ദുൾ അസീസ് | 1 മാസം<br>3/23 | 8104/- |
| 15. | 6/1449(2) | കടമുറി നൽകിയിട്ടില്ല | | |
| ചക്കാമാടം മാർക്കറ്റ് | | | | |
| 16. | 7/190<br>921/- | പി.സി. ഫിലിപ്പ് | 12 മാസം<br>4/22 മുതൽ 3/23 | 921x 12<br>11052/- |
| 17. | 7/192<br>2105/- | അഗസ്റ്റിൻ ടൈറ്റസ് | 12മാസം<br>4/22 മുതൽ 3/23 | 2105x 12<br>25260/- |
| 18. | 7/193<br>2108/- | എം. സോമൻ | 11മാസം<br>5/22 മുതൽ 3/23 | 2108 X 11<br>23188/- |
| 19. | 7/197<br>1304/- | പി. എ. കബീർ | 12മാസം<br>4/22 മുതൽ 3/23 | 1304 X 12<br>15648/- |
| 20. | 7/198<br>1276/- | കെ എക്സ്. സ്റ്റാൻലി | 12മാസം<br>4/22 മുതൽ 3/23 | 1276 X 12<br>15312/- |
| 21. | 7/199<br>1104/- | എം. ആർ അജയകുമാർ | 12മാസം<br>4/22 മുതൽ 3/23 | 1104 X 12<br>13248 |
| 22. | 7/201<br>957/- | കെ. ഗണേഷ്. | 12മാസം<br>4/22 മുതൽ 3/23 | 957x 12<br>11484/- |
| 23. | 7/202<br>1401/- | ലെനിൻ | 3മാസം<br>1/23മുതൽ 3/23 | 1401x 12<br>16812/- |
| അമ്മായി മുക്ക് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 24. | WSR 11/5084/23 | സാദിക്. കെ ആർ (പെട്ടിക്കട) | 2 മാസം<br>2/23 മുതൽ 3/23 | 2663 X2<br>5326/- |
| 25. | WSR 11/5084/23 | ടെൽമ ആന്റണി. | 5 മാസം<br>11/22 മുതൽ 3/23 | 500 X5<br>2500/- |
| | | | ആകെ | 2,66,070/- |

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (01/16-08-2023) നൽകിയതിന്റെ അടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെന്നും, അതിനുള്ള നോട്ടീസ് കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2.ഫോർട്ട് കൊച്ചി മേഖലാ കാര്യാലയം

ഫോർട്ട് കൊച്ചി മേഖലാ കാര്യാലയത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന ചില കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | റൂം നമ്പർ | സ്ഥാപനത്തിന്റെ/ ഉടമസ്ഥന്റെ പേര് | കുടിശ്ശിക ആരംഭിച്ച തീയതി | വാടക തുക(രൂപ) | ഈടാക്കേണ്ട തുക(രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1/168 | അബ്ദുൾ ഗഫൂർ | 2022 നവംബർ | 5106 | 5106X5=25530/- |
| 2 | 1/177 | ഫിഷറീസ് വകുപ്പ് | 2017 മുതൽ | 6030 | 6030X12=72360 (2022-23 ലെ മാത്രം കണക്ക്) |
| 3 | 1/508 L | വിജയകുമാർ.പി. | 2022 നവംബർ | 3969 | 3969X5=19845 |
| 4 | 16/172B | അബ്ദുൾ ലത്തീഫ് | 2023 മാർച്ച് | 3594 | 3594 |
| ആകെ ഈടാക്കേണ്ട തുക | | | | | 121329 |

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (03/07-09-2023) നൽകിയതിന്റെ അടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെന്നും, അതിനുള്ള നോട്ടീസ് കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ, കുടിശ്ശികയുള്ള തുകകൾ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പള്ളുരുത്തി മേഖലാ കാര്യാലയം

വാടക കുടിശ്ശിക 2,36,374 രൂപ ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല

പള്ളുരുത്തി മേഖലാ കാര്യാലയത്തിൻ കീഴിൽ വാടകയിനത്തിൽ വരുമാനം ലഭിക്കുന്ന രണ്ടു ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളത്. പള്ളുരുത്തി ഷോപ്പിംഗ് കോംപ്ലക്സും, പള്ളിച്ചാൽ ഷോപ്പിംഗ് കോംപ്ലക്സും. പള്ളുരുത്തി മേഖലാ കാര്യാലയം ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം രണ്ടു ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുമായി കൊച്ചി നഗരസഭയ്ക്ക് പ്രതി വർഷം പതിനൊന്നു ലക്ഷം രൂപയക്ക് മേൽ വാടക വരുമാനം ലഭിക്കേണ്ടതാണ്. പള്ളുരുത്തി ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നമ്പർ ലൈസൻസിയായ കെ.എസ്. സുധ എന്നയാൾ 2019-20 മുതൽ 2021-22 മാർച്ച് 31 വരെ വരുത്തിയ കുടിശ്ശിക 1,54,890രൂപയാണ്. ടിയാൾക്ക് 2019-20 കാലയളവിൽ 10878 രൂപയും 2020-21 ൽ 45684രൂപയും 2021-22 ൽ 47964 രൂപയും 2022-23 വർഷത്തിൽ 50,364/- രൂപയും അടിസ്ഥാന വാടകയിനത്തിൽ കുടിശ്ശികയുണ്ട്. എന്നാൽ OS 36/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് 6/2023 വരെ ഇൻജക്ഷൻ ഓർഡർ നിലവിലുള്ളതിനാൽ വാടക ഈടാക്കാൻ സാധിക്കുന്നില്ല എന്നാണ് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചത്. കുടിശ്ശിക അടിസ്ഥാന വാടകയിലായതിനാൽ 18% ജി.എസ്.റ്റി, പിഴപ്പലിശ എന്നിവ ഇതിനു പുറമേ വരും ആയതു കൂടി കൂട്ടിയാൽ ടിയാളിൽ നിന്നും വൻതുക കുടിശ്ശികയായി കിട്ടാനുണ്ട്. കേസ് തീർപ്പാക്കാൻ പള്ളുരുത്തി മേഖലാ കാര്യാലയം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നത് ഫയലിൽ ലഭ്യമല്ല.

പള്ളുരുത്തി മേഖലാ കാര്യാലത്തിൻ കീഴിലുള്ള പള്ളിച്ചാൽ ഷോപ്പിംഗ് കോംപ്ലക്സിലെ

ലൈസൻസിയായ ശ്രീമതി വാസന്തി ജയൻ എന്നയാൾ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ 48,875/- രൂപയും 2022 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെ 32,606 രൂപയും ഉൾപ്പെടെ 81,481/- രൂപ അടിസ്ഥാന വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ 18% ജി.എസ്.റ്റിയും രണ്ടു വർഷത്തെ പിഴപ്പലിശയും ചേരുമ്പോൾ ഭീമമായ തുക ടിയാൾ അടവാക്കാനുണ്ട്. മേൽ കുടിശ്ശിക സംബന്ധിച്ച് ടിയാൾക്ക് നോട്ടീസ് നൽകുയും കടപ്പൂട്ടി താക്കോൽ ഏൽപ്പിക്കാൻ റവന്യൂ ഇൻസ്പെക്ടർക്ക് 06.01.2023 ന് അധികാര പത്രം നൽകുകയും ചെയ്തുവെന്ന് ഓഡിറ്റ് എൻക്വയറി (നം. 5/2022- 23 തീയതി 16.8.2023) ക്ക് നൽകിയ മറുപടിയിൽ പറയുന്നു. മാനുഷിക പരിഗണന വച്ച് ടിയാൾക്ക് തവണകളായി അടയ്ക്കുവാനുള്ള സാവകാശം കോർപ്പറേഷൻ സെക്രട്ടറി 7.2.2023 ന് അനുമതി നൽകിയതായും എന്നിട്ടും ടിയാൾ വാടക കുടിശ്ശിക വരുത്തിയെന്നും അതിന് വീണ്ടും നോട്ടീസ് നൽകിയതായും മറുപടിയിൽ പറയുന്നു. നഗരസഭയ്ക്ക് ലഭിക്കേണ്ട വാടക ഈടാക്കുന്നതിൽ അലംഭാവം കാണിക്കുന്നത് ആശാസ്യമല്ല. തവണകളായി അടവാക്കുന്നതിന് അവസരം നൽകിയിട്ടും കുടിശ്ശിക അടവാക്കാത്തതിന് മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നടപടികൾ സ്വീകരിക്കാത്ത പക്ഷം ടി തുകയുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരുടെ ബാധ്യതായായി വരുന്നതാണെന്നും അറിയിക്കുന്നു.

4.ഗ്രൗണ്ടുകളിൽ നിന്നുള്ള വരവ് - അപാകതകൾ

പള്ളുരുത്തി മേഖലാ കാര്യാലയത്തിനു കീഴിലുള്ള ഗ്രൗണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

ഗ്രൗണ്ടുകളിൽ നിന്നുള്ള വാടക വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ഗ്രൗണ്ടുകളുടെ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നതായി കാണുന്നില്ല. നഗരസഭയുടെ അധീനതയിൽ 7 ഗ്രൗണ്ടുകൾ ഉള്ളതായും ആയതിന് വാടക നിശ്ചയിച്ചിട്ടുള്ളതായും സെക്ഷനിലെ രജിസ്റ്ററിൽ പതിച്ചിട്ടുണ്ട്. എന്നാൽ അതേ രജിസ്റ്ററിൽ കച്ചേരിപ്പടി ഗ്രൗണ്ട്, വലിയ കുളം ഗ്രൗണ്ട്, ചിറയ്ക്കൽ ഗ്രൗണ്ട് എന്നിവയുടെ ബുക്കിംഗ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
- ഗ്രൗണ്ട് വാടകയ്ക്ക് എടുത്ത സ്ഥാപനം/സംഘടന/വ്യക്തി എന്നിവരുടെ പേര്, അഡ്രസ് മാത്രമേ രജിസ്റ്ററിൽ കാണുന്നുള്ളൂ. തുക എത്രയെന്നോ ആയത് ഈടാക്കിയ രസീത് നമ്പർ, തീയതി തുടങ്ങി യാതൊന്നും രജിസ്റ്ററിൽ കാണുന്നില്ല.

| ക്രമ നം. | ഗ്രൗണ്ടിന്റെ പേര് | പ്രതിദിന ഗ്രൗണ്ട് വാടക |
|---|---|---|

| | | |
|---|---|---|
| 1. | എം.കെ. അർജ്ജുനൻ മാസ്റ്റർ ഗ്രൗണ്ട് | 1500/- രൂപ |
| 2. | വായന ശാല ചെറിയ ഗ്രൗണ്ട് | 1000/- രൂപ |
| 3. | പള്ളുരുത്തി ഓപ്പൺ എയർ ഗ്രൗണ്ട് | 500/- രൂപ |
| 4. | ഇ.കെ. നാരായണൻ സ്റ്റേജ് | 500/- രൂപ |
| 5. | ചിറയ്ക്കൽ പാർക്ക് | 500/- രൂപ |
| 6. | ചിറയ്ക്കൽ ഗ്രൗണ്ട് | 500/- രൂപ |
| 7. | വലിയ കുളം ഗ്രൗണ്ട്/സ്റ്റേജ് | 1000/- രൂപ |
| 8. | നഗരസഭയുടെ അധീനതയിലുള്ള പൊതുസ്ഥലങ്ങൾ | 1000/- രൂപ |

. സാമ്പത്തിക വർഷം അനുസരിച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ തുടർച്ചയായി എഴുതിപ്പോരുന്നു. വർഷം തിരിച്ച് ഗ്രൗണ്ടുകളിൽ നിന്നുള്ള വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

. ആര്, എന്ന്, എത്രനാളത്തേയ്ക്ക് ഗ്രൗണ്ട് വാടകയ്ക്കെടുത്തു എന്ന് വ്യക്തമാക്കുന്ന യാതൊരു വിവരങ്ങളും രജിസ്റ്ററിൽ ഇല്ല.

. പള്ളുരുത്തി മേഖലാ കാര്യാലയത്തിൽ ഗ്രൗണ്ടുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നതും ഫീസ് ഈടാക്കുന്നതും എൻജിനീയറിംഗ് സെക്ഷനാണ്. പെർമിറ്റ് ഫീസ് ഹെഡിൽ അദർ ഫീസ് എന്ന ഹെഡിലാണ് ഇത് അടവാക്കുന്നത്. ഗ്രൗണ്ടുകളുടെ വാടക ഈടാക്കുന്നത് അടിയന്തിരമായി റവന്യൂ സെക്ഷനിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രൗണ്ടുകളുടെ വാടക സംബന്ധിച്ച രേഖപ്പെടുത്തലുകൾ അതാത് രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പല ഗ്രൗണ്ടുകളും ശോചനീയാവസ്ഥയിലായതിനാൽ വാടകയ്ക്ക് നൽകുവാൻ സാധിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഗ്രൗണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാകുന്ന രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തി നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

1-18 നവീകരണ പ്രവൃത്തികളുടെ അഭാവം - ലേലം നടക്കുന്നില്ല.

പള്ളുരുത്തി മേഖലാ ഓഫീസിലെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ലേലം നടത്തിയിരുന്ന താഴെ പറയുന്ന പല ഇനങ്ങളിലും ഓഡിറ്റ് വർഷത്തിൽ ലേലം നടത്തിയിട്ടില്ല എന്ന് കണ്ടു. കൊച്ചി നഗരസഭ പള്ളുരുത്തി പെരുമ്പടപ്പ് മത്സ്യമാർക്കറ്റ്, മാർക്കറ്റിനു പുറത്തുള്ള

പബ്ലിക് ടോയ്‌ലറ്റ്, വലിയകുളം മാർക്കറ്റിലെ സ്റ്റാളുകൾ, കച്ചേരിപ്പടി ഫിഷ്‌മാർക്കറ്റിലെ 48 സ്റ്റാളുകളും മറ്റ് കടമുറികളും എന്നിവയാണ് ലേലം നടക്കാത്തതിനാൽ ഉപയോഗരഹിതമായി കിടക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ഇവയുടെ ലേലവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ വിവരവും, ലഭ്യമായ മറുപടികളുടെ വിവരവും താഴെ ചേർക്കുന്നു.

കച്ചേരിപ്പടി ഫിഷ്‌മാർക്കറ്റ്

കച്ചേരിപ്പടി ഫിഷ്‌മാർക്കറ്റിലെ 48 സ്റ്റാളുകളും മറ്റ് കടമുറികളും ഏതാനും വർഷങ്ങളായി അറ്റകുറ്റപ്പണികൾക്കായി ഒഴിച്ചിട്ടിരിക്കയാണെന്ന വിവരമാണ് സെക്ഷനിൽ നിന്ന് ലഭ്യമായത്. നിലവിൽ ഇവയുടെ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടോ എന്ന വിവരവും, പണി ഏത് ഘട്ടത്തിലായി എന്നതിന്റെ വിവരവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/21.8.23 ) ക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഇവിടെ വെള്ളവും വൈദ്യുതിയും ഇല്ലാത്തത് കച്ചവടത്തെ ബാധിക്കുമെന്നതിനാൽ സ്റ്റാളുകൾ ഏറ്റെടുക്കാൻ ആളുകൾ മുന്നോട്ടു വരുന്നില്ലെന്ന വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, എന്നാൽ തുടർ നടപടി വിവരം ലഭ്യമായില്ലെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വലിയകുളം മാർക്കറ്റ്

വലിയകുളം മാർക്കറ്റിൽ നിലവിലുള്ള ഷെഡ്ഡിന്റെ മേൽക്കൂര ജീർണ്ണാവസ്ഥയിലായതിനാലാണ് ലേലം നടക്കാതിരുന്നതെന്ന് മറുപടി ലഭ്യമായി. കൂടാതെ ഇവിടെ വാട്ടർ കണക്ഷൻ, വൈദ്യുതി എന്നിവ ഇല്ല എന്നും മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്മേലുള്ള തുടർ നടപടിയെപ്പറ്റി വിവരം ലഭിച്ചില്ല.

ഇടക്കൊച്ചി മത്സ്യമാർക്കറ്റ്

ഇടക്കൊച്ചി മത്സ്യമാർക്കറ്റിൽ നിലവിലുള്ള ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റി കിഫ്ബി ഫണ്ടുപയോഗിച്ച് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായിട്ടാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഇടക്കൊച്ചി പഷ്ണിത്തോട് മാർക്കറ്റ്

2021-22 വർഷത്തിൽ ഇടക്കൊച്ചി പഷ്ണിത്തോട് മാർക്കറ്റിന്റെ ലേല തുക ₹20000/-ആയിരുന്നു. എന്നാൽ 2022-23 ൽ ഇത് ₹13000/- ആയി കുറഞ്ഞു. ലേല തുക കുറയാൻ കാരണം

മാർക്കറ്റിലേക്ക് പൊതുജനങ്ങൾക്ക് എത്തിപ്പെടാനുള്ള അസൗകര്യങ്ങളാണെന്നും മാർക്കറ്റ് നവീകരിക്കുകയാണ് ഇതിനുള്ള പോംവഴി എന്നും കണ്ടെത്തിയതിനെ തുടർന്ന് ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി 13.03.2023 ൽ SYR4/2936/22 കത്ത് പ്രകാരം മാർക്കറ്റ് നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/21.8.23) ക്ക് ലഭ്യമാക്കിയ മറുപടിയിൽ, മാർക്കറ്റിന്റെ മുകളിൽ ഡ്രെയിൻ ഉള്ളതിനാൽ നവീകരണം നടത്താൻ നിർവ്വാഹമില്ലെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്.

നഗരസഭയ്ക്ക് വരുമാനം ലഭ്യമാക്കാനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നായ ലേലം എന്ന ഇനത്തിന് വേണ്ടത്ര പ്രാധാന്യം നൽകി, വിവിധ മാർക്കറ്റുകളും ഗ്രൗണ്ടുകളും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് നവീകരിക്കുന്നതിനും, ഇവയുടെ ലേലത്തിലൂടെ നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 റോഡ് കട്ടിംഗ് -റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് - നഷ്ടം 447260/- രൂപ

1-ഫയൽ നമ്പർ -KRE1/4683/22

വൈറ്റില സോണൽ ഓഫീസ് പരിധിയിൽപ്പെട്ട ഡിവിഷൻ 53 ലെ എ.സി.സമൃദ്ധി റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വേണ്ടി 210 ച.മീറ്റർ അളവിന് 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് ( ക്ലോസ് ഗ്രേഡഡ് ) കട്ട് ചെയ്യുന്നതിന് 210 ച.മീറ്ററിന് ഒരു ച.മീറ്ററിന് @ 2759.44 രൂപ പ്രകാരം 579482.40 രൂപയും അതോടൊപ്പം തന്നെ 15ച.മീറ്റർ BM&BC റോഡിന് ഒരു ച.മീറ്ററിന് @ 3633.49 രൂപ പ്രകാരം 54502.35 രൂപയും ഉൾപ്പെടെ 633990 രൂപ 19.12.2022 തീയതിയിൽ 03/12202125524 നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ(എം.എസ് )59/2020/പി.ഡബ്ല്യൂ.ഡി/ തിയതി 30.07.2020 ലെ ഉത്തരവ് പ്രകാരമുള്ള റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ആയത് പ്രകാരം 84173 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റോഡ് തരം | ച.മീറ്റർ | ഈടാക്കിയ ചാർജ്ജ് @ 2759.44 | ഈടാക്കേണ്ട ചാർജ്ജ് @ 3129.12 | വ്യത്യാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് | 210 | 579482.40 | 657115.20 | 77633 |
| ആകെ | | | | 77633 |

| റോഡ് തരം | ച.മീറ്റർ | ഈടാക്കിയ ചാർജ്ജ് @ 3633.49 | ഈടാക്കേണ്ട ചാർജ്ജ് @ 4069.51 | വ്യത്യാസം |
|---|---|---|---|---|
| BM&BC റോഡ് | 15 | 54502.35 | 61042.65 | 6540.30 |
| ആകെ | | | | 6540.30 |

ആകെ നഷ്ട തുകയായ 77633 + 6540 =84173 രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2- ഫയൽ നമ്പർ -KRE2/4947/22

വൈറ്റില സോണൽ ഓഫീസ് പരിധിയിൽപ്പെട്ട ഡിവിഷൻ 53 ലെ സ്കൈലൈൻ ബിൽഡേഴ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വേണ്ടി 12,417രൂപ 10.01.2023ൽ രസീത് നമ്പർ 03/12202126865 പ്രകാരം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകത താഴെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സുഗമ എന്ന സോഫ്റ്റ് വെയർ മുഖാന്തിരമാണ് റോഡ് കട്ടിംഗിന് അപേക്ഷ നൽകേണ്ടതും ഫീസ് അടക്കേണ്ടതുമെന്നിരിക്കേ കൊച്ചി നഗരസഭയിൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

2) 4.5 ച.മീറ്റർ അളവിന് 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് (ക്ലോസ് ഗ്രേഡഡ് ) കട്ട് ചെയ്യുന്നതിന് റിസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഒരു ച.മീറ്ററിന് @ 2759.44 പ്രകാരം 12,417/- രൂപ അടച്ചതിനാൽ വൈറ്റില മേഖല ഓഫീസ് അസി.എഞ്ചിനീയറുടെ 10.01.23 ലെ KRE2/4947/22 നമ്പർ കത്ത് പ്രകാരം 25.01.23 നകം പണി പൂർത്തീകരിക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. 120 ച.മീറ്റർ കണക്കാക്കേണ്ടതിന് പകരമാണ് 4.5 ച.മീറ്റർ കണക്കാക്കി പണി പൂർത്തീകരിക്കണമെന്ന് ഉത്തരവായിട്ടുള്ളത്.

3) വാട്ടർ അതോറിറ്റി വൈറ്റില അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നുള്ള 8.11.2022 ലെ കത്തിനൊപ്പം ഹാജരാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രൂപരേഖയിൽ സ്കൈലൈൻ ബിൽഡേഴ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വേണ്ടി ഏകദേശം 80 മീറ്റർ ദൂരത്തിൽ റോഡ്

കുഴിക്കണമെന്ന് രേഖപ്പെടുത്തിയത് പരിഗണിക്കാതെയാണ് ഈ തുക അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

4)സ്ഥല പരിശോധന റിപ്പോർട്ടിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ കൃത്യമായ ദൂരം രേഖപ്പെടുത്തിയിട്ടില്ല.

5)റോഡ് കുഴിക്കേണ്ട ദൂരം തെറ്റായി രേഖപ്പെടുത്തിയതനുസരിച്ച് 80x1x1.5 = 120 ച.മീറ്റർ ദൂരം റോഡ് കുഴിക്കേണ്ടതിന് റിസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഒരു ച.മീറ്ററിന് @ 3129.12പ്രകാരം 120 ച.മീറ്ററിന് 375494 രൂപ ഈടാക്കേണ്ടതിന് പകരമാണ് 12417 രൂപ ഈടാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ 363077രൂപയുടെ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന 363077രൂപ ഈടാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 15/09/23 ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ആകെ നഷ്ടമായ തുക 4,47,250/- (3,63,077+84,173) ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയറുടെ പക്കൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-20 വിതരണ രീതിയിലെ അപാകത – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | സമഗ്ര പച്ചക്കറി വികസന പദ്ധതി |
| പ്രോജക്ട് നം: | എസ്.379/23 – വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ |
| അടങ്കൽ തുക: | (67,00,000+ 25,00,000) 92,00,000/- രൂപ |
| ചെലവഴിച്ച തുക: | 28,35,891/- രൂപ |
| ബിൽ നമ്പർ/ തീയതി/തുക | 5/9.3.2023 - 676383/- രൂപ<br>6/9.3.2023 - 121875/- രൂപ<br>7/9.3.2023 - 676383/- രൂപ<br>8/25.3.2023 - 624375/- രൂപ<br>10/30.3.2023 - 624375/- രൂപ<br>11/30.3.2023 - 112500/- രൂപ |

| | |
|---|---|
| | ആകെ = 28,35,891/- |

നഗരപരിധിയിൽ താമസിക്കുന്നവർക്ക് പച്ചക്കറിയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അടങ്കൽ തുകയായി 92,00,000/- രൂപ വകയിരുത്തിയ പദ്ധതിക്ക് ചെലവഴിക്കപ്പെട്ടത് വെറും 28,35,891/- രൂപ മാത്രമാണ്. അതായത് അടങ്കൽ തുകയുടെ 30.82 % മാത്രം. ഒരു ഉപഭോക്താവിന് HDPE ചെടിച്ചട്ടി & നടീൽമിശ്രിതം 15 എണ്ണം, പച്ചക്കറിത്തൈകൾ, ജീവാണു സമ്പുഷ്ട ജൈവ വളം ഒരു കിലോഗ്രാം, ജൈവ കീടനാശിനി 100ML എന്നിവ ഉൾപ്പെടെയുള്ള ഒരു യൂണിറ്റാണ് നൽകാൻ വിഭാവനം ചെയ്തിരുന്നത്. ഇങ്ങനെ ഒരു യൂണിറ്റിന്റെ യൂണിറ്റ് കോസ്റ്റ് ആകെ 3025/- രൂപ വരുന്നുണ്ട്. ഇതിന്റെ 25% ആയ 756.25 രൂപയാണ് ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടത്. ഒരോ വാർഡുകളിൽ നിന്നും പ്രോജക്ട് മാനദണ്ഡപ്രകാരം മുൻഗണന അടിസ്ഥാനത്തിൽ ആണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. പ്രോജക്ട് പ്രകാരം നിശ്ചയിച്ച മാനദണ്ഡം താഴെ ചേർക്കുന്നു.

കൃഷിയിൽ താൽപ്പര്യമുള്ളവർ - 20 മാർക്ക്

ടെറസ് കൃഷി ചെയ്യുന്നവർ - 20 "

സ്ത്രീ കുടുംബനാഥയായുള്ള കുടുംബം - 20 "

നഗരസഭ പരിധിയിൽ താമസിക്കുന്നവർ - 20 "

കൃഷി ഉപജീവനമായി സ്വീകരിച്ചവർ - 20 "

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ ടി മാനദണ്ഡപ്രകാരമാണോ ഗുണഭോക്താക്കളെ നിശ്ചയിച്ചത് എന്നു വ്യക്തമല്ല. കാരണം, പ്രസ്തുത മാനദണ്ഡം അനുസരിച്ച് ഒരു ഉപഭോക്താവിന് എത്ര മാർക്ക് ലഭിച്ചു എന്ന് ഗുണഭോക്തൃ ലിസ്റ്റിലെ മാർക്ക് രേഖപ്പെടുത്തേണ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. അങ്ങനെ ചെയ്തതായി കാണുന്നില്ല. ആയതിനാൽ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിലല്ല വിതരണം നടത്തിയിട്ടുള്ളത് എന്നു മനസ്സിലാക്കാവുന്നതാണ്. ടി പദ്ധതി പ്രകാരം ഒരോ ഡിവിഷനിലും അപേക്ഷ നൽകി ഗുണഭോക്തൃവിഹിതമടച്ച് രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് ചെടിച്ചട്ടികളും നടീൽ മിശ്രിതവും പച്ചക്കറിത്തൈകളും വളവും കീടനാശിനിയും അടങ്ങിയ യൂണിറ്റ് വിതരണം ചെയ്യാൻ അതാത് ഡിവിഷൻ കൗൺസിലറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ

അറിയിച്ചത്. 74 ഡിവിഷനുകളുള്ളതിൽ 73 ഡിവിഷനുകളും ഗുണഭോക്താക്കളുടെ കൈപ്പറ്റു രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള HDPE ചട്ടികൾ, നടീൽ മിശ്രിതം, ജൈവവളം, പച്ചക്കറിത്തൈകൾ, കീടനാശിനി എന്നിവ വിതരണക്കാരായ കാവേരി ഫെർട്ടിലൈസേഴ്സ് നോർത്ത് പറവൂർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ കൈപ്പറ്റിയെന്നു വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ഓരോ ഡിവിഷനുകളിലേയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണവും വിതരണത്തിനായി ഡിവിഷൻ കൗൺസിലർമാർ കൈപ്പറ്റിയ യൂണിറ്റുകളുടെ എണ്ണവും താഴെ പട്ടികയായി ചേർക്കുന്നു.

| ഡിവിഷൻ നം | ഡിവിഷന്റെ പേര് | കൈപ്പറ്റിയ കൗൺസിലർ | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വരുടെ എണ്ണം | കൗൺസിലർമാർ വിതരണം ചെയ്തത് |
|---|---|---|---|---|
| 1 | ഫോർട്ടുകൊച്ചി | അഡ്വ. ആന്റണി കുരീത്തറ | 35 | 0 |
| 2 | കൽവത്തി | ശ്രീ. റ്റി.കെ. അഷറഫ് | 60 | 0 |
| 3. | ഈരവേലി | ശ്രീ. ഇസ്മുദ്ദീൻ പി.എം | 38 | 16 |
| 4. | കരിപ്പാലം | ശ്രീ. കെ.എ മനാഫ് | 60 | 36 |
| 5. | മട്ടാഞ്ചേരി | ശ്രീമതി കെ.എ അൻസിയ | 12 | 8 |
| 6. | കൊച്ചങ്ങാടി | ശ്രീ. എം.എച്ച്എം അഷറഫ് | 15 | 0 |
| 7. | ചെറളായി | ശ്രീ രഘുരാമപ്പൈ. ജെ | 48 | 39 |
| 8. | പനയപ്പിള്ളി | ശ്രീ. സുനിൽമോൻ | 38 | 18 |
| 9. | ചക്കാമാടം | ശ്രീ. ഹബീബുള്ള | 5 | 2 |
| 10. | കരുവേലിപ്പടി | ശ്രീ ബാസ്റ്റിൻ ബാബു | 17 | 0 |
| 11 | തോപ്പുംപടി | ശ്രീമതി ഷീബ ഡുറോം | 28 | 0 |
| 12 | തറേഭാഗം | ശ്രീ സോണി കെ ഫ്രാൻസിസ് | 94 | 41 |
| 13. | കടേഭാഗം | ശ്രീ. വി.എ ശ്രീജിത്ത് | 34 | 15 |

| | | | | |
|---|---|---|---|---|
| 14. | തഴപ്പ് | ശ്രീമതി ലൈലാ ദാസ് | 56 | 21 |
| 15. | ഇടക്കൊച്ചി വടക്ക് | ശ്രീമതി ജീജ ടെൻസൻ | 46 | 28 |
| 16 | ഇടക്കൊച്ചി തെക്ക് | ശ്രീ അഭിലാഷ് തോപ്പിൽ | 72 | 0 |
| 17. | പെരുമ്പടപ്പ് | സി.എൻ. രഞ്ജിത്ത് മാസ്റ്റർ | 32 | 25 |
| 18 | കോണം | അഡ്വ. അശ്വതി വത്സൻ | 23 | 15 |
| 19. | പള്ളുരുത്തി | ശ്രീമതി പി.ആർ. രചന | 27 | 0 |
| 20. | നമ്പ്യാപുരം | അഡ്വ. പി.എസ്. വിജു | 69 | 0 |
| 21 | പുല്ലാർദേശം | ശ്രീ. സി.ആർ. സുധീർ | 5 | 0 |
| 22 | മുണ്ടംവേലി | ശ്രീമതി മേരി കലിസ്റ്റ് പ്രകാശൻ | 145 | 39 |
| 23 | മാനാശ്ശേരി | ശ്രീ. കെ.പി. ആന്റണി | 30 | 8 |
| 24 | മൂലംകുഴി | ശ്രീമതി ഷൈല തദേവൂസ് | 40 | 8 |
| 25 | ചുള്ളിക്കൽ | ശ്രീമതി റെഡിന ആന്റണി | 25 | 5 |
| 26 | നസ്രത്ത് | ശ്രീമതി ഷീബ ലാൽ | 27 | 11 |
| 27 | ഫോർട്ട്കൊച്ചി വെളി | ശ്രീ ബെനഡിക്ട് ഫെർണാണ്ടസ് | 62 | 27 |
| 28 | അമരാവതി | അഡ്വ. പ്രിയ പ്രശാന്ത് | 57 | 66 |
| 29 | ഐലന്റ് നോർത്ത് | ശ്രീമതി പത്മകുമാരി ടി. | 23 | 14 |
| 30 | ഐലന്റ് സൗത്ത് | ശ്രീ റ്റിബിൻ ദേവസി | 0 | 0 |
| 31 | വട്ടുതല വെസ്റ്റ് | ശ്രീ. ഹെൻറി ഓസ്റ്റിൻ | 80 | 28 |
| 32 | വട്ടുതല വെസ്റ്റ് | ശ്രീമതി ബിന്ദു മണി | 34 | 16 |
| 33 | എളമക്കര നോർത്ത് | അഡ്വ. എം. അനിൽകുമാർ | 22 | 0 |
| 34 | പുതുക്കലവട്ടം | സീന ടീച്ചർ | 34 | 29 |
| 35 | പോണേക്കര | ശ്രീ. പയസ് ജോസഫ് | 13 | 8 |
| 36 | കുന്നുമ്പുറം | ശ്രീമതി ജഗദംബിക | 13 | 0 |

| | | | | |
|---|---|---|---|---|
| 37 | ഇടപ്പള്ളി | ശ്രീമതി ദീപാവർമ | 12 | 5 |
| 38 | ദേവൻകുളങ്ങര | ശ്രീമതി ശാന്ത വിജയൻ | 12 | 8 |
| 39 | കറുകപ്പിള്ളി | അഡ്വ. ദീപ്തി മേരി വർഗ്ഗീസ് | 0 | 12 |
| 40 | മാമംഗലം | അഡ്വ. മിനിമോൾ വി.കെ. | 28 | 35 |
| 41 | പാടിവട്ടം | ശ്രീ. ആർ. രതീഷ് | 11 | 4 |
| 42 | വെണ്ണല | ശ്രീമതി സി.ഡി. വത്സലകുമാരി | 26 | 13 |
| 43 | പാലാരിവട്ടം | ശ്രീ ജോജി കുരിക്കോട്ട് | 0 | 0 |
| 44 | കാരണക്കോടം | ശ്രീ ജോർജ്ജ് നാനാട്ട് | 7 | 0 |
| 45 | തമ്മനം | ശ്രീ സക്കീർ തമ്മനം | 44 | 24 |
| 46 | ചക്കരപറമ്പ് | ശ്രീ കെ.ബി. ഹർഷൽ | 55 | 33 |
| 47 | ചളിക്കവട്ടം | ശ്രീ. എ.ആർ. പത്മദാസ് | 52 | 0 |
| 48 | പൊന്നുരുന്നി ഈസ്റ്റ് | അഡ്വ. ദിപിൻ ദിലീപ് | 22 | 7 |
| 49 | വൈറ്റില | ശ്രീമതി സുനിത ഡിക്സൻ | 41 | 0 |
| 50 | ചമ്പക്കര | ഡോ. ഷൈലജ | 53 | 49 |
| 51 | പൂണിത്തുറ | മേഴ്സി ടീച്ചർ | 45 | 30 |
| 52 | വൈറ്റില ജനത | സോണി ജോസഫ് | 19 | 7 |
| 53 | പൊന്നുരുന്നി | ശ്രീമതി സി.ഡി. ബിന്ദു | 29 | 19 |
| 54 | എളംകുളം | ശ്രീ ആന്റണി പൈനുതറ | 41 | 18 |
| 55 | ഗിരിനഗർ | ശ്രീമതി മാലിനി കുറുപ്പ് | 56 | 39 |
| 56 | പനമ്പിള്ളി നഗർ | അഞ്ജന ടീച്ചർ | 13 | 5 |
| 57 | കടവന്ത്ര | ശ്രീമതി സുജ ലോനപ്പൻ | 18 | 10 |
| 58 | കോന്തുരുത്തി | ശ്രീമതി ബെൻസി ബെന്നി | 34 | 27 |
| 59 | തേവര | ശ്രീ പി.ആർ റെനീഷ് | 55 | 41 |
| 60 | പെരുമാനൂർ | ലതിക ടീച്ചർ | 37 | 28 |

| | | | | |
|---|---|---|---|---|
| 61 | രവിപുരം | ശ്രീമതി എസ്. ശശികല | 2 | 0 |
| 62 | എറണാകുളം സൗത്ത് | ശ്രീമതി മിനി ആർ. മേനോൻ | 8 | 6 |
| 63 | ഗാന്ധിനഗർ | ശ്രീ കെ.കെ. ശിവൻ | 7 | 0 |
| 64 | കതൃക്കടവ് | ശ്രീ എം.ജി. അരിസ്റ്റോട്ടിൽ | 54 | 44 |
| 65 | കലൂർ സൗത്ത് | ശ്രീമതി രജനി മണി | 14 | 3 |
| 66 | എറണാകുളം സെൻട്രൽ | ശ്രീമതി സുധ ദിലീപ് കുമാർ | 31 | 21 |
| 67 | എറണാകുളം നോർത്ത് | ശ്രീ മനു ജേക്കബ്ബ് | 0 | 0 |
| 68 | അയ്യപ്പൻകാവ് | ശ്രീമതി മിനി ദിലീപ് | 5 | 3 |
| 69 | തൃക്കണാവട്ടം | ശ്രീമതി കാജൽ സലിം | 4 | 3 |
| 70 | കലൂർ നോർത്ത് | ശ്രീമതി ആഷിത യഹിയ | 28 | 16 |
| 71 | എളമക്കര സൗത്ത് | ശ്രീമതി സജിനി ജയചന്ദ്രൻ | 0 | 15 |
| 72 | പൊറ്റക്കുഴി | ശ്രീ സി.എ. ഷക്കീർ | 44 | 39 |
| 73 | പച്ചാളം | ശ്രീമതി മിന്ന വിവേര | 18 | 9 |
| 74 | തട്ടാഴം | ശ്രീ വി.വി. പ്രവീൺ | 0 | 0 |
| | | | 2344 | 1096 |

മേൽ പട്ടിക പരിശോധിച്ചാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അനവധി പേരുണ്ടെങ്കിലും ഒരു യൂണിറ്റു പോലും വിതരണം ചെയ്യാത്ത ഡിവിഷനുകളും ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് അനധികൃതമായി യൂണിറ്റ് വിതരണം നടത്തിയ ഡിവിഷനുകളുമുണ്ട്. 30, 43, 67, 74 എന്നീ ഡിവിഷനുകളിൽ ഒരാൾ പോലും ഗുണഭോക്തൃ ലിസ്റ്റിൽ ഇടം പിടിച്ചിട്ടില്ല. യൂണിറ്റ് വിതരണം നടത്തിയിട്ടുമില്ല. 1, 2, 6, 10, 11, 16, 19, 20, 21, 36, 44, 47, 49,61,63 എന്നീ ഡിവിഷനുകളിൽ നിരവധി പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഒരാൾക്കു പോലും പദ്ധതിയുടെ പ്രയോജനം ലഭിച്ചില്ല എന്നു കാണാം. ഡിവിഷൻ നം.39ൽ ഒരാൾ പോലും ഉൾപ്പെട്ടിട്ടില്ലെങ്കിലും 12 പേർക്ക് വിതരണം ചെയ്തതായി കാണുന്നു. ഡിവിഷൻ നം.28 ലാകട്ടെ 57 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ 66 പേർക്ക് വിതരണം ചെയ്തതായി കാണുന്നു.

ഇങ്ങനെ മാനണ്ഡങ്ങൾ പാലിക്കാതെ, ഗുണഭോക്തൃ ലിസ്റ്റിനെ അപ്രസക്തമാക്കി നിരുത്തവാദപരമായാണ് പല ഡിവിഷനുകളിലും പദ്ധതി നടത്തിയിട്ടുള്ളത്. സ.ഉ(കൈ)നം.86/2022/എൽഎസ്ജിഡി തീയതി 19.4.2022 പദ്ധതി മാർഗ്ഗരേഖ, ഖണ്ഡിക 12.3 (1-15) പ്രകാരം ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കലിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവിടെ പ്രസക്തമായവ താഴെ ചേർക്കുന്നു.

1. പദ്ധതിക്ക് വ്യാപകമായ പ്രചാരണം നൽകണം.

2. അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡം അനുസരിച്ച് മാർക്ക് നൽകി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം.

3. പ്രസ്തുത ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ച് മിനിറ്റ്സിൽ രേഖപ്പെടുത്തണം.

4. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തദ്ദേശ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം.

മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ/മുൻഗണനാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. വ്യാപക പ്രചാരണം നൽകിയിരുന്നുവെങ്കിൽ പദ്ധതി ലക്ഷ്യം കാണുമായിരുന്നു. സമഗ്ര പച്ചക്കറി വികസനം ലക്ഷ്യമായിക്കണ്ട് ആവിഷ്കരിച്ച പദ്ധതിക്ക്, പദ്ധതിത്തുകയുടെ വെറും 30.82% മാത്രം ആണ് വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ സമഗ്രപച്ചക്കറി വികസന പദ്ധതി ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടാതെ പോയി എന്നത് വ്യക്തമാണ്. പദ്ധതിയുടെ വിജയത്തിന് തുടർ മോണിറ്ററിംഗ് ആവശ്യമായിരുന്നു. എന്നാൽ തുടർ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.71/2022-23 തീയതി 25.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷ സ്വീകരിക്കുന്നതു മുതൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും, വിതരണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലുമുൾപ്പെടെ പാളിച്ച സംഭവിച്ചിട്ടുണ്ട്. പദ്ധതിത്തുകയുടെ 30% മാത്രം ചെലവഴിച്ച്, ഗുണഭോക്തൃലിസ്റ്റിലെ അപേക്ഷകരിൽ 46% പേർക്ക് മാത്രം പ്രയോജനപ്പെട്ട ഒരു പദ്ധതി എന്ന നിലയിൽ "സമഗ്രപച്ചക്കറി വികസന പദ്ധതി" ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതും, അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-21 ഗുണഭോക്തൃ വിഹിതം അധികമായി സ്വീകരിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്ര പച്ചക്കറി വികസന പദ്ധതി |

| | |
|---|---|
| പ്രോജക്ട് നം: | എസ്.379/23 - വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ |
| അടങ്കൽ തുക: | (67,00,000+ 25,00,000)<br>92,00,000/- രൂപ |
| ചെലവഴിച്ച തുക: | 28,35,891/- രൂപ |
| ബിൽ നമ്പർ/ തീയതി/തുക | 5/9.3.2023 - 676383/- രൂപ<br>6/9.3.2023 - 121875/- രൂപ<br>7/9.3.2023 - 676383/- രൂപ<br>8/25.3.2023 - 624375/- രൂപ<br>10/30.3.2023 - 624375/- രൂപ<br>11/30.3.2023 - 112500/- രൂപ<br>ആകെ = 28,35,891/- |

കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ടെൻഡർ വഴി തെരഞ്ഞെടുത്ത കാവേരി ഫെർട്ടിലൈസേഴ്സ് ഇൻഡസ്ട്രീസും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡും സമർപ്പിച്ച ബില്ലുകളുടെ ആകെ തുക 37,81,204/- രൂപയാണ്. ആയതിന്റെ 75% (2835891/- രൂപ) ആണ് ടി സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്നതിൽ നിന്നും നൽകേണ്ടതാണ്. 9,45,313/- രൂപ (3781204 – 2835891)യാണ് ഗുണഭോക്തൃ വിഹിതമായി വരേണ്ടത്. ഹാജരാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിരിക്കുന്നത് 9,46,068.75 രൂപയാണ്. അതായത് 756/- രൂപയുടെ വ്യത്യാസം കാണുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.71/2022-23 തീയതി 25.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-22 സമഗ്രപച്ചക്കറി വികസന പദ്ധതി ഗുണഭോക്താക്കൾക്ക് പച്ചക്കറിയൂണിറ്റുകൾ വിതരണം ചെയ്തില്ല. 4,68,875/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | സമഗ്ര പച്ചക്കറി വികസന പദ്ധതി |
| | |
| പ്രോജക്ട് നം: | എസ്.379/23 (വികസന ഫണ്ട്) |
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ |
| | |
| അടങ്കൽ തുക: | (67,00,000+ 25,00,000) 92,00,000/- രൂപ |
| | |
| ചെലവഴിച്ച തുക: | 28,35,891/- രൂപ |
| | |
| ബിൽ നമ്പർ/ തീയതി/തുക | 5/9.3.2023 - 676383/- രൂപ<br>6/9.3.2023 - 121875/- രൂപ<br>7/9.3.2023 - 676383/- രൂപ<br>8/25.3.2023 - 624375/- രൂപ<br>10/30.3.2023 - 624375/- രൂപ<br>11/30.3.2023 - 112500/- രൂപ<br>ആകെ = 28,35,891/- |

സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി, 15 ചെടിച്ചട്ടികൾ, ആവശ്യമായ നടീൽമിശ്രിതം, കീടനാശിനി, വളം, പച്ചക്കറിത്തൈകൾ എന്നിവ അടങ്ങിയ ഒരു പച്ചക്കറി യൂണിറ്റിന് 3025.00 രൂപ വില വരുന്നുണ്ട്. ടി പച്ചക്കറി യൂണിറ്റ് വാങ്ങുന്നതിന് 1251 ഗുണഭോക്താക്കളാണ് 756.25 രൂപ വീതം ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ളത്. ഇവരിൽ നിന്നും രസീത് നൽകി സ്വീകരിച്ച ആകെ തുക 9,46,068.75 രൂപയാണ് (1251x756.25=946068.75). കൃഷി വികസന ഓഫീസർ ഓഡിറ്റിൽ ഹാജരാക്കിയ വിതരണ ലിസ്റ്റ് പ്രകാരം ഓരോ ഡിവിഷനിലേയ്ക്കും വിതരണം ചെയ്യാനായി കൗൺസിലർമാരെ ഏൽപ്പിച്ച യൂണിറ്റുകളുടെ എണ്ണം 1096 ആണ്. (1096 X 756.25 = 8,28,850/-) (വിതരണ ലിസ്റ്റ് – ഖണ്ഡിക 1-20 പട്ടിക കാണുക) 1251 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം ഒടുക്കു വരുത്തിയിട്ടും 1096 എണ്ണം മാത്രമേ വിതരണം ചെയ്തുള്ളൂ, അതായത് 155 യൂണിറ്റ് വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. 1,17,218.75 രൂപ ഗുണഭോക്തൃ വിഹിതമടച്ച 155 ഗുണഭോക്താക്കൾക്ക് അവകാശപ്പെട്ട യൂണിറ്റുകൾ എന്തുകൊണ്ടു വിതരണം ചെയ്തില്ല എന്നും പ്രസ്തുത 155 യൂണിറ്റുകൾക്ക് എന്തു സംഭവിച്ചു എന്നും വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.71/2022-23 തീയതി 25.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 155 യൂണിറ്റുകളുടെ വിലയായ (ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ 1,17,218.75

രൂപയും പച്ചക്കറി യൂണിറ്റ് വാങ്ങിയ വകയിൽ സ്ഥാപനങ്ങൾക്ക് നൽകിയ 3,51,656.25 രൂപയും ഉൾപ്പെടെ) 4,68,875.00 രൂപ തടസ്സപ്പെടുത്തുന്നു.

1-23 വാഴക്കന്ന് വിതരണം - രേഖകൾ ഹാജരാക്കിയില്ല- ചെലവഴിച്ച തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | കുടുംബശ്രീ യൂണിറ്റുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ -ക്ക് വാഴക്കന്ന് വിതരണം. |
| പ്രോജക്ട് നം: | 6/2023 – വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ. |
| അടങ്കൽ തുക: | 4,00,000/- |
| ചെലവഴിച്ച തുക: | 4,00,000/- |
| ബിൽ നമ്പർ/ തീയതി /തുക | 1/ 2.12.2022 - 4,00,000/- രൂപ |

കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്വയം സഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ വഴി നഗരപരിധിയിൽ വാഴകൃഷി വ്യാപിക്കുന്നതിനായി വിഭാവനം ചെയ്തതാണ് ഈ പദ്ധതി. പ്രസ്തുത ഗ്രൂപ്പുകൾക്ക് വാഴക്കന്നുകൾ 100% സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണ് ഇത്. ഒന്നിന് 16/- രൂപ നിരക്കിൽ 25,000/-എണ്ണം ടിഷ്യൂക്കൾച്ചർ വാഴക്കന്നുകൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ(VFPCK) നിന്നും ഇൻവോയ്സ് നം.EKM-22223/PI074 Dtd 22.11.2022പ്രകാരം വാങ്ങിയതായി കാണുന്നു. VFPCK യിൽ നിന്നും വാങ്ങിയ വാഴത്തൈകൾ സ്റ്റോക്കിലെടുത്തതായുള്ള കൃഷി ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തവ രേഖപ്പെടുത്തുന്ന വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്താക്കളായ കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്വയം സഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ വാഴക്കന്നുകൾ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രേഖകൾ, ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഏതെല്ലാം കുടുംബശ്രീ യൂണിറ്റുകൾ, റെസിഡൻസ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ എന്നോ, അവയെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെന്നോ, എത്ര വീതം വാഴക്കന്നുകൾ ടി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തുവെന്നോ തെളിയിക്കുന്ന

രേഖകളൊന്നും തന്നെ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 89/2022-23 തീയതി 02.12.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ, പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല എന്ന അനുമാനത്തിൽ ചെലവഴിച്ച തുകയായ 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി പ്രകാരമുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 കിഴങ്ങു വർഗ്ഗ നടീൽ വസ്തുക്കൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല – ചെലവഴിച്ച തുകയായ 7,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | റെസിഡന്റ്സ് അസോസിയേഷനുകൾക്ക് പച്ചക്കറിത്തൈകൾ, കിഴങ്ങു വർഗ്ഗ നടീൽ വസ്തുക്കൾ വിതരണം. |
| പ്രോജക്ട് നം: | 7/2023 – വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ |
| അടങ്കൽ തുക: | 7,00,000/- |
| ചെലവഴിച്ച തുക: | 7,00,000/- |
| ബിൽ നമ്പർ/ തീയതി /തുക | 2/ 2.12.2022 - 7,00,000/- രൂപ |

പച്ചക്കറിത്തൈകൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി പ്രകാരം 100% സബ്സിഡി നിരക്കിൽ പച്ചക്കറിത്തൈകളും കിഴങ്ങുവർഗ്ഗങ്ങളും റെസിഡന്റ്സ് അസോസിയേഷനുകൾ വഴി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതി പ്രകാരം പച്ചക്കറിത്തൈകൾ കൂടി വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും കിഴങ്ങു വർഗ്ഗങ്ങൾ മാത്രമേ വാങ്ങിയിട്ടുള്ളതായി കാണുന്നുള്ളൂ. ചേന (കി.ഗ്രാമിന് 40/- രൂപ പ്രകാരം 4200 കിലോഗ്രാം), ചേമ്പ് (കി.ഗ്രാമിന് 70/- രൂപ നിരക്കിൽ 2800 കി.ഗ്രാം), ഇഞ്ചി (കി.ഗ്രാമിന് 80/- രൂപ നിരക്കിൽ 2800 കി.ഗ്രാം), മഞ്ഞൾ (കി.ഗ്രാമിന് 40/- രൂപ നിരക്കിൽ 2800 കി.ഗ്രാം) എന്നിവയുടെ നടീൽ വസ്തുക്കൾ എറണാകുളം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ (VFPCK) നിന്നും ഇൻവോയ്സ് നം.EKM 22223/PI075 Dtd. 22.11.2022പ്രകാരം വാങ്ങിയതായി

കാണുന്നു. VFPCK യിൽ നിന്നും വാങ്ങിയ പ്രസ്തുത നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്തതായുള്ള കൃഷി ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ, നടീൽ വസ്തുക്കൾ റെസിഡന്റ്സ് അസോസിയേഷനുകൾക്ക് വിതരണം ചെയ്തത് രേഖപ്പെടുത്തേണ്ട വിതരണ രജിസ്റ്റർ, റസിഡന്റ്സ് അസോസിയേഷനുകൾ കിഴങ്ങു വർഗ്ഗങ്ങളുടെ നടീൽ വസ്തുക്കൾ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. റെസിഡന്റ്സ് അസോസിയേഷനുകൾക്ക് പ്രസ്തുത നടീൽ വസ്തുക്കൾ വിതരണം ചെയ്തതായി യാതൊരു രേഖയും ഇല്ല. പദ്ധതിയുടെ ഗുണഭോക്താക്കളായ റസിഡന്റ്സ് അസോസിയേഷനുകളുടെ ഡിവിഷൻ തിരിച്ചുള്ള ലിസ്റ്റ്, ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിവിധയിനം കിഴങ്ങുവർഗ്ഗങ്ങൾ വാങ്ങിയത് ആകെ 12,600 കി.ഗ്രാം ഉണ്ട്. ഇവ ഏതൊക്കെ ഇനം എത്ര കിലോഗ്രാം വീതം ഏതൊക്കെ റസിഡന്റ്സ് അസോസിയേഷനുകൾക്ക് വിതരണം ചെയ്തു എന്നും, പദ്ധതിയുടെ ഗുണഭോക്താക്കളായ റെസിഡന്റ്സ് അസോസിയേഷനുകളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 90/2022-23 തീയതി 2.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതി പ്രകാരം റെസിഡൻറ്സ് അസോസിയേഷനുകൾക്ക് കിഴങ്ങു വർഗ്ഗ നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടില്ല എന്ന അനുമാനത്തിൽ ചെലവഴിച്ച തുകയായ 7,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 രേഖകൾ ഹാജരാക്കിയില്ല – ചെലവഴിച്ച തുകയായ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | ഞങ്ങളും കൃഷിയിലേയ്ക്ക്-നടീൽ വസ്തുക്കൾ വിതരണം. |
| പ്രോജക്ട് നം: | എസ്-382 – വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ. |
| അടങ്കൽ തുക: | 2,00,000/- |
| ചെലവഴിച്ച തുക: | 2,00,000/- |
| ബിൽ നം./തീയതി/തുക | 1453/09.03.2023 തുക 2,00,000/- |

കൃഷി വികസനത്തിനായി ഗുണഭോക്താക്കളായ വനിതകളുടെ ഗ്രൂപ്പുകൾക്ക് വാഴക്കന്ന്, പച്ചക്കറിത്തൈകൾ എന്നിവ 100% സബ്സിഡി നിരക്കിൽ നൽകുന്നതാണ് ഈ പദ്ധതി. ഇതിൽ നഗരപരിധിയിൽ താമസിക്കുന്നവരും കുടുംബശ്രീ അംഗങ്ങളുമായ വനിതകളുടെ ഗ്രൂപ്പുകൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ഒന്നിന് 16/- രൂപ നിരക്കിൽ 3125എണ്ണം വാഴക്കന്നുകൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ(VFPCK) നിന്നും(ഇൻവോയ്സ് നം.EKM22223/I126 Dtd

6.2.2023) 50000 എണ്ണം പച്ചക്കറിത്തൈകൾ ഒന്നിന് 3 രൂപയ്ക്ക് ഗവ. കോക്കനട്ട് നഴ്സറിയിൽ നിന്നും (ഇൻവോയ്സ് നം.CN78/2022-23 Dtd 7.2.2023) വിതരണത്തിനായി വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കൃഷി ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ, വനിതാഗ്രൂപ്പുകൾക്ക് വിതരണം ചെയ്തു രേഖപ്പെടുത്തേണ്ട വിതരണ രജിസ്റ്റർ, വനിതാ ഗ്രൂപ്പുകൾ നടീൽ വസ്തുക്കൾ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രേഖകൾ, ഗുണഭോക്താക്കളായ വനിതാ ഗ്രൂപ്പുകളുടെ ലിസ്റ്റ്, തെരഞ്ഞെടുത്ത മാനദണ്ഡം തെളിയിക്കുന്ന രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 88/2022-23തീയതി 02.12.2023 പ്രകാരം നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഗുണഭോക്താക്കളായ വനിതകളുടെ ഗ്രൂപ്പുകൾക്ക് വാഴക്കന്ന്, പച്ചക്കറിത്തൈകൾ തുടങ്ങിയവ വിതരണം ചെയ്യുന്ന പദ്ധതിയുടെ പ്രയോജനം ലഭിച്ചില്ലെന്നുള്ള അനുമാനത്തിൽ ചെലവഴിച്ച തുകയായ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-26 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകി - ₹2,52,689/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 478/23 |
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ<br>(ക്ഷീരവികസനം) |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ തുക | ₹6,00,000/- (വികസന ഫണ്ട്) |
| ചെലവ് | ₹5,60,005/- |
| തുക<br>ബിൽ നം. /തീയതി | 1. ₹4,06,861/-, 484/25.01.23<br>2. ₹64524/- , 1252/03.02.23<br>3. ₹56733/- , 1443/04.03.23<br>4. ₹13464/- , 1663/22.03.23<br>5.₹18423/- , 1664/22.03.23 |

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ "ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി"

എന്ന പ്രോജക്ടിന്റെ ഫയലുകളും, വാർഡ് സഭാ അംഗീകാരമുള്ള അന്തിമ ഗുണഭോക്തൃ ലിസ്റ്റും (കൗൺസിൽ തീരുമാന നമ്പർ 2/14.11.2022) പ്രോജക്ടിനോടനുബന്ധിച്ചുള്ള മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകരെ ഒഴിവാക്കി, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ഷീരകർഷകർക്ക്, പാലിന് സബ്സിഡി നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സബ്സിഡി ലഭിക്കാത്തവർ | ക്രമ നം. | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ സബ്സിഡി ലഭിച്ചവർ |
|---|---|---|---|
| 1. | ആലീസ് വർഗീസ് | 1. | സിറിൾ പി.ഡി. |
| 2. | വി.കെ. അംബിക സുകുമാരൻ | 2. | അംബിക കുമാരൻ |
| 3. | സന്ധ്യ പി.എസ്. | 3. | ജോസ്ലിൻ ജോൺ |
| 4. | മഞ്ജു അൻവർ ഹുസൈൻ | 4. | വർഗീസ് സേവ്യർ |
| 5. | സനുജ | 5. | മാത്യു പി.പി. |
| 6. | ഷംലത്ത് | 6. | ജയരാജൻ |
| 7. | സി.എം. ജോബ് തോമസ് | 7. | വേണു എൻ.പി. |
| 8. | ഫമി ഫെർണാണ്ടസ് | 8. | ദിവേഷ് എൻ.പൈ. |
| 9. | ഷീബ ലാലു | 9. | സുരേഷ് കെ.എ. |
| 10. | ആനി സിൽക്കൻ | 10. | ബിന്ദു സജീവ് |
| 11. | ആമിന | 11. | കെ.കെ. പ്രസാദ് |
| 12. | റീന ജോർജ്ജ് | 12. | ജോസഫ് വിപിൻ |
| 13. | മേരി ഫ്രാൻസീസ് | 13. | ഉല്ലാസൻ |
| | | 14. | സി.എം. ജോർജ്ജ് |
| | | 15. | തോമസ് സി.എം. |
| | | 16. | ബിനു ജോൺ |

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.36/17.10.2023)-ക്കുള്ള മറുപടിയോടൊപ്പം ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റ്, പദ്ധതി

നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥന് നൽകിയ ലിസ്റ്റിൽ നിന്നും വ്യത്യസ്തമായതും, വാർഡ് സഭാ അംഗീകാരമില്ലാത്തതുമാണ്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർക്ക് സബ്സിഡി നൽകാതിരുന്നതിന്റേയും, ഉൾപ്പെടാത്തവർക്ക് സബ്സിഡി നൽകിയതിന്റേയും കാരണം വിശദമാക്കേണ്ടതാണ്. സ.ഉ.(കൈ)നം.86/2022/എൽ.എസ്. ജി.ഡി. തീയതി 19.04.2022 ലെ ഖ.നം.12.3 പ്രകാരം അർഹരായവരെ കൂട്ടിച്ചേർക്കുന്നതിന് വാർഡ് സഭാ അംഗീകാരം ആവശ്യമാണ്. അതിനാൽ വാർഡ്സഭ അംഗീകരിക്കാത്ത ക്ഷീരകർഷകർക്ക് വിതരണം ചെയ്ത സബ്സിഡി ചെലവ് തുക ₹2,52,689/- തടസ്സപ്പെടുത്തുന്നു.

മേൽ സൂചിത സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-27 ഫലവൃക്ഷത്തൈകൾ വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | ഫലവൃക്ഷത്തൈകൾ വിതരണം |
| പ്രോജക്ട് നം: | എസ്.383/23 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ |
| അടങ്കൽ തുക: | (15,00,000/- + 6,00,000/-) 21,00,000/- രൂപ |
| ചെലവഴിച്ച തുക: | 2,00,062/- രൂപ |
| ബിൽ നമ്പർ/ തീയതി /തുക | 4/9.3.2023 - 103125/- രൂപ<br>9/27.3.2023 - 82500/- രൂപ<br>12/30.3.2023 - 14437/- രൂപ<br>ആകെ = 2,00,062/- രൂപ |

നഗരപരിധിയിൽ താമസിക്കുന്ന ഭൂമിയുള്ളവർക്കും, ടെറസ് കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവർക്കും, വീട്ടമ്മമാർക്കും പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണ് ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതി. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താവിന് വിയറ്റ്നാം ഏർലി ഇനം പ്ലാവിൻ തൈ (1എണ്ണം), മലയൻ ഓറഞ്ച് ഇനത്തിൽപ്പെട്ട തെങ്ങിൻ തൈ (1 എണ്ണം), മൺചട്ടിയിലെ കുറ്റിക്കുരുമുളക് തൈ (1 എണ്ണം) ഫലവൃക്ഷത്തൈകൾ അടങ്ങിയ ഒരു യൂണിറ്റ് നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. ടി പദ്ധതിക്ക് ആവശ്യമായ ഫലവൃക്ഷത്തൈകൾ സപ്ലൈ ചെയ്യുന്നതിന് 10.02.2023 ലെ കൗൺസിൽ തീരുമാനപ്രകാരം കേരള സർക്കാർ

സ്ഥാപനമായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. പ്ലാവിൻ തൈ ഒന്നിന് 150/- രൂപ, തെങ്ങിൻ തൈ ഒന്നിന് 150/- രൂപ, കുറ്റിക്കുരുമുളക് (ചട്ടിയുൾപ്പെടെ)ഒന്നിന് 250/- രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഫലവൃക്ഷത്തൈകളുടെ ഒരു യൂണിറ്റിന് VFPCKയ്ക്ക് നൽകേണ്ട ആകെ തുക 550/- രൂപയാണ്. ആയതിന്റെ 75% തുക 412.50 രൂപ പദ്ധതി വിഹിതവും 25% ആയ 137.50 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

പദ്ധതി പ്രകാരം ഒരോ ഡിവിഷനിലും അപേക്ഷ നൽകി ഗുണഭോക്തൃ വിഹിതമടച്ച് രജിസ്റ്റർ ചെയ്ത 472 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈ യൂണിറ്റ് വിതരണം ചെയ്യുന്നതിന് അതാത് ഡിവിഷൻ കൗൺസിലർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഓരോ ഡിവിഷനിലും ഫലവൃക്ഷത്തൈ യൂണിറ്റിന് അപേക്ഷിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റും കൗൺസിലർമാർ വഴി ഗുണേഭോക്താക്കൾക്ക് വിതരണം ചെയ്ത യൂണിറ്റിന്റെ എണ്ണവും സൂചിപ്പിക്കുന്ന ലിസ്റ്റ് താഴെ ചേർക്കുന്നു.

| ഡിവി. നം | ഡിവിഷന്റെ പേര് | കൈപ്പറ്റിയ കൗൺസിലർ | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വരുടെ എണ്ണം | കൗൺസിലർമാർ വഴി വിതരണം ചെയ്തത് |
|---|---|---|---|---|
| 1 | ഫോർട്ടുകൊച്ചി | അഡ്വ. ആന്റണി കുരീത്തറ | 6 | 0 |
| 2 | കൽവത്തി | ശ്രീ. റ്റി.കെ. അഷറഫ് | 60 | 0 |
| 3. | ഈരവേലി | ശ്രീ. ഇസ്മുദ്ദീൻ പി.എം | 0 | 0 |
| 4. | കരിപ്പാലം | ശ്രീ. കെ.എ മനാഫ് | 3 | 9 |
| 5. | മട്ടാഞ്ചേരി | ശ്രീമതി കെ.എ അൻസിയ | 2 | 2 |
| 6. | കൊച്ചങ്ങാടി | ശ്രീ.എം.എച്ച്എംഅഷറഫ് | 0 | 0 |
| 7. | ചെറളായി | ശ്രീ രഘുരാമപൈ. ജെ | 0 | 0 |
| 8. | പനയപ്പിള്ളി | ശ്രീ. സുനിൽമോൻ | 21 | 18 |
| 9. | ചക്കാമാടം | ശ്രീ. ഹബീബുള്ള | 0 | 0 |
| 10. | കരുവേലിപ്പടി | ശ്രീ ബാസ്റ്റിൻ ബാബു | 5 | 0 |
| 11 | തോപ്പുംപടി | ശ്രീമതി ഷീബ ഡുറോം | 3 | 0 |

| | | | | |
|---|---|---|---|---|
| 12 | തറേഭാഗം | ശ്രീ സോണി കെ ഫ്രാൻസിസ് | 5 | 12 |
| 13. | കടേഭാഗം | ശ്രീ. വി.എ ശ്രീജിത്ത് | 0 | 0 |
| 14. | തഴപ്പ് | ശ്രീമതി ലൈലാ ദാസ് | 0 | 4 |
| 15. | ഇടക്കൊച്ചി വടക്ക് | ശ്രീമതി ജീജ ടെൻസൻ | 22 | 18 |
| 16 | ഇടക്കൊച്ചി തെക്ക് | ശ്രീ അഭിലാഷ് തോപ്പിൽ | 72 | 0 |
| 17. | പെരുമ്പടപ്പ് | സി.എൻ. രഞ്ജിത്ത് മാസ്റ്റർ | 8 | 7 |
| 18 | കോണം | അഡ്വ. അശ്വതി വത്സൻ | 4 | 5 |
| 19. | പള്ളുരുത്തി | ശ്രീമതി പി.ആർ. രചന | 0 | 0 |
| 20. | നമ്പ്യാപുരം | അഡ്വ. പി.എസ്. വിജു | 0 | 0 |
| 21 | പുല്ലാർദേശം | ശ്രീ. സി.ആർ. സുധീർ | 0 | 0 |
| 22 | മുണ്ടംവേലി | ശ്രീമതി മേരി കലിസ്റ്റ പ്രകാശൻ | 2 | 27 |
| 23 | മാനാശ്ശേരി | ശ്രീ. കെ.പി. ആന്റണി | 17 | 0 |
| 24 | മൂലംകുഴി | ശ്രീമതി ഷൈല തദേവൂസ് | 7 | 2 |
| 25 | ചുള്ളിക്കൽ | ശ്രീമതി റെഡിന ആന്റണി | 6 | 2 |
| 26 | നസ്രത്ത് | ശ്രീമതി ഷീബ ലാൽ | 7 | 5 |
| 27 | ഫോർട്ട്കൊച്ചി വെളി | ശ്രീ ബെനഡിക്റ്റ് ഫെർണാണ്ടസ് | 62 | 14 |
| 28 | അമരാവതി | അഡ്വ. പ്രിയ പ്രശാന്ത് | 15 | 13 |
| 29 | ഐലന്റ് നോർത്ത് | ശ്രീമതി പത്മകുമാരി ടി. | 10 | 13 |
| 30 | ഐലന്റ് സൗത്ത് | ശ്രീ റ്റിബിൻ ദേവസി | 0 | 0 |

| | | | | |
|---|---|---|---|---|
| 31 | വടുതല വെസ്റ്റ് | ശ്രീ. ഹെൻറി ഓസ്റ്റിൻ | 78 | 31 |
| 32 | വടുതല വെസ്റ്റ് | ശ്രീമതി ബിന്ദു മണി | 23 | 10 |
| 33 | എളമക്കര നോർത്ത് | അഡ്വ. എം. അനിൽകുമാർ | 2 | 0 |
| 34 | പുതുക്കലവട്ടം | സീന ടീച്ചർ | 7 | 6 |
| 35 | പോണേക്കര | ശ്രീ. പയസ് ജോസഫ് | 7 | 5 |
| 36 | കുന്നുംപുറം | ശ്രീമതി ജഗദംബിക | 3 | 0 |
| 37 | ഇടപ്പള്ളി | ശ്രീമതി ദീപാവർമ | 8 | 3 |
| 38 | ദേവൻകുളങ്ങര | ശ്രീമതി ശാന്ത വിജയൻ | 1 | 1 |
| 39 | കറുകപ്പിള്ളി | അഡ്വ. ദീപ്തി മേരി വർഗ്ഗീസ് | 0 | 2 |
| 40 | മാമംഗലം | അഡ്വ. മിനിമോൾ വി.കെ. | 10 | 6 |
| 41 | പാടിവട്ടം | ശ്രീ. ആർ. രതീഷ് | 3 | 2 |
| 42 | വെണ്ണല | ശ്രീമതി സി.ഡി. വത്സലകുമാരി | 10 | 5 |
| 43 | പാലാരിവട്ടം | ശ്രീ ജോജി കുരിക്കോട്ട് | 80 | 0 |
| 44 | കാരണക്കോടം | ശ്രീ ജോർജ്ജ് നാനാട്ട് | 8 | 0 |
| 45 | തമ്മനം | ശ്രീ സക്കീർ തമ്മനം | 19 | 9 |
| 46 | ചക്കരപറമ്പ് | ശ്രീ കെ.ബി. ഹർഷൽ | 18 | 17 |
| 47 | ചളിക്കവട്ടം | ശ്രീ. എ.ആർ. പത്മദാസ് | 7 | 0 |
| 48 | പൊന്നുരുന്നി ഈസ്റ്റ് | അഡ്വ. ദിപിൻ ദിലീപ് | 13 | 10 |
| 49 | വൈറ്റില | ശ്രീമതി സുനിത ഡിക്സൻ | 0 | 0 |
| 50 | ചമ്പക്കര | ഡോ. ഷൈലജ | 17 | 12 |
| 51 | പൂണിത്തുറ | മേഴ്സി ടീച്ചർ | 15 | 22 |
| 52 | വൈറ്റില ജനത | സോണി ജോസഫ് | 14 | 11 |

| | | | | |
|---|---|---|---|---|
| 53 | പൊന്നുരുന്നി | ശ്രീമതി സി.ഡി. ബിന്ദു | 41 | 15 |
| 54 | എളംകുളം | ശ്രീ ആന്റണി പൈനുതറ | 23 | 12 |
| 55 | ഗിരിനഗർ | ശ്രീമതി മാലിനി കുറുപ്പ് | 25 | 7 |
| 56 | പനമ്പിള്ളി നഗർ | അഞ്ജന ടീച്ചർ | 8 | 5 |
| 57 | കടവന്ത്ര | ശ്രീമതി സുജ ലോനപ്പൻ | 0 | 2 |
| 58 | കോന്തുരുത്തി | ശ്രീമതി ബെൻസി ബെന്നി | 12 | 9 |
| 59 | തേവര | ശ്രീ പി.ആർ റെനീഷ് | 54 | 29 |
| 60 | പെരുമാനൂർ | ലതിക ടീച്ചർ | 8 | 6 |
| 61 | രവിപുരം | ശ്രീമതി എസ്. ശശികല | 4 | 0 |
| 62 | എറണാകുളം സൗത്ത് | ശ്രീമതി മിനി ആർ. മേനോൻ | 3 | 3 |
| 63 | ഗാന്ധിനഗർ | ശ്രീ കെ.കെ. ശിവൻ | 0 | 0 |
| 64 | കതൃക്കടവ് | ശ്രീ എം.ജി. അരിസ്റ്റോട്ടിൽ | 22 | 30 |
| 65 | കലൂർ സൗത്ത് | ശ്രീമതി രജനി മണി | 7 | 6 |
| 66 | എറണാകുളം സെൻട്രൽ | ശ്രീമതി സുധ ദിലീപ് കുമാർ | 4 | 5 |
| 67 | എറണാകുളം നോർത്ത് | ശ്രീ മനു ജേക്കബ്ബ് | 0 | 0 |
| 68 | അയ്യപ്പൻകാവ് | ശ്രീമതി മിനി ദിലീപ് | 0 | 0 |
| 69 | തൃക്കണാർവട്ടം | ശ്രീമതി കാജൽ സലിം | 2 | 2 |
| 70 | കലൂർ നോർത്ത് | ശ്രീമതി ആഷിത യഹിയ | 3 | 6 |
| 71 | എളമക്കര സൗത്ത് | ശ്രീമതി സജിനി ജയചന്ദ്രൻ | 0 | 7 |
| 72 | പൊറ്റക്കുഴി | ശ്രീ സി.എ. ഷക്കീർ | 17 | 16 |
| 73 | പച്ചാളം | ശ്രീമതി മിന്ന വിവേര | 8 | 9 |

| | | | | |
|---|---|---|---|---|
| 74 | തട്ടാഴം | ശ്രീ വി.വി. പ്രവീൺ | 1 | 0 |
| | ആകെ | | 922 | 472 |

മേൽ പട്ടിക പരിശോധിച്ചതിൽ പല ഡിവിഷനുകളിലും ഒരാൾ പോലും ഗുണഭോക്തൃ ലിസ്റ്റിൽ ഇടം പിടിച്ചിട്ടില്ല. ഫലവൃക്ഷത്തൈ വിതരണം നടത്തിയിട്ടുമില്ല. ചില ഡിവിഷനുകളിൽ നിരവധി പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത ഗുണഭോക്താക്കൾ നിരവധിയാണ്. മറിച്ച് ചില ഡിവിഷനുകളിൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവർക്കും ഫലവൃക്ഷത്തൈ വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ മാനദണ്ഡങ്ങൾ പാലിക്കാതെ, ഗുണഭോക്തൃ ലിസ്റ്റിനെ അപ്രസക്തമാക്കിയാണ് പല ഡിവിഷനുകളിലും പദ്ധതി നടത്തിയിട്ടുള്ളത്. "ഫലവൃക്ഷത്തൈകൾ വിതരണം" എന്ന പദ്ധതിയുടെ അടങ്കൽ തുക, 15,00,000/- രൂപ പദ്ധതിവിഹിതവും ഗുണഭോക്തൃ വിഹിതമായ 6,00,000/- രൂപയുമുൾപ്പെടെ 21,00,000/- രൂപയാണ്. അതായത് അടങ്കൽ തുകയുടെ വെറും 9.53% മാത്രമായ 2,00,062/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ നിന്നും പദ്ധതി ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്. പദ്ധതിയുടെ വിജയത്തിന് തുടർ മോണിറ്ററിംഗ് നടത്തേണ്ടത് ആവശ്യമായിരുന്നു. എന്നാൽ തുടർ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഒന്നും ഇല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും തെരഞ്ഞെടുക്കപ്പെട്ടവരെ യഥാസമയം വിവരങ്ങൾ അറിയിക്കുന്നതിലും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിലും പാളിച്ച സംഭവിച്ചു. ഇത് നിർവ്വഹണോദ്യോഗസ്ഥന്റെയും നഗരസഭാ പ്ലാനിംഗ് വിഭാഗത്തിന്റെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്നു വ്യക്തമാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ ജനോപകാരപ്രദമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ വ്യത്യാസം -2,00,062/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്: | ഫലവൃക്ഷത്തൈകൾ വിതരണം |
| പ്രോജക്റ്റ് നം: | എസ്.383/23 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ |
| അടങ്കൽ തുക: | (15,00,000/- + 6,00,000/-) 21,00,000/- രൂപ |
| ചെലവഴിച്ച തുക: | 2,00,062/- രൂപ |

| | |
|---|---|
| ബിൽ നമ്പർ/ തീയതി/തുക | 4/9.3.2023 - 103125/- രൂപ<br>9/27.3.2023 - 82500/- രൂപ<br>12/30.3.2023 - 14437/- രൂപ<br>ആകെ = 2,00,062/- രൂപ |

നഗരപരിധിയിൽ താമസിക്കുന്നവർക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് 10.02.2023 ലെ കൗൺസിൽ തീരുമാനപ്രകാരം കേരള സർക്കാർ സ്ഥാപനമായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് വിയറ്റ്നാം ഏർലി പ്ലാവിൻ തൈ (1എണ്ണം), മലയൻ ഓറഞ്ച് ഇനത്തിൽ പെട്ട തെങ്ങിൻ തൈ (1 എണ്ണം), മൺചട്ടിയിലെ കുറ്റിക്കുരുമുളക് തൈ (1 എണ്ണം) എന്നിവയടങ്ങിയ ഒരു യൂണിറ്റ് ഫലവൃക്ഷത്തൈകൾക്ക് ആകെ വില 550/- രൂപയാണ്. ആയതിന്റെ 25% ആയ 137.50 രൂപയാണ് ഒരു ഗുണഭോക്താവ് അടയ്ക്കേണ്ടത്. ഹാജരാക്കിയ രസീത് ബുക്കുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചവർ 472 പേരാണ്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ(VFPCK) നൽകിയ 3 ഇൻവോയ്സ് പ്രകാരം ആകെ തുക 2,66,750/- രൂപയാണ്.

ഈ തുകയുടെ 75% ആയ 2,00,062.50 രൂപ പദ്ധതി വിഹിതവും 25% ആയ 66,687.50 രൂപ ഗുണഭോക്തൃവിഹിതവുമായാണ് നൽകേണ്ടത്. എന്നാൽ 472 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി ഈടാക്കിയത് 64,900/- രൂപയാണ്. യഥാർത്ഥത്തിൽ 485 ഗുണഭോക്താക്കൾക്കായിരുന്നു യൂണിറ്റ് വിതരണം നടത്തേണ്ടിയിരുന്നത്. സ്ഥാപനത്തിന് നൽകേണ്ട തുകയിൽ 1,787/- രൂപയുടെ വ്യത്യാസം വരുന്നുണ്ട്. വ്യത്യാസം വന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.73/2022-23 തീയതി 27.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃവിഹിതമായി നഗരസഭ രസീത് നൽകി പിരിച്ചെടുത്ത 64,900/- രൂപ സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന് നൽകിയ ആകെ തുകയുടെ രേഖകൾ, ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ (ചെക്ക്, ബാങ്ക് ട്രാൻസാക്ഷൻ രേഖകൾ) പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുകയായ 2,00,062/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ മാനദണ്ഡരേഖകൾ , സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്: | ഫലവൃക്ഷത്തൈകൾ വിതരണം |
| പ്രോജക്ട് നം: | എസ്.383/23 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | കൃഷി വികസന ഓഫീസർ/അസി.ഡയറക്ടർ |
| അടങ്കൽ തുക: | (15,00,000/- + 6,00,000/-)<br>21,00,000/- രൂപ |
| ചെലവഴിച്ച തുക: | 2,00,062/- രൂപ |
| ബിൽ നമ്പർ/ തീയതി/തുക | 4/9.3.2023 - 103125/- രൂപ<br>9/27.3.2023 - 82500/- രൂപ<br>12/30.3.2023 - 14437/- രൂപ<br>ആകെ = 2,00,062/- രൂപ |

നഗര പരിധിയിൽ താമസിക്കുന്നവർക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് ഒരു ഉപഭോക്താവിന് എത്ര മാർക്ക് ലഭിച്ചു എന്ന് ഗുണഭോക്തൃ ലിസ്റ്റിലെ മാർക്ക് രേഖപ്പെടുത്തേണ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത മാനദണ്ഡപ്രകാരമാണോ ഗുണഭോക്താക്കളെ നിശ്ചയിച്ചത് എന്നു വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ കണ്ടെത്താൻ പ്രോജക്ട് മാനദണ്ഡ പ്രകാരം നൽകേണ്ട മാർക്ക് താഴെ ചേർക്കുന്നു.

നഗരസഭ പരിധിയിൽ താമസിക്കുന്നവർ - 20 മാർക്ക്
സ്വന്തമായി കൃഷിഭൂമിയുള്ളവർ - 20 "
ടെറസ് കൃഷി ചെയ്യുന്നവർ - 20 "
സ്ത്രീ കുടുംബനാഥയായുള്ള കുടുംബം - 20 "
കൃഷി ചെയ്യുന്നവർ - 20 "

മുൻഗണനാ മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് സാധൂകരിക്കുന്ന രേഖകൾ (നഗരപരിധിൽ താമസിക്കുന്നവരാണോ, ടെറസ് വീടുള്ളവരാണോ, സ്വന്തമായി കൃഷിഭൂമി ഉള്ളവരാണോ, കൃഷി ചെയ്യുന്നവരാണോ എന്നൊക്കയുള്ള രേഖകൾ) ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, ഒരു ഇൻവോയ്സ് പ്രകാരം സ്ഥാപനം വിതരണം ചെയ്യുന്ന ഫലവൃക്ഷത്തൈകൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ കൈപ്പറ്റിയ ശേഷം അതാത് ദിവസത്തെ തീയതി രേഖപ്പെടുത്തി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഫലവൃക്ഷത്തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ടെങ്കിൽ എത്ര എണ്ണം വിതരണം ചെയ്തുവെന്നും ആർക്ക് വിതരണം ചെയ്തുവെന്നും സ്വീകരിക്കുന്നയാളുടെ ഒപ്പ്, കൈപ്പറ്റിയ തീയതി എന്നിവ സഹിതം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണം. സ്റ്റോക്ക് വിതരണം ചെയ്യുന്നതനുസരിച്ച് സ്റ്റോക്കിൽ കുറവു ചെയ്ത് രേഖപ്പെടുത്തണം. പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇവിടെ ബഹു. കൗൺസിലർമാർ വഴി ആണ് ഫലവൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടുള്ളത് എന്നാണ്

നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ കൗൺസിലർമാരുടെ ലിസ്റ്റിൽ നിന്നും മനസ്സിലാകുന്നത്. ഓരോ ഡിവിഷനിലും വിതരണം ചെയ്ത ലിസ്റ്റ് ഹാജരാക്കിയെങ്കിലും ആയത് ഗുണഭോക്തൃ വിഹിതം അടച്ചവർക്ക് ലഭിച്ചുവെന്നതിനുള്ള കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല. 74 ഡിവിഷനുകളുള്ളതിൽ 4-ാം ഡിവിഷനൊഴികെ ബാക്കി 73 ഡിവിഷനുകളും ഗുണഭോക്താക്കളുടെ കൈപ്പറ്റു രേഖകൾ ഹാജരാക്കിയിട്ടില്ല. മാനദണ്ഡ രേഖകൾ, വിതരണ രജിസ്റ്റർ, കൈപ്പറ്റു രേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 73/2022-23 തീയതി 27.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ കൈപ്പറ്റു രേഖകൾ ഹാജരാക്കേണ്ടതാണ്.

1-30 കോഴിയും കൂട്ടും പദ്ധതി-അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S0008/23 |
| പ്രോജക്ടിന്റെ പേര് | കോഴിയും കൂട്ടും പദ്ധതി |
| അടങ്കൽ | 265000/- |
| ചെലവ് | 38000/- ബിൽ നം. 1701/23.03.2023 |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |

കോഴിയും കൂട്ടും പദ്ധതി പ്രകാരം സ്വർണ്ണ പോൾട്രി ഫാം, വെസ്റ്റ് മോറക്കാല, കുമാരപുരം.പിഒ, പള്ളിക്കരയിൽ നിന്നും 20 മുട്ടക്കോഴികളെ 15.03.2023 ലെ ഇൻവോയ്സ് നം. 001670 പ്രകാരം വാങ്ങിയത് ഒന്നിന് 240/-രൂപ നിരക്കിലാണ് (ആകെ 4800/-). എറണാകുളം ജില്ലാതല വിദഗ്ധ സമിതിയുടെ 13.07.2022 ലെ 103578/22/ഡിപിസി/ ഡിപിഒ/ഇകെഎം നമ്പർ ഉത്തരവ് പ്രകാരം 4 മാസം പ്രായമായ മുട്ടക്കോഴികൾക്ക് നൽകാവുന്ന തുക 200/- രൂപയാണ്. മേൽ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് കൂടുതൽ തുക ചെലവഴിച്ചത് സംബന്ധിച്ച് 28.11.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 73) ക്ക്, പദ്ധതി പ്രകാരം നൽകുന്ന കോഴികൾ അടുക്കളമുറ്റത്തെ മുട്ടക്കോഴികളെപ്പോലെ സ്വയം തീറ്റ തേടാൻ പര്യാപ്തമല്ലാത്തതിനാലും, തീറ്റ വ്യതിയാനം കാരണം മരണം വരെ സംഭവിക്കാൻ സാധ്യത ഉള്ളതിനാലും ഫാമിലെ കോഴിത്തീറ്റ കൂടി പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയാണ് 240/- രൂപ നിരക്ക് നിശ്ചയിച്ചത് എന്നായിരുന്നു മറുപടി ലഭ്യമാക്കിയത്. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ കോഴിത്തീറ്റയുടെ വില

ഉൾപ്പെടുത്തരുതെന്ന നിബന്ധന വച്ചിട്ടില്ല എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. എന്നാൽ കോഴിത്തീറ്റ പദ്ധതിയുടെ ഭാഗമാക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള സൗകര്യം നൽകുകയായിരുന്നു ഉചിതം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 സ്വയംതൊഴിലിന് ഇ-ഓട്ടോ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ/പേര് | 938/23 സ്വയംതൊഴിലിന് ഇ-ഓട്ടോ |
| നിർവ്വഹണോദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| അടങ്കൽ | 74,00,000 |
| ചെലവ് | 4,50,000 |
| ചെലവ് വിവരം<br>(E Pay Bill Details) | Bill No. 2008/29.03.23 |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |

മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പദ്ധതി പ്രകാരം 9 പേർക്ക് ഇ-ഓട്ടോ വിതരണം ചെയ്യുന്നതിനായി, ഒരാൾക്ക് 50000/- നിരക്കിൽ സബ്സിഡി കണക്കാക്കി, 450000/- രൂപ (9x50000) കാനറ ബാങ്കിന് കൈമാറിയിരുന്നു. എന്നാൽ രേഖകൾ പ്രകാരം 8 പേർ മാത്രമാണ് വാഹനം കൈപ്പറ്റിയിട്ടുള്ളത്. ഇതിൽ നിന്നും ഒരാൾക്ക് വേണ്ടി നഗരസഭ ബാങ്കിന് കൈമാറിയ സബ്സിഡി തുക ബാങ്കിൽ നിഷ്ക്രിയമായി ശേഷിക്കുന്നു എന്ന് വ്യക്തമാണ്. വാഹനം ഗുണഭോക്താവിന് ലഭ്യമാക്കി, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിനോ, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ നഗരസഭ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

2. വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചിലരുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് താഴെ പറയും പ്രകാരം കാലഹരണപ്പെട്ടതായി കാണുന്നു.

മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പദ്ധതി പ്രകാരം 9 പേർക്ക് ഇ-ഓട്ടോ വിതരണം ചെയ്യുന്നതിനായി, ഒരാൾക്ക് 50000/- നിരക്കിൽ സബ്സിഡി കണക്കാക്കി, 450000/- രൂപ (9x50000) കാനറ ബാങ്കിന് കൈമാറിയിരുന്നു. എന്നാൽ രേഖകൾ പ്രകാരം 8 പേർ മാത്രമാണ് വാഹനം കൈപ്പറ്റിയിട്ടുള്ളത്. ഇതിൽ നിന്നും ഒരാൾക്ക് വേണ്ടി നഗരസഭ ബാങ്കിന് കൈമാറിയ സബ്സിഡി തുക ബാങ്കിൽ നിഷ്ക്രിയമായി ശേഷിക്കുന്നു എന്ന് വ്യക്തമാണ്. വാഹനം ഗുണഭോക്താവിന് ലഭ്യമാക്കി, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിനോ, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ നഗരസഭ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

2. വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചിലരുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് താഴെ പറയും പ്രകാരം കാലഹരണപ്പെട്ടതായി കാണുന്നു.

| ക്രമ നം. | പേരും വിലാസവും | കാലഹരണപ്പെട്ട തീയതി |
|---|---|---|
| 1 | ആന്റണി.എ.പി.,<br>അന്തിക്കാട് വീട്, കല്ലൂർ | 26.09.2021 |
| 2 | ശിവദാസ്.എസ്.,<br>പാലത്തിങ്കൽ, എളംകുളം | 27.12.2021 |

അപേക്ഷാ സമയത്ത് ഇവരുടെ ലൈസൻസ് കാലഹരണപ്പെട്ടതായിരുന്നിട്ടും ഗുണഭോക്താക്കളായി ഇവരെ പരിഗണിച്ചതിന് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. നിലവിൽ ഇവർക്ക് ലൈസൻസ് ഉണ്ടോ എന്നതിന്റെ വിവരവും ലഭ്യമായില്ല. മേൽ അപാകതകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 58/08.11.23)നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമായില്ല.

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ, കാലഹരണപ്പെട്ട ലൈസൻസുകൾ ഹാജരാക്കിയ 2 പേർക്ക് ആനുകൂല്യം നൽകുന്നതിനായി, സബ്സിഡിയിനത്തിൽ ചെലവാക്കിയ 1,00,000/-(50,000+50,000) രൂപയും, ബാങ്കിൽ നിന്നും ലഭ്യമാകാനുള്ള 50,000/-രൂപയും അടക്കം ആകെ 1,50,000/-ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-32 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം -നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജനകീയാസൂത്രണ പദ്ധതി - S. 1370/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| അടങ്കൽ | 3915000/-രൂപ |
| ചെലവഴിച്ച തുക | 3912500/- രൂപ<br>(978125/-രൂപ Bill No303084 Dt 7/3/23 ,978125/-രൂപ Bill No:303090 Dt 7/3/23,978125/-രൂപ Bill No:303094 Dt 7/3/23,978125/-രൂപ Bill No:-303099 Dt 7/3/23) |
| ഫണ്ടിനം | വികസന ഫണ്ട് (എസ് സി പി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23ൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (പ്രോജക്ട് S. 1370) ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടുമായി ബന്ധപ്പെട്ട് 100 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി GeM Portal വഴി Bid ക്ഷണിക്കുകയും 5 കമ്പനികൾ നിരക്കുകൾ സമർപ്പിക്കുകയും ആയതിൽ 2 കമ്പനികളെ (L1-Viswas Computers, L2 – Legendary Distributors) ആദ്യം Qualify ചെയ്യുകയും തുടർന്ന് Viswas Computers ഹാജരാക്കിയ MAF Certificate Orginal അല്ല എന്നും വേറെ ഏതോ കമ്പനിക്ക് നൽകിയ കരാറാണ് സമർപ്പിച്ചിരിക്കുന്നതെന്നും ടി വിവരം കമ്പനിയെ അറിയിച്ചപ്പോൾ കരാറിൽ നിന്നും പിൻവാങ്ങുന്നതായി വാക്കാൽ അറിയിച്ചതായും 04.02.2023ലെ പട്ടികജാതി വികസന ഓഫീസറുടെ കത്തിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനെ തുടർന്ന് Viswas Computersനെ Disqualify ചെയ്ത് Legendary Distributors ന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 10.02.2023ൽ ബിഡിന്റെ കാലാവധി അവസാനിക്കുന്നതിനാൽ പുതിയ ബിഡ് ചെയ്ത് അതേ സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തതിന്റെ അടിസ്ഥനത്തിൽ Legendary Distributorsന്റെ നിരക്കിന് 28.02.2023ലെ 74-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കാൻ കാലതാമസം വരുത്തി റീടെണ്ടർ നടപടികൾ സ്വീകരിക്കാതെ മത്സരാധിഷ്ഠിതമല്ലാതെ സ്ഥാപനത്തെ തിരഞ്ഞെടുക്കുന്ന രീതി അംഗീകരിക്കാൻ സാധ്യമല്ല. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് എന്നുറപ്പാക്കേണ്ടതാണ്.

2. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് പദ്ധതി മാർഗ്ഗരേഖ അനുബന്ധം - 4ലെ ലാപ്ടോപ്പിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ പ്രൊഡക്ടിന് ROHS Compliance & BIS Certification ഉണ്ടാവണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ Legendary Distributors കമ്പനിയുടെ പ്രൊഡക്ടിന് മേൽ സർട്ടിഫിക്കേഷൻ ഉള്ളതായി കാണുന്നില്ല.

3. ഗവ. സർക്കുലർ നം. 4212/AB1/14 LSGD തീയതി. 8.12.14 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ/ വാർഡ് സഭക്കാണെന്നും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും

ഭരണസമിതി അംഗങ്ങൾക്കുമായിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. കൗൺസിൽ അംഗീകാരം നൽകിയ 220പേർ അടങ്ങിയ ഗുണഭോക്തൃ ലിസ്റ്റിൽ നിരവധി അർഹതയുള്ള ഗുണഭോക്താക്കൾ അവശേഷിക്കുമ്പോൾ മേൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു വിദ്യാർത്ഥിക്ക് (ശ്രീലക്ഷ്മി കെ.എസ്. - കുഴികണ്ടത്തിൽ വീട്, കലൂർ, ഡിവിഷൻ - 64) 23.03.2023ന് ലാപ്ടോപ്പ് വിതരണം നടത്തിയതായി കാണുന്നു. തുടർന്ന് ടി വിദ്യാർത്ഥിയെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തി 24.8.2023ലെ 62-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയതായും കാണുന്നു. മെയിൻ ലിസ്റ്റിൽ അർഹരായ വിദ്യാർത്ഥികൾ അവശേഷിക്കുമ്പോൾ സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമല്ല.

4. കൊച്ചി നഗരസഭയിൽ സ്ഥിര താമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സർക്കാർ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ ബിരുദം, ബിരുദാനന്തര ബിരുദം, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, സി.എ. എന്നീ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി വിഭാവനം ചെയ്ത പ്രോജക്ടാണിത്. എന്നാൽ 100 ലാപ്ടോപ്പുകൾ 2023 മാർച്ചിൽ വിതരണം ചെയ്തതിൽ 13 വിദ്യാർത്ഥികളുടെ കോഴ്സ് 2023 മാർച്ച് മാസത്തോടെ അവസാനിക്കുന്നതായി കാണുന്നു. മേൽ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ ലാപ്ടോപ്പ് ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ്യം സാധ്യമാകുന്ന വിധത്തിൽ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ ലാപ്ടോപ്പ് ഉപയോഗിക്കാൻ സാധിക്കുന്ന വിധം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

5. ഒരു വിദ്യാർത്ഥി ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ/വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹരായിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതായും കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 54/2022-23 തീയതി 9/11/2023 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജനകീയാസൂത്രണ പദ്ധതി - S. 1375/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം |
| അടങ്കൽ | 90,00000/-രൂപ |
| ചെലവഴിച്ച തുക | 87,80000/- രൂപ<br>(710000/-രൂപ Bill No:873951 Dt7/12/22 ,<br>1165000/-രൂപ Bill No:903565 Dt 14/12/22,<br>630000/-രൂപ Bill No:903573 Dt 14/12/22,<br>690000/-രൂപ Bill No:-903567 Dt 14/12/22,<br>930000/-രൂപ Bill No:962564 Dt 27/12/22,<br>570000/-രൂപ Bill No:1072913 Dt 21/01/23,<br>410000/-രൂപ Bill No:236624 Dt 23/02/23,<br>995000/-രൂപ Bill No:325467 Dt 10/03/23,<br>985000/-രൂപ Bill No:325458 Dt 10/03/23,<br>475000/-രൂപ Bill No:409351 Dt 20/03/23,<br>405000/-രൂപ Bill No:409382 Dt 20/03/23,<br>415000/-രൂപ Bill No:455255 Dt 24/03/23,<br>170000/-രൂപ Bill No:455332 Dt 24/03/23,<br>185000/-രൂപ Bill No:491250 Dt27/03/23,<br>25000/-രൂപ Bill No:496310 Dt 21/03/23 ,<br>20000/-രൂപ Bill No:541814 Dt 28/03/23) |
| ഫണ്ടിനം | വികസന ഫണ്ട് (എസ് സി പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ്

കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും പദ്ധതി മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടാണിത്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 14.11.2022ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയ 313 പേർ അടങ്ങിയ ഗുണഭോക്തൃ ലിസ്റ്റിൽ വിദ്യാർത്ഥികളുടെ കോഴ്സ് ഡീറ്റെയിൽസ് രേഖപ്പെടുത്തിയിട്ടില്ല. ടി ലിസ്റ്റിൽ 10-ാം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾ വരെ ഉൾപ്പെട്ടിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആയതിനാൽ 313 പേർ അടങ്ങുന്ന ആദ്യ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 178 അർഹരായ ഗുണഭോക്താക്കൾക്ക് 21.01.2023 വരെ 46,95000/-രൂപയാണ് വിതരണം ചെയ്തത്. അർഹരായ ഗുണഭോക്താക്കളുടെ അഭാവം മൂലം 25.01.2023 ലെ ജന്മ ഭൂമി പത്രത്തിൽ പരസ്യം നൽകി സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കിയാണ് ബാക്കി 203 ഗുണഭോക്താക്കൾക്ക് 40,85000/-രൂപ വിതരണം ചെയ്തിരിക്കുന്നത്. 313 വിദ്യാർത്ഥികൾ അടങ്ങുന്ന ആദ്യ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 178 അർഹരായ വിദ്യാർത്ഥികളെ മാത്രമെ കണ്ടെത്താൻ സാധിച്ചുള്ളൂ എന്നതിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാര്യമായ വീഴ്ച വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. സപ്ലിമെന്ററി ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതായും കാണുന്നില്ല. തുക മുഴുവൻ വിതരണം ചെയ്തതിന് ശേഷം സപ്ലിമെന്ററി ഗുണഭോക്തൃ ലിസ്റ്റ് 24.08.2023ലെ 62-ാം നമ്പർ തീരുമാന പ്രകാരമാണ് കൗൺസിൽ അംഗീകാരം നൽകിയിരിക്കുന്നത്.

1. തുക വിതരണം ചെയ്ത ലിസ്റ്റിൽ ഗുണഭോക്താക്കളുടെ ഡിവിഷൻ രേഖപ്പെടുത്താത്തതിനാൽ ടി വിദ്യാർത്ഥികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്ന് ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

2. മിക്ക അപേക്ഷകളിലും അപേക്ഷ തീയതി രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

3. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ ഒട്ടുമിക്ക അപേക്ഷകളിലും നേറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതായി കാണുന്നു. ഒരാൾ ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ/ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹരായിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 35/2022-23 തീയതി 16.10.2023 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ

ഗുണഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് പദ്ധതി വിഭാവനം ചെയ്യുന്നതിലും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അപേക്ഷകളിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-34 ഫിഷറീസ് പ്രോജക്ടുകളിൽ വാർഡ് സഭാ മിനിട്സ് വിശദാംശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ വഴി നടപ്പാക്കിയ പ്രോജക്ടുകളായ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് 856/23, മുറ്റത്തൊരു മീൻ തോട്ടം എസ്. 878/23, അലങ്കാര മത്സ്യ വിത്ത് ഉത്പാദനവും വളർത്തലും എസ്. 952/23, വനിതകൾക്ക് മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കലും പരിശീലനവും 957/23 എന്നിവയുടെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകിയ വാർഡ് സഭാ മിനിട്സ് വിശദാംശങ്ങൾ തീയതി അടക്കം ഹാജരാക്കാൻ യഥാക്രമം ഓഡിറ്റ് എൻക്വയറി നം. 40,48,49,59 മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും അവ ഹാജരാക്കിയിട്ടില്ല. ഡിവിഷൻ കമ്മറ്റികളിൽ നിന്നും മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഗുണഭോക്തൃ ലിസ്റ്റ് തെരഞ്ഞെടുപ്പ് അംഗീകാരം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ അടിസ്ഥാന വാർഡ് സഭ/ ഗ്രാമ സഭകളിൽ നിന്നും നടത്തപ്പെടേണ്ടതാണ്. വികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലേക്ക് എന്ന ഗാന്ധിജി വിഭാവനം ചെയ്ത 'ഗ്രാമ സ്വരാജ്' തത്വം പ്രായോഗികവൽക്കരിക്കുകയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രഥമ ലക്ഷ്യം. അതിലൂടെ സമഗ്രമായ വികസനം ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് പൂർണ്ണമാവുക. ഓരോ പ്രദേശത്തിന്റെയും ആവശ്യകത അർഹതയുള്ള വിഭാഗങ്ങളിലേക്ക് എത്തിച്ചേരൽ എന്നിവ ഈ ഭരണ രീതിയുടെ പ്രത്യേകതകളാണ്. ആയതിനാൽ പ്രോജക്ട് നടപ്പിലാക്കുമ്പോഴും, വിഭാവനം ചെയ്യുമ്പോഴും അതതു പ്രദേശത്തെ ജനപങ്കാളിത്തമുള്ള അടിസ്ഥാന വാർഡ്/ ഗ്രാമ സഭകളിൽ വച്ച് അംഗീകാരം വാങ്ങിയത് ഉറപ്പ് വരുത്തേണ്ടതാണ്.

1-35 കൈമാറിക്കിട്ടിയ അലോപ്പതി ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം | 830/22-23 (ഫയൽ നം. ബി2/2819/22) |
| അടങ്കൽ | 77,00,000/-രൂ. (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 76,99,997/- രൂ. |

| | |
|---|---|
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |

കൊച്ചി നഗരസഭയിൽ, 2022-2023 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്റ്റിൽപ്പെടുത്തി പിആർഎഫ് 2191, 2026, 2181, 2202, 2844, 2189, 1798, 1748, 3698, 2564, 1758, 2418, 1827, 2524, 2259, 2214, 2129, 1748, എന്നീ ഇൻവോയ്സുകളും, 31,503/- രൂപയുടെ ബിൽ നം. 86/15-02-23 ഉൾപ്പെടെ, (74,68,494+31503= 74,99,997) മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 74,99,997/- രൂപയുടെ വിവിധങ്ങളായ 18 ബില്ലുകൾ നൽകിയിട്ടുണ്ട്. ആയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റേയോ, സ്റ്റോക്കിലെടുത്തതിന്റേയോ രേഖകളൊന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ടി ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ആയവ സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്നും, ഇത്രയധികം മരുന്നുകൾ കൃത്യമായ സമയത്ത് ലഭ്യമായില്ലയെങ്കിൽ ആയത് ആശുപത്രികളുടെ പ്രവർത്തനത്തെ തന്നെ സാരമായി ബാധിക്കുന്നതിന് കാരണമാകില്ലേ എന്നും, ആയതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 72/27-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമായിട്ടില്ലായെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവ് തുക 74,99,997/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 പാലിയേറ്റീവ് കെയർ - രജിസ്റ്ററുകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 807/22-23 (ഫയൽ നം. ബി2/2776/22-23) |
| അടങ്കൽ | 60,00,000/- (വികസന ഫണ്ട്) |
| ചെലവ് | 42,65,751/- |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |

ദീർഘകാല ചികിത്സയും, പരിചരണവും, ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും

ആവശ്യമുള്ള രോഗികളായ നിരവധി മനുഷ്യർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത്തരം മനുഷ്യരും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും, മാനസികവും, സാമൂഹികവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതുസമൂഹത്തിന്റെ മുഴുവൻ പിന്തുണയും ആവശ്യമാണ് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് പാലിയേറ്റീവ് കെയർ എന്ന വലിയൊരു ആശയം തന്നെ രൂപം കൊള്ളുന്നത്. 2022-2023 വർഷം നഗരസഭയുടെ നേതൃത്വത്തിൽ, മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ബൃഹത്തായ പദ്ധതിയാണ് പാലിയേറ്റീവ് കെയർ. എന്നാൽ ടി പ്രൊജക്ടിന്റെ ചെലവ് രേഖകളും, അവയുടെ ബില്ലുകളും, വൗച്ചറുകളും, മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ഇതിനോടനുബന്ധിച്ചുള്ള രജിസ്റ്ററുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയിട്ടില്ലാത്ത രജിസ്റ്ററുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററുകൾ.

അതാതു ദിവസത്തെ ഗൃഹസന്ദർശനത്തിന്റെ മുഴുവൻ വിവരങ്ങൾ, രോഗികളുടെ വിവരങ്ങൾ, അവർക്ക് വിതരണം ചെയ്യുന്ന മരുന്നുകളുടെ വിവരം എന്നിവ രേഖപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തണം.

2) സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന മരുന്നുകൾ, സാധന സാമഗ്രികൾ എന്നിവ സ്റ്റോക്കിൽ എടുത്ത് ഫാർമസിസ്റ്റ് സൂക്ഷിക്കണം.

3) സബ്സ്റ്റോക്ക് രജിസ്റ്ററുകൾ

മരുന്നുകൾ, സാധന സാമഗ്രികൾ എന്നിവ പാലിയേറ്റീവ് നഴ്സിന് സബ്സ്റ്റോക്കായി നൽകുകയും ആയത് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും വേണം.

4) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി കൂടുന്നതായി രേഖയില്ല.

രണ്ടു മാസത്തിലൊരിക്കൽ പിഎംസി യോഗം ചേർന്ന് ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടണം.

5) മോണിറ്ററിംഗ് റിപ്പോർട്ട്.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ഒരു തലത്തിലും നടത്തിയിട്ടില്ല. ഇത്

തെളിയിക്കുന്ന ഒരു രേഖയും ഹാജരാക്കിയിട്ടില്ല.

6) പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി മറ്റെന്തെങ്കിലും തരത്തിലുള്ള വിഭവ സമാഹരണം നടത്തിയതായി കാണുന്നില്ല.

ഹോം കെയർ സംവിധാനവും, അനുബന്ധ സംവിധാനവും കൂടുതൽ ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ഊർജ്ജിത ശ്രമങ്ങൾ നടത്തേണ്ടതാണ്. ഇത്തരത്തിൽ സമാഹരിക്കപ്പെട്ട ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാനും മറ്റും സർക്കാർ ആശുപത്രിയിലെ എച്ചഎംസിയ്ക്ക് ഇതിനു മാത്രമായി ബാങ്ക് അക്കൗണ്ട് തുറക്കാവുന്നതും, ആയതിന്റെ ബാങ്ക് രേഖകളും കണക്കും ഓഡിറ്റിൽ ഹാജരാക്കി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മുകളിൽ സൂചിപ്പിച്ച വിഷയത്തെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 85 / 01-12-2023 നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ, വിവിധങ്ങളായ 53 ൽപ്പരം ബില്ലുകളിൽപ്പെടുത്തി ചെലവഴിച്ച തുകയായ 42,65,751/- രൂപ തടസ്സപ്പെടുത്തുന്നു. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള രജിസ്റ്ററുകളും, രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 വനിതകൾക്ക് ലാബ് ഉപകരണങ്ങൾ -പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 1192/22-23 |
| അടങ്കൽ | 8,00,000/- (വികസന ഫണ്ട്) |
| ചെലവ് | 1,36,528/- |
| ബിൽ നം. | 124/22-23 തീ. 17-03-2023 91,448/-രൂപ<br>(കേരള സർജിക്കൽസ്)<br>130/22-23 തീ. 07-03-2023 45,080/- രൂപ (ആർട്ട്കോ) |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,ഫോർട്ട് കൊച്ചി. |
| ഫയൽ നമ്പർ | ബി2/664എ/2023 |

ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ, തനതു വർഷം നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. വനിതകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അവ വിതരണം

ചെയ്യുന്നതിനും വിഭാവനം ചെയ്തതാണ് ടി പദ്ധതി. 8,00,000/- രൂ. അടങ്കൽ നിശ്ചയിച്ച് നൽകിയെങ്കിലും ഇതിനായി 1,36,528/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. (ചെലവ് ശതമാനം കേവലം 17% മാത്രം.)

ബിപി അപ്പാരറ്റസ് (ഡിജിറ്റൽ) ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവ ടെണ്ടർ നടപടികളിലൂടെ കെഎംഎസ്സ്സിഎൽ മായി റണ്ണിംഗ് കോൺട്രാക്റ്റ് നിലവിലുള്ള കേരള സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ബിപി അപ്പാരറ്റസ് (ഡിജിറ്റൽ) എന്ന ഉപകരണം ടെണ്ടർ നടപടികൾ ഒഴിവാക്കി ആർട്ട്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഇത്തരം ചികിത്സാ ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്നും വാങ്ങാം എന്നതിന് എന്തെങ്കിലും സർക്കാർ നിർദ്ദേശം നിലവിലില്ല എന്ന് കാണുന്നു. ടെണ്ടർ നടപടികൾ ഒഴിവാക്കി ആർട്ട്കോയിൽ നിന്നും ബിപി അപ്പാരറ്റസ് (ഡിജിറ്റൽ) വാങ്ങിയതിന്റെ കാരണം വിശദമാക്കിയില്ല. ഇങ്ങനെ ടെന്റർ നടപടികൾ ഒഴിവാക്കിയത് 02/02/2016 ലെ സ.ഉ.(സാധാ)നം. 3299/16 ന് വിരുദ്ധമാണ്. അതുപോലെ, ഇത്തരം ചികിത്സാ ഉപകരണങ്ങൾ നിർമ്മിക്കുന്നതിലും, വിതരണം നടത്തുന്നതിലും അവ പരിപാലിക്കുന്നതിലും യാതൊരു പരിചയവും, വൈദഗ്ധ്യവുമില്ലാത്ത ആർട്ട്കോയിൽ നിന്നും വാങ്ങിയതിനുള്ള കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

ആകെ 25 വനിതകൾക്കായാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ഒരാൾക്ക് 5461/- രൂപയുടെ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇവർ ഈ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിശീലനം സിദ്ധിച്ചവരായിരിക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, ഈ 25 പേരിൽ 10 പേർക്ക് മാത്രമേ നിശ്ചിത യോഗ്യതയുള്ളൂ, ഇവർക്ക് പരിശീലനവും ലഭിച്ചിട്ടുണ്ട് എന്ന് കാണുന്നു. ബാക്കി 15 പേരും ആശാ വർക്കർമാരാണെന്ന് ഫയലിൽ നിന്നും വ്യക്തമാണ്. നിശ്ചിത യോഗ്യത ഇല്ലാത്ത ഇവർക്ക് എന്ത് മാനദണ്ഡ പ്രകാരമാണ് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. യോഗ്യതയുള്ളവർക്ക് തന്നെ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല. അതുപോലെ ഓരോ പരിശോധനയ്ക്കും നിശ്ചിത ഫീസ് നിർണ്ണയിച്ച് നൽകണം എന്ന് മാർഗ്ഗരേഖയിൽ കൃത്യമായി പറയുന്നുണ്ട്. എത്ര ഫീസ് വാങ്ങാം എന്ന് നിശ്ചയിച്ച് നൽകിയിട്ടില്ല. 25 വനിതകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നല്ലാതെ, ഇവർക്ക് ലാബ് ഉപകരണങ്ങൾ എന്നാണ് വിതരണം നടത്തിയതെന്നോ, ഇത് വിതരണം നടത്തിയിട്ടുണ്ടോ എന്നു പോലും വ്യക്തമല്ല.

ആയതിന്റെ രേഖകൾ ഒന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ടി ഉപകരണങ്ങൾ നിലവിൽ പ്രവർത്തന സജ്ജമാണോ എന്നും പരിശോധന ആരംഭിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ചും വ്യക്തതയില്ല.

അതുപോലെ സ്വന്തമായി ഇരുചക്രവാഹനം ഉള്ളവരായിരിക്കണം ഗുണഭോക്താക്കൾ എന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. ആയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. മേൽ വിഷയത്തിന്മേൽ വിശദമായ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 56 /07-11-2023 ന് മറുപടി ലഭ്യമാക്കിയില്ല. കുറച്ച് വനിതകൾക്ക് സ്വയം തൊഴിൽ എന്ന നിലയിലും, ചെറിയ തോതിൽ വരുമാനം ലഭ്യമാക്കുവാനും മറ്റും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി അതിന്റെ പൂർണ്ണ അർത്ഥത്തിലും, രൂപത്തിലും നടപ്പിലാക്കിയില്ല എന്ന് മാത്രമല്ല, പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പിലാക്കിയതിനാൽ വീഴ്ചകളും, പിഴവുകളും സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. ചെലവ് തുക 1,36,528/- തടസ്സപ്പെടുത്തുന്നു.

1-38 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നം. | 819/22-23 (വികസന ഫണ്ട്) |
| അടങ്കൽ | 30,00,000/- |
| ചെലവ് | 30,00,000/- |
| ബിൽ നം. | 126/22-23 തീ. 13-03-2023 30,00,000/-രൂപ |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |
| ഫയൽ നമ്പർ | ബി2/3780/2022 |

കൊച്ചി നഗരസഭയിൽ, 2022-2023 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്നു വാങ്ങൽ. ടി പ്രൊജക്റ്റിൽപ്പെടുത്തി പിആർഎഫ് 2697 പിആർഎഫ് 5080 എന്നീ ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പദ്ധതി പണം നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റേയോ, സ്റ്റോക്കിലെടുത്തതിന്റേയോ രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ടി ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോയോന്നും, ആയവ സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്നും,

ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് 55/07 -11-2023 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയുടെ മരുന്ന് ലഭ്യമായിട്ടില്ലായെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാക്കി, സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവു തുക 30,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-39 ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ചികിത്സാ ഉപകരണങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 15/22-23 (സ്പിൽ ഓവർ) |
| അടങ്കൽ | 5,07,586/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 5,07,428/- |
| ബിൽ നം. | 125/22-23 തീ. 17-03-2023 2,58,428/-രൂപ (ആർട്ട്കോ)<br><br>09/22-23 തീ. 07-03-2023 2,49,000/- രൂപ (സിവിൽ സപ്ലൈസ്) |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ഫോർട്ട് കൊച്ചി. |

ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ, സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. അലോപ്പതി ആശുപത്രിയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി വിഭാവനം ചെയ്തതാണ് ടി പദ്ധതി. ഇതിനായി മുകളിൽ കാണിച്ചിട്ടുള്ള ബിൽ പ്രകാരം 2,58,428/-രൂപ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

ബിപി അപ്പാരറ്റസ്, ഡിജിറ്റൽ തെർമ്മോമീറ്റർ, സ്റ്റെതസ്കോപ്പ്, Laryngoscope (Adult) തുടങ്ങിയ വിവിധതരം ചികിത്സാ നിർണ്ണയത്തിനും, പരിശോധനയ്ക്കും ആവശ്യമുള്ള ആശുപത്രി ഉപകരണങ്ങളാണ് ആർട്ട്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഇവയൊക്കെ രോഗനിർണ്ണയത്തിനും, തുടർന്നുള്ള ചികിത്സയ്ക്കും ഉപയോഗിക്കുന്നവയുമാണ്. ചികിത്സാ ഉപകരണങ്ങൾ നിർമ്മിക്കുന്നതിലും, വിതരണം നടത്തുന്നതിലും യാതൊരു മുൻപരിചയവുമുള്ള ഒരു സ്ഥാപനമല്ല ആർട്ട്കോ. തന്നെയുമല്ല, ചികിത്സാ സംബന്ധമായ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ആർട്ട്കോയ്ക്ക് റണ്ണിംഗ് കോൺട്രാക്റ്റ് നിലവിലില്ല. ജി.ഒ.(ആർറ്റി)7/2022/എസ്സ്പിഡി തീയതി 02-02-2022 പ്രകാരം "ആശുപത്രി ഫർണീച്ചർ" ആർട്ട്കോയിൽ നിന്ന് വാങ്ങുന്നതിനാണ് സർക്കാർ ഉത്തരവുള്ളത്.

ആശുപത്രികൾക്കാവശ്യമായ ജീവൻ രക്ഷാ ചികിത്സാ ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്നും വാങ്ങാം എന്നതിന് സർക്കാർ നിർദ്ദേശം നിലവിലില്ല എന്നിരിക്കെ ഇത്തരം വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. ആർട്കോ ഉത്പ്പാദിപ്പിക്കാത്ത ഐറ്റം ഓപ്പൺ ടെന്റർ വഴി വാങ്ങാതിരുന്നത് 02/02/2016ലെ സ.ഉ. (സാധാ) നം. 3299/16 ന് വിരുദ്ധമാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 45/28-10-2023 ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,58,428/- രൂപ തടസ്സപ്പെടുത്തുന്നു.

1-40 മെൻസ്ട്രുവൽ കപ്പ് വിതരണം- നടത്തിപ്പിലും, വിതരണത്തിലും അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 1163/22-23 |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട്) |
| ചെലവ് | 3,36,000/- |
| ബിൽ നം. | 134/22-23 തീ. 22-03-2023<br>3,36,000/-രൂപ (എച്ച് എൽഎൽ) |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,ഫോർട്ട് കൊച്ചി. |
| ഫയൽ നമ്പർ | ബി2/3110/2022 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ)നം. 115/22/തസ്വഭവ തീയതി 28/05/22 ഖണ്ഡിക 7.6.8 പ്രകാരം, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ, സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. മെൻസ്ട്രുവൽ കപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്തതാണ് ടി പദ്ധതി. ഇതിനായി 3,36,000/-രൂപ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന് കൈമാറുകയും, 1120 എം കപ്പ് (മീഡിയം സൈസ്) ലഭ്യമായതായും ഫയലിൽ രേഖയുണ്ട്. ഒരെണ്ണത്തിന് 300/- രൂപ പ്രകാരം 1120 എണ്ണം എം കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. 322 ഗുണഭോക്താക്കളും, 546 ഗുണഭോക്താക്കളും ഉൾപ്പെട്ട രണ്ട് ഗുണഭോക്തൃലിസ്റ്റുകൾ (ആകെ 868 ഗുണഭോക്താക്കൾ) ആണ് ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. എന്നാൽ 30 ഗുണഭോക്താക്കളുടെ പേരുകൾ രണ്ട് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ ആകെ 838 ഗുണഭോക്താക്കൾ മാത്രമാണ് ഉള്ളത്. ഈ ലിസ്റ്റിൽ കോർപ്പറേഷനിലെ 74 ഡിവിഷനുകളിലേയും ഗുണഭോക്താക്കളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയതായും കാണുന്നില്ല. വാർഡ് സഭകൾ കൃത്യമായി നടത്തിയ ശേഷമാണോ

ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളതെന്നതിന് ഫയലിൽ രേഖകളൊന്നുമില്ല.

ഏഴ് തവണയായി വിതരണം നടത്തിയിട്ടു പോലും, ആകെയുള്ള 838 പേരിൽ 317 പേർക്ക് മാത്രമാണ് മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തിയിട്ടുള്ളതായി കാണുന്നത്. എന്നാൽ വിതരണ രേഖകളിൽ എത്ര എണ്ണം വീതം ഒരാൾക്ക് വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. ആകെ എത്ര പേർക്ക് വിതരണം നടത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നതെന്നോ, ഒരാൾക്ക് എത്ര എണ്ണം വീതം നൽകണമെന്നതിനെ സംബന്ധിച്ചോ പദ്ധതി രേഖയിലും, ഫയലിലും ഒരു നിർദ്ദേശവും ലഭ്യമല്ല. നിലവിൽ ഭാഗികമായി മാത്രം നടപ്പാക്കിയ ടി പദ്ധതി, യാതൊരു മുന്നൊരുക്കങ്ങളും, ആസൂത്രണവുമില്ലാതെയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് മനസ്സിലാകുന്നു.

ഇതുവരെ എത്ര എം കപ്പുകൾ വിതരണം നടത്തിയെന്നോ, വിതരണം നടത്തിയതിന് ശേഷം എത്ര എണ്ണം ബാക്കിയുണ്ട് എന്നതിനെ സംബന്ധിച്ചോ രേഖകളൊന്നുമില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി ഹാജരാക്കിയിട്ടില്ല. ഇതിന്റെ ഉപയോഗരീതികളെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളോ, ബോധവൽക്കരണമോ നൽകിയതായി കാണുന്നില്ല. ഒരു പദ്ധതി ഏതു വിധേനയും നടത്തിത്തീർക്കുക എന്നതിനപ്പുറം അതിന്റെ പ്രയോജനം ജനങ്ങളിലേക്കെത്തുക എന്ന അത്യന്തികമായ പദ്ധതി ലക്ഷ്യം ഇവിടെ നിറവേറിയിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 50 / 01-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 3,36,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-41 സ്പിൽ ഓവർ പ്രൊജക്റ്റിന് അനുവദിച്ച പണം വക മാറ്റി ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നം. | : 16/22-23 (സ്പിൽ ഓവർ) |
| അടങ്കൽ | 63,406/- (മെയിന്റനൻസ്-റോഡിതരം) |
| ചെലവ് | 63,393/- |
| ബിൽ നം. | 69/22-23 തീ. 01-02-2023 63,393/-രൂപ (കെഎംഎസ്സ്സിഎൽ) |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ഫോർട്ട് കൊച്ചി. |

കൊച്ചി നഗരസഭയിൽ, 2021-2022 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം. 151/21-22 എന്ന പദ്ധതിയിൽപ്പെടുത്തി 2021-22 വർഷം ഫോർട്ട് കൊച്ചി ഡയാലിസിസ് യൂണിറ്റിലേയ്ക്ക് വാങ്ങിയ

മരുന്നുകൾ സൂക്ഷിക്കുന്നതിനായി 63,375/- രൂ. വിലമതിക്കുന്ന ഒരു റാക്ക് കെഎസ്സ്ഐഇ യിൽ നിന്നും വാങ്ങിയിരുന്നു. എന്നാൽ സ്ഥാപനം ബിൽ നൽകാൻ താമസിച്ചതിനാൽ 2021-22 വർഷം ഇതിന്റെ പണം ടി സ്ഥാപനത്തിന് നൽകാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ടി പണം നൽകുന്നതിനായി, ടി പ്രൊജക്റ്റ് 16/22-23 നമ്പർ പ്രകാരം 63,406/- രൂപ അടങ്കലിൽ സ്പിൽ ഓവറായി നിശ്ചയിച്ചു. എന്നാൽ, ടി സ്പിൽ ഓവർ പ്രോജക്റ്റിൽ, റാക്ക് വാങ്ങിയതിന്റെ വില നൽകുവാനായി വക കൊള്ളിച്ച തുകയിൽ 63393/- രൂപ വക മാറ്റി മരുന്നു വാങ്ങുന്നതിനായി കെഎംഎസ്സ്സിഎൽ ന് നൽകുകയാണ് ചെയ്തിട്ടുള്ളത്. കെഎസ്സ്ഐഇ യ്ക്ക് നല്കുവാനുള്ള 63,375/- രൂപ 2022-2023 വർഷം രൂപപ്പെടുത്തിയ 837/22-23 എന്ന നമ്പരിലുള്ള കൈമാറിക്കിട്ടിയ അലോപ്പതി ആശുപത്രികൾക്ക് വിവിധ സാധന സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്റ്റിൽ നിന്നും ബിൽ നം. 80/22-23 തീ. 15-02-2023 പ്രകാരം നൽകിയിട്ടുള്ളതായും കാണുന്നു.

ഒരു പ്രത്യേക പദ്ധതി നിർവ്വഹണത്തിനായി അനുവദിക്കപ്പെട്ട പണം വക മാറ്റി മറ്റൊരു പദ്ധതിയ്ക്കായി ചെലവഴിക്കുന്നത് നടപടിക്രമങ്ങളിലെ ഗുരുതരമായ വീഴ്ചയും, ക്രമപ്രകാരമല്ലാത്ത നടപടിയുമാണ്. ഇതിൽ നിന്നും സ്ഥാപനത്തിന്റെ ആവശ്യകതയിലൂന്നിയുള്ള പദ്ധതി വിഭാവനം ചെയ്യലല്ല നടന്നതെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 44 /28-10-2023ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 63,393/- തടസ്സപ്പെടുത്തുന്നു.

1-42 പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ )

| | |
|---|---|
| പ്രൊജക്റ്റ് നം | 14/22-23 (സ്പിൽ ഓവർ ) |
| അടങ്കൽ | 3,57,948/- (വികസന ഫണ്ട്) |
| ചെലവ് | 3,55,887/- |
| ബിൽ നം. | 01/22-23 തീ. 05-09-23 2,52,110/-രൂ.<br>02/22-23 തീ. 05-09-23 79,160/- രൂ.<br>06/22-23 തീ. 05-09-23 10,217/- രൂ.<br>08/22-23 തീ. 06-09-23 14,400/- രൂ. |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |

കൊച്ചി നഗരസഭയിൽ, 2022-2023 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പദ്ധതിയാണിത്.

2021-22 വർഷം പ്രൊജക്റ്റ് നം. 18/21-22 എന്ന പദ്ധതിയിൽപ്പെടുത്തി പാലിയേറ്റീവ് കെയറിന് 60,00,000/- രൂ. അനുവദിച്ചിരുന്നു. ഇതിൽ 56,42,052/- രൂ. 2021-22 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. ബാക്കി വന്ന 3,57,948/- രൂപയാണ് 22-23 വർഷം ടി സ്പിൽ ഓവർ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ സ്പിൽ ഓവർ പദ്ധതിയിൽ 2021-22 ലെ ചെലവുകളൊന്നും തന്നെ 2022-23 വർഷം ബാക്കി നിൽക്കുന്നില്ല എന്ന് കാണുന്നു. മാത്രമല്ല, 21-22 ലെ പദ്ധതി നടത്തിപ്പിൽ മിച്ചം വന്ന തുക 3,57,948/- രൂപ ഉപയോഗിച്ച് 2022-23 വർഷത്തെ ചെലവുകളാണ് നടത്തിയിട്ടുള്ളത്. അതായത് 2022 ഏപ്രിൽ മുതൽ 2022 ജൂലൈ വരെയുള്ള ശമ്പള ചെലവുകൾ നടത്തുവാനും, 22-23 ലെ ഉത്സവ ബത്ത നല്കുവാനുമാണ് ടി പണം വിനിയോഗിച്ചിട്ടുള്ളതെന്നും ഫയലിൽ കാണുന്നു. ഇത് ശരിയായ പ്രവണതയല്ല.

കാരണം, സ.ഉ.(കൈ)നം. 11/2018/തസ്വഭവ. തീ. 29-01-2018 പ്രകാരം സ്പിൽ ഓവർ പദ്ധതികളെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. "അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചുവെങ്കിലും, ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും, സാമ്പത്തികവുമായി പൂർത്തീകരണം നടത്താൻ കഴിയാതെ വന്നാൽ അവ പൂർത്തീകരിക്കുന്നതിനായി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രൊജക്റ്റുകളെയാണ് സ്പിൽ ഓവർ പ്രൊജക്റ്റുകളായി പരിഗണിക്കുന്നത്".

തന്നെയുമല്ല, 2022-23 ലെ പാലിയേറ്റീവ് ചെലവുകൾ നടത്തുന്നതിനായി സമാനമായ പുതിയ ഒരു പ്രൊജക്റ്റിന് 2022-23 ൽ അനുവാദം നൽകിയിട്ടുമുണ്ട്. (പ്രൊജക്റ്റ് നം. 807/22-23) ഇതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയുടെ ഒരു തൻവർഷ പ്രൊജക്റ്റ് നിലനിൽക്കെ മുൻ വർഷത്തെ പ്രൊജക്റ്റിൽ മിച്ചം വന്ന പണം സ്പിൽ ഓവറാക്കി 2022-23 തനത് വർഷത്തെ പദ്ധതിയ്ക്കായി ചെലവ് നടത്തിയിരിക്കുന്നു.

അതുപോലെ പാലിയേറ്റീവ് ഡ്രൈവർമാരുടെ വേതനം എന്ന നിലയിൽ, 2022 ജൂലൈ മാസം ശ്രീ. കൃഷ്ണചന്ദ്രൻ. ടി.ടി. യ്ക്ക് 8,800/- രൂപയും, (550x 16) ശ്രീ. ആന്റണിയ്ക്ക് 13,750/- രൂപയും (550 X25) ശ്രീ. ആർ. മനുവിന് 13,200/- രൂപയും. (550 X24) നൽകിയിട്ടുണ്ട്. എന്നാൽ ടി ഡ്രൈവർമാരെ ജോലിയ്ക്ക് നിയമിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇവർ പിഎച്ച്സി യിലെ

വാഹനങ്ങളുടെ ഡ്രൈവർമാരാണോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല. പാലിയേറ്റീവ് കെയറിനായി വാഹനം കരാറിൽ എടുക്കുമ്പോൾ ഡ്രൈവർമാരുടെ സേവനം അടക്കമാണ് കരാർ വെയ്ക്കുക. ഇവിടെ വാഹനം കരാർ എടുത്തതിന് പണവും നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്ന വാഹനത്തോടൊപ്പം ഡ്രൈവർമാരേയും ലഭിക്കുമെന്നിരിക്കെ, ഇങ്ങനെയൊരു ചെലവുണ്ടായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സ.ഉ.(സാധാ)നം.533/2019തസ്വഭവ തീ.07/03/2018 ലെ ഖണ്ഡിക2-8(ബി)യിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഡ്രൈവർമാർക്ക് വേതനം നൽകിയിട്ടുള്ളത്.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 47 / 30-10-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 3,55,887/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 കൈമാറിക്കിട്ടിയ ഗവ.ഹോമിയോ ആശുപത്രികൾക്ക് സമയബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല

| | |
|---|---|
| പദ്ധതി നം. | S0380/23 |
| പദ്ധതിയുടെ പേര് | കൈമാറിക്കിട്ടിയ ഗവ.ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി വെണ്ണല |
| അടങ്കൽ | 12,00,000/- |
| ചെലവ് | 12,00,000/- |
| ബിൽ നം | 90816 തീയതി – 09/12/2022 |

കൊച്ചി നഗരസഭ പരിധിയിൽ വരുന്ന ഗവ.ഹോമിയോ ഡിസ്പെസറികളായ ജി.എച്ച്.ഡി. വെണ്ണല, ജി.എച്ച്.ഡി. പീലിയാട്, ജി.എച്ച്.ഡി. കടവന്ത്ര, ജി.എച്ച്.ഡി. ഇടക്കൊച്ചി, എൻ.എച്ച്.എം. ഹോമിയോ, പി.എച്ച്.സി. മണപ്പാട്ടിപ്പറമ്പ് എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 2022-23 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതി നം. S0380/23 പ്രകാരം 12,00,000/- രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അനവദിച്ചിരുന്നു.

മരുന്നുകൾ വാങ്ങുന്നതിനായി, സർക്കാർ അംഗീകൃത, ടെൺഡർ ക്ഷണിക്കാതെ നേരിട്ട് വാങ്ങൽ

നടത്താവുന്ന, ചെറുകിട സ്ഥാപനമായ ഹോംകോയുമായി 31.01.2023 ൽ വെണ്ണല ഗവ.ഹോമിയോ ഡിസ്പെൻസറി ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ഗോൾഡ കൈമൾ, കരാറിൽ ഏർപ്പെടുകയും 09.12.2022 ൽ 12,00,000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങൾ ആവശ്യപ്പെട്ട മരുന്ന്, ലഭ്യമായ മരുന്ന്, ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ എന്നിവ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ഒടുക്കിയ തുക | ലഭ്യമായ മരുന്ന് | ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ |
|---|---|---|---|---|
| 1 | ജി.എച്ച്.ഡി. വെണ്ണല | 3,00,000/- | 3,00,000/- | Invoice: 2314 Dt.31/03/2023 Amt.12044/- Invoice: 183 Dt.05/06/2023 Amt.128242/- Invoice: 1613 Dt.05/06/2023 Amt.128242/- |
| 2 | ജി.എച്ച്.ഡി. ഇടക്കൊച്ചി | 3,50,000/- | 3,50,000/- | Invoice: 474 Dt.07/07/2023 Amt.217000/- Invoice: 1636 Dt.07/10/2023 Amt.133000/- |
| 3 | ജി.എച്ച്.ഡി. കടവന്ത്ര | 2,00,000/- | 2,00,000/- | Invoice: 583 Dt.20/07/2023 Amt.66255/- Invoice: 2206 Dt.25/11/2023 Amt.133745/- |
| 4 | ജി.എച്ച്.ഡി. പീലിയാട് | 2,00,000/- | 2,00,000/- | Invoice: 850 Dt.04/08/2023 Amt.14955/- Invoice: 1569 Dt.29/09/2023 Amt.103644/- Invoice: 2136 Dt.21/11/2023 Amt.81401/- |
| 5 | എൻ.എച്ച്.എം. ഹോമിയോ പി.എച്ച്.സി. മണപ്പാട്ടിപ്പറമ്പ് | 1,50,000/- | 1,50,000/- | Invoice: 1876 Dt.28/10/2023 Amt.150000/- |

1. ഹോംകോയുമായുള്ള കരാർ പ്രകാരം, കരാർ തുക അടവാക്കി ഒൻപത് മാസത്തിനകം മരുന്നുകൾ ലഭ്യമാക്കും, അല്ലാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് ഹോംകോ ഉത്തരവാദികൾ ആയിരിക്കുന്നതാണ് എന്നാണ്. കരാർ ഉടമ്പടി പ്രകാരം 12/09/2023 ൽ ഒൻപത് മാസം എന്ന

സമയപരിധി കഴിഞ്ഞിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല.

2. ഒരു സ്ഥാപനം ആവശ്യപ്പെട്ടിരിക്കുന്ന മരുന്ന് ഒരുമിച്ച് ലഭ്യമാക്കുന്നതിന് പകരം പല തവണകൾ ആയിട്ടാണ് ലഭ്യമാക്കുന്നത്. തന്മൂലം ട്രാൻസ്പോർട്ടേഷൻ ചാർജ് അധികം ചെലവാകുന്നു. ഇത് മരുന്നുകളുടെ അളവ് കുറക്കുന്നതിന് കാരണമാകുന്നു.

മേൽ പരാമർശങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നം. 53/2022-23 പ്രകാരം മറുപടി ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പല ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ രീതിക്ക് ഇപ്പോഴും ഒരു മാറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. പൊതുജനാരോഗ്യത്തിനായുള്ള മരുന്നുകളുടെ സമയബന്ധിത ലഭ്യത നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്. ഈ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതാണ്.

1-44 ഫോർട്ട് കൊച്ചി ഡയാലിസിസ് യൂണിറ്റിന് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നം | 841/22-23 |
| അടങ്കൽ | 30,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 29,99,998/- |
| ബിൽ നം. | 74/22-23 തീ. 13-02-2023 29,99,998/-രൂപ |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |

കൊച്ചി നഗരസഭയിൽ, 2022-2023 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രൊജക്റ്റിൽപ്പെടുത്തി പിആർഎഫ് 2594 എന്ന ഇൻവോയ്സ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 29,99,998/- രൂ. നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റേയോ, സ്റ്റോക്കിലെടുത്തതിന്റേയോ രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ടി ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ആയവ സ്റ്റോക്കിലെടുത്തതിന്റേയും വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം 46/30-10-2023 ന് മറുപടിയും ലഭ്യമാക്കിയില്ല. ചെലവ് തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ലായെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

മരുന്ന് ലഭ്യമായ വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവ് തുക 29,99,998/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 ഡിപിസി അംഗീകാരം നൽകിയ പദ്ധതിയ്ക്ക് പണം വിനിയോഗിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 837/22-23 |
| അടങ്കൽ | 5,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 3,07,447/- |
| ബിൽ നം. | 80/22-23 തീ. 15-02-2023 63,375/-രൂപ<br>(കെഎസ്സ്ഐഇ ലിമി.) |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി,<br>ഫോർട്ട് കൊച്ചി. |

കൊച്ചി നഗരസഭയിൽ, 2022-2023 സാമ്പത്തിക വർഷം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. "കൈമാറിക്കിട്ടിയ അലോപ്പതി സ്ഥാപനങ്ങൾക്ക് വിവിധ സാധന സാമഗ്രികൾ വാങ്ങുക" എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശം. എന്നാൽ 2021-22 വർഷം പ്രൊജക്റ്റ് നം. 151/21-22 എന്ന പദ്ധതിയിൽപ്പെടുത്തി ഫോർട്ട് കൊച്ചി ഡയാലിസിസ് യൂണിറ്റിലേയ്ക്ക്, മരുന്നുകൾ സൂക്ഷിക്കുന്നതിനായി കെഎസ്സ്ഐഇ യിൽ നിന്നും വാങ്ങിയ 63,375/- രൂ. വിലമതിക്കുന്ന റാക്കിന്റെ വില നൽകുന്നതിനായി 2022-2023 സാമ്പത്തിക വർഷത്തെ പദ്ധതി പണം വിനിയോഗിച്ചതായി കാണുന്നു. എന്നാൽ, റാക്ക് വാങ്ങിയതിന്റെ പണം നൽകുന്നതിനായി, 2022-23 ൽ പ്രൊജക്റ്റ് നമ്പർ 16/22-23 പ്രകാരം 63,406/- രൂപ അടങ്കലിൽ സ്പിൽ ഓവറായി ഒരു പദ്ധതി നിലവിലുണ്ട്. ഇങ്ങനെ ഒരു പദ്ധതി നിലവിലുള്ളപ്പോഴാണ് തുക വക മാറ്റി ചെലവഴിച്ചിട്ടുള്ളത്. റാക്ക് വാങ്ങിയതിന്റെ വില നൽകുവാനായി സ്പിൽ ഓവർ പ്രോജക്റ്റായി അനുവദിച്ച് വക കൊള്ളിച്ച തുക വക മാറ്റി മരുന്നു വാങ്ങുന്നതിനായി കെഎംഎസ്സ്സിഎൽ ന് നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിൽ ഇങ്ങനെ പണം വക മാറ്റി ചെലവഴിക്കുന്നത് നടപടിക്രമങ്ങളിലെ ഗുരുതരമായ വീഴ്ചയാണ്. പദ്ധതി വിഭാവനം ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരവും ലഭ്യമാക്കിയ ശേഷം ടി പദ്ധതിപ്പണം വക മാറ്റി ചെലവഴിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 42/28-10-2023 ന്

മറുപടി ലഭ്യമാക്കിയില്ല. തുക 63,375/- രൂപ തടസ്സപ്പെടുത്തുന്നു.

1-46 തുടർ സാക്ഷരതാ പഠനം രേഖകൾ ഹാജരാക്കിയില്ല.₹297650 രൂപ തടസ്സപ്പെടുത്തുന്നു.

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, എറണാകുളം എച്ച്.എം. നടപ്പാക്കിയ തുടർ സാക്ഷരതാ പഠന പദ്ധതിയ്ക്കായി (1190/23) പദ്ധതി വിഹിതത്തിൽ നിന്നും ₹297650/- രൂപ (ബിൽ നം.12/31.3.23) ചെലവഴിച്ചിട്ടുണ്ട്. പത്താംതരം തുല്യതാ കോഴ്സിനായി 67 പേരും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിനായി 82 പേരുമാണ് രജിസ്ട്രേഷൻ പൂർത്തിയാക്കിയത്. ഇവരുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്കുന്നതിനായിട്ടാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സിന്റെ പേര് | കോഴ്സ് ഫീസ് | പഠിതാക്കളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| പത്താംതരം തുല്യത | ₹1750 | 67 | ₹117250 |
| ഹയർ സെക്കണ്ടറി തുല്യത | ₹2200 | 82 | ₹180400 |

തുടർ സാക്ഷരത വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല

1) മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള പഠിതാക്കളിൽ എത്രപേരുടെ രജിസ്ട്രേഷന് സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും അനുമതി ലഭ്യമായി.

2) ഇവർ ജില്ലാ സാക്ഷരതാ മിഷൻ നടത്തുന്ന കോഴ്സുകളിൽ പങ്കെടുത്തതിന്റെ ഹാജർ വിവരവും പരീക്ഷയ്ക്ക് ഹാജരായതിന്റേയും രേഖകൾ.

3) പത്താംതരം, ഹയർ സെക്കണ്ടറി എന്നീ വിഭാഗത്തിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം.

പ്രോജക്ടുമായി ബന്ധപ്പെട്ട് മുകളിൽപ്പറഞ്ഞവയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(78/28.11.23) മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവുതുകയായ ₹297650/- രൂപ തടസ്സപ്പെടുത്തുന്നു.

1-47 അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -ചെലവ് രേഖകൾ

ഹാജരാക്കിയില്ല 22,84,92,914 രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നഗരസഭ അഡീഷണൽ സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളും അവയുടെ അനുബന്ധ രേഖകളും ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 15.09.2022ൽ 8-ാം നമ്പറായി ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുള്ളതാണ്. എന്നാൽ ഫയലുകൾ ഹാജരാക്കാതിരുന്നതിനാൽ 28.10.2023 ൽ കെ.എസ്.എ/കെ.സി.സി.എസ്7/995/2023 നമ്പർ കത്ത് മുഖേന ഇക്കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ പ്രോജക്ട് സംബന്ധിച്ച ചെലവ് വിവരങ്ങൾ നാളിതുവരെയായിട്ടും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുൻസിപ്പാലിറ്റി ( പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ച് ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ, കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 22,84,92,914 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 529/23 | നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങൽ | 9500000 | 4482219 |
| 2 | 137/23 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 3299896 | 3295866 |
| 3 | 395/23 | പി.എം.എ വൈ പദ്ധതി നഗരസഭ വിഹിതം നൽകൽ | 144139051 | 144139051 |
| 4 | 286/23 | നഗരസഞ്ചയനം- സോക്പിറ്റ് നിർമ്മാണം- കരുമാലൂർ പഞ്ചായത്ത് | 500000 | 500000 |
| 5 | 305/23 | നഗരസഞ്ചയനം-സോക്പിറ്റ് നിർമ്മാണം- കോട്ടുവള്ളി | 500000 | 500000 |

| | | | | |
|---|---|---|---|---|
| | | പഞ്ചായത്ത് | | |
| 6 | 325/23 | നഗരസഞ്ചയനം-സോക്പിറ്റ് നിർമ്മാണം- ഞാറക്കൽ പഞ്ചായത്ത് | 500000 | 500000 |
| 7 | 362/23 | നഗരസഞ്ചയനം-സോക്പിറ്റ് നിർമ്മാണം- കടുങ്ങല്ലൂർ പഞ്ചായത്ത് | 500000 | 500000 |
| 8 | 256/23 | നഗരസഞ്ചയനം-മുളന്തുരുത്തി ബ്ലോക്ക് - പൈങ്ങാരപ്പിള്ളി -മനക്കപ്പടി കുടിവെള്ള പദ്ധതി | 1000000 | 840791 |
| 9 | 280/23 | നഗരസഞ്ചയനം- വെങ്ങോല പഞ്ചായത്ത്-കൊള്ളിമോളം കുടിവെള്ള പദ്ധതി | 1000000 | 1000000 |
| 10 | 320/23 | നഗരസഞ്ചയനം- ഏലൂർ നഗരസഭ -തോട് ശുചീകരിക്കൽ | 1100000 | 1100000 |
| 11 | 253/23 | നഗരസഞ്ചയനം-ഏലൂർ നഗരസഭ -ഹരിത കർമ്മസേനക്ക് ഇ -ഓട്ടോ | 1200000 | 1200000 |
| 12 | 304/23 | നഗരസഞ്ചയനം-ചൂർണ്ണിക്കര -കുടിവെള്ള പൈപ്പുകൾ വ്യാസം കൂട്ടൽ | 2000000 | 2000000 |
| 13 | 324/23 | നഗരസഞ്ചയനം- മരട് നഗരസഭ-വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷൻ | 2000000 | 2000000 |

| | | | | |
|---|---|---|---|---|
| 14 | 302/23 | നഗരസഞ്ചയനം- കളമശ്ശേരി നഗരസഭ- കുളങ്ങൾ നവീകരിക്കൽ | 2500000 | 2500000 |
| 15 | 258/23 | നഗരസഞ്ചയനം-കളമശ്ശേരി -ഖരമാലിന്യ സംസ്കരണത്തിന് ഓട്ടോറിക്ഷ വാങ്ങൽ | 3000000 | 3000000 |
| 16 | 259/23 | നഗരസഞ്ചയനം- മരട് നഗരസഭ-ടേക് എ പദ്ധതി | 4500000 | 4500000 |
| 17 | 328/23 | നഗരസഞ്ചയനം- കളമശ്ശേരി നഗരസഭ- കുടിവെള്ള പൈപ്പുകളുടെ വ്യാസം കൂട്ടൽ | 4700000 | 4700000 |
| 18 | 271/23 | നഗരസഞ്ചയനം- കുമ്പളം ഗ്രാമപഞ്ചായത്ത് -കാലഹരണപ്പെട്ട കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 5000000 | 5000000 |
| 19 | 366/23 | നഗരസഞ്ചയനം- കുടിവെള്ള പ്രോജക്റ്റുകൾക്ക് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം കൈമാറൽ | 14342184 | 4497487 |
| 20 | 311/23 | നഗരസഞ്ചയനം- അങ്കമാലി നഗരസഭ -വാട്ടർലൈൻ സ്ഥാപിക്കൽ | 3000000 | 3000000 |
| 21 | 316/23 | നഗരസഞ്ചയനം- കരി നഗരസഭ-ജി.ഐ.പൈപ്പ് ഇടൽ | 5500000 | 5500000 |
| 22 | 317/23 | നഗരസഞ്ചയനം- മരട് | 6000000 | 6000000 |

| | | | | |
|---|---|---|---|---|
| | | നഗരസഭ-പഴയപൈപ്പുകൾ മാറ്റി പുതിയതി സ്ഥാപിക്കൽ | | |
| 23 | 300/23 | നഗരസഞ്ചയനം- ഏലൂർ നഗരസഭ-പൈപ്പ് മാറ്റൽ | 6700000 | 6700000 |
| 24 | 276/23 | നഗരസഞ്ചയനം- ആമ്പല്ലൂർ പഞ്ചായത്ത് -എച്ച്.ഡി.പി.ഇ പൈപ്പ് സ്ഥാപിക്കൽ | 7100000 | 7100000 |
| 25 | 309/23 | ചേരാനെല്ലൂർ -കണ്ണംകുളം നവീകരണം | 10000000 | 10000000 |
| 26 | 335/23 | നഗരസഞ്ചയനം- മുളവുകാട് പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 27 | 270/23 | നഗരസഞ്ചയനം- ചൂർണ്ണിക്കര പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 28 | 281/23 | നഗരസഞ്ചയനം-ഉദയംപേരൂർ പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 29 | 282/23 | നഗരസഞ്ചയനം- കാഞ്ഞൂർ പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 30 | 287/23 | നഗരസഞ്ചയനം- ചോറ്റാനിക്കര പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 31 | 292/23 | നഗരസഞ്ചയനം- വരാപ്പുഴ പഞ്ചായത്ത്- | 67500 | 67500 |

| | | | | |
|---|---|---|---|---|
| | | ഹരിതകർമ്മസേനക്ക് ട്രോളി | | |
| 32 | 297/23 | നഗരസഞ്ചയനം- മുളന്തുരുത്തി പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 33 | 313/23 | നഗരസഞ്ചയനം- കോട്ടുവള്ളി പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 34 | 318/23 | നഗരസഞ്ചയനം- തിരുവാണിയൂർ പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 35 | 329/23 | നഗരസഞ്ചയനം- ഞാറക്കൽ പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 36 | 337/23 | നഗരസഞ്ചയനം- ചെല്ലാനം പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 37 | 343/23 | നഗരസഞ്ചയനം- വടക്കേക്കര പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 38 | 346/23 | നഗരസഞ്ചയനം- ആമ്പല്ലൂർ പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 39 | 350/23 | നഗരസഞ്ചയനം- വെങ്ങോല പഞ്ചായത്ത്- ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 40 | 355/23 | നഗരസഞ്ചയനം- എളങ്കുന്നപ്പുഴ | 67500 | 67500 |

| | | | | |
|---|---|---|---|---|
| | | പഞ്ചായത്ത്-<br>ഹരിതകർമ്മസേനക്ക് ട്രോളി | | |
| 41 | 356/23 | നഗരസഞ്ചയനം- കുമ്പളം<br>പഞ്ചായത്ത്-<br>ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 42 | 364/23 | നഗരസഞ്ചയനം- കടുങ്ങല്ലൂർ<br>പഞ്ചായത്ത്-<br>ഹരിതകർമ്മസേനക്ക് ട്രോളി | 67500 | 67500 |
| 43 | 268/23 | നഗരസഞ്ചയനം - ചേന്ദമംഗലം<br>ഗ്രാമപഞ്ചായത്ത്-മാലിന്യ<br>നിർമാർജ്ജനത്തിന്<br>ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 44 | 273/23 | നഗരസഞ്ചയനം - ചേരാനെല്ലൂർ<br>ഗ്രാമപഞ്ചായത്ത്-മാലിന്യ<br>നിർമാർജ്ജനത്തിന്<br>ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 45 | 268/23 | നഗരസഞ്ചയനം - ചൂർണ്ണിക്കര<br>ഗ്രാമപഞ്ചായത്ത്-മാലിന്യ<br>നിർമാർജ്ജനത്തിന്<br>ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 46 | 273/23 | നഗരസഞ്ചയനം - പള്ളിപ്പുറം<br>ഗ്രാമപഞ്ചായത്ത്-മാലിന്യ<br>നിർമാർജ്ജനത്തിന്<br>ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 47 | 275/23 | നഗരസഞ്ചയനം -<br>ചോറ്റാനിക്കര | 120000 | 120000 |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | | |
| 48 | 279/23 | നഗരസഞ്ചയനം - ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 49 | 284/23 | നഗരസഞ്ചയനം - വരാപ്പുഴ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 50 | 288/23 | നഗരസഞ്ചയനം - കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 51 | 293/23 | നഗരസഞ്ചയനം - രായമംഗലം ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 52 | 294/23 | നഗരസഞ്ചയനം - മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 53 | 298/23 | നഗരസഞ്ചയനം - കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്-മാലിന്യ | 120000 | 120000 |

| | | | | |
|---|---|---|---|---|
| | | നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | | |
| 54 | 306/23 | നഗരസഞ്ചയനം - തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 55 | 308/23 | നഗരസഞ്ചയനം - ഞാറക്കൽ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 56 | 321/23 | നഗരസഞ്ചയനം - കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 57 | 326/23 | നഗരസഞ്ചയനം - മുളവുകാട് ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 58 | 333/23 | നഗരസഞ്ചയനം - ഒക്കൽ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 59 | 342/23 | നഗരസഞ്ചയനം - വടക്കേക്കര ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് | 120000 | 120000 |

| | | | | |
|---|---|---|---|---|
| | | ഇലക്ട്രിക്കൽ ഓട്ടോ | | |
| 60 | 344/23 | നഗരസഞ്ചയനം - വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 61 | 348/23 | നഗരസഞ്ചയനം - വെങ്ങോല ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 62 | 349/23 | നഗരസഞ്ചയനം - ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 63 | 353/23 | നഗരസഞ്ചയനം - കുമ്പളം ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 64 | 365/23 | നഗരസഞ്ചയനം - കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്-മാലിന്യ നിർമാർജ്ജനത്തിന് ഇലക്ട്രിക്കൽ ഓട്ടോ | 120000 | 120000 |
| 65 | 289/23 | നഗരസഞ്ചയനം - കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് -മിനി എം.സി.എഫ് സ്ഥാപിക്കൽ | 150000 | 150000 |
| ആകെ | | | | 22,84,92,914 |

1-48 വനിതാ ഹോസ്റ്റൽ - നടത്തിപ്പ് വിവരം വ്യക്തമല്ല

നഗരസഭയുടെ 68-ാം ഡിവിഷനിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് താമസിക്കുന്നതിനായി 1358.64m$^2$ വിസ്തീർണ്ണമുള്ള ആറ് നില ഹോസ്റ്റൽ പണികഴിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഹോസ്റ്റലിന് 2022-23 വർഷം 68/1000 എ, 68/1000 എ1 എന്നിങ്ങനെ രണ്ട് കെട്ടിടനമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് ബൈലോ നഗരസഭ അംഗീകരിക്കുകയോ ഗുണഭോക്താക്കൾക്ക് ഹോസ്റ്റൽ പ്രവേശനം അനുവദിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 66/2022-23 തീയതി. 22.11.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമായില്ല. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് വ്യവസ്ഥകൾ തയ്യാറാക്കി ഗുണഭോക്താക്കൾക്ക് പ്രവേശനം ഉറപ്പാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ശ്രമം നടത്തേണ്ടതാണ്.

1-49 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

കൊച്ചി നഗരസഭയുടെ 2020-21 വർഷം 289814355രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിച്ചിരുന്നു. കോവിഡ് പകർച്ച വ്യാധി വ്യാപന സാഹചര്യം മൂലം പ്രസ്തുത തുക 2020-21, 2021-22 എന്നീ വർഷങ്ങളിൽ പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല. ഇപ്രകാരം അനുവദിച്ച ഗ്രാന്റിൽ ചെലവഴിക്കാൻ സാധിക്കാതെ വന്ന തുക താഴെപ്പറയും പ്രകാരം 2022-23 വർഷം പുനരനുവദിച്ച് നൽകുകയുണ്ടായി.

| ഉത്തരവ് നം. | തുക |
|---|---|
| ജി.ഒ. (ആർറ്റി) 4228/2022/ഫിൻ/തീയതി. 7.6.22 | 222508876 |

പ്രസ്തുത തുക 2022-23ൽ തന്നെ ചെലവഴിക്കണം എന്ന് പ്രസ്തുത ഉത്തരവ് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ആരോഗ്യരംഗത്ത് അർബൻ ഹെൽത്ത് &വെൽനസ് സെന്ററുകൾ ആരംഭിക്കുന്നതിനായ് 2020-21 വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാതെ വന്ന 94,30,00000 രൂപയിൽ ഒരു വിഹിതം കൊച്ചി നഗരസഭയ്ക്ക് സർക്കാർ ഉത്തരവ്(സാധാ)7506/2022/ധന/തീ.7.11.2022 പ്രകാരം അനുവദിച്ചിരുന്നു. ഇത് എത്രയാണെന്ന വിശദാംശം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കൊച്ചി നഗരസഭ ഓഡിറ്റ് വർഷം 17,03,22,000/-രൂപ വിനിയോഗിക്കുന്നതിനായി താഴെപ്പറയും പ്രകാരം

പ്രോജക്ടുകൾ തയ്യാറാക്കുകയുണ്ടായി.

| പ്രോജക്ട് | പ്രോജക്ടിന്റെഎണ്ണവും വിവരണവും | അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| വിവിധ സെക്ഷനുകളിൽ ഹെൽത്ത് & വെൽനസ് സെന്ററുകൾ സ്ഥാപിക്കൽ | 39@2500,000<br>പ്രോജക്ട് നം.<br>380-397 വരെയും<br>478-480 വരെയും<br>511-523 വരെയും<br>505-509 വരെയും | 9,75,22,000 | അഡീഷണൽ സെക്രട്ടറി & എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഹെൽത്ത് & വെൽനസ് സെന്ററുകളുടെ ആവർത്തന ചെലവ് | 1<br>പ്രോജക്ട് നം. 382 | 6,08,00,000 | അഡീഷണൽ സെക്രട്ടറി |
| നഗരാരോഗ്യ കേന്ദ്രങ്ങൾ പോളിക്ലിനിക് ആയി ഉയർത്തൽ | 12<br>പ്രോജക്ട് 481-486<br>490-495 വരെ<br>1000000 | 1,20,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 52 | 17,03,22,000 | |

എന്നാൽ പ്രസ്തുത പ്രോജക്ടുകളിൽ ഒന്നു പോലും 2022-23 വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇതുൾപ്പെടെ ലഭ്യമായ മുഴുവൻ തുകയും ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയെന്ന് കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 98/2022-23തീയതി 13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ധനസഹായം നഷ്ടമാകാതെ കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

1-50 ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുനരധിവാസം - സ്ഥലം വാങ്ങി ഭവന നിർമ്മാണം - രജിസ്ട്രേഷൻ നടത്തിയില്ല-1,30,06,374 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 250/23, 1454/23 |
| പ്രോജക്ടിന്റെ പേര് | ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുനരധിവാസം - സ്ഥലം വാങ്ങി ഭവന നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഡീഷണൽ സെക്രട്ടറി |
| അടങ്കൽ തുക | 10313634 രൂപ<br><br>9355107 രൂപ |
| ചെലവ് തുക | 13006374 രൂപ |
| ബിൽ നമ്പർ | 456465/24.03.2023 – 2692740 രൂപ |

| | |
|---|---|
| | 1456451/24.03.2023 – 10313634 രൂപ |

കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുനരധിവാസത്തിന് സ്ഥലം വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിന് ജി.സി.ഡി.എ വിട്ടു നൽകുന്ന പള്ളുരുത്തി വില്ലേജിലെ സർവ്വേ നമ്പർ 205/1എ, എ2 ൽ ഉൾപ്പെട്ടിട്ടുള്ള 8.09 ആർ സ്ഥലത്തിന് കൊച്ചി തഹസിൽദാരുടെ എച്ച്2/4719/20 -ാം ലാൻഡ് വാല്യു സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ആർ സ്ഥലത്തിന് 1607710 രൂപ നിരക്കിൽ 8.09 ആർ സ്ഥലത്തിന് 13006374 രൂപ 28.03.2023 ൽ ജി.സി.ഡി.എയുടെ ധനലക്ഷ്മി ബാങ്കിന്റെ 005500100071731-ാം നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായിട്ടും ഈ സ്ഥലം നഗരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്ത് കിട്ടിയിട്ടില്ലാത്തതാണ്. സ്ഥലത്തിന്റെ വിലയായ 1,30,06,374 രൂപ 28.03.2023 ൽ ജി.സി.ഡി.എ ക്ക് നൽകിയിട്ട് മാസങ്ങളായിട്ടും സ്ഥലം രജിസ്റ്റർ ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുന്നതിനു വേണ്ടി ഈ കാര്യാലയത്തിൽ നിന്നും 5.12.23 ൽ 91-ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുനരധിവാസത്തിന് സ്ഥലം വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിന് ജി.സി.ഡി.എക്ക് നൽകിയ 1,30,06,374 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 കൊതുക് നിവാരണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിലും, ഉപകരണങ്ങൾ വാങ്ങിയതിലും അധികച്ചെലവ്

കൊച്ചി നഗരസഭയിൽ കൊതുക് നശീകരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിനും, കോർപ്പറേഷനിലെ 74 ഡിവിഷനുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിന് രൂപം നൽകുന്നതിനും 29-12-2021 ലെ കൗൺസിൽ യോഗത്തിൽ 1 (D) പ്രകാരം തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 05-01-2022 ൽ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്റെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ, മുൻകാലങ്ങളിൽ നടന്നത് പോലെ പവ്വർ സ്പ്രേയിംഗ് നടക്കുന്നില്ലായെന്നും, അതുകൊണ്ട് 8 വാഹനങ്ങളിലായി പവ്വർ സ്പ്രേയിംഗും, ഫോഗിങ്ങും ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിൽ 5 വാഹനങ്ങൾ കിഴക്കൻ മേഖലയിലും, 3 വാഹനങ്ങൾ പടിഞ്ഞാറൻ മേഖലയിലുമായി ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കോർപ്പറേഷന്റെ കൈവശം ആകെ 5 വാഹനങ്ങൾ മാത്രമാണ്

ഉള്ളതെന്നും അതുകൊണ്ട് 3 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുവാനും തീരുമാനിച്ചു.

അതുപോലെ 8 പവ്വർ സ്പ്രേയറാണ് ആവശ്യമുള്ളത് എന്നാൽ നിലവിൽ പ്രവർത്തന ക്ഷമമായത് 3 പവ്വർ സ്പ്രേയർ മാത്രം. 5 എണ്ണം പുതിയത് വാങ്ങുവാൻ തീരുമാനിച്ചു. ഫോഗിംഗ് മെഷീൻ 8 എണ്ണം ആവശ്യമുള്ളിടത്ത് 4 എണ്ണം മാത്രമാണ് പ്രവർത്തന ക്ഷമമായത്. അതുകൊണ്ട് 4 ഫോഗിംഗ് മെഷീനും പുതുതായി വാങ്ങുവാൻ തീരുമാനിച്ചു. ഇവയൊക്കെയാണ് കമ്മറ്റി തീരുമാനങ്ങൾ എന്നിരിക്കെ വാടകയ്ക്ക് എടുക്കുവാൻ തീരുമാനിച്ച 3 വാഹനങ്ങൾക്ക് പകരം 4 വാഹനങ്ങൾവാടകയ്ക്ക് എടുക്കുകയും 5 പവ്വർ സ്പ്രേയറുകൾക്ക് പകരം 7 എണ്ണവും, 4 ഫോഗിംഗ് മെഷീനുകൾക്ക് പകരം 7 എണ്ണവും വാങ്ങിയതായും കാണുന്നു. കമ്മറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള പർച്ചേസുകൾക്കും, വാടകയ്ക്ക് വണ്ടി ഒരെണ്ണം അധികമായി എടുത്തതിന്മേലും നഗരസഭയ്ക്ക് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. അതുപോലെ, വാടകയ്ക്ക് എടുത്ത വണ്ടികളുടെ ആർ സി ബുക്കുകളുടെ ശരിപ്പകർപ്പും, അത് ഓടിക്കുവാൻ നിയോഗിക്കപ്പെട്ട ആൾക്കാരുടെ ഡ്രൈവിംഗ് ലൈസൻസിന്റെ ശരിപ്പകർപ്പും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. സ്പ്രേയറും, ഫോഗിംഗ് മെഷീനും, സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

ആവശ്യമുള്ള സാധനങ്ങളുടെയും, നിലവിലുള്ളവയുടെയും അധികമായി നടത്തിയ വാങ്ങലുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | ആവശ്യമുള്ളത് | നിലവിലുള്ളത് | കുറവ് (വാങ്ങാൻ തീരുമാനിച്ചത്) | വാങ്ങിയത്/ വാടകയ്ക്ക് എടുത്തത് | അധികം |
|---|---|---|---|---|---|---|
| 1. | പിക് അപ്പ് വാൻ | 08 | 05 | 03 (വാടകയ്ക്ക് എടുക്കാൻ തീരുമാനിച്ചത്) | 04 (വാടകയ്ക്ക് എടുത്തത്) | 01 |
| 2. | പവ്വർ സ്പ്രേയർ | 08 | 03 | 05 | 07 | 02 |
| 3. | ഫോഗിംഗ് മെഷീൻ | 04 | 04 | 04 | 07 | 03 |

തീരുമാനിച്ചതിലും അധികമായി പവ്വർ സ്പ്രേയർ, ഫോഗിംഗ് മെഷീൻ വാങ്ങിയതു മൂലവും, ഒരു പിക് അപ്പ് വാൻ അധികമായി വാടകയ്ക്ക് എടുത്തതിനാലും നഗരസഭയ്ക്ക് സംഭവിച്ച അധികച്ചെലവ് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇന വിവരം | വാങ്ങാൻ തീരുമാനിച്ചത് | വാങ്ങിയത് | അധികം വാങ്ങിയത് /വാടകയ്ക്ക് എടുത്തത് | അധികം വാങ്ങിയത് കൊണ്ട് സംഭവിച്ച അധികച്ചെലവ് |
|---|---|---|---|---|---|
| 1. | പിക് അപ്പ് വാൻ (Cheque | 03 | 04 | 01 (വാടകയ്ക്ക് | @ Rs. 1660 X 27days = 44,820/- |

| | | | | | |
|---|---|---|---|---|---|
| | No.048331/21-06-22, Rs. 88744/- Vr. No. 22201580 | | | എടുത്തത്) | (1660/-രൂ. പ്രതിദിനം) |
| 2. | പവ്വർ സ്പ്രേയർ (കെയ്കോ) Cheque No.048328/ 21-06-22 Rs. 7,44,310/- Vr. No.22201578 | 05 | 07 | 02 | 28390+2555(9%SGST) +2555(9%CGST) =33500/- 33500x2 = 67,000/- |
| 3. | ഫോഗിംഗ് മെഷീൻ (കെയ്കോ) Cheque No.048328/ 21-06-22 Rs. 7,44,310/- Vr. No.22201578 | 04 | 07 | 03 | 63559.33+5720.34 (9%SGST)=5720.34 (9%CGST)=75000/- 75000x3 = 2,25,000/- |
| | | | | ആകെ | 3,36,820/- രൂപ. |

മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 20/03-08-2023 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന്മേൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം സർക്കിളുകളിൽ നിന്നുള്ള ആവശ്യം മുൻനിർത്തി 06-01-2022 ലെ കൗൺസിൽ തീരുമാനപ്രകാരമാണ് പർച്ചേസ് നടത്താനും, വാഹനം വാടകയ്ക്ക് എടുക്കുവാനും തീരുമാനിച്ചത്. എന്നാൽ 22-03-2022 ൽ കൂടിയ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ടി വാങ്ങൽ തീരുമാനം പുനക്രമീകരിച്ച് അധികമായി 3 ഫോഗിംഗ് മെഷീനും, 2 പവ്വർ സ്പ്രേയർ വാങ്ങുന്നതിനും, ഒരു പിക് അപ്പ് വാൻ അധികമായി വാടകയ്ക്ക് എടുക്കുന്നതിനും തീരുമാനിച്ചു. കൗൺസിൽ ആയതിന് അംഗീകാരവും നല്കി. എന്നാൽ അധികമായി ടി സാധനങ്ങൾ വാങ്ങുന്നതിന്റേയും, വാഹനം അധികമായി വാടകയ്ക്ക് എടുക്കുന്നതിന്റേയും ആവശ്യകത എന്തെന്ന് കമ്മറ്റി തീരുമാനങ്ങളിൽ വ്യക്തമാക്കിയിട്ടില്ല. ഇതൊക്കെ വേണമെന്ന് സർക്കിളുകളിൽ ആരും ആവശ്യപ്പെട്ടിട്ടുമില്ല. ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടുമില്ല.

മാത്രമല്ല, ഇങ്ങനെ അധികം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതും, ആയത് അംഗീകരിക്കുന്നതും 22-03-2022 ൽ എന്നാൽ അതിനും മാസങ്ങൾക്ക് മുൻപ് തന്നെ അതായത് 29-01-2022 ൽ തന്നെ കെയ്കോയ്ക്ക് അധിക ഉപകരണങ്ങൾ അടക്കം വാങ്ങുന്നതിന് എംഓഎച്ച്6/1238/22 തീ. 29-01-2022 നമ്പരായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. കോയ്കോയുടെ ഇതേ തീയതിയുള്ള ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 30-01-2022 ൽ തന്നെ ഉപകരണങ്ങൾ ഹെൽത്ത് സർക്കിൾ 22 ൽ എത്തിയതായും, ജൂനി. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.

കെ വിനോദ് ഉപകരണങ്ങൾ കൈപ്പറ്റിയതായും ഫയലിൽ രേഖയുണ്ട്. ടി കൈപ്പറ്റിൽ ഹെൽത്ത് ഓഫീസർ മേലൊപ്പ് വെച്ചിട്ടുമുണ്ട്. 30-01-2022 ൽ ലഭ്യമായ ഉപകരണങ്ങൾ ഉദ്യോഗസ്ഥൻ കൈപ്പറ്റിയിരിക്കുന്നത് 07-06-2022 ൽ. ടിയാളുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

അതായത് ആവശ്യങ്ങൾ കണക്കിലെടുക്കാതെ, അധികമായി ഉപകരണങ്ങൾ വാങ്ങുകയും, ആയത് കൈപ്പറ്റുകയും ചെയ്ത ശേഷം ഉപയോഗത്തിലിരിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയെന്ന വിചിത്രമായ നടപടികളാണ് നഗരസഭയിൽ നടന്നിട്ടുള്ളത്. ആവശ്യത്തിനനുസൃണമല്ലാതെയും, നടപടി ക്രമങ്ങൾ പാലിക്കാതെയും, നടത്തിയ ടി ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക 3,36,820/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-52 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (AUEGS)

നഗര പ്രദേശത്ത് വസിക്കുന്ന അവിദഗ്ധ കായിക അദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു വർഷത്തിൽ 100 ദിവസമെങ്കിലും തൊഴിൽ നൽകുകയും, അതിലൂടെ തൊഴിൽ ചെയ്യുന്നതിനുള്ള അവകാശം സംരക്ഷിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടോടു കൂടി നടപ്പാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതി. നഗരപ്രദേശങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജനവും, സാമൂഹിക ആസ്തികളുടെ നിർമ്മാണം, ഒരു കുടുംബത്തിന് പ്രതിവർഷം പതിനയ്യായിരം രൂപയുടെ അധിക വരുമാനം, പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ പരിപോഷണം, മണ്ണ് ജൈവസമ്പത്തുകളുടെ സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 6300 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രേഖകൾ പ്രകാരം അനുവദിച്ച തുകയിൽ 99.75% തുകയും വിനിയോഗിക്കാൻ കഴിഞ്ഞതായി കാണുന്നു. എന്നാൽ 2022-2023 വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എത്ര പേർക്ക് 100 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു എന്ന ചോദ്യങ്ങൾ ഉന്നയിച്ച നൽകിയ 69 / 23-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മസ്റ്റർ റോൾ പ്രകാരം 92 പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഫയൽ പ്രകാരം അത് 44 മാത്രമാണ്. അതുപോലെ കോർപ്പറേഷനിൽ ആകെ 74 ഡിവിഷനുകൾ ഉള്ളതിൽ 34 ഡിവിഷനുകളിൽ മാത്രമാണ്

അയ്യങ്കാളി തൊഴിലുറപ്പ് പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. അതായത് ബത്തകൾ അടക്കം ചെലവഴിക്കപ്പെട്ട 1,65,50,384/- രൂപ 34 ഡിവിഷനുകളിലായി മാത്രം ചെലവഴിക്കപ്പെട്ടു. കോർപ്പറേഷനിലെ പകുതി ഡിവിഷനുകളെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായുള്ളൂ എന്നത് ശരിയായ പ്രവണതയല്ല. മാത്രമല്ല, നടത്തിയിട്ടുള്ള 92 പ്രവൃത്തികളിൽ 56 എണ്ണവും ചെളിനീക്കം ചെയ്യൽ എന്ന ഒറ്റ പ്രവൃത്തിയിൽ (Distiling Drains) ഒതുങ്ങി നിൽക്കുന്നതായാണ് കാണുന്നത്. ആകെയുള്ള 92 പദ്ധതികളിൽ ചെളി നീക്കം ചെയ്യൽ- 56, പ്ലാന്റേഷൻ-04, വേസ്റ്റ് ഡിസ്പോസൽ-24, ജൈവ കൃഷി-08 എന്നിങ്ങനെയാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്.

പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് വിവിധ ഘട്ടങ്ങളിലായി അയൽക്കൂട്ട ചർച്ചകൾ, ഡിവിഷൻതല ക്രോഡീകരണം, തൊഴിലാളികളുടെ പ്രത്യേക വാർഡ് സഭ എന്നിവയെല്ലാം നടത്തിയാകണം ഏതൊക്കെ സ്ഥലങ്ങളിൽ, എന്തൊക്കെ പ്രവൃത്തികൾ വേണമെന്നും അവയുടെ ആവശ്യകതയും നിശ്ചയിക്കേണ്ടത്. എന്നാൽ പ്രവൃത്തികളുടെ തിരഞ്ഞെടുപ്പിലുള്ള വൈവിധ്യമില്ലായ്മയിൽ നിന്നും, കോർപ്പറേഷനിലെ മുഴുവൻ ഡിവിഷനുകളേയും പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കാതിരുന്നതിൽ നിന്നും പദ്ധതി മാർഗ്ഗ രേഖ മാനദണ്ഡങ്ങൾ അനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നതെന്ന് മനസ്സിലാകുന്നു.

ഓഡിറ്റ് വർഷം 19 ക്ഷീര കർഷകർക്ക് സഹായത്തിനായി തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ടി സഹായം കൈപ്പറ്റിയവർ, സ.ഉ. (കൈ) നം. 54/19/തസ്വഭവ തീയതി 25-05-2019 പ്രകാരമുള്ള രേഖകളൊന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ ശരി പകർപ്പുകളും, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച കൗൺസിൽ തീരുമാനവും ഫയലിനൊപ്പമില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 69 / 23-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗ രേഖ മാനദണ്ഡങ്ങൾ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

1-53 കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,43,600/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തി | 68-ാം ഡിവിഷനിലെ പഴയ കുടിവെള്ള പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുക . |
| ഫണ്ട് | ഡിവിഷൻ ഫണ്ട് |

| | |
|---|---|
| തുക | 2,43,600/- രൂപ |
| വൗച്ചർ നം. | 22202738, തീ.27/08/22 |
| ചെക്ക് നം. | 164445, തീ. 27/08/22 |
| ഡി.ഡി.നമ്പർ | 543742 തീയതി-20/09/22 |
| CR NO. | 1(d) /31-01-22 |

കൊച്ചി നഗരസഭയുടെ 68-ാം ഡിവിഷനിലെ ചിറ്റൂർ റോഡ് വാക്സ് വാൾ ലൈനിലുള്ള പഴയ കുടിവെള്ള GIപൈപ്പ് (50mm) മാറ്റി പുതിയ PVC പൈപ്പ് (63mm) സ്ഥാപിക്കുന്നതിന് 20/9/22 ലെ 543742-ാം നമ്പർ ഡി.ഡി. പ്രകാരം 2,43,600/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ-16 പേർക്ക് നിക്ഷേപിച്ചിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പിന്റെ 28.12.2018 ലെ ഡി എ 1/881/2018 സർക്കുലർ പ്രകാരം കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിർവഹണ ഏജൻസിക്ക് തുക കൈമാറാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ തീയതി വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല 68-ാം ഡിവിഷന് പകരം 42-ാം ഡിവിഷനിലെ പൈപ്പ് മാറ്റുന്നതിനുള്ള ആകെ തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 20/9/22 ൽ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

കൃത്യമായ എസ്റ്റിമേറ്റും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15/11.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 2,43,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൃത്യമായ എസ്റ്റിമേറ്റും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-54 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച്

കൊച്ചി നഗരസഭയിൽ 2022-23 വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വന്നിരുന്ന CFLTC, ക്വാറന്റീൻ കേന്ദ്രങ്ങൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവയുടെ നടത്തിപ്പു ചെലവുകൾക്കായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | CFLTC/ക്വാറന്റീൻ കേന്ദ്രങ്ങൾ/വാക്സിനേഷൻ | ഫയൽ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ക്യാമ്പ് | | | | |
| 1. | പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് | Covid Cell/16296/21 | 222025585 | 164347 /24.8.22 | 5,64,448/- |
| 2. | വടുതല ഡോൺ ബോസ്കോ ഹാൾ | Covid Cell/19698/21 | 22201363 | 43623/8.6.22 | 36200/- |
| 3. | ഹെൽത്ത് സർക്കിൾ | Covid Cell/ 028082/21 | 22201004 | 415680/17.5.22 | 1,83,138/- |
| 4. | കച്ചേരിപ്പടി ആശീർഭവൻ | Covid Cell/ 42807/21 | 22201032 | 415708/17.5.22 | 1,81,561/- |
| 5. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ട്രെയിനിംഗ് സെന്റർ | Covid Cell/ 4287/22 | 22201033 | 415709/18.5.22 | 3,90,977/- |
| | | | | ആകെ തുക | 13,56,324/-രൂപ |

മേൽപ്പറഞ്ഞ ചെലവുകൾക്കായി ആകെ 13,56,324/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ.ഉ (സാധാ) 1382/2020/ത.സ്വ.ഭ.വ/ തീയതി.21.7.2020 പ്രകാരം തനത് ഫണ്ടിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നു റീ ഇംബേഴ്സ് ചെയ്യാവുന്നതാണ്. ഇത്തരത്തിൽ മേൽപ്പറഞ്ഞ കോവിഡ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോ എന്നുള്ളത് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ടി തുക നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനായി 17.06.2023 ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-55 എസികളുടെ ആകെ മൂല്യത്തേക്കാൾ കൂടുതൽ തുക വാർഷിക അറ്റകുറ്റപ്പണിക്കായ് ചെലവഴിക്കുന്നു

മെയിൻ ഓഫീസിലെയും മട്ടാഞ്ചേരി, ഇടപ്പള്ളി ജനസേവനകേന്ദ്രത്തിലെയും 45 എസികളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ ഏൽപ്പിക്കുന്നതിനായി സ്പെസിഫിക്കേഷൻ തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൽ (ഫയൽ നം. MOE1/35597/19 )താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഫയലിനൊപ്പം ഹാജരാക്കിയ ടെണ്ടർ സ്പെസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന വർക്ക് ഡിസ്ക്രിപ്ഷൻ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. | 4 Times Periodical Service/year = 924 X 4 = 3696 |
| 2. | 2 Times Gas Topup/year = 1147 X 2 = 2294 |
| 3. | Replacing Of Spares Like Pcb, Fan Motor, Fan Condenser/<br>Indoor Fan Motor Etc.=2240 X 1 = 2240 |

| | |
|---|---|
| | Total = 8230/- |
| | Rs. 8230/- Per AC |
| | Total AC = 45 |
| | Total Estimated Cost = 45 X 8230 = 370350/- |
| | 370000/- |

മേൽ സ്പെസിഫിക്കേഷൻ പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ തുകയായ 3,70,000/-രൂപ ക്വാട്ട് ചെയ്ത ശ്രീ. ബിനോയ് കെ.ആർ.ന്റെ ടെണ്ടർ 21.02.2022ലെ 21-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭ ഹാജരാക്കിയിരിക്കുന്ന 2022-23 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സിൽ എസിയുടെ Depreciation കണക്കാക്കുന്നതിന് നഗരസഭയിലെ എസികളുടെ ആകെ വാല്യൂ കണക്കാക്കിയിരിക്കുന്നത് 3,36,245/-രൂപയായിട്ടാണ്. എന്നാൽ എസികളുടെ വാർഷിക അറ്റകുറ്റപ്പണിക്കായ് ഒരു വർഷം നഗരസഭ ചെലവഴിക്കുന്നത് 3,70,000/-രൂപയും.(2022-23 സാമ്പത്തിക വർഷം ചെക്ക് നമ്പർ 472498/31.05.2022 പ്രകാരം 88,800/- രൂപ നൽകിയിട്ടുണ്ട്.)

എസികളുടെ നിലവിലെ ആകെ മൂല്യത്തേക്കാൾ കൂടുതൽ തുക (370000-336245=33755/-രൂപ) വാർഷിക അറ്റകുറ്റപ്പണിക്കായ് ചെലവഴിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. എസിയുടെ പർച്ചേസ് വിവരങ്ങൾ, വാറന്റി പീരിയഡ് എന്നിവയുടെ വിശദാംശങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. നഗരസഭ മെയിൻ ഓഫീസിലും സോണൽ ഓഫീസുകളിലും കൂടി ആകെ എത്ര എസിയുണ്ടെന്നും ആയതിന്റെ പർച്ചേസ് വിവരങ്ങൾ, വാറന്റി പീരിയഡ് എന്നിവയുടെ വിശദാംശങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല.

2. AMC നൽകിയ പ്രവൃത്തിയിൽ ഏതൊക്കെ എസിയുടെ മെയിന്റനൻസ് നടത്തിയെന്നോ, നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങളോ ഒന്നുംതന്നെ ബില്ലിനൊപ്പം ഹാജരാക്കാതെ 4 മാസം കൂടുമ്പോൾ ആകെ തുക മാത്രം കാണിച്ചുള്ള ബിൽ ഹാജരാക്കുമ്പോൾ തുക കൈമാറുന്ന രീതിയാണ് വർഷങ്ങളായി തുടരുന്നത്. ഒരു എസിക്ക് പ്രതിവർഷം 8230/-രൂപ മെയിന്റനൻസ് ചാർജ്ജ് കണക്കാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലുള്ള സേവനങ്ങൾ തുക കൈപ്പറ്റിയ ഏജൻസിയിൽ നിന്ന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. മെയിന്റനൻസ് സംബന്ധമായ വിവരങ്ങൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 22/2022-23 തീയതി 14.08.2023 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-56 ആരോഗ്യ പ്രവർത്തകർക്ക് വേതനം തനതുഫണ്ടിൽ നിന്നും വിതരണം നടത്തിയത് - റീക്രൂപ്പ്മെന്റ് ചെയ്തിട്ടില്ല

കൊച്ചി നഗരസഭ 2022-23 വർഷം വിവിധ ആരോഗ്യ പ്രവർത്തകർക്ക് താഴെപ്പറയും പ്രകാരം വേതനം തനതുഫണ്ടിൽ നിന്നു നൽകിയിട്ടുണ്ട്.

| ജീവനക്കാരുടെ വിവരം | തുക | കാലയളവ് |
|---|---|---|
| പാലിയേറ്റീവ് പ്രവർത്തനങ്ങളിൽപ്പെട്ട നഴ്സുമാരും ഡ്രൈവർമാരും | 785181 | 3/2022 മുതൽ 6/2022 വരെ |
| വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും | 612799 | 3/2022 മുതൽ 5/2022 വരെ |

മേൽ ജീവനക്കാർക്ക് വേതന വിതരണം നടത്തുന്നതിന് തുക വകയിരുത്തി പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തുന്നമുറയ്ക്ക് പ്രസ്തുത തുക തനതു ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇതു പ്രകാരം കൊച്ചി നഗരസഭ 2022-23 വർഷം താഴെപ്പറയും പ്രകാരം പദ്ധതി രൂപീകരിച്ച് അംഗീകാരം നേടുകയും പദ്ധതി ഫണ്ട് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്റ്റ് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| 807/23<br>പാലിയേറ്റീവ് പ്രവർത്തനങ്ങളിൽപ്പെട്ട നഴ്സുമാർക്കും ഡ്രൈവർമാർക്കും വേതനം നൽകൽ | 60,00,000 | 4265751 |
| 811/23<br>വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകൽ | 90,00,000 | 8114758 |

എന്നാൽ ഇപ്രകാരം പിൻവലിച്ച പദ്ധതി വിഹിതം നഗരസഭയുടെ തനതു ഫണ്ടിലേയ്ക്ക് റീക്രൂപ്പ്

ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 66/2022-23 തീയതി. 22.11.2023) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. തനതുഫണ്ടിൽ നിന്നും ഈ ഇനത്തിൽ ചെലവിട്ട തുക റീക്കുപ്പ് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-57 സ്റ്റേഷണറി പ്രിന്റിംഗ് - നിരതദ്രവ്യം ഈടാക്കിയില്ല

08.01.2021ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം സ്റ്റേഷണറികൾ പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെ പറയുന്ന 5 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു.

1.രാജാ പ്രസ്സ്, തൃപ്പൂണിത്തുറ,

2.ശാന്തേരി കാർഡ്സ് & ഓഫ് സെറ്റ് പ്രസ്സ്, ശങ്കരശ്ശേരി ആർക്കേഡ്, ചിറ്റൂർ റോഡ്

3. എലഗന്റ് കമ്മ്യൂണിക്കേഷൻസ്, തൃപ്പൂണിത്തുറ

4. ആദിത്യ അസോസിയേറ്റ്സ്, കുരീക്കാട്

5.മെഹ്റ കമ്പ്യൂട്ടർ സിസ്റ്റംസ് ലിമിറ്റഡ്

ക്വട്ടേഷൻ നോട്ടീസിൽ 3000/- രൂപ EMD കെട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിൽ രാജാ പ്രസ്സ് എന്ന സ്ഥാപനം മാത്രമാണ് EMD അടക്കാതിരിക്കുന്നതിന് MSME സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. മറ്റു സ്ഥാപനങ്ങൾ EMD കെട്ടി വച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. 07.11.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 51 ന് സമർപ്പിച്ച മറുപടിയിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ M/S രാജാ പ്രസ്സ് എന്ന സ്ഥാപനം MSME സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നുവെന്നും മറ്റു സ്ഥാപനങ്ങൾ EMD അടച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കെ.എഫ്.സി. വാല്യം 1 ലെ ആർട്ടിക്കിൾ 132 പ്രകാരം ഒരു ലക്ഷം രൂപയോ അതിനു മുകളിലോ ഉള്ള ടെണ്ടറുകൾക്ക് EMD ബാധകമാണ്. നിരതദ്രവ്യം കൃത്യമായി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-58 പദ്ധതി രൂപീകരണം - മോണിറ്ററിംഗ് ചെലവുകൾ - ചെലവ് വിവരങ്ങൾ മുഴുവനും ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 368/23, 785/23 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണം - മോണിറ്ററിംഗ് ചെലവുകൾ (വികസന ഫണ്ട് ) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഡീഷണൽ സെക്രട്ടറി |
| അടങ്കൽ തുക | 1200000 രൂപ |
| ചെലവ് തുക | 1030882 രൂപ |
| ബിൽ നമ്പർ | 76450 വൗച്ചർ 4980/12.9.2022<br>71019 രൂപ 7424/5.11.2022<br>54100 രൂപ41337/22.7.2022<br>48824 രൂപ 7807/8.8.2022<br>12835 രൂപ 7815/8.8.2022 |

ഈ പ്രോജക്ട് നടത്തിപ്പിന് ചെലവ് പത്രിക പ്രകാരം 10,30,882/- രൂപ ചെലവ് വന്നിട്ടുണ്ടെങ്കിലും 2,63,228/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്.

ബാക്കി ചെലവ് വിവരങ്ങൾ സംബന്ധിച്ച രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച 10,30,882/- രൂപയിൽ ഓഡിറ്റിൽ ഹാജരാക്കിയ 2,63,228/- രൂപയുടെ ചെലവ് കിഴിച്ച് 7,67,654/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-59 കൊച്ചി നഗരസഭയിലെ പ്രധാന ഓഫീസിലെയും മട്ടാഞ്ചേരി ജനസേവനകേന്ദ്രത്തിലെയും UPS ന്റെ AMC ഏർപ്പെടുത്തിയതിലെ അപാകതകൾ

സൂചന: ഫയൽ നം. MOE1- 28774/20

മേൽ സൂചന ഫയൽ പരിശോധിച്ചതിൽ നഗരസഭ പ്രധാന ഓഫീസിലെയും മട്ടാഞ്ചേരി ജനസേവനകേന്ദ്രത്തിലെയും 10KV UPS, 4 എണ്ണത്തിന് ബാറ്ററി സർവ്വീസിങ്ങ് ഉൾപ്പെടെ 55000/- രൂപ നിരക്കിൽ 2,20,000/-രൂപയും IKM റൂമിലും പെൻഷൻ സെക്ഷനിലും സ്ഥാപിച്ചിട്ടുള്ള 3KV UPS 2എണ്ണത്തിന് 30,000/-രൂപ നിരക്കിൽ 60,000/-രൂപയും ചേർത്ത് ആകെ 2,80,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകളാണ് ലഭിച്ചത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 10KV UPS, 4 എണ്ണത്തിനും 3KV UPS 2എണ്ണത്തിനും എന്തിന്റെ അടിസ്ഥാനത്തിലാണ് 2,80,000/-രൂപയുടെ ചെലവ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല.

സെക്ഷനിൽ നിന്നും ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ UPSകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. പ്രോഡക്ടിന്റെ സ്പെസിഫിക്കേഷൻ ലഭ്യമാകാതെ ചെലവ് തുക കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

2. ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകളാണ് ലഭിച്ചത്.

| | | | |
|---|---|---|---|
| 1. | ബിനോയ് കെ.ആർ. | - | 2,80,000/-രൂപ |
| 2. | ബിനീഷ് കെ.ആർ. | - | 3,00,000/-രൂപ |

ആയതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ബിനോയ് കെ.ആർ.ന്റെ കരാറിന് ബഹു. കൗൺസിലിന്റെ 17.08.21ലെ 4-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ സമർപ്പിച്ചിരിക്കുന്ന 2 വ്യക്തികളും കത്തനാപറമ്പിൽ വീട്, പുത്തൻവേലിക്കര, എറണാകുളം എന്ന ഒരേ മേൽവിലാസത്തിൽ ഉള്ളതായി കാണുന്നു. ഒരേ മേൽവിലാസത്തിലുള്ള 2 വ്യക്തികൾ ഹാജരാക്കിയ ടെണ്ടർ സിംഗിൾ ടെണ്ടറായി കണക്കാക്കി സ.ഉ(പി) നം. 324/2015 /ഫിൻ തീയതി 30.07.2015 ൽ വ്യക്തമാക്കുന്ന രീതിയിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഫയൽ പരിശോധിച്ചതിൽ 2017 മുതൽ ടി പ്രവൃത്തിക്ക് ഇതേ 2 വ്യക്തികൾതന്നെ എല്ലാവർഷവും ടെണ്ടർ സമർപ്പിച്ചു പോരുന്നതായും ബിനോയ് കെ.ആർ. എന്ന വ്യക്തിക്ക് തന്നെ പ്രവൃത്തി ഏൽപ്പിച്ചു പോരുന്നതായും കാണുന്നു.

സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 7.20 ൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം സിംഗിൾ ടെണ്ടർ സമർപ്പിക്കുമ്പോൾ എടുക്കേണ്ട നടപടികളൊന്നും നഗരസഭ കൈക്കൊള്ളാതെ മത്സരാധിഷ്ഠിതമല്ലാതെ 2017 മുതൽ ടി പ്രവൃത്തി ഒരേ വ്യക്തിക്കു തന്നെ ഏൽപ്പിച്ചു പോരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. UPS, ബാറ്ററി എന്നിവ ഏത് കമ്പനിയുടെ പ്രോഡക്ട്സ് ആണ്, ഇവ എന്നാണ് വാങ്ങിയത്, ഇവയുടെ ഗ്യാരന്റി പീരിയഡ് എന്നുവരെയാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. ഇവ വാങ്ങിയ സ്ഥാപനത്തിന് AMC സൗകര്യങ്ങൾ നൽകുന്നതിന് ഏതെങ്കിലും വിധത്തിൽ തടസ്സമുണ്ടെന്നതിനാലാണോ ടെൻഡർ ക്ഷണിച്ച്, സ്വകാര്യ വ്യക്തിയെ AMC ഏൽപ്പിച്ചത് എന്നത് വ്യക്തമാക്കേണ്ടതാണ്.

5. 8.2.2021ലെ ടെണ്ടർ നോട്ടീസിൽ വിവരം പ്രസിദ്ധപ്പെടുത്തുകയും, ടെണ്ടർ സ്വീകരിക്കുന്ന തീയതി

16.02.2021 3 PM വരെ എന്നും, തുറക്കുന്ന സമയം 16.02.2021 4 PM എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 18.02.21ൽ അജണ്ട കൗൺസിലിലേക്ക് ശുപാർശ ചെയ്തു. എന്നാൽ പിന്നീട് 01.10.21ലാണ് സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നത്. അതേ ദിവസം തന്നെ കരാറിലും ഏർപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന്റെ മെയിൻ ഓഫീസിലെയും മട്ടാഞ്ചേരിയിലെ ജനസേവനകേന്ദ്രത്തിലെയും പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാനായി രൂപീകരിച്ച ഈ പ്രവൃത്തി, ടെൻഡർ വിളിച്ച്, ടെൻഡർ ഉന്നയിക്കുന്നതുവരെ അതിവേഗത്തിലും പിന്നീട് വളരെയേറെ സമയമെടുത്താണ് പൂർത്തീകരിച്ചതെന്ന് കാണുന്നു. സംഗിൾ ടെൺറായി പരിഗണിക്കേണ്ട അവസ്ഥ ഉണ്ടായിരുന്നിട്ടും, പിന്നീട് ടെൻഡർ വിളിക്കാൻ നിൽക്കാതെ, അതേ ടെൻഡർ ഉറപ്പിക്കുന്നതിനും കാണിച്ച ജാഗ്രത പിന്നീടുള്ള പ്രവർത്തനങ്ങളിൽ ഇല്ലാതിരുന്നതിന് അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

6. കരാറുകാരനായ ശ്രീ. ബിനോയ് കെ.ആർ. ടാക്സ് കോമ്പൗണ്ട് ചെയ്തിട്ടുള്ള വ്യക്തിയാണെന്നു (കോംപൗണ്ട് ടാക്സ് പേയർ) GST സൈറ്റിൽ നിന്ന് വ്യക്തമാണ്. ടാക്സ് കോമ്പൗണ്ട് ചെയ്തതിന്റെ ആനുകൂല്യം ലഭിക്കുന്നവർ ജി.എസ്.റ്റി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബില്ല് നൽകാൻ പാടില്ല എന്ന് ജിഎസ്റ്റി സൈറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇദ്ദേഹം കോർപ്പറേഷന് നൽകിയിട്ടുള്ള ബില്ലുകളിൽ GST ഉൾപ്പെടുത്തി, ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. /തീയതി | ബിൽ തുക | GST |
|---|---|---|
| 119/01.02.22 | 70000/- | 8400/- |
| 148/7.11.22 | 140000/- | 16800/- |

ഇപ്രകാരം ടാക്സ് ഇനത്തിൽ അധിക തുക നൽകാനിടയായതിന്റെ സാഹചര്യം എന്തെന്ന് വ്യക്തമല്ല.

7. കരാർ തുകയായ 280000/-രൂപയുടെ 5% തുകയായ 14000/-രൂപയാണ് പെർഫോർമൻസ് സെക്യൂരിറ്റിയായി അടവാക്കേണ്ടത്. ആയതിന് പകരം ടിയാൻ 11.07.2016ൽ കേരള ഗ്രാമീൺ ബാങ്കിൽ അടവാക്കിയ 5000/-രൂപയുടെ FD രസീത് ആണ് ഫയലിനൊപ്പം ഹാജരാക്കിയിരിക്കുന്നത്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുറവു വന്ന 9000/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 16/2022-23 തീയതി 20.07.2023 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് മത്സരാധിഷ്ഠത ടെണ്ടർ ക്ഷണിക്കുന്നതിൽ നഗരസഭ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-60 UPS സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ - അപാകതകൾ

കൊച്ചി നഗരസഭയിൽ വസ്തുനികുതി ഓൺലൈനാക്കുന്നതിന്റെ ഭാഗമായി എല്ലാ സോണൽ ഓഫീസുകളിലും UPS സ്ഥാപിക്കുന്നതിനായി പ്രസ്തുത ഓഫീസുകളിൽ വയറിങ്ങ് പ്രവൃത്തികൾ ഡിപ്പാർട്ട്മെന്റൽ ആയി ചെയ്യുന്നതിന് ശ്രീമതി. ബീന പി.ജി, അസി.എഞ്ചിനിയർക്ക് (വൗച്ചർ നം. 22201069 ചെക്ക് നം. 415735/20/05/2022) 1,84,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 13,685/- രൂപ ( വൗച്ചർ നം. 22205517 ചെക്ക് നം. 046285/24/12/2022) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.55/24.09.2022 നമ്പർ തീരുമാന പ്രകാരം അനുവദിച്ച് മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. TAG കമ്മിറ്റി 1,84,000/- രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 1,97,685/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നു ഫയലിൽ പരാമർശിക്കുകയും ഈ തുക ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| FIRM | INVOICE NO. | DATE | AMOUNT (Including GST) |
|---|---|---|---|
| ROSE ELECTRICALS | 888\B2C\2022-23 | 06/07/2022 | 25,059/- |
| | 889\B2C\2022-23 | 06/07/2022 | 29,474/- |
| | 897\B2C\2022-23 | 07/07/2022 | 35,129/- |
| LEAK & SHOCK | PR034/22 | 13/07/2022 | 35,504/- |
| | PR035/22 | 13/07/2022 | 29,843/- |
| | LABOUR CHARGE | 18/07/2022 | 29,000/- |
| TOTAL | | | 1,84,009/- |

M/s.ROSE ELECTRICALS എന്ന സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ടാക്സ് അനാലിസിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| FIRM | INVOICE NO. | DATE | GST |
|---|---|---|---|
| ROSE ELECTRICALS | 888\B2C\2022-23 | 06/07/2022 | 3,822.60/- |
| | 889\B2C\2022-23 | 06/07/2022 | 4,496.04/- |
| | 897\B2C\2022-23 | 07/07/2022 | 5,358.60/- |
| TOTAL | | | 13,677.24/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. M/s.ROSE ELECTRICALS എന്ന സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് GST ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ആണ്. ഇതു പ്രകാരമുള്ള തുകകൾ ആദ്യം നൽകുകയും പിന്നീട് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ടാക്സ് അനാലിസിസ് രേഖകൾ, ബില്ലുകൾ ആയി പരിഗണിച്ച് ചെലവ് തുകയോടൊപ്പം ചേർത്തിരിക്കുകയും ചെയ്തു. തന്മൂലം നഗരസഭയ്ക്ക് 13,677/- രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഈ അപാകതയ്ക്ക് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

2. സോണൽ ഓഫീസുകളിൽ പ്രസ്തുത വയറിങ്ങ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം. 10/2022-23) നൽകിയെങ്കിലും നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയിൽ ഉൾപ്പെടാത്തതും എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെ അശ്രദ്ധമൂലം നഗരസഭ ഫണ്ടിൽ നിന്നും ഉണ്ടായ 13,677/- രൂപയുടെ ചെലവ് നിരാകരിക്കുകയും, ഈ തുക ശ്രീമതി. ബീന പി.ജി, അസി.എഞ്ചിനിയറുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണ്. പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2. സോണൽ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളിൽ UPS സ്ഥാപിക്കുന്നത്

കൊച്ചി നഗരസഭയുടെ സോണൽ ഓഫീസുകളായ ഇടപ്പള്ളി, വൈറ്റില, ഫോർട്ട്കൊച്ചി എന്നിവടങ്ങളിൽ UPSകൾ റിപ്പയർ ചെയ്ത് ബാറ്ററികൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ശ്രീമതി. ബീന പി.ജി., അസി.എഞ്ചിനിയർക്ക് (വൗച്ചർ നം. 22202475 ചെക്ക് നം. 164284/23 /08/2022) 1,98,500/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 4171/- രൂപ ( വൗച്ചർ നം. 22206574 ചെക്ക് നം. 218810/28/02/2023) അനുവദിച്ച് മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്.

| സ്ഥാപനം | ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|---|
| VORACK INDUSTRIES | VI-10.22-179 | 01.10.2022 | 15,570/- |
| | VI-10.22-180 | 03.10.2022 | 15,508/- |
| | VI-10.22-181 | 06.10.2022 | 15,593/- |
| ആകെ | | | 46,671/- |

| സ്ഥാപനം | ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|---|
| TELIKOZ TRADE LINKS PVT. LTD | TB/22-23/881 | 05/09/2022 | 52,000/- |
| | TB/22-23/882 | 05/09/2022 | 52,000/- |
| | TB/22-23/883 | 05/09/2022 | 52,000/- |
| ആകെ | | | 1,56,000/- |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 8.11.2010ലെ ജി.ഒ(പി) 259/2010/തസ്വഭവ പ്രകാരമുള്ള Procurement മാന്വൽ പ്രകാരം ഖണ്ഡിക 3.3 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഓപ്പൺ ടെൻഡർ ക്ഷണിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടെ TELIKOZ TRADE LINKS PVT. LTD എന്ന സ്ഥാപനത്തിൽ നിന്നും 1,56,000/-രൂപയുടെ നേരിട്ടുള്ള പർച്ചേസ് നടത്തിയതായി കാണുന്നു. ടെൻഡർ ക്ഷണിക്കാതെയുള്ള ഇത്തരത്തിലെ നേരിട്ടുള്ള പർച്ചേസുകൾ വഴി ഏറ്റവും കുറഞ്ഞ നിരക്കിൽ ഉപകരണങ്ങൾ വാങ്ങുവാനുള്ള അവസരം നഷ്ടപ്പെടുത്തുകയും അതുമൂലം നഗരസഭയ്ക്ക് ഭീമമായ നഷ്ടം വരുത്തുകയും ചെയ്യുന്നു.

2. UPS ന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി VORACK INDUSTRIES എന്ന സ്ഥാപനത്തിൽ നിന്നും മെറ്റീരിയൽ എടുത്തിരിക്കുന്നതിന്റെ 46,671/- രൂപയുടെ ബിൽ ഹാജർ ആക്കിയിട്ടുണ്ട്. എന്നാൽ UPS ന്റെ തകരാർ വിവരങ്ങൾ, അറ്റകുറ്റപ്പണികൾ നടത്തിയ സ്ഥാപനത്തിന്റെ വിവരങ്ങൾ, അറ്റകുറ്റപ്പണികൾ നടത്തിയതിന് നൽകിയ സർവ്വീസ്ചാർജ് വിവരങ്ങൾ എന്നിവ ഒന്നും തന്നെ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. ബാറ്ററിക്ക് ഗ്യാരണ്ടി ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 3/2022-23 നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 2,02,671/- രൂപ തടസ്സപ്പെടുത്തുന്നു.

1-61 വാഹന അറ്റകുറ്റപ്പണി - അപാകതകൾ

കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയറുടെ ഔദ്യോഗിക വാഹനമായി ഉപയോഗിക്കുന്ന KL07 BR 4444 നമ്പർ സ്കോർപ്പിയോ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ശ്രീമതി. സിന്ധു, ഓവർസിയർ ന് 26,850/-രൂപ (വൗച്ചർ നം. 22200780 ചെക്ക് നം. 233503/30.04.2022) മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 9079/- രൂപ (വൗച്ചർ നം. 22202012 ചെക്ക് നം. 238944/17.07.2022) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.74/26.05.2022 നമ്പർ തീരുമാന പ്രകാരം അനുവദിച്ച് മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കാണുന്ന അപാകത ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തി ചെയ്തതിന്റെ രണ്ട് ബില്ലുകൾ ആണ് ലഭ്യമാക്കിയിട്ടുള്ളത്.

| സ്ഥാപനം | ബിൽ തുക |
|---|---|
| RIDE AGENCY | 22,504/- |
| FAST COOL | 13,425/- |

പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 22.3.21-ൽ വാഹനത്തിന്റെ ഡ്രൈവർ നൽകിയ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ വയലാട്ട് ഓട്ടോമൊബൈൽസ് എന്ന (Authorised Service Centre) സ്ഥാപനത്തിൽ അറ്റകുറ്റപ്പണി നടത്തുകയും ഇതിനായി 42637/-രൂപ (ചെക്ക് നം. 561938/20.2.22, വൗച്ചർ നം. 22105714) ചെലവാകുകയും ചെയ്തിട്ടുണ്ട്. വയലാട്ട് ഓട്ടോമൊബൈൽസിന്റെ 10.04.2021 ലെ RBR22A000076 നമ്പർ ബില്ലിലെ ഇനങ്ങൾ പരിശോധിച്ചതിൽ, റേഡിയേറ്റർ, A/C റിപ്പയറിംഗ് എന്നീ പ്രവൃത്തികൾ അന്ന് ചെയ്തിട്ടുള്ളതായി മനസ്സിലാക്കാം. ഇത്തരത്തിൽ തലേവർഷം റിപ്പയറിംഗിന് വിധേയമായ ഒരു വാഹനം വീണ്ടും ഇതുമായി ബന്ധപ്പെട്ട് തകരാറുകൾ കാണിച്ചിട്ടും (ഇക്കാലയളവിനുള്ളിൽ വാഹനം അപകടത്തിൽപെടാത്ത സാഹചര്യത്തിൽ ഇത്തരം കംപ്ലൈന്റ് വാഹനത്തിന് സംഭവിക്കാൻ പാടില്ലാത്തതാണെന്നിരിക്കെ) വയലാട്ട് ഓട്ടോമൊബൈൽസിനെ സമീപിക്കാതെ മറ്റൊരു A/C റിപ്പയറിംഗ് സ്ഥാപനത്തെ പ്രവൃത്തി ഏൽപിക്കുകയും തുക നൽകുകയും ചെയ്തതിന് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

2. സർക്കാർ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സർക്കാർ അംഗീകൃത വർക്ക് ഷോപ്പുകളിൽ നിന്നും ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ച് മത്സരാധിഷ്ഠിതമായി ചെയ്യണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3. FAST COOL എന്ന A/C റിപ്പയറിംഗ് സ്ഥാപനത്തിലാണ് ഈ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്തതായി പറയുന്നത്. 'ലേബർ ബിൽ' എന്ന ശീർഷകത്തിൽ കൈകൊണ്ട് എഴുതി തയ്യാറാക്കിയ ഒരു ബിൽ ആണ് സമർപ്പിച്ചിരിക്കുന്നത്. ഇതിൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പറോ ജി.എസ്.ടി നമ്പറോ ഒന്നും തന്നെ ലഭ്യമല്ല. സർക്കാർ അംഗീകൃത വർക്ക്ഷോപ്പുകളിൽ മാത്രമാണ് വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ പാടുള്ളൂ എന്ന നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3. FAST COOL എന്ന A/C റിപ്പയറിംഗ് സ്ഥാപനം 26,850/- രൂപയുടെ എസ്റ്റിമേറ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ RIDE AGENCY എന്ന സ്ഥാപനത്തിന് 22504/- രൂപയും, FAST COOL എന്ന സ്ഥാപനത്തിന് 13425/- രൂപയും ഉൾപ്പെടെ 35,929/- രൂപ ചെലവായി. ഇത് എസ്റ്റിമേറ്റ് തുകയേക്കാൾ 9079/- രൂപ അധികമാണ്. എസ്റ്റിമേറ്റിനേക്കാൾ അധികം തുക ചിലവായതിന്റെ കാരണം വ്യക്തമല്ല.

4. ഈ പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ള FAST COOL എന്ന സ്ഥാപനത്തിന് ലേബർ ചാർജ് ഇനത്തിൽ 13,425/- രൂപ നൽകിയപ്പോൾ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ട പ്രവൃത്തി തുകയുടെ 2% തുകയായ 269/-രൂപയും, GST ഇനത്തിൽ ഈടാക്കേണ്ട 18% തുകയായ 2,417/- രൂപയും ബിൽ തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

5. KL07 BR 4444 എന്ന വാഹനത്തിന്റെ Maintenance/purchase സ്റ്റോക്ക് രജിസ്റ്ററിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങളോ അതു സംബന്ധിച്ച ബില്ലുകളോ രേഖപ്പെടുത്തി, അധികാരക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. തുക കൈപ്പറ്റിയ സ്ഥാപനത്തിൽ ( FAST COOL ) നിന്ന് കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനും, പ്രവൃത്തിയുമായി ബന്ധപ്പെട്ട Estimate, Labour Bill, അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയ സാധനങ്ങൾ എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നതിനാലും, A/C റിപ്പയറിംഗ് സ്ഥാപനം മേൽ പ്രവൃത്തി ചെയ്തു എന്നതിൽ അവ്യക്തത നിലനിൽക്കുന്നതിനാലും, ഈ പ്രവൃത്തിയുടെ ആവശ്യകതയും, ആധികാരികതയും ഈ വാഹനത്തിന്റെ ഓതറൈസ്ഡ് സർവ്വീസ് സെന്ററിൽ നിന്നും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുവാനും കൂടാതെ, മറ്റ് അപാകതകൾക്ക്

വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 13/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ചെലവ് തുകയായ 35,929/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-62 ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസ് ഈടാക്കിയില്ല- നഷ്ടം 60,000/-രൂപ

സ്വകാര്യ വ്യക്തികൾക്ക് കോർപ്പറേഷൻ റോഡിലൂടെ ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസായി 1000 രൂപ/ മീറ്റർ നിരക്കിൽ തുക ഈടാക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് ഈടാക്കാത്തതിനാൽ വരവിനത്തിൽ 60,000/- രൂപ നഷ്ടമായി. വിശദ വിവരങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-63 വിവിധ പ്രവൃത്തികൾ വാർഷിക അറ്റകുറ്റപ്പണി കരാർ നൽകിയിരിക്കുന്നതിലെ അപാകതകൾ

| | | | |
|---|---|---|---|
| സൂചന | : | 1. | ഫയൽ നം. MOE1- 378/2020 – CCTV ക്യാമറകളുടെ AMC |
| | | 2. | MOE1-38248/19 – പടിഞ്ഞാറൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC |
| | | 3. | MOE1-38247/19 – കിഴക്കൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC |
| | | 4. | MOE1/39485/19 – കേബിൾ നെറ്റ് വർക്ക് സിസ്റ്റം AMC |

മേൽ സൂചന ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സൂചന ഫയലുകളിലെ പ്രവൃത്തികൾക്കൊന്നും തന്നെ വ്യക്തമായ സ്പെസിഫിക്കേഷൻ തയ്യാറാക്കി നിരക്ക് നിശ്ചയിക്കാതെയാണ് വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ ക്ഷണിച്ചിരിക്കുന്നത്.

2. വിവിധ സ്വഭാവമുള്ള പ്രവൃത്തികൾ വർഷങ്ങളായി ഒരേ കരാറുകാരൻ തന്നെ ഏറ്റെടുത്ത് നടത്തി വരുന്നതായി കാണുന്നു.

3. മേൽ പ്രവൃത്തികൾ എല്ലാം തന്നെ കരാർ കാലാവധി കഴിഞ്ഞിട്ടും പുതിയ ടെണ്ടർ ക്ഷണിക്കാതെ പഴയ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി പോരുന്നതായി കാണുന്നു.

4. കരാറുകാരൻ ടാക്സ് കോമ്പൗണ്ട് ചെയ്തിട്ടുള്ള വ്യക്തിയായിട്ടും ഇദ്ദേഹം നഗരസഭയ്ക്ക് നൽകിയിരിക്കുന്ന എല്ലാ പ്രവൃത്തിയുടെയും ബില്ലുകളിൽ ജി.എസ്.ടി ഉൾപ്പെടുത്തിയ തുകയാണ് നൽകിയിരിക്കുന്നത്. 2022-23 വർഷം നൽകിയിട്ടുള്ള ഏതാനും ബില്ലുകളുടെ വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര് | ഇൻവോയ്സ് നം. /തീയതി | ബിൽ തുക | ജിഎസ്ടി തുക |
|---|---|---|---|---|
| 1 | കേബിൾ നെറ്റ് വർക്ക് സിസ്റ്റം AMC MOE1/39485/19 | 147/10.11.22 | 191885 ചെക്ക് നം.283518 /25.11.22 | 23026/- |
| 2 | കേബിൾ നെറ്റ് വർക്ക് സിസ്റ്റം AMC MOE1/39485/19 | 117/19.7.21 | 110000 ചെക്ക് നം.233525 /30.04.22 | 13200/- |
| 3 | CCTV ക്യാമറകളുടെ AMC MOE1- 378/2020 | 135/15.5.22 | 66666/- ചെക്ക് നം.238795 /7.2.22 | 8000/- |
| 4 | പടിഞ്ഞാറൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC MOE1-38248/19 | 67/23.3.21 | 122500 ചെക്ക് നം.233523 /30.04.22 | 14700/- |
| 5 | പടിഞ്ഞാറൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC MOE1-38248/19 | 146/10.11.22 | 215053 ചെക്ക് നം.283521 /25.11.22 | 25806/- |
| 6 | കിഴക്കൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC | 87/23.03.21 | 122500 ചെക്ക് നം.233524 /30.4.22 | 14700/- |

| | | | | |
|---|---|---|---|---|
| | MOE1-38247/19 | | | |
| 7 | കിഴക്കൻ മേഖല ഓഫീസ് കെട്ടിടങ്ങളുടെ വാട്ടർ സപ്ലൈ & സാനിട്ടറി AMC MOE1-38247/19 | 149/21.11.22 | 256852 ചെക്ക് നം.283689 /12.12.22 | 30822/- |
| 8 | നഗരസഭ ഓഫീസുകളിലെ AC യൂണിറ്റുകളുടെ AMC MOE1-35597/19 | 101/19.7.21 | 92500 ചെക്ക് നം.472498 /31.5.22 | 11100/- |

ടാക്സ് കോമ്പൗണ്ട് ചെയ്തതിന്റെ ആനുകൂല്യം കൈപ്പറ്റുന്ന വ്യക്തിക്ക് ജിഎസ് ടി ടാക്സ് ഇനത്തിൽ ഇത്രയും തുക നൽകിയതിനുള്ള കാരണം വ്യക്തമല്ല. കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നഗരസഭയിൽ അടവാക്കേണ്ടതാണെന്ന നിബന്ധന കരാർ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പരാമർശം ഭാഗം- 2 ൽ ഖണ്ഡിക 2-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 21/2022-23തീയതി 09.08.2023 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിഷയം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊണ്ട് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-64 അധിക നിരക്കിൽ ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കേണ്ടി വരുന്നു

1. ഫയൽ നം.MOE 7/1395/09

2. കൺസ്യൂമർ നം:1155466014229.

ഫയൽ പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷത്തിൽ മേൽ കൺസ്യൂമർ നമ്പറിന് കൊച്ചിനഗരസഭ KSEB യിൽ അടച്ച വൈദ്യുതി ചാർജ്ജിന്റെ വിശദവിവരം താഴെപ്പറയുന്നു.

| ക്രമ | ബിൽ നം. & തീയതി | താരിഫ്/ഫേസ് | യൂണിറ്റ് | അടവാക്കിയ | ചെക്ക് |
|---|---|---|---|---|---|

| നം | | | | തുക (രൂപ) | നം/തീയതി |
|---|---|---|---|---|---|
| 1 | 5546220424301/30.04.2022 | LT-6F/3 ഫേസ് | 2015 | 16,991/- | 233584/7.5.22 |
| 2 | 5546220641128/30.06.2022 | LT-6F/3 ഫേസ് | 2313 | 14,755/- | 049791/5.7.22 |
| 3 | 5546220824046/ 31.8.2022 | LT-6F/3 ഫേസ് | 1571 | 19,080/- | 514438/7.9.22 |
| 4 | 5546221023736/ 29.10.2022 | LT-6F/3 ഫേസ് | 1703 | 20,428/- | 053187/6.11.22 |
| 5 | 5546221222864/ 28.12.2022 | LT-6F/3 ഫേസ് | 2085 | 24,310/- | 046381/6.1.23 |
| 6 | 5546230225102/ 27.2.2023 | LT-6F/3 ഫേസ് | 1990 | 23,438/- | 293312/3.3.23 |

മേൽ പട്ടിക പരിശോധിച്ചാൽ 1155466014229 എന്ന കൺസ്യൂമർ നമ്പർ സെക്രട്ടറിയുടെ പേരിലുള്ളതും, അഡ്രസ് കൊച്ചി നഗരസഭ നോർത്ത് യു.പി.എ.ഡി ബിൽഡിംഗ് എന്നും, ആവശ്യം അഡ്വക്കേറ്റ് ഓഫീസിനു വേണ്ടിയാണെന്നും കാണുന്നു. ടി കൺ.നം ന്റെ താരിഫ് ഗവ./തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ LT (VI)B ക്ക് പകരം നിർമ്മാണപ്രവർത്തനങ്ങൾക്ക് ബാധകമായ LT (VI) F-ൽ ആണ് ഉൾപ്പെട്ടിട്ടുള്ളത്. LT (VI) F താരിഫ് പ്രകാരം ഫിക്സഡ് ചാർജ്ജ് 170/- രൂപയും 500 യൂണിറ്റിനു മുകളിൽ ഒരോ യൂണിറ്റിനും 9.25 രൂപയുമാണ് ചാർജ്ജ് വരുന്നത്. എന്നാൽ LT (VI)B പ്രകാരം ഫിക്സഡ് ചാർജ്ജ് 500 യൂണിറ്റിനു മുകളിൽ 90/- രൂപയും, 500 യൂണിറ്റിനു മുകളിൽ ഒരോ യൂണിറ്റിനും 7.15 രൂപ മാത്രമാണ് ചാർജ്ജ് വരുന്നത്. ഒരോ മാസവും ശരാശരി 1000 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്നതിനാൽ ഒരോ യൂണിറ്റിനും 2.1 രൂപ അധികം വരുന്നുണ്ട്. ദ്വൈമാസ ഉപഭോഗം ശരാശരി 2000 യൂണിറ്റ് എന്നു കണക്കാക്കിയാൽ തന്നെ 4200/- രൂപ അധികമായി ചെലവഴിക്കേണ്ടി വരുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ LT (VI)B ക്ക് പകരം LT (VI) F യിൽ പ്രസ്തുത കൺസ്യൂമർ നമ്പർ ഉൾപ്പെടാനുണ്ടായ സാഹചര്യം വ്യക്തമല്ല. ടി താരിഫ് മാറ്റുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. മാത്രമല്ല, 1155466014229 എന്ന കൺസ്യൂമർ നമ്പർ "അഡ്വക്കേറ്റ് ഓഫീസ്" എന്ന ആവശ്യത്തിനാണ് എന്ന് കെ.എസ്.ഇ.ബി എറണാകുളം സെൻട്രൽ സെക്ഷൻ രേഖകളിൽ കാണുന്നു. ഇങ്ങനെ ഒരു അഡ്വക്കേറ്റ് ഓഫീസ് UPAD ബിൽഡിംഗിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഏത് അഡ്വക്കേറ്റ് സ്ഥാപനമെന്നും ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.92/2022-23തീയതി 7.12.2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി, നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അധിക

തുക ചെലവാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-65 പകൽവീട് പ്രവർത്തനരഹിതം

ഫയൽ നമ്പർ -FCE2/2165/18

കൊച്ചി നഗരസഭയുടെ 10-ാം ഡിവിഷനായ ചുള്ളിക്കലിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 15/07/15 മുതൽ പ്രവർത്തിച്ചു വന്നിരുന്ന പകൽവീടിന്റെ നടത്തിപ്പ് ചുമതല 'ഹെൽപ് ഏജ് ഇന്ത്യ' എന്ന സ്ഥാപനത്തിന് 18.06.19 ലെ 40/19-20-ാം നമ്പർ എഗ്രിമെന്റ് പ്രകാരം 15/7/19 മുതൽ 14/7/22 വരെ 3 വർഷക്കാലത്തേക്ക് പുതുക്കി നൽകിയിരുന്നു. ഈ കാലയളവിലേക്ക് ആകെ 18,85,136/- രൂപ പകൽവീട് നടത്തിപ്പിനായി ചെലവഴിച്ചിട്ടുമുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29/10/22 ലെ 1-ാം നമ്പർ തീരുമാന പ്രകാരം തുടർന്നുള്ള 3 വർഷത്തേക്ക് (2022-2025) എഗ്രിമെന്റ് പുതുക്കി നൽകുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 29.11.22 ലെ 63-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കരാർ പുതുക്കുന്ന വിഷയം മാറ്റി വെച്ചിരുന്നു. ഹെൽപ് ഏജ് ഇന്ത്യയിലെ ജീവനക്കാരുടെ മോശമായ പെരുമാറ്റം കാരണം ടി സ്ഥാപനത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കേണ്ടതില്ലെന്ന് 10-ാം ഡിവിഷൻ കൗൺസിലർ ശ്രീ. ബാസ്റ്റിൻ ബാബു 13/12/22 ൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുമുണ്ട്. ഹെൽപ് ഏജ് ഇന്ത്യയ്ക്ക് നടത്തിപ്പ് ചുമതല നൽകി കരാർ പുതുക്കിയിട്ടില്ലെന്നും മറ്റ് സ്ഥാപനങ്ങൾക്ക് നടത്തിപ്പ് ചുമതല നൽകിയിട്ടില്ലെന്നും ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. പകൽവീടിന്റെ നിലവിലെ പ്രവർത്തനം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 61/13.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വയോജനങ്ങൾക്ക് ശാരീരികവും മാനസികവും ആരോഗ്യപരവുമായ പിൻതുണ നൽകുന്നതിനായി പ്രവർത്തിച്ചു വന്നിരുന്ന പകൽവീട് നിലവിൽ നിഷ്ക്രിയമായ അവസ്ഥയിലാണ്. വയോജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പകൽവീട് പ്രവർത്തനസജ്ജമാക്കുന്നതിന് ഫലവത്തായ നടപടികൾ സ്വീകരിക്കേണ്ടതും കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പകൽവീട് കെട്ടിടം നിഷ്ക്രിയമാകാതിരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണ്.

1-66 മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി കുമ്മായവും ബ്ലീച്ചിംഗ് പൗഡറും വാങ്ങിയത് - ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി 9,67,500/- രൂപ ചെലവഴിച്ച് കുമ്മായവും ബ്ലീച്ചിംഗ് പൗഡറും എറണാകുളം ജില്ലാ മൊത്തവ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോർ വഴി

വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം. ഇ/465/22-23 തീയതി 11.07.2022). ഇതു സംബന്ധിച്ച ISO/MOH 6/17317/21 ഫയൽ പരിശോധിച്ചതിൽ ബ്ലീച്ചിംഗ് പൗഡർ വാങ്ങൽ പ്രക്രിയയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2013 ലെ സ്റ്റോർ പർച്ചേയ്സ് മാനുവൽ, ഖണ്ഡിക 7.8 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഏതൊരു വാങ്ങലുകൾക്കും ടെണ്ടർ നടപടികൾ സ്വീകരിക്കണം. സ.ഉ(കൈ) നം.17/2019/സഹ തീയതി 05.04.2019 ഉത്തരവ് പ്രകാരമാണ് ടെണ്ടർ കൂടാതെ ഈ സഹകരണ സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തിയത്. നിത്യോപയോഗ സാധനങ്ങളോ, സ്റ്റേഷനറി സാധനങ്ങളോ അത്യാവശ്യ സന്ദർഭങ്ങളിൽ കുറഞ്ഞ തുകയ്ക്കുള്ള നേരിട്ടുള്ള വാങ്ങലുകളോ ആണ് പ്രസ്തുത ഉത്തരവു മൂലം ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലാ മൊത്തവിതരണ സ്റ്റോർ നൽകിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ISI Grade ഉള്ള ബ്ലീച്ചിംഗ് പൗഡറിന് കി.ഗ്രാമിന് 49.50 രൂപയും കുമ്മായത്തിന് കി.ഗ്രാമിന് 22.50 രൂപയുമാണ് എറണാകുളം ജില്ലാ മൊത്തവ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോർ ക്വാട്ട് ചെയ്തിരിക്കുന്നത്. ബ്ലീച്ചിംഗ് പൗഡർ 15000 കി.ഗ്രാമും കുമ്മായം 10000 കി.ഗ്രാമും മേൽപ്പറഞ്ഞ നിരക്കിൽ ആണ് വാങ്ങിയിരിക്കുന്നത്. ഐ.എസ്.ഐ ഗ്രേഡ് ഉള്ള ബ്ലീച്ചിംഗ് പൗഡർ ഇതിലും താഴ്ന്ന നിരക്കിൽ മാർക്കറ്റിൽ ലഭ്യമാണോ എന്നുള്ളത് പരിശോധിച്ചതായി ഫയലിൽ ഇല്ല. (സ്റ്റോർ പർച്ചേസ് മാനുവൽ 9.22 മുതൽ 9.25 വരെ കാണുക). 9,67,500/- രൂപയുടെ വാങ്ങലിന് നിർബന്ധമായും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് നടപടികൾ ആരംഭിക്കണമായിരുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ മൊത്തവ്യാപാര കൺസ്യൂമർ സ്റ്റോറിൽ നിന്നും നേരിട്ടു വാങ്ങൽ നടത്തിയതിന് കാരണമായി പറയുന്നത് മഴക്കാല ശുചീകരണ പ്രവർത്തിയുടെ അടിയന്തിര സ്വഭാവമാണ്. മഴക്കാല ഉപയോഗത്തിന് ബ്ലീച്ചിംഗ് പൗഡറും കുമ്മായവും ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടോ എന്ന് മഴക്കാലം ആരംഭിക്കുന്നതിന് മുൻപേ തന്നെ യഥാസമയം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടത് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുടെ ചുമതലയാണ്. സർക്കിൾ 22 ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. പി.എം ഷിയാസുദ്ദീൻ, ശ്രീ. റാഫിമോൻ ടി.എം, എന്നിവർ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകിയത് യഥാക്രമം 4.6.2021 നും 5.8.2021നുമാണ്. മഴക്കാലം ആരംഭിച്ചതിനു ശേഷം അടിയന്തിരമായ ആവശ്യം എന്ന രീതിയിൽ ആവശ്യമുന്നയിക്കുകയും ടെണ്ടർ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തിയതും ആശാസ്യമല്ല. അടിയന്തിര ആവശ്യമാണെങ്കിലും 04.06.2021 ൽ ആരംഭിച്ച വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയായത് ഒരു വർഷത്തിനു ശേഷം 11.07.2022 നാണ്. ടെണ്ടർ ക്ഷണിക്കാതെ 9,67,500/- രൂപയുടെ വാങ്ങൽ നടത്തിയതിന് വ്യക്തമായ വിശദീകരണം

ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 14/2022-23തീയതി 10.07.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗവൺമെന്റ് നിർദ്ദേശങ്ങൾ പാലിച്ച് മാത്രം വാങ്ങൽ നടപടികൾ നിർവ്വഹിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-67 മഴക്കാല പൂർവ ശുചീകരണം- കൂലി നൽകിയതിൽ അപാകത

എ) തൊഴിലാളികൾക്ക് കൂലി ഇനത്തിൽ തുക നൽകിയിരിക്കുന്നത് ചട്ട പ്രകാരമല്ല - 2854175/-രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിവിഷന് 40000/- രൂപ നിരക്കിൽ 74 ഡിവിഷനുകൾക്ക് 2960000/- രൂപയും (ചെക്ക് നമ്പർ 042374/25.6.2022- 560000 രൂപ, ചെക്ക് നമ്പർ 238739/7.7.2022 -2400000 രൂപ) വെള്ളക്കെട്ട് രൂക്ഷമായ ഡിവിഷനുകളിൽ ഒരു ഡിവിഷന് 100000/- രൂപ നിരക്കിൽ 12 ഡിവിഷനുകൾക്ക് 1200000/- രൂപയും (ചെക്ക് നമ്പർ 053141/5.10.2022) മുൻകൂറായി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ തുക നൽകിയിരിക്കുന്നത് ബാങ്ക് അക്കൗണ്ട് മുഖേനയല്ല. തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്ന രേഖകളിൽ ഉൾപ്പെടുത്തേണ്ടതാണ്. G.O.(P)No.177/2006 Fin. Dt. 12.04.2006 ലെ നിബന്ധന 8.2 പ്രകാരം 1000/- രൂപയിൽ താഴെയുള്ള തുകകൾ മാത്രമാണ് പണമായി നൽകാവുന്നത്. പ്രവൃത്തി ചെയ്ത ഓരോ തൊഴിലാളിയും 1000/- രൂപയിൽ അധികം കൈപ്പറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 96/2022-23 തീയതി 13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓരോ ഡിവിഷനുകളിലേയ്ക്കും പ്രവൃത്തി നടപ്പാക്കുന്നതിന് തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകിയ തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ | കൂലി നൽകിയ തുക |
|---|---|---|
| 1. | 25 | 39150 |
| 2. | 26 | 39150 |
| 3. | 4 | 39825 |
| 4. | 39 | 40000 |
| 5. | 72 | 39825 |

| | | |
|---|---|---|
| 6. | 22 | 39150 |
| 7. | 31 | 39825 |
| 8. | 74 | 39825 |
| 9. | 41 | 39150 |
| 10. | 23 | 39150 |
| 11. | 55 | 39825 |
| 12. | 40 | 39150 |
| 13. | 66 | 39825 |
| 14. | 20 | 39825 |
| 15. | 8 | 39825 |
| 16. | 64 | 40000 |
| 17. | 16 | 40000 |
| 18. | 68 | 39825 |
| 19. | 56 | 39825 |
| 20. | 43 | 39150 |
| 21. | 5 | 39825 |
| 22. | 70 | 40000 |
| 23. | 6 | 39825 |
| 24. | 10 | 39825 |
| 25. | 7 | 39825 |
| 26. | 44 | 39825 |
| 27. | 38 | 39825 |
| 28. | 9 | 39825 |
| 29. | 47 | 36450 |
| 30. | 50 | 36450 |

| | | |
|---|---|---|
| 31. | 52 | 36450 |
| 32 | 12 | 40000 |
| 33. | 51 | 36450 |
| 34. | 48 | 36450 |
| 35. | 49 | 36450 |
| 36. | 45 | 36450 |
| 37. | 14 | 39825 |
| 38. | 11 | 40000 |
| 39. | 2 | 40000 |
| 40. | 28 | 39825 |
| 41. | 61 | 39825 |
| 42. | 73 | 29700 |
| 43. | 67 | 29025 |
| 44. | 3 | 39150 |
| 45. | 9 | 37125 |
| 46. | 54 | 39150 |
| 47. | 15 | 39825 |
| 48. | 46 | 39150 |
| 49. | 58 | 39825 |
| 50. | 32 | 39825 |
| 51. | 59 | 39825 |
| 52. | 30 | 39825 |
| 53. | 42 | 39150 |
| 54. | 70 | 100000 |
| 55. | 64 | 100000 |

| | | |
|---|---|---|
| 56. | 72 | 100000 |
| 57. | 43 | 98550 |
| 58. | 55 | 98550 |
| 59. | 65 | 100000 |
| 60. | 67 | 99900 |
| 61. | 66 | 99900 |
| ആകെ തുക | | 2854175/- രൂപ |

ബി) മഴക്കാല പൂർവ ശുചീകരണം-വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കാത്തതിനാൽ 760000/- രൂപ തടസ്സപ്പെടുത്തുന്നു

കൊച്ചി നഗരസഭയിലെ എല്ലാ ഡിവിഷനുകളിലും മഴക്കാലപൂർവ ശുചീകരണം നടത്തുന്നതിനായി ഓരോ ഡിവിഷനും 40000/- വെച്ച് 74ഡിവിഷനുകൾക്ക് 2960000/- രൂപ മുൻകൂർ നൽകുന്നതിനായി 1(a)/25.5.2022 നമ്പർ കൗൺസിൽ തീരുമാനപ്രകാരം അനുവദിച്ചിരുന്ന 14ഡിവിഷനുകൾക്കായി 48374നമ്പർ ചെക്ക് പ്രകാരം 25.6.2022 തീയതി 560000/- രൂപയും 60 ഡിവിഷനുകൾക്കായി 238789നമ്പർ ചെക്ക് പ്രകാരം 7.7.2022തീയതി 2400000/- രൂപയും മുൻകൂർ തുകയായി നല്കിയിട്ടുള്ളതാണ്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാത്ത ഡിവിഷനുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡിവിഷൻ | തുക |
|---|---|---|
| 1. | 1 | 40000 |
| 2. | 13 | 40000 |
| 3. | 16 | 40000 |
| 4. | 17 | 40000 |
| 5. | 18 | 40000 |
| 6. | 19 | 40000 |
| 7. | 21 | 40000 |
| 8. | 27 | 40000 |

| | | |
|---|---|---|
| 9. | 29 | 40000 |
| 10. | 33 | 40000 |
| 11. | 34 | 40000 |
| 12. | 35 | 40000 |
| 13. | 36 | 40000 |
| 14. | 37 | 40000 |
| 15. | 57 | 40000 |
| 16. | 60 | 40000 |
| 17. | 62 | 40000 |
| 18. | 69 | 40000 |
| 19. | 71 | 40000 |

ആകെ തുക = 19*40000 = 760000/- രൂപ

ഓഡിറ്റ് എൻക്വയറി നം. 23 /2022-23തീയതി 09.08.2023

സി) വാർഡ് തല സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ കാന വൃത്തിയാക്കൽ- വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം കൊച്ചി മുൻസിപ്പൽ കോർപറേഷനിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്ന ഡിവിഷനുകളിൽ വാർഡ്തല സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ കാന കോരുന്നതിനായി ഡിവിഷൻ ഒന്നിന് 100000/- രൂപ വീതം 12 ഡിവിഷനുകൾക്ക് 1200000/- രൂപ (ചെക്ക് നമ്പർ 053141,തീയതി 7.7.2022) 1(0)/16.9.2022നമ്പർ കൗൺസിൽ തീരുമാനപ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ സമർപ്പിക്കാതെ ഡിവിഷനുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡിവിഷൻ | തുക |
|---|---|---|
| 1. | 18 | 100000 |
| 2. | 19 | 100000 |

| | | |
|---|---|---|
| 3. | 32 | 100000 |
| 4. | 62 | 100000 |

ആകെ തുക = 4*100000 = 400000/- രൂപ

ഓഡിറ്റ് എൻക്വയറി നം. 24 /2022-23തീയതി 09.08.2023

മേൽ മുൻകൂർ അനുവദിച്ച 41,60,000/- രൂപയിൽ തൊഴിലാളികൾക്ക് നൽകിയ 28,54,175/- രൂപയും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത 7,60,000/- രൂപയും, 4,00,000/- രൂപയും ഉൾപ്പെടെയുള്ള തുകയായ 4014175/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിനും ചെലവ് സംബന്ധിച്ച രേഖകൾ യഥാസമയം ഹാജരാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-68 അഡ്വാൻസ് അനുവദിച്ചത് സമയപരിധി കഴിഞ്ഞിട്ടും ക്രമീകരിച്ചിട്ടില്ല.

കൊച്ചി നഗരസഭ ഫണ്ടിൽ നിന്നും, 2022-23 സാമ്പത്തിക വർഷത്തിലും, മുൻവർഷങ്ങളിലും, വിവിധ ആവശ്യങ്ങൾക്കായി അഡ്വാൻസ് തുക നൽകിയതിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിച്ചതിൻ പ്രകാരം, അഡ്വാൻസ് തുകകൾ അനുവദിച്ചതിന്റെ വൗച്ചർ നമ്പർ/ചെക്ക് നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ഈ തുകകൾ യഥാസമയം ക്രമീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിൽ 172 മുൻകൂറുകൾ അനുവദിച്ചതിൽ 118 എണ്ണം ഇപ്പോഴും ക്രമീകരിക്കാതെ തുടരുന്നു. വിവിധ വർഷങ്ങളിലായി മുൻകൂർ അനുവദിച്ചുകൊടുത്തതിൽ, ഇപ്പോഴും ക്രമീകരിക്കാതെ തുടരുന്നവയിൽ ചിലത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | കൈപ്പറ്റിയഉദ്യോഗസ്ഥൻ | തുക (രൂ.) | പെയ്മെന്റ് ഓർഡർ നം. & തീയതി | വൗ നം./ ചെക്ക് നം. |
|---|---|---|---|---|---|
| 2022-23 | | | | | |
| 1. | SYE2/002151/2022 | ശശികല പി.ആർ. | 55000/- | 52200925/ 28.04.22 | രേഖപ്പെടുത്തിയിട്ടില്ല |
| 2. | ISO/MOV1 /15714/22 | സ്മിത ടി.പി. PWO | 8000/- | 52201050/ 06.05.22 | " " |

| | | | | | |
|---|---|---|---|---|---|
| 3. | COC/ELE/4857/22 | ജ്യോതിസാഗർ, സീനിയർ ക്ലർക്ക്. | 100000/- | 52201320/ 18.05.22 | " " |
| 4. | MOV1/033811/19 | സന്തോഷ്, ഓവർസിയർ | 81720/- | 52201358/ 19.05.22 | " " |
| 5. | EYE1/4496/22 | ബിജി പി.എസ്., എ.ഇ. | 340,000/- | 52201399/ 20.05.22 | " " |
| 6. | MOE1/15493/22 | വരുൺ കൃഷ്ണൻ ഓവർസിയർ | 85000/- | 52201438/ 23.5.22 | " " |
| 7. | FCE1/1097/21 | ട്രീസ പുഷ്പി പി.എ.,PWO | 200000/- | 52201497/ 28.05.22 | " " |
| 8. | MOE1/14978/22 | വരുൺ കൃഷ്ണൻ, ഓവർസിയർ | 40000/- | 52201706/ 09.06.22 | " " |
| 9. | EYE2/5183/22 | റഷീദ വി.പി., PWO | 75000/- | 52201825/ 13.06.22 | " " |
| 10. | EYE1/5200/22 | സ്മിത ടി.പി., PWO | 40000/- | 52201827/ 13.06.22 | " " |
| 11. | EYE1/5199/22 | ഗിരിജാമോൾ സി.ഡി. PWO | 50000/- | 52201845/ 14.06.22 | " " |
| 12. | WZH3/896/22 | രാജേഷ് എസ്., ഹെൽത്ത് ഇൻസ്പെക്ടർ | 3000/- | 52202089/ 24.06.22 | " " |
| 13. | EYE1/2872/22 | സ്മിത ടി.പി., PWO | 98000/- | 52202091/ 24.06.22 | " " |
| 14. | MOE1/20744/22 | സിന്ധു, PWO | 1,40,000/- | 52202128/ 29.06.22 | " " |

| | | | | | |
|---|---|---|---|---|---|
| 15. | PD11/23476/21 | ജയചന്ദ്രൻ കെ.കെ. | 13,00,000/- | 52202353/ 08.07.22 | " " |
| 16. | MOH6/19951/20 | വിനോദ് , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 100,000/- | 52202381/ 12.7.22 | " " |
| 17. | WZH5/123/12 | സ്റ്റെനിമോൾ എസ്. | 200,000/- | 52203861/ 19.09.22 | " " |
| 18. | MOE4/018643/22 | രാധിക ഹരികുമാർ | 200,000/- | 52204075/ 30.09.22 | " " |
| 19. | FCE3/2021/22 | ഷിജി എം.വി. | 212000/- | 52204263/ 10.10.22 | " " |
| 20. | EYE1/8052/2022 | നിവില്ലി വില്ല്യംസൺ | 160,000/- | 52204428/ 15.10.22 | " " |
| 21. | MOE4/037026/22 | സീന പി.ആർ | 300,000/- | 52204644/ 31.10.22 | " " |
| 22. | KRE2/3994/22 | ബീന പി.ജി., എ.ഇ. | 237,750/- | 52204756/ 03.11.22 | " " |
| 23. | EYE2/10097/22 | നിഷ കെ. എച്ച്. | 490,000/- | 52204766/ 03.11.22 | " " |
| 24. | MOE3/38954/22 | അജി ടി.എ. | 300,000/- | 52205288/ 02.12.22 | " " |
| 25. | MOE3/38908/22 | ഷിഫ്ന | 500,000/- | 52205529/ 16.12.22 | " " |
| 26. | EYE2/8538/22 | ഗിരിജാമോൾ സി.എ. | 4,99,000/- | 52205721/ 21.12.22 | " " |
| 27. | EYE2/12098/22 | ആഷ എസ്. നായർ | 300,000/- | 52205838/ 26.12.22 | " " |

| | | | | | |
|---|---|---|---|---|---|
| 28. | SYP1/7235/18 | രജീഷ് കുമാർ | 524,000/- | 52206088/ 10.01.22 | ” ” |
| 29. | CCPC8/037485/22 | രാധിക ഹരികുമാർ, അസി.എഞ്ചിനീയർ | 300,000/- | 52206593/ 09.02.23 | ” ” |
| 30 | FCE3/1862/22 | സന്തോഷ് സി.ജി., അസി.എഞ്ചിനീയർ | 500,000/- | 52206732/ 17.02.23 | ” ” |
| 31. | MOE4/004784/23 | ജീവാമോൾ വി.ജെ. | 300,000/- | 52206821/ 23.02.23 | ” ” |
| 32. | MOE2/008291/23 | ഷിബു കെ.എ., അസി.എഞ്ചിനീയർ | 10,00,000/- | 52207293/ 06.03.23 | ” ” |
| 33. | MOE2/009468/23 | അമൽ കെ. സജീവ്, അസി.എഞ്ചിനീയർ | 13,95,000/- | 52207452/ 15.03.23 | ” ” |
| 34. | MOH5/8138/23 | രാജേഷ് കുമാർ സി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 400,000/- | - | വൗ.നം. 22209110/ 18.03.23 |
| 35. | MOE2/008291/23 | ഷിബു കെ.എ., അസി.എഞ്ചിനീയർ | 20,00,000/- | 52207741/ 27.03.23 | രേഖപ്പെടുത്തിയിട്ടില്ല |
| 36. | MOH5/8138/23 | രാജേഷ് കുമാർ സി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 12,00,000/- | 52208056/ 30.03.23 | വൗ.നം. 22209109/ 30.03.23 |
| 37. | MOH5/8138/23 | രാജേഷ് കുമാർ സി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 500,000/- | 52207776/ 30.03.23 | രേഖപ്പെടുത്തിയിട്ടില്ല |
| 38. | MOE2/011646/23 | ഷിബു കെ.എ., | 35,00,000/- | 52207790/ | ” ” |

| | | | | | |
|---|---|---|---|---|---|
| | | അസി.എഞ്ചിനീയർ. | | 31.03.23 | |
| 39. | MOE2/009897/23 | കലേഷ് ,<br>അസി.എഞ്ചിനീയർ | 10,00,000/- | 52207982/<br>10.03.23 | ” ” |

| ക്രമ നം. | ഫയൽ നം. | കൈപ്പറ്റിയ ഉദ്യാഗസ്ഥൻ | തുക | പെയ്മെന്റ് ഓർഡർ നം. & തീയതി | വൗ നം./ ചെക്ക് നം. |
|---|---|---|---|---|---|
| 2018-19 | | | | | |
| 1. | WZH3/641/18 | ബിജു ഡി..,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 14,000/- | 51802663/<br>04.0818 | രേഖപ്പെടുത്തി യിട്ടില്ല |
| 2. | FCP1/260/04 | സൂരജ് ആർ.എസ്, PWO | 1,63,000/- | 51900280/<br>18.12.18 | ” ” |
| 2019-20 | | | | | |
| 3. | FCE3/1018/19 | സൂരജ് ആർ.എസ്., PWO | 3,03,000/- | 51900653/<br>07.05.19 | ” ” |

2020-21

| | | | | | |
|---|---|---|---|---|---|
| 1. | MOR1/1419/20 | ജിതിൻ കെ.ജെ.,<br>LDC/BC REVENUE MAIN | 5,00,000/- | 52000161/<br>29.04.20 | രേഖപ്പെടുത്തി യിട്ടില്ല |
| 2. | MOH8/13873/20 | സിജു. കെ. , ഹെൽത്ത് ഇൻസ്പെക്ടർ | 35000/- | 52001665/<br>04.08.20 | ” ” |
| 3 | MOH8/12256/20 | ശിവൻ ഇ.കെ. , ഹെൽത്ത് ഇൻസ്പെക്ടർ | 20000/- | 52002357/<br>28.09.20 | ” ” |
| 4. | MOH8/34942/18 | സജിമോൻ കെ. വർഗീസ്, ഹെൽത്ത് ഇൻസ്പെക്ടർ | 37200/- | 52004416/<br>18.01.21 | ” ” |
| 5. | EYE1/3578/2021 | നിതീഷ് വി.എസ്.<br>അസി. എഞ്ചിനീയർ | 1,46,600/- | 52005770/<br>27.03.21 | ” ” |

2021-22

| | | | | | |
|---|---|---|---|---|---|
| 1. | MOE1/5496/21 | ശ്രീജിത്ത് പി.വി.<br>PWO | 1,60,000/- | 52100364/<br>16.04.21 | രേഖപ്പെടുത്തിയിട്ടില്ല |
| 2. | MOE1/14867/21 | ബിജു. ടി.എൻ | 215,000/- | 52100664/<br>28.04.21 | " " |
| 3. | MOE4/027002/21 | സജേഷ്, PWO | 300,000/- | 52102955/<br>10.09.21 | " " |
| 4. | EYP3/009988/21 | സ്മിത ടി.പി. | 190,000/- | 052105289/<br>05.02.22 | " " |
| 5. | SYP1/7235/18 | രാജേഷ് കുമാർ കെ.,<br>ബിൽഡിംഗ് ഇൻസ്പെക്ടർ. | 8,80,000/- | 52105743/<br>04.02.22 | " " |
| 6. | MOE2/9512/21 | ഷിബു കെ.എ.<br>അസി.എഞ്ചിനീയർ | 3,57,000/- | 52105762/<br>07.02.22 | " " |

ജി.ഒ.(പി)നം.419/11/ഫിൻ തീയതി 04.10.2011 പ്രകാരം താൽക്കാലിക അഡ്വാൻസ് പൂർണ്ണമായി വിനിയോഗിക്കാതെ, കൃത്യസമയത്ത് അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കുന്ന സന്ദർഭങ്ങളിൽ, പണം പിൻവലിച്ച തീയതി മുതൽ അഡ്വാൻസ് റീഫണ്ട് ചെയ്യുന്ന തീയതി വരെയുള്ള അഡ്വാൻസിന്റെ ഉപയോഗിക്കാത്ത ഭാഗത്തിന് പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. കൂടാതെ നിശ്ചിതസമയത്തിനുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്ത സന്ദർഭങ്ങളിൽ, അത്തരം സമയപരിധി അവസാനിച്ച ഉടൻ തന്നെ അഡ്വാൻസിന്റെ മുഴുവൻ തുകയും ഒറ്റത്തവണയായി വീണ്ടെടുക്കേണ്ടതാണ്. അഡ്വാൻസ് തുക പിൻവലിച്ച തീയതി മുതൽ വീണ്ടെടുക്കുന്ന തീയതി വരെയുള്ള മുൻകൂർ തുകയിൽ പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

2003-04 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച മുൻകൂർ തുകകൾ, നിലവിലും ക്രമീകരിക്കാതെ തുടരുന്നത്, നഗരസഭഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് കണക്കാക്കുന്നു. മേൽ അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക്

(നം.95/08.12.23)ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി)ന.419/11/ഫിൻ തീയതി 04.10.2011 പ്രകാരമുള്ള നടപടി കൈക്കൊണ്ട്, മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ എത്രയും വേഗം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-69 ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമികരിച്ചിട്ടില്ല

2022-2023 ലെ വാർഷിക കണക്ക് - B18 ഷെഡ്യൂൾ പ്രകാരം ജീവനക്കാർക്ക് ഫെസ്റ്റിവെൽ അഡ്വാൻസ് നൽകിയ ഇനത്തിൽ ₹439514/- ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(76/28.11.23) ₹439514/- രൂപയിൽ 2,56,750/- രൂപ അലവൻസായി അനുവദിച്ച തുകയാണെന്നും അത് അഡ്വാൻസിൽ കയറി വന്നതാണെന്നും ബാക്കിയുള്ള 1,82,764/- രൂപയിൽ 1,38,764/-രൂപ വിവിധ ജീവനക്കാരിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ അടവാക്കിയെന്നും, 44,000/- രൂപ മാത്രമേ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുള്ളൂവെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് പ്രകാരം അഡ്വാൻസ് അനുവദിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ 5 തുല്യഗഡുക്കളായി തിരികെ ഈടാക്കണമെന്ന് ഉത്തരവിൽ വ്യവസ്ഥയുണ്ടായിരിക്കെ അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും ഇനിയും തുക ഈടാക്കാത്തത് ശരിയായ നടപടിയല്ല.

ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന 44,000/- രൂപ, മുൻകൂർ കൈപ്പറ്റിയ ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെയുള്ള കാലയളവിലെ പലിശ, നിലവിലുള്ള ബാങ്ക് നിരക്കിൽ കണക്കാക്കി അഡ്വാൻസ് തുകയോടൊപ്പം ഈടാക്കി തനതുഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-70 തെരുവ് വിളക്കുകളുടെ പരിപാലനം

കൊച്ചി നഗരസഭയിലെ 2022-23 വർഷത്തെ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫയൽ നം. | റിമാർക്ക്സ് |
|---|---|---|
| 1 | MOE1/38249/19 | 6.10.2021 ൽ അവസാനിച്ച കരാർ പുതിയ കരാർ നിലവിൽ |

| | | |
|---|---|---|
| | (വൈറ്റില മേഖല) | |
| 2 | MOE1/38250/19 (ഇടപ്പള്ളി മേഖല) | വരുന്നത് വരെ നീട്ടി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | MOE1/38251/19 (സെൻട്രൽ & പച്ചാളംമേഖല) | |
| 4 | MOE6/4753/19 (പള്ളുരുത്തി മേഖല) | 30.6.2021 ൽ അവസാനിച്ച കരാർ പുതിയ കരാർ നിലവിൽ വരുന്നത് വരെ നീട്ടി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| 5 | MOE6/4754/19 (ഫോർട്ട് കൊച്ചി & മട്ടാഞ്ചേരി) | |

2022-23 വർഷത്തിൽ ടെണ്ടർ ക്ഷണിക്കാതെ നിലവിലെ കരാറുകാരന് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു. സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം നിലവിലെ കരാർ അവസാനിച്ചതിന് ശേഷം ആദ്യം മൂന്ന് മാസത്തേയ്ക്കും തുടർന്ന് പുതിയ കരാർ നിലവിൽ വരുന്നത് വരെയും ആണ് പ്രവൃത്തി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നതായി കാണുന്നത്.

ഫോർട്ട് കൊച്ചി & മട്ടാഞ്ചേരി, പള്ളുരുത്തി എന്നീ മേഖലകളിലെ തെരുവ് വിളക്കുകളുടെ AMC യുടെ കാലാവധി 30.6.21 ൽ അവസാനിച്ചതാണ്. എന്നാൽ പുതിയ കരാർ നടപടികൾ ആരംഭിക്കാതെ നിലവിലെ കരാറുകാരനുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ട് 20.7.21 മുതൽ 20.10.21 വരെ യും തുടർന്ന് പുതിയ കരാർ നിലവിൽ വരുന്നത് വരെയുമായി തെരുവ് വിളക്കുകളുടെ പരിപാലനത്തിനുള്ള അനുവാദം നിലവിലെ കരാറുകാരന് ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു.

പ്രസ്തുത മേഖലകളിലെ തെരുവ് വിളക്കുകളുടെ AMC യുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിലെ ചെലവു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫോർട്ട് കൊച്ചി & മട്ടാഞ്ചേരി മേഖല

| പ്രവൃത്തി നടത്തിയ കാലയളവ് | തുക | വൗച്ചർ നം. | ചെക്ക് നം./തീയതി |
|---|---|---|---|
| 21.2.22 – 20.3.22 | 492480 | 22200250 | 749344/13.4.22 |

| | | | |
|---|---|---|---|
| 21.3.22 – 20.4.22 | 492480 | 22201414 | 048182/13.6.22 |
| 21.4.22 – 20.6.22 | 984960 | 22202334 | 164192/16.8.22 |
| 20.6.22 – 20.8.22 | 984960 | 22204172 | 052861/21.10.22 |
| 21.8.22 – 20.10.22 | 984960 | 22204804 | 283499/24.11.22 |
| 21.10.22 – 14.12.22 | 984960 | 22206408 | 218843/24.2.23 |
| ആകെ തുക | 4924800/-രൂപ | | |

ഫോർട്ട് കൊച്ചി & മട്ടാഞ്ചേരി മേഖല യിലെ 2022-23 വർഷത്തെ തെരുവ് വിളക്കുകളുടെ AMC കരാർ 15.12.2022 ൽ നമ്പർ 482/22-23 പ്രകാരം വച്ചിട്ടുള്ളതാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2.പള്ളുരുത്തി മേഖല

| പ്രവൃത്തി നടത്തിയ കാലയളവ് | തുക | വൗച്ചർ നം. | ചെക്ക് നം./തീയതി |
|---|---|---|---|
| 21.1.22 – 20.2.22 | 273600 | 22200251 | 749345/13.4.22 |
| 21.2.22 – 20.4.22 | 547200 | 22201413 | 048181/13.6.22 |
| 20.4.22 – 20.8.22 | 1094400 | 22203643 | 588284/1.10.22 |
| 21.8.22 – 12.12.22 | 1021440 | 22207234 | 513385/22.3.23 |
| ആകെ തുക | 2936640/-രൂപ | | |

പള്ളുരുത്തി മേഖലയിലെ 2022-23 വർഷത്തെ AMC കരാർ 13.12.2022 ൽ നമ്പർ 479/22-23 പ്രകാരം വച്ചിട്ടുള്ളതാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

3.വൈറ്റില മേഖല

| പ്രവൃത്തി നടത്തിയ കാലയളവ് | തുക | വൗച്ചർ നം. | ചെക്ക് നം./തീയതി |
|---|---|---|---|
| 7.1.22 –6.3.22 | 887040 | 22200236 | 749372/12.4.22 |
| 7.3.22 – 6.4.22 | 443520 | 22201564 | 042315/19.6.22 |
| ആകെ തുക | 1330560/-രൂപ | | |

2022-23 വർഷത്തെ തെരുവ് വിളക്കുകളുടെ AMC കരാർ തയ്യാറാക്കുന്നതിന് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ ഒന്നും ലഭ്യമല്ല.

4.ഇടപ്പള്ളി മേഖല

| പ്രവൃത്തി നടത്തിയ കാലയളവ് | തുക | വൗച്ചർ നം. | ചെക്ക് നം./തീയതി |
|---|---|---|---|
| 7.1.22 –6.3.22 | 927360 | 22200739 | 749375/12.4.22 |
| 7.3.22 – 6.4.22 | 463680 | 22201563 | 042314/19.6.22 |
| ആകെ തുക | 1391040/-രൂപ | | |

21.02.22 ലെ കൗൺസിൽ തീരുമാന പ്രകാരം 2022-23 വർഷത്തെ AMC കരാറിനു അംഗീകാരം നൽകിയിട്ടുള്ളതാണ് എന്ന് ഫയലിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും കരാറിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

5.സെൻട്രൽ & പച്ചാളം മേഖല

| പ്രവൃത്തി നടത്തിയ കാലയളവ് | തുക | വൗച്ചർ നം. | ചെക്ക് നം./തീയതി |
|---|---|---|---|
| 7.1.22 –6.3.22 | 930240 | 22200237 | 749373/12.4.22 |
| 7.3.22 – 6.4.22 | 465120 | 22201562 | 042313/19.6.22 |
| ആകെ തുക | 1395360/-രൂപ | | |

2022-23 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കരാർ നടപടികൾ സ്വീകരിക്കാതെ സപ്ലിമെന്ററി എഗ്രിമെന്റുകൾ ചമച്ച് പ്രവൃത്തി ചെയ്യുവാനുള്ള അനുവാദം ദീർഘിപ്പിച്ച് നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. നഗരസഭയിൽ 2022-23 വർഷത്തിൽ പരിപാലിക്കപ്പെട്ട മുഴുവൻ തെരുവ് വിളക്കുകളുടെയും സ്ഥലവും, പോസ്റ്റ് നമ്പറും, ഇനവും തിരിച്ചുള്ള വിവരങ്ങളും നിലവിൽ ലഭ്യമല്ല. നഗരസഭയുടെ മേൽസൂചിപ്പിച്ച മേഖലകളിലെ തെരുവ് വിളക്കുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്നതിന്റെയും ആയവ പരിഹരിക്കുന്നതിന്റെയും റിപ്പോർട്ടുകൾ പള്ളുരുത്തി മേഖലയിലെ ഫയലിൽ മാത്രമാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. മറ്റ് മേഖലകളിലെ ഫയലുകളിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടുള്ളതായി കാണുന്നില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി 8.11.2023ൽ ഓഡിറ്റ് എൻക്വയറി നമ്പർ 57/22-23 നൽകിയിരുന്നു എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ

കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-71 എറണാകുളം ടൗൺഹാൾ നവീകരണം - പരിക്ക് പറ്റിയ പണിക്കാരന് നഗരസഭയുടെ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചു - കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള എറണാകുളം ടൗൺഹാളിന്റെ നവീകരണ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത ശ്രീ. എ.എ. ബൈജു എന്ന കരാറുകാരന്റെ തൊഴിലാളികളിൽ ഒരാളായ ശ്രീ. റജിമോൻ കുന്നത്ത്പറമ്പ് എന്നയാൾ പ്രവൃത്തിനിർവ്വഹണത്തിനിടെ വീണ് പരിക്കേൽക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. ഇതിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യ ശ്രീമതി കെ. ജയന്തി ആലപ്പുഴ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും നഷ്ടപരിഹാരമായി 7,88,240/- രൂപയും കൂടാതെ 23.12.2013 മുതൽ ടി തുക ഒടുക്കുന്ന തീയതി വരെ 12% പലിശയും മരണാനന്തര ചടങ്ങുകൾക്ക് 10000/-രൂപയും ഉൾപ്പെടെ നഷ്ടപരിഹാരം 29.05.2020ന് പ്രസ്തുത കോടതി വിധിക്കുകയും ചെയ്തു.

ആയതു പ്രകാരം 23.12.2013 മുതൽ 03.9.2021 വരെയുള്ള വിധി കടത്തുകയായി 15,16,423/- രൂപ നഗരസഭ കെട്ടിവയ്ക്കുകയും ചെയ്തതായ് 12.10.22ലെ 39ാംനമ്പർ തീരുമാനം വ്യക്തമാക്കുന്നു. കരാറുകാരൻ ഒടുക്കേണ്ട തുകയാണ് ഇപ്രകാരം നഗരസഭ ഒടുക്കിയത്. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കുകയോ കരാറുകാരനിൽ നിന്നും ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 66/2022-23 തീയതി. 22.11.2023) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അതിന് നിയമ നടപടികൾ ആവശ്യമുള്ള പക്ഷം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

1-72 വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത് നിഷ്ക്രിയമായി തുടരുന്നു

പള്ളുരുത്തി പമ്പ് ഹൗസിൽ നിന്നും വി.വി. ഗംഗാധരൻ റോഡിലൂടെ 150 MM D1 പൈപ്പിട്ട് ഇടക്കൊച്ചി കണ്ണങ്ങാട്ട് മേഖലയിൽ കുടിവെള്ള വിതരണം നടത്തുന്നതിനുദ്ദേശിച്ചുകൊണ്ട് 2020-21 വർഷം നഗരസഭ പദ്ധതി തയ്യാറാക്കിയിരുന്നു. 2020-21 വർഷത്തെ പ്രോജക്ട് നം. 1615/21 നം പ്രോജക്ടിൽപ്പെടുത്തി 1,83,50,000 രൂപ പ്രസ്തുത ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് നഗരസഭ വാട്ടർ അതോറിറ്റിയുമായി നിർവ്വഹണ വ്യവസ്ഥകൾ വ്യക്തമാക്കി കരാർ വച്ചിരുന്നില്ലെന്നാണ്

വ്യക്തമാകുന്നത്. വി.വി. ഗംഗാധരൻ റോഡ് ടാറിംഗ് നടത്തിയതിനാൽ പ്രസ്തുത റോഡിലൂടെ പൈപ്പിടുന്നതിന് അനുമതി ലഭ്യമാകാതെ വന്നതിനാൽ പദ്ധതി നിർവ്വഹിക്കപ്പെട്ടില്ല. പദ്ധതി ഉപേക്ഷിക്കുന്ന എന്ന് വാട്ടർ അതോറിറ്റി 15.06.2022ലെ ഡി.ബി./882/2011 നമ്പർ കത്തിലൂടെ നഗരസഭയെ അറിയിച്ചിരുന്നു. എന്നാൽ ഡെപ്പോസിറ്റ് തുക വാട്ടർ അതോറിറ്റി നാളിതുവരെ നഗരസഭയ്ക്ക് മടക്കി നൽകിയിട്ടില്ല. പഷ്ണിത്തോട് പാലത്തിലൂടെ പൈപ്പ് നീട്ടി പ്രസ്തുത പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം 8.8.2022ലെ നഗരസഭാ കൗൺസിൽ പരിഗണിക്കുകയും അനുമതി നൽകുകയും ചെയ്തതായി കാണുന്നു. (തീരുമാനം നം. 114) എന്നാൽ ഇതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ വാട്ടർ അതോറിറ്റിയുമായി പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റി പ്രസ്തുത പദ്ധതി നിർവ്വഹിച്ചതായും കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 66/2022-23 തീയതി. 22.11.2023) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക പകരം പദ്ധതിക്ക് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ വാങ്ങുകയോ ചെയ്യേണ്ടതാണ്.

1-73 അപകടകരമായ കേബിളുകൾ മുറിച്ചു മാറ്റി നീക്കം ചെയ്യുന്നതിന് തുക ചെലവഴിച്ചത് - കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്നും ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല

ഫയൽ നം. എ.ഒ.പി.5/22270/21

നഗരപരിധിയിൽ വിവിധ കേബിൾ സർവ്വീസ് നൽകുന്നവരുടെ കേബിളുകൾ അപകടകരമായി തൂങ്ങി നിൽക്കുന്നതു മൂലം വാഹനങ്ങൾക്കും യാത്രക്കാർക്കും സഞ്ചാരതടസ്സവും ആപത് ഭീഷണി ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അപകടകരമായ ഇത്തരം കേബിളുകൾ നീക്കം ചെയ്യുന്ന വിഷയം കോടതി നിർദ്ദേശ പ്രകാരം പരിഹരിക്കുന്നതിനായി കേബിൾ സർവ്വീസ് ദാദാക്കളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം 17.9.2021ലും തുടർന്ന് 29.9.2021ലും മേയറുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. BSNL, DWAN, RJIL, JIO, സിറ്റികേബിൾ, ഏഷ്യാനെറ്റ് മുതലായ കേബിൾ സർവ്വീസ് ദാതാക്കൾ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ഇപ്രകാരം അപകടകരമായി തൂങ്ങി നിൽക്കുന്ന തങ്ങളുടെ കേബിളുകൾ 1.9.2021നകം സേവനദാദാക്കളായ കമ്പനികൾ തന്നെ നീക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാതെ വന്നതിനെതുടർന്ന് പ്രസ്തുത പ്രവൃത്തി നഗരസഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിക്കുകയും ആയതിന് 2,00,000/- രൂപ മരാമത്ത് വിഭാഗം ഓവർസിയർ ശ്രീമതി രാജി

കൃഷ്ണന് മുൻകൂർ അനുവദിക്കുകയും ചെയ്തു. (വൗച്ചർ നം. 22105664/20.2.22 ചെക്ക് നം. 561891/20.2.2022) പ്രസ്തുത പ്രവൃത്തികൾ 19.1.22 മുതൽ 22.3.22 വരെയുള്ള കാലയളവിൽ നിർവ്വഹിക്കുകയും ആയതിന് 207200/- രൂപ ചെലവ് വന്നതായി കാണിച്ച് ബില്ലുകൾ സഹിതം മുൻകൂർ ക്രമീകരിക്കുന്നതിന് 25.7.2022ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ 25.11.2022ലെ ജനറൽ കൗൺസിൽ പരിഗണിച്ച് അഡ്വാൻസ് ക്രമീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. (തീരുമാനം 169). ആയതു പ്രകാരം അധികമായി ചെലവഴിച്ച 7200രൂപ ശ്രീമതി രാജി കൃഷ്ണന് താഴെപ്പറയും പ്രകാരം നൽകി മുൻകൂർ ക്രമീകരിച്ചു.

| വൗച്ചർ നം. | തുക | ചെക്ക് നം. |
|---|---|---|
| 22206483 | 7200 | 218988/25.2.2023 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം ഇപ്രകാരം നല്കപ്പെടുന്ന മുൻകൂറുകൾ മുൻകൂർ നൽകി 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത മുൻകൂർ 18% വാർഷിക നിരക്കിലുള്ള പലിശ ഈടാക്കി ക്രമീകരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. ഇവിടെ മുൻകൂർ നൽകി അഞ്ച് മാസത്തിനു ശേഷവും പ്രവൃത്തി നിർവ്വഹണം പൂർത്തിയായതിന് നാല് മാസത്തിന് ശേഷവും മാത്രമാണ് ശ്രീമതി രാജി കൃഷ്ണൻ ബില്ലുകൾ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചത്. പക്ഷേ 18% നിരക്കിലുള്ള പലിശ ഈടാക്കാതെയാണ് മുൻകൂർ ക്രമീകരിച്ചിട്ടുള്ളത്. പലിശ മുൻകൂർ കൈപ്പറ്റിയ ആളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കേബിൾ സർവ്വീസ് ദാതാക്കൾ നിർവ്വഹിക്കേണ്ട പ്രവൃത്തികളാണ് നഗരസഭ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് നിർവഹിച്ചത്. ഇപ്രകാരം നഗരസഭ നിർവ്വഹിക്കുമ്പോൾ വരുന്ന ചെലവ് ഉത്തരവാദിയായ കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്നും തിരികെ ഈടാക്കണമെന്ന വസ്തുത കൗൺസിൽ പരിഗണിച്ചിരുന്നതാണ്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 66/2023) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് തുക കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്ന് ഈടാക്കുന്നതിന് നോട്ടീസ് നൽകാൻ 4.8.2022ൽ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ

ഈ ഇനത്തിൽ നഗരസഭയ്ക്ക് ചെലവായ 207200/- രൂപ സേവനദാതാക്കളായ കേബിൾ കമ്പനിക്കാരിൽ നിന്നും തിരികെ ഈടാക്കിയോ അല്ലാത്ത പക്ഷം യഥാസമയം തുകയീടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-74 മുൻകൂർ തുക ചെലവഴിച്ചതിലെ അപാകതകൾ

1. രവിപുരം ശ്മശാനത്തിൽ അപകടാവസ്ഥയിലുള്ള മര ത്തിന്റെ ശിഖരങ്ങൾ മുറിക്കുന്നത്

12-ാം സർക്കിളിൽ പരിധിയിൽ ഉള്ള രവിപുരം ശ്മശാനത്തിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ അപകടകരമായ ശിഖരങ്ങൾ മുറിച്ച് നീക്കുന്നതിന് ശ്രീ. സുരേഷ് വി.വി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന് (വൗച്ചർ നം. 22202203 ചെക്ക് നം. 239092/05.08.2022) 35,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി പൂർത്തീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.67/09.01.2023 നമ്പർ തീരുമാന പ്രകാരം ടി മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

8.11.2010ലെ ജി.ഒ(പി) 259/2010/തസ്വഭവ പ്രകാരമുള്ള Procurement മാന്വൽ ഖണ്ഡിക 3.2പ്രകാരം 5,000/- മുതൽ 50,000/- രൂപ വരെ ഉള്ള പ്രവൃത്തികൾക്ക് ചുരുങ്ങിയത് മൂന്ന് ക്വട്ടേഷനുകൾ ക്ഷണിക്കണമെന്ന വ്യവസ്ഥയുണ്ടായിരിക്കെ, ഇത് പാലിക്കാതെ നേരിട്ട് ഒരു വ്യക്തിയെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. മത്സരാധിഷ്ഠിത ക്വട്ടേഷൻ ഒഴിവാക്കി പ്രവൃത്തി ചെയ്യിപ്പിച്ചതിനാൽ കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യിപ്പിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് (ഓഡിറ്റ് എൻക്വയറി നം. 29/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഈ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് കോമ്പൗണ്ടിലെ അപകടാവസ്ഥയിലുള്ള മരം മുറിച്ചത്.

17-ാം സർക്കിളിൽ എറണാകുളം ഫോർഷോർ റോഡിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് വക ഓയിൽ ടാങ്കർ ടെർമിനലിന് മുന്നിലായി പൊതുവഴിയുടെ ഫുട്പാത്തിൽ ഓയിൽ ടെർമിനലിനു മുകളിലേക്ക് അപകടകരമായി നിൽക്കുന്ന മരശിഖരങ്ങൾ മുറിച്ച് നീക്കുന്നതിന് ശ്രീ. പ്രസന്നൻ സി, ഹെൽത്ത് ഇൻസ്പെക്ടർക്ക് (വൗച്ചർ നം. 22102938 ചെക്ക് നം. 549645/23.09.2021) 65,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. പ്രസന്നൻ സി, ഹെൽത്ത് ഇൻസ്പെക്ടർ 23.09.2021ൽ കൈപ്പറ്റിയ 65,000/- രൂപയുടെ മുൻകൂർ ക്രമവൽക്കരിക്കാത്തതിനാൽ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നോട്ടീസ് നൽകുവാൻ 04/02/2022ന് അഡീഷണൽ സെക്രട്ടറി ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഇതിനുള്ള നടപടികൾ ആരംഭിച്ചത് ഒരു വർഷത്തിന് ശേഷമാണ് (06.02.2023-ാം തീയതി). ഈ കാലതാമസത്തിന് ഇടയാക്കിയ കാരണം വ്യക്തമല്ല.

പരാമർശത്തിനുള്ള മറുപടിയായി സെക്ഷൻ ക്ലാർക്കിന് തീയതി എഴുതിയതിൽ സംഭവിച്ച പിഴവാണ് എന്ന് അറിയിക്കുകയും ആയതു വ്യക്തമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്രമവൽക്കരിക്കാത്ത മുൻകൂറിനെക്കുറിച്ചുള്ള പരാമർശത്തിന് വിശദീകരണം ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

2. ശ്രീ. പ്രസന്നൻ സി, ഹെൽത്ത് ഇൻസ്പെക്ടർക്ക് മുൻകാലങ്ങളിലായി അഞ്ച് തവണ (29.01.2021 – 25,000/-, 05.02.2021 – 7,000/-, 01.03.2021 – 17,000/-, 04.06.2021 – 75,000/-,21.06.2021 – 1,00,000/-) മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും ക്രമീകരിക്കുകയോ പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുക കൈപ്പറ്റുന്നവർ 3മാസത്തിനകം ചെലവ്, വൗച്ചറുകൾ സഹിതം ക്രമവൽക്കരിക്കണമെന്നും, അല്ലാത്തപക്ഷം 18% നിരക്കിൽ പലിശ ഈടാക്കാവുന്നതുമാണ്എന്ന വ്യവസ്ഥയുണ്ട്. ഇതിൻ പ്രകാരം സമയബന്ധിതമായി നടപടിസ്വീകരിക്കാതിരിക്കുകയും, മുൻകൂർ ക്രമവൽക്കരിക്കാതെ ബാധ്യതയുള്ള ഉദ്യോഗസ്ഥർക്ക് വീണ്ടും മുൻകൂർ അനുവദിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടും അതേ നടപടികൾ തുടരുകയും ചെയ്യുന്നത് ചട്ടവിരുദ്ധമാണ്. ഈ മുൻകൂറുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വൈറ്റില മേഖല തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പ് സജ്ജീകരണം

കൊച്ചി നഗരസഭയുടെ വൈറ്റില മേഖല തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പ് 2020 ന്റെ ഭാഗമായുള്ള ബൂത്ത് സജ്ജീകരണത്തിനായി ശ്രീ.ഷിബു കെ.എ., അസി.എഞ്ചിനിയർക്ക് (വൗച്ചർ നം. 22003477 ചെക്ക് നം. 196715/30/11/2020) 3,96,213/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 8532/- രൂപ ( വൗച്ചർ നം. 22202340, ചെക്ക് നം. 164198/16/08/2022) അനുവദിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.219/29.12.2021

നമ്പർ തീരുമാന പ്രകാരം ടി മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്. പരിശോധനക്കായി ലഭ്യമാക്കിയ ഫയലിൽ ബില്ലുകളോ വൗച്ചറുകളോ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാൽ ആയവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 5/2022-23) നൽകിയെങ്കിലും നാളിതുവരെയും മറുപടികളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 8532/- രൂപ രേഖകളുടെ അഭാവത്താൽ തടസ്സപ്പെടുത്തുന്നു.

1-75 പി.എം.എ.വൈ നടത്തിപ്പ് അപാകതകൾ

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ സംസ്ഥാനസർക്കാരുമായി സംയോജിച്ച് നഗരസഭകൾ വഴി നടപ്പിലാക്കുന്ന പി.എം.എ.വൈ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. പി.എം.എ.വൈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അർബൻ ഹൗസിംഗ് മിഷന്റെ 9.11.2015 ലെ 5476/എൻ /15/കെഎസ് എച്ച് ഒ നമ്പർ സർക്കുലർ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 4.10.2016 ലെ സ.ഉ.(സാധാ)2803/16/തസ്വഭവ എന്നിവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ സർക്കാർ ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. പദ്ധതിയ്ക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വാർഡു തലത്തിൽ വിശദമായ സർവ്വേ നടത്തി വിവര ശേഖരണം നടത്തി ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്കെതിരെയുള്ള പരാതികൾ, പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്നിവ രേഖപ്പെടുത്തുന്നതിന് നഗരസഭകളിൽ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കൊച്ചി നഗരസഭയിൽ നടപ്പാക്കിയ പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതും മേൽ സൂചിപ്പിച്ച പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് കൂടി ലഭ്യമാക്കുന്നതിന് 12.12.2023 ൽ ഓഡിറ്റ് എൻക്വയറി നം.97/22-23 ൽ നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പി.എം.എ.വൈ പദ്ധതിയിൽ നിലവിൽ 4 ലക്ഷം രൂപയാണ് നല്കി വരുന്നത്. കരാർ സമർപ്പിച്ച് 1-ാം ഗഡുവായി 10% (40,000/-) അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് 2-ാം ഗഡുവായി 40% (1,60,000/-)തറ നിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് 3-ാം ഗഡുവായി 40% (1,60,000/-) എസ്റ്റിമേറ്റ് പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് 4-ാം ഗഡുവായി 10% (40,000/-)

ഗുണഭോക്താവിന് നല്കുന്നതാണ്.

2017-18 വർഷം മുതലാണ് നഗരസഭയിൽ പി.എം.എ.വൈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. 2022-23 വർഷം വരെയുള്ള പി.എം.എ.വൈ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിപിആർ | അംഗീകരിച്ച തീയതി | ഗുണഭോക്താക്കളുടെ എണ്ണം | | | | | | | പൂർത്തീകരിച്ചവരുടെ % |
|---|---|---|---|---|---|---|---|---|---|
| | | അംഗീകരിച്ചത് | റിവൈസ്ഡ് | 1st Stage | 2nd Stage | 3rd Stage | പൂർത്തിയാക്കിയത് | 1-ാം ഗഡു പണി ആരംഭിച്ചിട്ടില്ലാത്തവരുടെ എണ്ണം | |
| DPR 1 | 15.1.17 | 1528 | 1094 | 1084 | 1062 | 1058 | 1002 | 10 | 91.5 |
| DPR 2 | 27.9.17 | 713 | 422 | 419 | 408 | 403 | 375 | 3 | 88.86 |
| DPR 3 | 29.11.17 | 1358 | 580 | 568 | 556 | 550 | 502 | 12 | 86.55 |
| DPR 4 | 7.2.18 | 451 | 254 | 249 | 247 | 243 | 226 | 5 | 88.98 |
| DPR 5 | 26.3.18 | 734 | 428 | 420 | 412 | 406 | 373 | 8 | 87.15 |
| DPR 6 | 31.1.19 | 3482 | 2121 | 1968 | 1890 | 1828 | 1598 | 153 | 75.34 |
| DPR 7 | 7.8.2020 | 1344 | 785 | 607 | 545 | 532 | 422 | 179 | 53.69 |
| DPR 8 | 16.8.21 | 1391 | 1391 | 528 | 520 | 447 | 170 | 863 | 12.22 |
| DPR 9 | 23.3.22 | 500 | 500 | 18 | 6 | 2 | 0 | 482 | 0 |
| DPR 10 | 18.11.22 | 1051 | 1051 | 45 | 4 | 0 | 0 | 1006 | 0 |

വിവിധ കാലയളവുകളിൽ ഭവന നിർമ്മാണ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തികരിക്കുന്നതിൽ കാലതാമസം വരുത്തുന്നതിൽ നഗരസഭ ഫീൽഡ് പരിശോധന നടത്തേണ്ടതും പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്.

1-76 പോർട്ട് വക ഭൂമിയിലെ മാലിന്യം നീക്കം ചെയ്യൽ - ഡിപ്പിംഗ് ചാർജ്ജ് കൃത്യമായി ഈടാക്കിയില്ല

കൊച്ചിൻ പോർട്ട് ട്രസ്റ്റ് വക ഭൂമിയിലെ ജൈവ/ അജൈവ മാലിന്യം നീക്കം ചെയ്യുന്നതു സംബന്ധിച്ച് പോർട്ട് ട്രസ്റ്റും നഗരസഭയും തമ്മിൽ കരാർ വച്ചിരുന്നു. ഇതു പ്രകാരം പോർട്ട് ട്രസ്റ്റ് ഭൂമിയിലെ മാലിന്യങ്ങൾ അവിടെ നിന്നും ലോറിയിൽ കയറ്റി ബ്രഹ്മപുരം മാലിന്യ പ്ലാന്റിലേക്ക് നീക്കുന്നതിന് ലോറി വാടകയായി 4850 രൂപയും ടിപ്പിംഗ് ചാർജായി 1420 രൂപയും പോർട്ട് ട്രസ്റ്റ് നഗരസഭയ്ക്ക് നൽകുന്നു. നഗരസഭയുമായി പോർട്ട് ട്രസ്റ്റ് ഇപ്രകാരം വച്ച കരാറിന്റെ കാലാവധി 20.12.20ന് അവസാനിച്ചിരുന്നെങ്കിലും പ്രസ്തുത കരാർ പുതുക്കുന്നതിന് നഗരസഭ ശ്രമിച്ചില്ല. എന്നാൽ കരാർ കാലവധിക്കുശേഷവും നഗരസഭ ലോറികൾ മാലിന്യ നിർമ്മാർജ്ജനത്തിന് വിട്ടുനൽകിപ്പോന്നിരുന്നു. ഇപ്രകാരം കരാർ കാലാവധിക്കു ശേഷം നിർവ്വഹിച്ച മാലിന്യ നിർമ്മാർജ്ജനത്തിന് പ്രതിവർഷം 5% വാർഷിക വാടക വർദ്ധനവ് വരുത്തിയ തുക ഈടാക്കിയിട്ടില്ല. കരാർ പിന്നീട് പുതുക്കിയതായും കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 64/2022-23തീയതി 18.11.2023 ) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. കൊച്ചിൻ പോർട്ടിൽ നിന്നും നഗരസഭക്ക് ടിപ്പിംഗ് ചാർജ്ജിനത്തിലും ലോറിവാടകയിനത്തിലും ലഭിക്കേണ്ട വാർഷിക വാടക വർദ്ധനവ് വരുത്തിയ തുക ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-77 കൊച്ചി കോർപ്പറേഷൻ ഓഫീസ് മന്ദിരം നിർമ്മാണം- അപാകതകൾ

കൊച്ചി നഗരസഭയുടെ ഓഫീസ് മന്ദിരം മറൈൻ ഡ്രൈവിൽ പണിയുന്നതിനായി 27.10.2003ൽ മേയറുടെ ചേംമ്പറിൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയും (തീരുമാനം - 2). ഇതനുസരിച്ച് ദേശീയതലത്തിൽ പത്ര പരസ്യം നൽകി ആർക്കിടെക്ടുകളെ തെരഞ്ഞെടുക്കുകയും അപ്രകാരം 19 ആർക്കിടെക്ടുകളിൽ നിന്ന് 8 ആർക്കിടെക്ടുകളെ 12.02.2004ൽ നടന്ന സ്റ്റിയറിംഗ് കമ്മറ്റികൾ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. ഈ 8 ആർക്കിടെക്ടുകളോട് മാർച്ച് 10 2004 അന്തിമ തീയതിയായി നൽകി, 16.02.2004ൽ പ്രിലിമിനറി ഡിസൈൻ ഹാജരാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ 12.03.2004ൽ മേൽപ്പറഞ്ഞ 8 പേരിൽ 4 പേർ പ്രിലിമിനറി ഡ്രോയിംഗ് സമർപ്പിക്കുകയും ആയതിൽ നിന്നും 26.06.2004ൽ തീരുമാനം 42 പ്രകാരം M/s ശ്രീ. കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സ് തെരഞ്ഞെടുക്കുകയും ചെയ്തു. 25.08.2004ൽ ശ്രീ. കുൽദ്വീപ് സിങ്ങ്നെ നഗരസഭ മന്ദിരം പണിയുന്നതിനുള്ള ആർക്കിടെക്ടായി ഉൾപ്പെടുത്തി 1.10.2004ൽ 219/04 ആയി കരാർ ചമയ്ക്കുകയും ചെയ്തു.

മന്ദിരം നിർമ്മാണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും ആർക്കിടെക്ടായ M/s ശ്രീ.

കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സ് എസ്റ്റിമേറ്റ് നൽകിയതായും ഇപ്രകാരം ടി ബഹുനില കെട്ടിട നിർമ്മാണത്തിന് 24 കോടി രൂപ ചെലവു വരുമെന്ന് 30.10.2004ൽ കുറിപ്പു ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ഫയൽ പ്രകാരം 20.07.2005ൽ കോർപ്പറേഷൻ തലത്തിലുള്ള ടെക്നിക്കൽ സബ്ജക്ട് കമ്മറ്റിയാണ് TSG/11/110/05 പ്രകാരം സാങ്കേതിക അനുമതി നൽകിയിരുന്നത് ഇത്രയും വലിയ പ്രോജക്ടിന് സംസ്ഥാനതലത്തിൽ സാങ്കേതിക അനുമതി നേടിയില്ല.

2. ആർക്കിടെക്ടായ M/s ശ്രീ. കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സ് 1232477/-രൂപ പ്രൊഫഷണൽ ഫീസായി ആവശ്യപ്പെട്ടുവെന്നും 6.12.2004ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ശ്രീ. കുൽദ്വീപ് സിങിന് 9.12.2004ൽ 600000/-രൂപയും 21.05.2005ൽ 500000/-രൂപയും അനുവദിച്ചു. എന്നാൽ സിവിൽ വർക്കുകളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ, ഡിസൈൻ കാൽക്കുലേഷൻ, ഇലക്ട്രിക്കൽ പ്ലംബിംഗ്, ഫ്ലോറിംഗ് തുടങ്ങിയവയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് മേൽപ്പറഞ്ഞ ആർക്കിടെക്ട് നൽകിയതായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 11.6.2007ൽ ആർക്കിടെക്ടായ ശ്രീ. കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സ് ബഹുനില മന്ദിരത്തിന്റെ നിർമ്മാണത്തിനായി ഒരു അംഗീകരിച്ച ഡ്രോയിംഗുകളും നൽകിയിട്ടില്ല എന്ന് കാണുന്നു. 01.10.2004ലെ കരാർ കൊച്ചിൻ കോർപ്പറേഷൻ ലംഘിച്ചു എന്ന കാരണത്താൽ 8.08.2007 മുതൽ കരാർ റദ്ദാക്കിയതായും ആർക്കിടെക്ടായ ശ്രീ. കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സ് അറിയിച്ചിരുന്നു. മേൽപ്രകാരം അംഗീകരിച്ച ഡ്രോയിംഗുകൾ ഇല്ലാതെ എങ്ങനെയാണ് ഈ ഒൻപതു നിലകളുള്ള ബഹുനില മന്ദിരം നിർമ്മിച്ചതെന്നതിന്റെ വിവരം കോർപ്പറേഷൻ ഫയലിൽ വിശദീകരിച്ചിട്ടില്ല.

4. സ്ട്രക്ച്ചറൽ ഡ്രോയിംഗുകൾ സ്ക്രൂട്ടിനി നടത്തുന്നതിന് IIT ഡെൽഹിയെ ചുമതലപ്പെടുത്തിയതായും ആയതിന് 165300/- അനുവദിക്കുകയും ചെയ്തു. ടി സ്ക്രൂട്ടിനി റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്നു മാത്രമല്ല ആർക്കിടെക്ടിന്റെ അംഗീകരിച്ച ഡ്രോയിംഗുകൾ ഇല്ലാതിരിക്കെ കൗൺസിൽ എങ്ങനെ സ്ട്രക്ച്ചറൽ സ്ക്രൂട്ടിനി നടത്തുന്നതിന് IIT ഡെൽഹിയെ ചുമതലപ്പെടുത്തി എന്നും വ്യക്തമല്ല.

5. ആർക്കിടെക്ടായ ശ്രീ. കുൽദ്വീപ് സിങ് ആന്റ് അസോസിയേറ്റ്സുമായുള്ള എഗ്രിമെന്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം ടി ബഹുനില ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തികളോടനുബന്ധിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി വാങ്ങിയതായും 82600/- യുടെ ചെലവ് ടി നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയതായും കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ വിശദവിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1262/23 – മെയിൻ ഓഫീസ് പുതിയ ഓഫീസ് കെട്ടിടം ഇ.എൽ.സി. വർക്ക്സ് -1500000 (പ്ലാൻ ജനറൽ)

1176/23 - മെയിൻ ഓഫീസ് പുതിയ ഓഫീസ് കെട്ടിടം എയർ കണ്ടീഷൻ പ്രവൃത്തികൾ - 10000000 (പ്ലാൻ ജനറൽ)

1160/23 - മെയിൻ ഓഫീസ് പുതിയ ഓഫീസ് കെട്ടിടം ഇന്റേണൽ ഇലക്ട്രിക്കൽ വർക്ക്-10000000 (പ്ലാൻ ജനറൽ)

മേൽ അപാകതകൾ സംബന്ധിച്ച് 29.11.2023ൽ 77/2022-23 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകിയിട്ടില്ല.

1-78 സ്യൂട്ട് രജിസ്റ്ററിലെ അപാകതകൾ സംബന്ധിച്ച്

കൊച്ചി നഗരസഭയുടെ 2022-23 ലെ സ്യൂട്ട് രജിസ്റ്ററുകൾ പരിശോധിച്ചതിൽ കേസുകൾക്കായി ചെലവഴിച്ച ചുവടെ ചേർക്കുന്ന തുകകളുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ/തീയതി | കേസ് നമ്പർ | അഡ്വക്കേറ്റിന്റെ പേര് | കേസ് സംബന്ധിച്ച വിവരണം |
|---|---|---|---|---|---|---|
| 1 | 22206647 | 13500/- | 21888/2.3.23 | WP(C)NO.5225/2013 | അഡ്വ.സി.എൻ പ്രഭാകരൻ | പരസ്യ നികുതി സംബന്ധിച്ച് |
| 2 | 22202892 | 2700/- | 164568/1.9.22 | WP(C)NO.31931/2019 | അഡ്വ.സുധീഷ് | അഡ്വക്കേറ്റ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കുമാർ | ഫീസ് സംബന്ധിച്ച് |
| 3 | 22202914 | 2700/- | 164567/1.9.22 | WP(C)No.32291/2019 | അഡ്വ.സുധീഷ് കുമാർ | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 4 | 22202890 | 2700/- | 164568/1.9.22 | WP(C)No.12112/2022 | അഡ്വ.സുധീഷ് കുമാർ | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 5 | 22203286 | 13500/- | 574669/18.9.22 | WP(C)No.12112/2022 | അഡ്വ. ശോഭൻ ജോർജ് | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 6 | 22203287 | 13500/- | 574670/18.9.22 | WP(C)No.12112/2022 | അഡ്വ അരുൺ ആന്റണി | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 7 | 22206648 | 13500/- | 218885/2.3.23 | WP(C)No.16267/2012 | അഡ്വ.സി. എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |
| 8 | 22206649 | 13500/- | 218885/2.3.23 | WP(C)No.29814/2014 | അഡ്വ.സി. എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |
| 9 | 22206650 | 13500/- | 218885/2.3.23 | WP(C)No.29814/2014 | അഡ്വ.സി. എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |
| 10 | 22206651 | 13500/- | 218885/2.3.23 | WP(C)No.8632/2015 | അഡ്വ.സി.എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |

| | | | | | | |
|---|---|---|---|---|---|---|
| 11 | 22206645 | 13500/- | 218885/2.3.23 | WP(C)No.8989/2012 | അഡ്വ.സി.എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |
| 12 | 22206646 | 13500/- | 218885/2.3.23 | WP(C)No.19714/2013 | അഡ്വ.സി.എൻ പ്രഭാകരൻ | വസ്തു നികുതി സംബന്ധിച്ച് |
| 13 | 22206653 | 9000/- | 218888/2.3.23 | WP(C)No.38931/2022 | അഡ്വ. ശോഭൻ ജോർജ് | വസ്തു നികുതി സംബന്ധിച്ച് |
| 14 | 22206653 | 13500/- | 218888/2.3.23 | WP(C)No.35690/2022 | അഡ്വ. ശോഭൻ ജോർജ് | വസ്തു നികുതി സംബന്ധിച്ച് |
| 15 | 22203279 | 13500/- | 574661/18.9.22 | WP(C)No.18269/2021 | അഡ്വ.സി.എൻ പ്രഭാകരൻ | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 16 | 22203280 | 13500/- | 574662/18.9.22 | WP(C)No.22987/2020 | അഡ്വ അരുൺ ആന്റണി | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 17 | 22202891 | 2700/- | 164568/1.9.22 | WP(C)No.29097/2020 | അഡ്വ.സുധീഷ് കുമാർ | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 18 | 22203297 | 13500/- | 574659/18.9.22 | WP(C)No.22987/2020 | അഡ്വ അരുൺ ആന്റണി | അഡ്വക്കേറ്റ് ഫീസ് സംബന്ധിച്ച് |
| 19 | 22206635 | 13500/- | 215884/2.3.23 | WP(C)No.41136/2022 | അഡ്വ. കെ.ജനാർദ്ദന | വസ്തു നികുതി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഷേണായി | സംബന്ധിച്ച് |
| 20 | 22206637 | 13500/- | 218884/3.3.23 | WP(C)No.13668/2020 | അഡ്വ. കെ.ജനാർദ്ദന ഷേണായി | വസ്തു നികുതി സംബന്ധിച്ച് |
| 21 | 22203278 | 13500/- | 574660/18.9.22 | WP(C)No.1407/2021 | അഡ്വ. കെ.ജനാർദ്ദന ഷേണായി | വസ്തു നികുതി സംബന്ധിച്ച് |
| 22 | 22206624 | 13500/- | 218884/3.3.23 | WP(C)No.65/2021 | അഡ്വ. കെ.ജനാർദ്ദന ഷേണായി | വസ്തു നികുതി സംബന്ധിച്ച് |

കേസ് സംബന്ധിച്ച വിവരം, കൗൺസിൽ അംഗീകാരത്തിന്റെ നമ്പർ, തീയതി, വക്കീലിന്റെ പേര്, വക്കീലിന് നൽകിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞിട്ടുള്ള വൗച്ചറുകൾ പ്രകാരം നൽകിയിട്ടുള്ള തുകകൾ സംബന്ധിച്ച് ഒരു വിവരങ്ങളും 2022- 23 ലെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ രേഖപ്പെടുത്താതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് 28.11.2023ൽ 74/22-23 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ചേർത്ത് സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-79 കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

2022-23 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈസ് -3 സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം കരാർ പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ പ്രവർത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്ക് ( മിനിമം - 200000/- മാക്സിമം -500000/-) ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കോർപ്പറേഷനിൽ നടപ്പാക്കിയിട്ടുള്ള

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഫയലിൽ ഉള്ളടക്കം ചെയ്യാത്തതിനാൽ ഓഡിറ്റ് എൻക്വയറി(നം.93/8.12.23) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെങ്കിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്കുള്ള പോളിസിയും 0.2% ഫൈനും കരാറുകാരിൻ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-80 ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല.

നഗരസഭയിലെ ഹെൽത്ത് സർക്കിളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ജി.ഒ (എം.എസ്) 170/07.തസ്വഭ.തീയതി 30.6.17-ലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ആറുമാസത്തിൽ ഒരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലോഗ് ബുക്ക് പരിശോധനയിൽ അത്തരം സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

2.ദൈനംദിന യാത്രാവിവരണങ്ങളിൽ വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥന്റെയും കസ്റ്റോഡിയൻ ഓഫീസറുടേയും പേരും ഒപ്പും രേഖപ്പെടുത്തി എല്ലാ യാത്രകളിലും സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3.വാഹനത്തിന്റെ ഇന്ധന അക്കൗണ്ട്, ഡി.സി.ബി., പ്രതിമാസ സംക്ഷിപ്തം എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

4.ഇന്ധനം നിറയ്ക്കുന്ന സമയത്തെ കി.മി.റീഡിംഗ്, യാത്ര പുറപ്പെടുന്ന സമയത്തെ കി.മി.റീഡിംഗ്, തിരിച്ചെത്തുന്ന സമയം, യാത്രഅവസാനിക്കുന്ന കി.മി.റീഡിംഗ് എന്നിവ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നു (ഉദാഹരണം വാഹന നമ്പർ-KL7BH9763)

സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും സർക്കാരിന്റെ നിർദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-81 കൊച്ചി നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ പരിപാലനം

നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടും പരിപാലനവും

കൊച്ചി നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി എസ്ബിഐ അക്കൗണ്ട് നം. 33430200347 ആണ് ഉപയോഗിച്ചുവരുന്നത്.

2022-23 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 47173084/-രൂപയാണ് ലഭിച്ചത്. നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് പെൻഷൻ വിതരണം നടത്തുന്നതിനായ് ഏകദേശം 1.6 കോടി രൂപ പ്രതിമാസം ചെലവ് വരുന്നുണ്ട്. നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് റീക്കുപ്പ് ചെയ്ത 47173084/-രൂപ കൂടാതെ 22,30,49545/-രൂപ കൂടി എടുത്തിട്ടാണ് 2022-23 സാമ്പത്തിക വർഷം റഗുലർ ജീവനക്കാർക്ക് പെൻഷൻ ഇനത്തിൽ ആകെ 2702,22629/-രൂപ വിതരണം ചെയ്തിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തെ AFS പ്രകാരം

Central Pension Fund Receivable For The Current Year = 17,58,76461/- രൂപയും

Central Pension Fund Receivable (Arrear) = 112,18,79418.94/- രൂപയും

കൂടി ആകെ = 129,7755879.94/-രൂപ സെൻട്രൽ പെൻഷൻ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്.

1996ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ Death Cum Retirement Benefit റൂൾസിലെ ചട്ടം 7(2), 8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതുമാസം 25-ാം തീയതിക്കുമുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളുകളായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് തുകയൊന്നും നഗരസഭ ഒടുക്കുന്നില്ലെന്നാണ് വ്യക്തമാകുന്നത്. AFS പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ അടവാക്കാനുള്ള തുക – 3,76,92451/-രൂപ.

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ അടവാക്കാനുള്ള അരിയർ തുക – 27,96,71,688/-രൂപ.

ആകെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കാനുള്ള തുക –31,73,64139/-

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കേണ്ട പെൻഷൻ വിഹിതം അടയ്ക്കാതെയിരിക്കുകയും പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിന് മതിയായ അലോട്ട്മെന്റ് ലഭിക്കാതെ

വരുകയും ചെയ്യുന്നതുമൂലം നഗരസഭയുടെ പെൻഷൻ ബാധ്യത കൂടുകയും അത് തനതുഫണ്ടിൽ നിന്നും കൈകാര്യം ചെയ്യുന്നതിനും ഇടയാകുന്നു. നഗരസഭയിൽ നിന്നും വിരമിച്ചവർക്കുപുറമേ സംസ്ഥാനത്തെ മറ്റു നഗരസഭകളിൽ നിന്നും വിരമിക്കുകയും പെൻഷൻ വിതരണത്തിന് കൊച്ചി നഗരസഭ തെരഞ്ഞെടുക്കുകയും ചെയ്ത മറ്റു ജീവനക്കാർകൂടി നഗരസഭയുടെ പെൻഷൻ ബാധ്യതയിൽ ഉൾപ്പെടുന്നതിനാൽ ഇപ്രകാരം നഗരസഭയുടെ തനതുഫണ്ട് പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നത് നഗരസഭയുടെ സാമ്പത്തിക സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടിന്റെ സംക്ഷിപ്ത രൂപം

| Central Pension Fund Allotment Received During 2022-23 | Central Pension Fund Allotment Receivable Upto (31.03.2023) | Fund Taken From Own Fund During 2022-23 For Pension Distribution | Contribution To Central Pension Fund Pending Upto 31.03.2023 |
|---|---|---|---|
| 4,71,73084 | 129,77,55879.94 | 27,02,22,629 | 31,73,64139 |

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടും പരിപാലനവും

3.5.99ലെ ജി.ഒ(പി) 96/97 LAD പ്രകാരം നിലവിൽ വന്ന 1996ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് Death Cum Retirement റൂൾസ് അനുസരിച്ച് പെൻഷൻ ഫണ്ടിനായ് പ്രത്യേക ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും മൊത്ത മാസ ശമ്പളത്തിന്റെ 15% തുക അടവാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നം. 18/2022-23 തീയതി 02.8.23ന്റെ മറുപടിയായി സമർപ്പിച്ച MOA22-021112/13 നമ്പർ കത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് കാനറാ ബാങ്ക്, എറണാകുളം ബ്രോഡ് വേ ബ്രാഞ്ചിൽ 43002010055707 നമ്പറായി ആരംഭിച്ചെങ്കിലും റഗുലർ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനായ് എസ്ബിഐ ബാങ്കിൽ ആരംഭിച്ചിട്ടുള്ള സാലറി അക്കൗണ്ടിൽ നിന്നാണ് കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും നൽകി വരുന്നതെന്ന് വ്യക്തമാക്കിയിരിക്കുന്നു. ടി കാനറാ ബാങ്ക് അക്കൗണ്ട് എഎഫ്എസ്-ൽ ഉൾപ്പെട്ടതായും കാണുന്നില്ല. പ്രതിമാസം 30,00000/-രൂപയിൽ താഴെയാണ് Pension Contribution ഇനത്തിൽ റിക്കവറി നടത്തുന്നതെന്നും പ്രതിമാസം 1.6 കോടിയിൽ കൂടുതൽ തുക പെൻഷൻ ഇനത്തിൽ നഗരസഭ നൽകി വരുന്നുണ്ടെന്നും ആയതിനാൽ ടി അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കുവാൻ

സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും കത്തിൽ വ്യക്തമാക്കുന്നുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ AFS പ്രകാരം 18,49,75,45/-രൂപ കണ്ടിജന്റ് പെൻഷൻ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി2 പ്രകാരം 6,39,95,351/-രൂപ വിതരണം ചെയ്യാനുള്ളതായി കാണുന്നു.

2022-23 സാമ്പത്തിക വർഷം നഗരസഭ ഓഡിറ്റിൽ നിന്ന് 70 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് (ഡിസിആർജി + കമ്മ്യൂട്ടേഷൻ) അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും 40 ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മാത്രമാണ് വർഷം നഗരസഭ വിതരണം ചെയ്തിരിക്കുന്നത്. ഡിസിആർജി, കമ്മ്യൂട്ടേഷൻ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം ഓഡിറ്റ് അംഗീകാരം നൽകിയതിൽ യഥാക്രമം 10469919/-രൂപയും 9939042/-രൂപയും കൂട്ടി ആകെ 20,408,961/-രൂപ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. ആകെ 35894139/-രൂപയാണ് 2022-23 സാമ്പത്തിക വർഷം പെൻഷൻ ആനുകൂല്യം ഡിസിആർജി, കമ്മ്യൂട്ടേഷൻ ഇനത്തിൽ വിതരണം ചെയ്തിരിക്കുന്നത്.

1996 കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡിസിആർ ബെനഫിറ്റ് റൂൾസിലെ ചട്ടം 7(2), 8 ൽ പറഞ്ഞ പ്രകാരം റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടും, 3.5.99ലെ ജിഒ(പി) 96/97 എൽഎഡി പ്രകാരം നിലവിൽ വന്ന 1996ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് Death Cum Retirement Rules -ൽ പറഞ്ഞ പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടും കൈകാര്യം ചെയ്യേണ്ടതും ഓരോ വർഷാവസാനവും പെൻഷൻ ഫണ്ട് സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് പരിശോധിക്കായ് അയച്ചു തരേണ്ടതുമാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കിട്ടാനുള്ള കുടിശ്ശിക തുക (129,77,55879.94/- രൂപ) ലഭിക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-82 മാലിന്യം നീക്കാൻ ഭീമമായ ലോറി വാടക- നഗരസഭക്ക് കോടികളുടെ ചെലവ്

നഗരസഭയുടെ ടിപ്പറുകൾ, റെഫ്യൂസ് കോംപാക്ടറുകൾ, ജെ. സി. ബി എന്നിവയിൽ ബഹുഭൂരിഭാഗവും പ്രവർത്തനരഹിതമാണ്. മാലിന്യ നീക്കത്തിന് ഉപയോഗിയ്ക്കുന്ന ഈ വാഹനങ്ങൾ പലതും ഒന്നു മുതൽ രണ്ടു വരെ വർഷങ്ങളായി ഉപയോഗിയ്ക്കാതിരിയ്ക്കുന്നതു മൂലം ഭീമമായ തുകയാണ് കോർപ്പറേഷൻ വാടകയിനത്തിൽ സ്വകാര്യ വ്യക്തികൾക്ക് വർഷം തോറും നൽകിക്കൊണ്ടിരിയ്ക്കുന്നത്. മാലിന്യ നീക്കത്തിനായി വാഹനങ്ങൾ നഗരസഭക്ക് ഉണ്ടായിരുന്നിട്ടും നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ കൃത്യമായി അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ

മാലിന്യ നീക്കത്തിനായി സ്വകാര്യവാഹനങ്ങൾ വാടകക്ക് എടുക്കേണ്ടി വരികയും ഇതുമൂലം വാഹനവാടകയിനത്തിൽ ഭീമമായ തുകകൾ ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | കിഴക്കൻ മേഖല | | | പശ്ചിമ മേഖല | | |
|---|---|---|---|---|---|---|
| | ലോറികളുടെ എണ്ണം | ആകെ തുക | തുക അനുവദിച്ച തീയതി | ലോറികളുടെ എണ്ണം | അനുവദിച്ച തുക | തുക അനുവദിച്ച തീയതി |
| 1/22 | 1030 | 37,49,200 | ലഭ്യമല്ല | 683 | 22,98,978 | 501778/ 14.2.22 |
| 2/22 | 998 | 36,32,720 | ലഭ്യമല്ല | 597 | 20,09,502 | 817668/ 10.3.22 |
| 3/22 | 1082 | 39,38,480 | ലഭ്യമല്ല | 610 | 20,53,260 | 794406/ 11.04.22 |
| 4/22 | 1077 | 39,20,280 | ലഭ്യമല്ല | 631 | 21,23,946 | 233630/ 12.5.22 |
| 5/22 | 1132 | 41,20,480 | ലഭ്യമല്ല | 665 | 22,38,390 | 048209/ 15.6.22 |
| 6/22 | 1152 | 41,93,280 | ലഭ്യമല്ല | 703 | 23,66,298 | 239020/ 29.7.22 |
| 7/22 | 1161 | 42,26,040 | ലഭ്യമല്ല | 770 | 25,91,820 | 164208/ 17.8.22 |
| 8/22 | 1132 | 41,20,480 | ലഭ്യമല്ല | 736 | 24,77,376 | 514551/ 15.9.22 |
| 9/22 | 1103 | 40,14,920 | ലഭ്യമല്ല | 601 | 20,22,965 | 052732/ 13.10.22 |
| 10/22 | 1157 | 42,11,480 | ലഭ്യമല്ല | 649 | 21,84,534 | 280251/ 14.11.22 |
| 11/22 | 1183 | 43,06,120 | ലഭ്യമല്ല | 646 | 21,74,436 | 046276/ 24.12.22 |
| 12/22 | 1135 | 41,31,400 | ലഭ്യമല്ല | 728 | 24,50,448 | 383912/ 15.2.23 |
| 1/23 | 1123 | 40,87,720 | ലഭ്യമല്ല | 686 | 23,09,076 | 218822/ 21.2.23 |
| 2/23 | 589 | 20,02,600 | ലഭ്യമല്ല | 589 | 19,82,574 | 513365/ 20.3.23 |
| | | 54655200രൂപ | | | 3,12,83,603 രൂപ | |

കേരള മുനിസിപ്പാലിറ്റി (Use & Maintenance Of Motor Vehicle) ചട്ടം 2000 (കേരള ഗസറ്റ് Ex.No. 680 തീയതി 26.4.2003 95 ജി.ഒ.(പി) നം.103/2003/എൽ.എസ്.ജി.ഡി.) ചട്ടം(3) പ്രകാരം നഗരസഭയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ സെക്രട്ടറിയായിരിക്കുകയും ഇതിൽ വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച ചുമതല നഗരസഭാ എഞ്ചിനീയറിൽ നിക്ഷിപ്തവുമാണ്. ചട്ടം (4) പ്രകാരം കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളെ സംബന്ധിക്കുന്ന റിപ്പയർ

രജിസ്റ്റർ (അപ്പൻഡിക്സ് 3) സ്റ്റോക്ക് രജിസ്റ്റർ (അപ്പൻഡിക്സ്) എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും വാഹനങ്ങളുടെ അറ്റകുറ്റപ്പണികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ രജിസ്റ്ററുകളിൽ എഴുതി സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഈ രജിറ്ററുകൾ എഴുതി കാലികമാക്കുകയോ, സാക്ഷ്യപ്പെടുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ല. ചട്ടം(7) പ്രകാരം വാഹനങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുള്ള ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും അതിൽ കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളെ സംബന്ധിക്കുന്ന ലോഗ് ബുക്കുകൾ ചട്ടം അനുശാസിക്കുന്ന രീതിയിൽ എഴുതി സൂക്ഷിക്കുകയോ അതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ല. നഗരസഭയിൽ മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ എല്ലാ ലോഗ് ബുക്കുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചട്ടം(10) അനുസരിച്ച് കൊച്ചി നഗരസഭയിലെ വാഹനങ്ങളുടെ റിപ്പയറിംഗ് സംബന്ധിച്ച ഉത്തരവാദിത്വം സെക്രട്ടറി നഗരസഭ എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ കൊച്ചി നഗരസഭയിലെ വാഹനങ്ങളുടെ പരിപാലന ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല. ഒരു വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ ആയത് ഡ്രൈവർ റിപ്പോർട്ട് ചെയ്ത് കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞാണ് റിപ്പയറിംഗ് സംബന്ധിക്കുന്ന വിവരം നഗരസഭയിൽ ലഭിക്കുന്നത്. തുടർന്ന് ക്വട്ടേഷൻ ക്ഷണിച്ച് നടപടികൾ പൂർത്തിയാക്കുന്നതിനും കൗൺസിലിൽ തീരുമാനം എടുത്ത് വർക്ക് ഓർഡർ നൽകുന്നതിനും വീണ്ടും കാലതാമസം എടുക്കുന്നു. തുടർന്ന് വർക്ക്ഷോപ്പിൽ അറ്റകുറ്റപ്പണി കഴിഞ്ഞ് കിടക്കുന്ന വാഹനം നഗരസഭ പണം നൽകാത്തതിനാൽ വർക്ക്ഷോപ്പിൽ നിന്നും വിട്ടുകിട്ടാതെ വരുന്നു. അവസാനം പണം നൽകി വാഹനം തിരികെ എടുക്കുമ്പോഴേക്കും ഈ വാഹനം ഓടാതെ വർക്ക് ഷോപ്പിൽ കിടക്കുന്നത് മൂലം കൂടുതൽ തകരാറുകൾക്ക് കാരണമാകുകയും വർഷങ്ങളോളം ഉപയോഗ ശൂന്യമായി തുടരുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഇത് മൂലം മാലിന്യ സംസ്കരണത്തിനായി നഗരസഭയുടെ വാഹനങ്ങൾ ഉപയോഗിക്കാൻ സാധിക്കാതെ വരുകയും സ്വകാര്യ വാഹനങ്ങൾ അധികമായി വാടകക്ക് എടുത്ത് ഉപയോഗിക്കേണ്ടതായും വരുന്നു. നഗരസഭയുടെ വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്തതിന്റെ പണം വർക്ക് ഷോപ്പിന് കൃത്യമായി നൽകാൻ വൈകിക്കുന്ന നഗരസഭ ഉദ്യോഗസ്ഥരും, ഭരണാധികാരികളും സ്വകാര്യ വാഹനങ്ങൾ വാടകക്ക് എടുത്ത് മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്നതിന്റെ വാടകയിനത്തിലുള്ള പണം എത്രയായാലും

നൽകുന്നതിന് ഒരു വൈഷമ്യവും കാണിക്കുന്നില്ല. കൊച്ചി നഗരസഭയ്ക്ക് സ്വന്തമായി മതിയായ വാഹനങ്ങൾ ഉണ്ടായിട്ടും ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ലോറി വാടകയിനത്തിൽ മാലിന്യ നീക്കത്തിനായി ഹെൽത്ത് ഓഫീസറുടെ കസ്റ്റഡിയിൽ നഗരസഭയുടെ തന്നെ വാഹനങ്ങളായ 23 ടിപ്പർ ലോറികളും 13 റെഫ്യൂസ് കോംപാക്ടറുകളും ഉണ്ടായിരുന്നു. എന്നാൽ ഈ ടിപ്പർ ലോറികളും റെഫ്യൂസ് കോംപാക്ടറുകളും കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തിയിരുന്നെങ്കിൽ ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിലേയ്ക്ക് മാലിന്യ നീക്കത്തിന് ഉപയോഗപ്പെടുത്താമായിരുന്നു. പക്ഷെ ഇവയിൽ 7 ടിപ്പർ ലോറിയും 2 റെഫ്യൂസ് കോംപാക്ടറുകളും മാത്രമാണ് നാമമാത്രമായെങ്കിലും മാലിന്യ നീക്കത്തിനായി നഗരസഭ ഉപയോഗപ്പെടുത്തിയത്. അതുവഴി നഗരസഭയുടെ വാഹനങ്ങൾ മതിയായ രീതിയിൽ ഉപയോഗപ്പെടുത്താതെ സ്വകാര്യ വ്യക്തികളുമായി കരാറിലേർപ്പെടുകയും മേൽ പറഞ്ഞ പ്രകാരം തുകകൾ ചെലവഴിച്ചതുവഴി 2022 ജനുവരി മാസം മുതൽ 2023 ഫെബ്രുവരി വരെ 8,59,38,803 രൂപ ചെലവ് വന്നിട്ടുണ്ട്. കൊച്ചി നഗരസഭയിലെ വാഹനങ്ങളുടെ റിപ്പയറിംഗ് സംബന്ധിച്ച ഉത്തരവാദിത്വം വഹിക്കുന്ന എഞ്ചിനീയറിംഗ് സെക്ഷൻ തങ്ങളുടെ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം നഗരസഭക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതായാണ് വ്യക്തമാകുന്നത്. നഗരസഭയ്ക്ക് ഭീമമായ ബാദ്ധ്യത വരുത്തിക്കൊണ്ടിരിക്കുന്ന ഇത്തരം നടപടികൾ ഒഴിവാക്കി നഗരസഭയുടെ സ്വന്തം വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വകുപ്പ് തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-83 ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് - മാലിന്യസംസ്കരണപ്രശ്നം നഗരസഭയ്ക്ക് ഇനിയും സമഗ്രമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല.

സൂചന – ഫയൽ നം. MOE2/MOJ2/4908/2014

കൊച്ചി നഗരസഭ അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവതരമായ പ്രശ്നമാണ് മാലിന്യ സംസ്കരണം. കൊച്ചി നഗരത്തിന് പുറമെ സമീപത്തുള്ള പഞ്ചായത്തുകളും നഗരസഭകളും പുറന്തള്ളുന്ന മാലിന്യവും കൂടി നഗരഭയുടെ ഉത്തരവാദിത്വത്തിൽ വരുന്നു. പ്രതിദിനം 300 ടൺ മാലിന്യം നഗരസയഭയുടെ സംസ്കരണപരിധിയിൽ വരുന്നു.ഇതിൽ 100 ടൺ മാത്രമാണ് നഗരസഭയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം. ബ്രഹ്മപുരത്തുള്ള മാലിന്യ സംസ്കരണ പ്ലാന്റിലാണ് മാലിന്യം സംസ്കരിക്കപ്പെടുന്നത്. ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭയ്ക്ക് ലഭ്യമായ ഹഡ്കോ ലോൺ തുകയുടെ തിരിച്ചടവിനുപുറമെ മാലിന്യ സംസ്കരണത്തിന് നഗരസഭ പ്രതിവർഷം കോടിക്കണക്കിന് രൂപ ചെലവിടുന്നുണ്ടെങ്കിലും മാലിന്യ സംസ്കരണം കാര്യക്ഷമമാകുന്നില്ലെന്നാണ് വ്യക്തമാകുന്നത്. 2008

ൽ സ്ഥാപിച്ച വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റാണ് നഗരസഭയുടെ മാലിന്യസംസ്കരണത്തിന്റെ പ്രധാന ഉപാധി. എന്നാൽ പ്രസ്തുത പ്ലാന്റ്, നിർമ്മാണത്തിലെ അപാകത, ചതുപ്പ് നിറഞ്ഞ ഭൂപരിതസ്ഥിതി, കാലപ്പഴക്കം എന്നിവ മൂലം മുമ്പെതന്നെ പൊളിഞ്ഞ് വീഴാറായ സ്ഥിതിയിലാണ്. ഇതിനെത്തുടർന്ന് 2017 ൽ പുതിയ ഷെഡ് പണിതെങ്കിലും അതിൽ സ്ഥാപിക്കേണ്ട ഉപകരണത്തിന്റെ വലിപ്പമനുസരിച്ചുള്ള ഷെഡ്ഡിന്റെ നിർമ്മാണമല്ല നടന്നത് എന്നതിനാൽ ഇപ്രകാരം പുനർനിർമ്മിക്കപ്പെട്ട ഷെഡ് മാലിന്യ സംസ്കരണത്തിന് പറ്റാതായി.

മാലിന്യം സംസ്കരിച്ച് അതിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വേസ്റ്റ് റ്റു എനർജി പ്ലാന്റ് 60 കോടി അടങ്കലിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം വരുകയും കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി ആയതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കാലതാമസ്സം വരുമെന്ന കാരണത്താൽഅതുവരെയുള്ള മാലിന്യ സംസ്കരണത്തിന് പ്രതി ദിനം 150 ടൺ സംസ്കരണശേഷിയുള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനന് അനുമതി തേടി സർക്കാരിനെ സമീപിക്കുകയും ആയതിന് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പൂന ആസ്ഥാനമാക്കി രണ്ട് കമ്പനികളും കോഴിക്കോട്ടുള്ള ഒരു കമ്പനിയും ഉൾപ്പെട 3 കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ പ്രവർത്തിപരിചയം ഉൾപ്പെടേയുള്ള വ്യവസ്ഥകൾ പാലിക്കാത്തതിനാൽ പ്രസ്തുത പ്രൊപ്പോസലുകൾ സ്വീകരിക്കാൻ കഴിയാതെ വന്നു.

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ മാലിന്യ സംസ്കരണത്തിന് കരാർ എടുത്തിരുന്ന എൻവിയോൺ ഗ്രീനിന്റെ പ്രവർത്തന കാലാവധി അവസാനിച്ചതിനെ തുടർന്ന് 9.7.2014 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പുതിയ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ നഗരസഭ തീരുമാനിച്ചു. തുടർന്ന് 30.10.2014, 10.12.2014, 10.3.16 എന്നീ തീയതികളിൽ നടത്തിയ ടെണ്ടർ നടപടികളിലും ആരും തന്നെ പങ്കെടുത്തില്ല. ഇക്കാലയളവിലെല്ലാം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3.9.2014ലെ 45-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പുതിയ കരാർ ചമക്കുന്നതുവരെ എൻവയോൺ ഗ്രീൻ എന്ന സ്ഥാപനമാണ് മാലിന്യം സംസ്കരിച്ചിരുന്നത്. ഇതിന് പ്രത്യേകം കരാർ ചമച്ചിരുന്നില്ല. ഇക്കാലയളവിലെല്ലാം 550/ടൺ നിരക്കിലാണ് മാലിന്യം സംസ്കരിച്ച് വന്നിരുന്നത്. തുടർന്ന് വിൻഡോ C 61546/2017 തീയതി 19.10.2017 ടെണ്ടർ നടത്തിയെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. പിന്നീടുള്ള അന്വേഷണത്തിൽ ഈ പരസ്യം സൈറ്റിൽ അപ്‌ലോഡ്ചെയ്തിരുന്നില്ലായെന്ന് സെക്ഷൻ ക്ലർക്കിന്റെ 21.11.2017ലെ കുറിപ്പ്

ബന്ധപ്പെട്ട് ഫയലിൽ നിന്ന് ലഭിച്ചു. തുടർന്ന് 16.01.2018ൽ വീണ്ടും ടെണ്ടർ നടത്തുകയും ശ്രീ സുഗുണ കുമാർ വി., കൊല്ലം എന്ന വ്യക്തി മാത്രം ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. 539/ടൺ എന്ന നിരക്കിൽ മാലിന്യം സംസ്കരിക്കാമെന്ന് ഇയാൾ നെഗോസിയേഷനിൽ സമ്മതിച്ചു.

2.8.2018ലെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം ശ്രീ സുഗുണകുമാർ ഹാജരാക്കിയ കൊല്ലം നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പ്രവർത്തന പരിചയ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിക്കുവാൻ ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തി. 29.08.2018ൽ ഹെൽത്ത് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും റിപ്പോർട്ട് നൽകാത്തതിനെത്തുടർന്ന് 22.09.2018ൽ ഓർമ്മക്കുറിപ്പ് നൽകി. ആയതിനും മറുപടി ലഭിക്കാതത്തിനെ തുടർന്ന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സർക്കിൾ 8-ലെ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി. ഹെൽത്ത് ഇൻസ്പെക്ടർ 17.09.2018ൽ MOE2 സെക്ഷൻ 12.12.18ൽ റിപ്പോർട്ട് ലഭ്യമായി. ഈ റിപ്പോർട്ടിൽ പ്രവർത്തന പരിചയം, കരാർ ഏറ്റെടുത്ത വ്യക്തിയെപ്പറ്റി വിവരങ്ങൾ ലഭ്യമായില്ല എന്ന് ഹെൽത്ത് ഇൻസ്പെക്ടർ മറുപടി നൽകിയതായി ഫയൽ പരിശോധനയിൽ കണ്ടു. തുടർന്ന് ഇയാളുടെ പ്രവർത്തി പരിചയം അന്വേഷിക്കുവാൻ ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തി. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.3.19ലെ തീരുമാന പ്രകാരം ശ്രീ സുഗുണകുമാറിന്റെ പ്രവർത്തന പരിചയം തൃപ്തികരമാണെന്ന് രേഖപ്പെടുത്തിയതായി ഫയലിൽ കണ്ടു.

തുടർന്ന് ആറ്റിങ്ങൽ നഗരസഭയിൽ മാലിന്യം സംസ്കരിക്കുന്നത് കാസർഗോഡ് സർവ്വീസ് സൊസൈറ്റിയാണെന്നും ആയത് ശ്രീ സുഗുണകുമാറാണ് കൈകാര്യം ചെയ്തിരുന്നതെന്നും അറിഞ്ഞ് 3.8.2019ൽ A.E, Eve.Eng, ഹെൽത്ത് ഓഫീസർ തുടങ്ങിയവർ സ്ഥലം സന്ദർശിക്കുകയും ആയത് 165 ടൺ മാലിന്യം പ്രതിദിനം സംസ്കരിക്കുന്നതാണെന്നും ആയതിനാൽ ശ്രീ സുഗുണകുമാറിന്റെ പ്രവർത്തന പരിചയ സർട്ടിഫിക്കറ്റിന് സാധുതയില്ലായെന്ന നിഗമനത്തിൽ എത്തിച്ചേർന്നു. 25.09.2019ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം സുഗുണകുമാറിന്റെ പ്രവർത്തന പരിചയ സർട്ടിഫിക്കറ്റിന് സാധുതയില്ലാത്തതിനാൽ ഇയാളുടെ ടെണ്ടർ നിരസിച്ച് റീടെണ്ടർ നടത്തുവാൻ തീരുമാനിച്ചു. 8.11.2019ലെ ബഹു. കൗൺസിൽ 103-ാം നമ്പർ തീരുമാനത്തിലൂടെ ഇത് അംഗീകരിച്ചു. അതോടൊപ്പം 1.6.2019 മുതൽ രാത്രികാലങ്ങളിലെ മാലിന്യ സംസ്കരണം അവസാനിപ്പിക്കുകയാണെന്നും എൻവയോൺ ഗ്രീൻ നഗരസഭയ്ക്ക് നൽകിയ കത്ത് ഫയലിൽ കണ്ടു.

ടെണ്ടർ ലഭിച്ചിട്ടും തനിക്ക് കരാർ ചമക്കാത്തതിനാൽ ശ്രീ സുഗുണകുമാർ നഗരസഭയ്ക്ക് എതിരെ WP(C) No. 25132/2019 നമ്പർ കേസ് നൽകി. തുടർന്ന് എൻവയോൺ എഞ്ചിനീയർ 17.04.2021ന് റീടെണ്ടറിന് ഭേദഗതികൾ വരുത്തി 21.04.2021ൽ നല്കി. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ടെണ്ടറിലെ പ്രധാന നിർദ്ദേശം

1) പ്രതിദിനം 200 ടൺ മാലിന്യ സംസ്കരണം

2) 3 വർഷ പ്രവർത്തി പരിചയം

3 വർഷ പ്രവർത്തന പരിചയം, ടെക്നിക്കൽ ക്വാളിഫിക്കേഷൻ എന്നിവയെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ബഹു. കൗൺസിലിന്റെ 22.07.2023 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി. 27/04/2021-ൽ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കൗൺസിലിന്റെ അറിവില്ലാതെയാണ് ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നതെന്ന് കാണിച്ച് സെക്രട്ടറി/മേയർ എന്നിവർക്ക് ഒരു കൗൺസിൽ അംഗം തന്നെ നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ ലഭിച്ചു.

<u>നഗരസഭ സെക്രട്ടറിയുടെ മറുപടിയുടെ വിശദാംശങ്ങൾ</u>

(1) പ്ലാന്റിന്റെ പ്രവർത്തന ചുമതല പുതിയ കരാറുകാരൻ ഏറ്റെടുക്കുന്നതുവരെ എൻവയോൺ ഗ്രീൻ എന്ന സ്ഥാപനത്തിന് മേയർ മുൻകൂർ അനുമതി നൽകി.

(2) 21.10.2017-ൽ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും വിൻഡോ പരസ്യം പത്രത്തിൽ മാത്രമാണ് നൽകിയത്. സൈറ്റിൽ അപ്‌ലോഡ് ചെയ്തില്ല. ഉദ്യോഗസ്ഥ തലത്തിൽ അലംഭാവമുണ്ടായിട്ടുണ്ട്.

(3) 7.3.2018 നഗരസഭ എൻവയോൺമെന്റ് എഞ്ചിനീയർ കൂടുതൽ പങ്കാളിത്തം വരുത്തുന്നതിനു വേണ്ടി സമർപ്പിച്ച റിപ്പോർട്ടിൽ 200ടൺ/പ്രതിദിനം എന്ന നിർദ്ദേശം ഒഴിവാക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

(4) എൻവയോൺ ഗ്രീൻ എന്ന സ്ഥാപനത്തിന് തുടർ പ്രവർത്തനത്തിന് സാധിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നിട്ടുണ്ടെന്ന് അഭിപ്രായം രേഖപ്പെടുത്തി.

തുടർന്ന് 22.04.2021ൽ നഗരസഭ നടത്തിയ റീടെണ്ടറിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തു. (Www.lsg.kerala.gov.in)

1) എയർമെക്ക്

2) ബി&ബി കൺസ്ട്രക്ഷൻസ്

3) കെ.എച്ച്. ലത്തീഫ്

4) സ്റ്റാർ കൺസ്ട്രക്ഷൻ

എയർമെക്കിന്റെ ഡോക്യുമെന്റ് നോക്കിയതിൽ പ്രിലിമിനറി എഗ്രിമെന്റിന്റെ പകർപ്പ്, എയർപ്പോർട്ട് അതോറിറ്റി 200 KLD സീവേജ് പ്ലാന്റ് AMC യുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, MSME സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

ബി&ബി കൺസ്ട്രക്ഷൻസിന്റെ ഡോക്യുമെന്റിൽ 5.5.23ൽ പ്രിലിമിനറി എഗ്രിമെന്റ്, നികുതി നിർണ്ണയ പത്രിക ജി.എസ്.ടി രജിസ്ട്രേഷൻ ഫോറം, പാൻ കാർഡ് കോപ്പി, കോച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നുള്ള ഈ സ്ഥാപനം നടത്തിയ വിവിധ വർക്കുകളുടെ സർട്ടിഫിക്കറ്റ് എന്നിവ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

ടെക്നോ സ്റ്റാറിന്റെ ഡോക്യുമെന്റ് പരിശോധിച്ചതിൽ ദർഘാസിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന പ്രാഥമിക കരാർ ഉടമ്പടിയിൽ രണ്ടാം കമ്മിറ്റിയായി ടെക്നോസ്റ്റാർ, ഇടക്കായിൽ ബിൽഡിംഗ്, ചങ്ങമ്പുഴ നഗർ, കളമശ്ശേരി എന്ന സ്ഥാപനമാണ്. 'ടെക്നോസ്റ്റാർ' എന്ന് ബ്രാക്കറ്റിൽ എഴുതിയതായി പ്രാഥമിക കരാർ ഉടമ്പടിയിൽ കണ്ടു. സ്റ്റാമ്പ് പേപ്പർ വാങ്ങിയിരിക്കുന്നതും കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതും സ്റ്റാർ കൺസ്ട്രക്ഷൻസാണ്. സ്റ്റാർ കൺസ്ട്രക്ഷൻസിനു വേണ്ടി ഇ.ജെ. സേവി എന്ന വ്യക്തിയാണ്.

ടെണ്ടർ നടപടികൾ നഗരസഭ ആരംഭിക്കുന്നത് 21.04.22021ലാണ്. ടെക്നോ ഗ്രൂപ്പും, സ്റ്റാർ കൺസ്ട്രക്ഷൻസും ജോയിന്റ് വെൻഞ്ച്വർ എഗ്രിമെന്റിൽ ഒപ്പിടുന്നത് 30.04.2021-ലാണ്. ടെക്നോ ഗ്രൂപ്പിനെ കേരളത്തിലെ ലോക്കൽ ബോഡികളിൽ സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റിനുള്ള സർവ്വീസ് പ്രൊവൈഡറായി ഉൾപ്പെടുത്തികൊണ്ടുള്ള GO(Rt) 4502/05/LSGD തീയതി 16.11.2005 എന്ന ഉത്തരവും, ഒറ്റപ്പാലം, മലപ്പുറം നഗരസഭകളിൽ സോളിഡ് വെയ്സ്റ്റ് കൈകാര്യം ചെയ്തതിന്റെ മുൻസിപ്പൽ അധികാരികൾ നൽകിയ സാക്ഷ്യ പത്രങ്ങളും ( ഒറ്റപ്പാലം സെക്രട്ടറി നൽകിയ 2 1/2 വർഷത്തെ പരിചയ സർട്ടിഫിക്കറ്റും, മലപ്പുറം നഗരസഭ സെക്രട്ടറി നൽകിയ 18 മാസത്തെ സർഫിക്കറ്റും) ബന്ധപ്പെട്ട ഫയലിൽ കണ്ടു. 5.7.2021ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9-ാം നമ്പർ തീരുമാന പ്രകാരം ടെക്നിക്കൽ യോഗ്യത നേടിയത് ഒരു സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമായതിനാൽ കാലതാമസം ഒഴിവാക്കി റീ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന്

കൗൺസിലിലേക്ക് ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇവ സംബന്ധിച്ച് സെക്രട്ടറി എഴുതിയ വിശദമായ മറുപടി ഫയലിൽ കണ്ടു. ആയതു പ്രകാരം LSGD AA ഡിപ്പാർട്ട്മെന്റ് 8.11.2010ലെ GO(P) 259/2010/LSGD നമ്പർ ഉത്തരവ് പ്രകാരം പ്രൊക്യയർമെന്റ് മാർഗ്ഗരേഖയിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചാലും ടെണ്ടർ ശരിയായി പരസ്യം നൽകിയിട്ടുണ്ടെങ്കിൽ തുക ന്യായീകരിക്കാവുന്നതാണെങ്കിൽ ടെണ്ടർ സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതായി സെക്രട്ടറി നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാർ കൺസ്ട്രക്ഷൻ നൽകിയ പരിചയ സർട്ടിഫിക്കറ്റ് ഒറിജിനലാണെന്ന് ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

20.12.2021ലെ കൗൺസിൽ യോഗത്തിലെ അജണ്ടയുടെ ചർച്ച സംബന്ധിച്ച 2-ാം പേജിൽ സ്റ്റാർ കൺസ്ട്രക്ഷൻസ് എന്ന പേരിൽ ബിഡ് സമർപ്പിക്കുകയും ടെക്നോസ്റ്റാർ എന്ന കമ്പനി മാലിന്യ സംസ്കരണം നടത്തുവാൻ തയ്യാറാണെന്നും, സ്റ്റാർ കൺസ്ട്രക്ഷൻസ് എന്ന കമ്പനി ബ്രഹ്മപുരത്ത് കമ്പോസിറ്റ് പ്ലാന്റ് നടത്തിപ്പിനുള്ള 5.5.2021ലെ റീടെണ്ടറിൽ പങ്കെടുത്തിട്ടുള്ളതാണെന്നും പ്രസ്തുത കമ്പനി ടെക്നോഗ്രൂപ്പ് എന്ന സ്ഥാപനവുമായി 30.04.2021ൽ ജോയിന്റ് വെഞ്ച്വർ എഗ്രിമെന്റ് വെച്ചിട്ടുള്ളതാണെന്നും കൂടാതെ ടി കമ്പനി പ്രത്യേകമായി വേറെ ടെണ്ടർ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും ജോയിന്റ് വെഞ്ച്വർ ആയതിനാൽ അതിലുൾപ്പെട്ട കമ്പനിയുടെ പേരിൽ ടെണ്ടർ സമർപ്പിക്കുന്നതിൽ അപാകതയില്ലാത്തതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി കണ്ടു. ഇതേ കൗൺസിൽ യോഗത്തിൽ തന്നെ ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനിൽ നിന്നും നിയമോപദേശം തേടി റിപ്പോർട്ട് സമർപ്പിക്കാൻ സെക്രട്ടറി ചുമതലപ്പെടുത്തി. നിയമോപദേശം അനുകൂലമാണെങ്കിൽ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യാനും അതിനു ശേഷം കൗൺസിലിൽ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. തുടർന്ന് നിയമോപദേശത്തിൽ ജോയിന്റ് വെഞ്ച്വറിൽ ഉൾപ്പെട്ട ടെക്നോസ്റ്റാർ, സ്റ്റാർ കൺസ്ട്രക്ഷൻസ് ഇവയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ മുൻകാല പ്രവർത്തി പരിചയം ജോയിന്റ് വെഞ്ച്വറിന്റെ മുൻകാല പ്രവർത്തി പരിചയമായി കണക്കാക്കാമെന്ന അഡ്വ. രഞ്ജിത്ത് തമ്പാന്റെ നിയമോപദേശം ലഭിച്ചതായി ഫയലിൽ കണ്ടു. ഫിനാൻഷ്യൽ ബിഡ് തുറന്ന് കൗൺസിലിൽ വിവരം ധരിപ്പിച്ചിട്ടുണ്ട്.

സെക്രട്ടറിയുടെയും, മേയറിന്റെയും നിർദ്ദേശാനുസരണം 24.1.2022ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്മിത പി.ജെ. ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തു. ടെക്നോസ്റ്റാർ സമർപ്പിച്ച ബിഡ് 497/ടൺ എന്ന് കണ്ടത് നെഗോസ്യയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 5 കുറച്ച് 492/ടൺ രൂപയ്ക്ക്

കരാറിൽ ഏർപ്പെട്ടതായി ഫയലിൽ കണ്ടു. തുടർന്ന് 25.02.2022ൽ സ്റ്റാർ കൺസ്ട്രക്ഷൻസിന് സെലക്ഷൻ നോട്ടീസ് നൽകി. തുടർന്ന് നഗരസഭ സെക്രട്ടറി എ.എസ്. നൈസാം, സ്റ്റാർ കൺസ്ട്രക്ഷൻസ് മാനേജിംഗ് ഡയറക്ടർ ബേബി ജോസഫും തമ്മിൽ കരാറിൽ 2.3.2022ൽ ഏർപ്പെടുകയും ചെയ്തു. കരാറിന്റെ കാലാവധി എഗ്രിമെന്റ് തീയതി മുതൽ 1 വർഷ കാലയളവിലാണ്. 3.3.2022-ൽ വർക്ക് ഓർഡർ നൽകി.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. 5.5.2021ൽ പ്രാഥമിക കരാർ ചമക്കുന്നതിനായി മുദ്രപത്രം വാങ്ങിയിരിക്കുന്നതും അതിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതും സ്റ്റാർ കൺസ്ട്രക്ഷൻസിനു വേണ്ടി ശ്രീ. ഇ.ജെ. സേവി എന്ന വ്യകതിയാണ്. എന്നാൽ ഈ മുദ്രപത്രത്തിൽ "ടെക്നോ സ്റ്റാർ' എന്ന് ഒന്നാം കക്ഷിയായി ബ്രാക്കറ്റിൽ എഴുതിയത് കരാർ ചമച്ചതിനു ശേഷമാണ്.

2. ടെണ്ടർ നടപടികൾ നഗരസഭ ആരംഭിക്കുന്നത് 21.04.2021ൽ ആണ്. എന്നാൽ സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് പരിചരണത്തിൽ മുൻകാല പ്രവർത്തി പരിചയം ഇല്ലാത്ത സ്റ്റാർ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം ഈ പ്രവർത്തിയിൽ മുൻകാല പ്രവർത്തി പരിചയമുള്ള ടെക്നോ ഗ്രൂപ്പുമായി ജോയിന്റ് വെഞ്ചർ എഗ്രിമെന്റിൽ ഏർപ്പെടുന്നത് 30.04.2021ൽ മാത്രമാണ്. അതായത് ടെണ്ടർ നടപടി ആരംഭിക്കുമ്പോൾ സ്റ്റാർ കൺസ്ട്രക്ഷൻസിന് മുൻകാല പ്രവർത്തി പരിചയം ഇല്ലാത്തതിനാൽ ടെണ്ടർ സമർപ്പിക്കാൻ സാധിക്കുമായിരുന്നില്ല. ടെണ്ടറിൽ പങ്കെടുക്കുന്നതിനും പ്രസ്തുത കരാർ നേടിയെടുക്കുന്നതിനും വേണ്ടിയാണോ ടെക്നോ ഗ്രൂപ്പുമായി ജോയിന്റ് വെഞ്ചറിൽ ഏർപ്പെട്ടിട്ടുള്ളത്.

3. സ്റ്റാർ കൺസ്ട്രക്ഷൻസിന്റെ പാർട്ട്ണർഷിപ്പ് ഡീലിൽ ക്ലോസ് 1 പ്രകാരം കമ്പനിയുടെ പ്രവർത്തന മേഖല ഇപ്രകാരം നിർണ്ണയിച്ചിട്ടുണ്ട്.

“The Parties Hereto Agree To Carry On The Business Of Civil Contractor Engaged In Constructions Of Roads, Buildings, Drainage Etc, And Transportation Of Drinking Water And Other Items.....

4. ടെക്നോ ഗ്രൂപ്പ് നൽകിയ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ ആധികാരികത കൃത്യമായി നിർണ്ണയിക്കുവാൻ സാധ്യമല്ല. ആയതിനാൽ വിശദമായ പരിശോധന ഇക്കാര്യത്തിൽ സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണം നടത്തുന്ന കമ്പനിയുടെ പ്രവർത്തികൾ കരാർ അവസാനിക്കുന്നതിന് ഒരു വർഷം മുമ്പേതന്നെ അതായത് 02.03.23 ൽ ഈ കരാർ നഗരസഭ റദ്ദ് ചെയ്തു. നിലവിൽ ബയോമൈനിംഗിലൂടെയാണ് നഗരസഭ മാലിന്യം സംസ്കരിച്ച് വരുന്നത്. ബയോമൈനിംഗ് പര്യാപ്തമല്ലെന്നും പ്ലാന്റിലെത്തുന്ന ലെഗസ്സി മാലിന്യത്തിന്റെ പ്രോസസിംഗ് പ്ലാന്റ് മെഷീനറിയുടെ ശേഷിക്ക് പര്യാപ്തമല്ലെന്നും ബയോമൈനിംഗിന്റെ അതിലുള്ള ഉല്പന്നമായ RDF( Refuse – Derived Fuel ) ഗുണനിലവാരമില്ലാത്തതാണെന്നും ഇത് സംബന്ധിച്ച് കോടതി നിർദ്ദേശിച്ച സമിതി റിപ്പോർട്ട് ചെയ്തിരുന്നു. RDF സിമന്റ് ഉല്പാദനത്തിന് ഉപയോഗപ്രദമാണെങ്കിലും പ്ലാന്റിലെ RDF ഗുണനിലവാരമില്ലാത്തതിനാൽ സിമന്റ് കമ്പനികൾ ഇത് വാങ്ങാതെ വരുകയും നിലവിൽ ഇത് പ്ലാന്റിൽ നിന്നും മാറ്റപ്പെടാത്ത സ്ഥിതിയിലാണ്.

ബ്രഹ്മപുരം പ്ലാന്റിലെ മാലിന്യം തീ പിടിച്ച് നഗരജീവിതം ബുദ്ധിമുട്ടായതിനെത്തുടർന്നുണ്ടായ സാഹചര്യത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു CBG (Compressed Bio Gas) പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർദ്ദേശം വന്നുവെങ്കിലും അത് പ്രാവർത്തികമാകുന്നതിൽ അനിശ്ചിതത്വം നിലനിൽക്കുന്നു. പ്ലാന്റ് നടത്തിപ്പും മാലിന്യ സംസ്കരണവും വ്യവസ്ഥാപിത രീതി പ്രകാരമല്ലാത്തതിനാൽ പൊലൂഷൻ കൺട്രോൾ ബോർഡ് കൊച്ചി നഗരസഭക്ക് 14.92 കോടി പിഴ വിധിക്കുകയുണ്ടായി. ഹൈക്കോടതിയിൽ നിന്നും പ്രസ്തുത തീരുമാനത്തിന് സ്റ്റേ വാങ്ങിയെങ്കിലും നഗരസഭയുടെ മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റതായി മാറുന്നതിന് ഇനിയും കാര്യക്ഷമവും ദീർഘദൃഷ്ടിയിൽ ഊന്നിയതുമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. മാലിന്യം ഉറവിടത്തിൽ തന്നെ വീടുകളിൽ സംസ്കരിക്കാനുള്ള പദ്ധതി പ്രോത്സാഹിക്കപ്പെടുകയും നഗരപരിധിയിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയുകയും ചെയ്താൽ നഗരസഭ കൈകാര്യം ചെയ്യേണ്ട മാലിന്യത്തിന്റെ അളവ് നിലവിലുള്ളതിന്റെ പകുതിയായി കുറക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നിർവ്വഹിക്കാൻ ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

1-84 നഗരത്തിലെ വെള്ളക്കെട്ട്' നിവാരണം "അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തി" എന്ന കാണിച്ച് ടെണ്ടർ നടപടികളിൽ ക്രമവിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നു.

സൂചന : ഫയൽ നം. എം.ഒ.ഇ 4 – 031951/21

കരാർ നം. 167/2022-23 തീയതി.02.07.2022

വൗച്ചർ നം:22202406, തീയതി:19.08.2022

1. കൊച്ചി നഗരസഭയുടെ 61, 62 ഡിവിഷനുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് അടിയന്തിരമായി മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന്, ടെണ്ടർ-സെലക്ഷൻ നോട്ടീസ് (തീയതി. 24.09.2022) കൈപ്പറ്റുന്നതിനു മുൻപേ, ടെണ്ടർ/ലേല വ്യവസ്ഥകൾ മറികടന്ന് ക്രമവിരുദ്ധമായി സൂര്യ എഞ്ചിനീയറിംഗുമായി 02.07.2022 തീയതിയിൽ കരാർ നം. 167/2022-23 പ്രകാരം കരാറിൽ ഏർപ്പെട്ടതായി ഫയൽ പ്രകാരം വ്യക്തമാകുന്നു.ടെണ്ടർ നടന്ന തീയതിയും വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ലാത്തതിനാൽ ടെണ്ടർ നടത്താതെ, മുൻകൂർ തന്നെ കരാറുകാരനെ തീരുമാനിച്ച് ഉറപ്പിച്ചതായി ഇതിൽ നിന്ന് വ്യക്തമാണ്.

2. ടെണ്ടർ ഫോം വില രണ്ടു കരാറുകാരും അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 50000 രൂപയ്ക്കു മുകളിലും 10 ലക്ഷം വരെയുള്ള സംഗതികളിൽ എസ്റ്റിമേറ്റിന്റെ 0.2% ടെണ്ടർ ഫോം വില അടവാക്കേണ്ടതുണ്ട്. ആയത് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല, കൂടാതെ ടെണ്ടർ/ലേല രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഫയലിൽ സൂചിപ്പിച്ച കരാറുകാരായ (1) ഫൈസൽ എ.എ. (2) സൂര്യ എഞ്ചിനീയറിംഗ് എന്നിവരുടെ രജിസ്ട്രേഷൻ അനുബന്ധ രേഖകൾ, ടെണ്ടർ സമയത്ത് ഹാജരായവരുടെ വിവരങ്ങൾ ലഭ്യമല്ല.

3. 3 ലക്ഷത്തിനു മേൽ എസ്റ്റിമേറ്റ് തുക ഉണ്ടായിരുന്നിട്ടും വ്യാപക പരസ്യം നൽകാതെ ടെണ്ടർ ഒഴിവാക്കി ഷോർട്ട് ക്വട്ടേഷൻ ക്ഷണിക്കുകയാണ് ചെയ്തത്.

4. പൊതുമരാമത്ത് ചട്ടം 11 ഉപചട്ടം 1 പ്രകാരം ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിച്ചില്ലെങ്കിൽ റീടെണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ ഇവിടെ മേൽ ചട്ടം പാലിച്ചതായി കാണുന്നില്ല.

5. ടെണ്ടർ തുക ക്വാട്ട് ചെയ്ത ഫൈസൽ എ.എ. എന്ന വ്യക്തിയുടെ അംഗീകൃതകരാറുകാരൻ ആണെന്ന രജിസ്ട്രേഷൻ അനുബന്ധ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തു കളയുന്ന പ്രവൃത്തി ആണ് ചെയ്തത്.എന്നാൽ ഈ വെള്ളം എവിടേക്കാണ് പമ്പ് ചെയ്തു കളഞ്ഞതെന്ന് വ്യക്തമല്ല.

7. ബില്ലിൽ നിന്നും നിയമ പ്രകാരം കുറവു ചെയ്യേണ്ട തുക ഈടാക്കിയതായി കാണുന്നില്ല. ബിൽ ആകെ തുക 3,54,957/-.

(A) ആദായ നികുതി കമ്പനി/ഫേം ആണെങ്കിൽ ആകെ ബിൽ തുകയുടെ

| ഈടാക്കേണ്ടത് | ഈടാക്കിയിരിക്കുന്നത് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| (2%) | (1%) | |
| 7099 | 3550 | 3550 |

(B) നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ആകെ ബിൽ തുകയുടെ

| ഈടാക്കേണ്ടത് (1%) | ഈടാക്കിയിരിക്കുന്നത് | വ്യത്യാസം |
|---|---|---|
| 3550 | 0 | 3550 |

8. പണി തൃപ്തികരമായി പൂർത്തീകരിച്ച എന്ന് സാക്ഷ്യപ്പെടുത്തുന്ന മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, ഫയലിൽ ഉൾപ്പെടുത്തിയില്ല.

ഫയൽ സംബന്ധിച്ച ന്യൂനതകൾക്കുള്ള ഓഡിറ്റ് എൻക്വയറി നം.70/22-23.തീയതി 23.11.2023 പ്രകാരം നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങളുടെ സാധൂകരണത്തിനു വിധേയമായി 3,54,957/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-85 എയർകണ്ടീഷൻ യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ

1. അഡീഷണൽ സെക്രട്ടറിയുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും മുറിയിലെ A/C യൂണിറ്റ് തകരാറിലായതിനെ തുടർന്ന് പുതിയത് സ്ഥാപിക്കുന്നതിനായി ശ്രീമതി. സിന്ധു, ഓവർസിയർക്ക് (വൗച്ചർ നം. 22202103 ചെക്ക് നം. 239017/29/03/2022) 1,40,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.79/29.04.2023 നമ്പർ തീരുമാന പ്രകാരം ടി മുൻകൂർ ക്രമീകരിക്കാനും അധികമായി ചെലവായ 60/-രൂപ ശ്രീമതി. സിന്ധു, ഓവർസിയറിന് നൽകുവാനും അംഗീകാരം നൽകിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 8.11.2010ലെ ജി.ഒ(പി) 259/2010/തസ്വഭവ പ്രകാരമുള്ള Procurement മാന്വൽ ഖണ്ഡിക 3.3 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഓപ്പൺ ടെൻഡർ ക്ഷണിക്കണം എന്ന നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. പകരം CLASSIC AIR CONDITIONING എന്ന സ്ഥാപനത്തിൽ നിന്നും 1,40,060/-രൂപയുടെ നേരിട്ടുള്ള പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2. ഒരു ദിവസത്തിൽ (14.08.2022) തന്നെ നടത്തിയിട്ടുള്ള ഈ പർച്ചേസുകൾക്ക് പല ഇൻവോയ്സ് നമ്പറുകൾ ഉള്ള ബില്ലുകൾ ആണ് ലഭ്യമാക്കിയിരിക്കുന്നത്. ഈ ബില്ലുകളുടെ ഇൻവോയ്സ്

നമ്പറുകളിൽ തിരുത്തലുകൾ വരുത്തിയതായി കാണുന്നു. ആയതിനാൽ യഥാർത്ഥ ബില്ലുകൾ ഹാജരാക്കേണ്ടതാണ്.

3. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതായി ഇൻവോയ്സിൽ സർട്ടിഫിക്കേഷൻ നടത്തിയിട്ടില്ല.

4. ഈ ഉപകരണങ്ങൾക്ക് ഗ്യാരണ്ടി/വാറണ്ടി എന്നിവ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 02/2022-23) നഗരസഭ നൽകിയ മറുപടി തൃപ്തികരമല്ല.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ് .

2. PMAY, NULM, AMRUT AUGES VEHICLE CELL എന്നീ സെക്ഷനുകളിൽ AC സ്ഥാപിക്കുന്നത്

കൊച്ചി നഗരസഭയുടെ PMAY, NULM, AMRUT, AUGES, Vehicle Cell എന്നീ സെക്ഷനുകളിൽ AC സ്ഥാപിക്കുന്നതിനും റൂമുകൾ സീൽ ചെയ്യുന്നതിനുമായി ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ, അസി.എഞ്ചിനിയർക്ക് (വൗച്ചർ നം. 22200248 ചെക്ക് നം. 794343/13/04/2022) 3,00,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി പൂർത്തീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.107/12.01.2023 നമ്പർ തീരുമാന പ്രകാരം ടി മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.04.2019 ലെ ജി.ഒ(പി) 7/2019/എസ്.പി.ഡി പ്രകാരം സ്റ്റോർ പർച്ചേയ്സ് മാനുവലിൽ കൂട്ടി ചേർത്ത അദ്ധ്യായം 19 പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണെന്നും ഏതെങ്കിലും പ്രത്യേക ഇനം GeM ലഭ്യമല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള ക്വട്ടേഷൻ, ടെണ്ടർ മുതലായ മാർഗ്ഗങ്ങളിലൂടെ വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ഈ മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല എന്നും CLASSIC AIR CONDITIONING എന്ന സ്ഥാപനത്തിൽ നിന്നും 2,80,817/-രൂപയുടെ നേരിട്ടുള്ള പർച്ചേസ് നടത്തുകയാണ് ചെയ്തത് എന്നും കാണുന്നു. ടെൻഡർ ക്ഷണിക്കാതെയുള്ള ഇത്തരത്തിലെ നേരിട്ടുള്ള പർച്ചേസുകൾ വഴി ഏറ്റവും

കുറഞ്ഞ നിരക്കിൽ ഉപകരണങ്ങൾ വാങ്ങുവാനുള്ള അവസരം നഷ്ടപ്പെടുത്തുകയും അതുമൂലം നഗരസഭയ്ക്ക് നഷ്ടം വരുത്തുകയും ചെയ്തിരിക്കുന്നു.

2. Air Condition Unit ഘടിപ്പിക്കുന്ന മുറി സീൽ ചെയ്യുന്ന പ്രവൃത്തി ചെയ്തിരിക്കുന്നത് DEVI WOOD WORKS, NORTH PARAVOOR എന്ന സ്ഥാപനം ആണ്. ഈ പ്രവൃത്തി ചെയ്യുന്നതിനായി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ടാണ് ഈ സ്ഥാപനത്തെ ഏൽപിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്യുന്നതിനായി ചെലവായ തുകയുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു.

| | |
|---|---|
| Materials And Labour | 15,400/- |
| Equipmental Rent | 3,300/- |
| Vehicle Rent | 1300/- |
| Total | 20,000/- |

നഗരസഭ പരിധിയിൽ തന്നെ വാടകയ്ക്ക് ലഭിക്കുന്ന Ladder, Scaffold എന്നിവ 30km അകലെയുള്ള ഒരു സ്ഥാപനത്തിൽ നിന്നും വാടകയ്ക്ക് എടുക്കുകയും, അത് കൊണ്ടുവരുന്നതിനായി 1300/- രൂപ വണ്ടി വാടകയിനത്തിൽ നൽകുകയും ചെയ്തിരിക്കുന്നത് നഗരസഭയ്ക്ക് നഷ്ടം വരുത്തിയിരിക്കുന്നു.

3. Air Condition Unit ന് ഗ്യാരണ്ടി/വാറണ്ടി എന്നിവ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

4. വാങ്ങിയിട്ടുള്ള Air Condition Unit സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 4/2022-23) നൽകിയെങ്കിലും നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഇനങ്ങളിലെ ചെലവ് തുക 300000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-86 64, 66, 67 ഡിവിഷനുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവൃത്തി - കരാർ വയ്ക്കുന്നതിനു മുൻപേ പ്രവൃത്തി തുടങ്ങിയതും കരാർ തുകയ്ക്കു പുറമേ ജി.എസ്.റ്റി തുക 19,256/- രൂപ അധികമായി കരാറുകാരന് നൽകിയതും ക്രമവിരുദ്ധം

ഫയൽ നം.MOE 4 – 013405/22.

ഒന്നാം പാർട്ട് ബിൽ – വൗച്ചർ നം. 22202659 /26.8.2022

രണ്ടാം പാർട്ട് ബിൽ – വൗച്ചർ നം.22205848/17.01.2023

റിട്ടെൻഷൻ തിരികെ – വൗച്ചർ നം.22205849/17.01.2023

1. കരാർ വയ്ക്കുന്നതിനു മുൻപേ പ്രവൃത്തി തുടങ്ങി-കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ കരാർ കാലാവധി നീട്ടി നൽകി

64, 66, 67 ഡിവിഷനുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിലവിലുള്ള മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിക്ക്, ഡീസൽ ചാർജ്ജും ലേബർ ചാർജ്ജും ഉൾപ്പെടെ 3,00,000/- രൂപ എസ്റ്റിമേറ്റ് കണക്കാക്കുകയും ആയതിന് ബഹു. മേയർ മുൻകൂർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. PRICE സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ ഡാറ്റാ അനാലിസിസ് സ്റ്റേറ്റ്മെന്റ് അനുസരിച്ച് ടി പ്രവൃത്തിക്ക് മണിക്കൂറിന് 378.39 രൂപ വരുന്നുണ്ട്. ഇതു പ്രകാരം 29.04.2022ലെ MOE 4/13405/22 ഷോർട്ട് ക്വട്ടേഷൻ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ആകെ 2 ക്വട്ടേഷനുകളാണ് ലഭിച്ചത്. ഇതിൽ താഴ്ന്ന തുകയായ Rs.375/Hr ക്വാട്ട് ചെയ്ത ശ്രീ. മൂസ കെ.എ എന്നയാളുടെ ക്വട്ടേഷൻ സ്വീകരിക്കുകയും ടിയാനുമായി 22.07.2022 ന് 251/22-23 നമ്പരായി കൊച്ചി നഗരസഭ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി കരാർ പ്രകാരം ടിയാന് ഒന്നാം പാർട്ട് ബില്ലായി 1,79,886/- രൂപയും (ചെക്ക് നം.184404 തീയതി 26.08.2022), രണ്ടാം പാർട്ട് ബില്ലായി 91124/- രൂപയും (ചെക്ക് നം. 378123 തീയതി 17.01.2023) റിട്ടെൻഷൻ തിരികെ നൽകിയത് 4566/- രൂപയും (ചെക്ക് നം.378123 തീയതി 17.01.2023) ഉൾപ്പെടെ ആകെ 2,75,576/- രൂപ നൽകിയിട്ടുണ്ട്. ടി കരാർ പരിശോധിച്ചതിൽ, ടിയാൻ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 22.7.2022 ലാണ്. എന്നാൽ 1.6.2022 മുതൽ പ്രവൃത്തി ആരംഭിച്ചുവെന്നും 9.8.2022 ൽ അവസാനിച്ചു എന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 22.7.2022 ന് കരാറിൽ ഏർപ്പെട്ട വ്യക്തി എങ്ങനെയാണ് 01.06.2022 മുതൽ പ്രവൃത്തി ആരംഭിക്കുന്നത് എന്ന് ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.32/2022-23 തീയതി 6.10.2023) നൽകിയതിന് വർക്ക് ഓർഡർ നൽകിയിരിക്കുന്നത് 06.05.2022 മുതൽ 31.12.2022 വരെയാണ് എന്നും എഗ്രിമെന്റിൽ ഉള്ള തീയതി തെറ്റിയത് ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നും ഉള്ള മറുപടി തൃപ്തികരമല്ല. കാരണം കരാർ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട രേഖയായ എഗ്രിമെന്റിൽ അക്ഷരത്തിലും അക്കത്തിലും തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചതിനു ശേഷം നൽകേണ്ട വർക്ക് ഓർഡറിൽ എഗ്രിമെന്റിനു മുന്നേയുള്ള തീയതി വന്നതിന് നഗരസഭ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

മാത്രമല്ല കരാർ തീയതി മുതൽ 3 മാസത്തിനകം പ്രവൃത്തി പൂർത്തികരിച്ച കൊള്ളാമെന്ന ടിയാൻ സമ്മതിച്ചിട്ടുണ്ട്. എന്നാൽ 22.07.2022 ന വച്ച കരാർ പ്രകാരം ടിയാൻ 3 മാസത്തിനകം അതായത് 2022 ഒക്ടോബറിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 12.12.2022 നാണ്. കരാർ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ ആവശ്യപ്പെട്ടതായി യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. കരാർ കാലാവധിക്കുള്ളിൽ തന്നെയാണ് പണി പൂർത്തിയാക്കിയത് എന്ന് മേൽ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (MOE 4/33485/23 Dtd.04.12.2023) പറയുന്നുണ്ട്. വർക്ക് ഓർഡർ പ്രകാരമുള്ള തീയതി എഗ്രിമെന്റ് തീയതിയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ടി മറുപടിയും അംഗീകരിക്കുന്നില്ല. ആദ്യം വർക്ക് ഓർഡർ തയ്യാറാക്കുയും പണി തുടങ്ങുകയും ചെയ്തിട്ട് പിന്നീട് കരാർ വയ്ക്കുകയുമായിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നഗരസഭയുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, കരാർ ക്ഷണിക്കലും, കരാറുകാരെ തെരഞ്ഞെടുക്കലും ബിൽതുക നൽകുന്നതുൾപ്പെടെയുള്ള പ്രവൃത്തികളുടെ സാധുതയും സുതാര്യതയും വിശ്വാസ്യതയുമാണ് ഇതു മൂലം ചോദ്യം ചെയ്യപ്പെടുന്നത്. യഥാസമയം പണി പൂർത്തിയാക്കാതിരുന്നതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2 223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ടിയാളിൽ നിന്നും ആദ്യ മൂന്നുമാസക്കാലത്തേയ്ക്ക് 1% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങളൊന്നും ലഭ്യമാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ റിട്ടെൻഷൻ തുകയടക്കം നൽകിയിട്ടുള്ളത്.

നഗരസഭയുടെ കരാർ നടപടികൾ സുതാര്യമാകുന്നതിന് ജി.ഒ(അച്ചടി)നം. 66/2022 ധന തീയതി 17.06.2022 ഉത്തരവ് പ്രകാരം, ഷോർട്ട് ക്വട്ടേഷൻ ക്ഷണിക്കുന്ന രീതി ഒഴിവാക്കി ഇ-ടെൻഡർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണ്.

2. ജി.എസ്.റ്റി തുക ഉൾപ്പെടെ ക്വാട്ട് ചെയ്ത കരാറിൽ, കരാർ തുകയ്ക്ക് പുറമേ ജി.എസ്.റ്റി തുകയായി 19,256/- രൂപ അധികമായി കരാറുകാരന് നൽകി.

64,66,67 ഡിവിഷനുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിലവിലുള്ള മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിക്ക്, ഒന്നാം പാർട്ട് ബില്ലിന് 5% ജി.എസ്.റ്റി യും രണ്ടാം പാർട്ട് ബില്ലിന് 12% ജി.എസ്.റ്റിയും കരാറുകാരന് നൽകിയതായി കാണുന്നു. ഒന്നാം പാർട്ട് ബില്ലിൽ (182625 X 5%= 9131/- രൂപ) 9131/- രൂപയും, രണ്ടാം പാർട്ട് ബില്ലിൽ (84375x12%=10125/- രൂപ) 10125/- രൂപയും ജി.എസ്.റ്റി തുകയായി കരാറുകാരന്

നൽകിയിട്ടുണ്ട്. ജി.എസ്.റ്റി തുക എന്തിനാണ് അഡീഷണലായി നൽകിയെന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.32/2022-23തീയതി 6.10.2023) MOE4/33485/23/Dtd.04.02.2023 പ്രകാരം നൽകിയ മറുപടിയിൽ, കരാറുകാരൻ ക്വാട്ട് ചെയ്ത റേറ്റിൽ GST അധികമായി കൊടുക്കാമെന്നും ജി.എസ്.റ്റി തുക ക്വട്ടേഷനിൽ ഉൾപ്പെടുന്നില്ലായന്നും മെറ്റീരിയൽ കംപോണന്റ് ഉള്ള പ്രവൃത്തിയായതിനാൽ 12% ജി.എസ്.റ്റി നൽകാമെന്നും ആയതിനാലാണ് ഇപ്രകാരം ബില്ലുകൾ നൽകിയതെന്നുമാണ് പറയുന്നത്. എന്നാൽ GST, ലേബർ ചാർജ്ജ്, ഡീസൽ ഇനങ്ങളിൽ വരുന്ന തുക ഉൾപ്പെടെയുള്ള തുകയായാണ് Rs.375/Hr ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് ശ്രീ. കെ.എ. മൂസ എന്ന കരാറുകാരൻ 30.04.2022 നൽകിയ ക്വട്ടേഷനിൽ സമ്മതിച്ചിട്ടുള്ളതുമാണ്. മാത്രമല്ല ഒരു പാർട്ട് ബില്ലിന് 5% ഉം രണ്ടാം പാർട്ട് ബില്ലിന് 12% വും ജി.എസ്.റ്റി ആയി കരാറുകാരന് നൽകിയതിന് സാധൂകരണമില്ല. കരാറുകാരന് എഗ്രിമെന്റ് പ്രകാരമല്ലാതെ ഒന്നാം പാർട്ട് ബില്ല് മുഖേന നൽകിയ 5% ജി.എസ്.റ്റി തുക 9131/- രൂപയും രണ്ടാം പാർട്ട് ബില്ലിൽ നൽകിയ 12% ജി.എസ്.റ്റി തുകയായ 10125/- രൂപയുമുൾപ്പെടെ 19,256/- രൂപ കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്. പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-87 ചെക്ക് മുഖേനയുള്ള റവന്യൂ വരവ്- ചെക്ക് മടങ്ങിയതിനാൽ നഗരസഭാ ഫണ്ടിന് 9019435/- രൂപയുടെ നഷ്ടം

കൊച്ചി നഗരസഭയ്ക്ക് ലഭിക്കേണ്ട വിവിധയിനം റവന്യൂ വരുമാനങ്ങളിൽ നല്ലൊരു ശതമാനവും ചെക്ക് മുഖേനയാണ് സ്വീകരിക്കുന്നത്. ചെക്ക് മുഖേന സ്വീകരിച്ച തുകയ്ക്കുള്ള രസീത് നൽകുകയും ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ചേർക്കുകയും നഗരസഭയുടെ അക്കൗണ്ടിൽ മുതൽക്കൂട്ടുന്നതിനായി ബാങ്കിന് കൈമാറുകയും ചെയ്യുന്നു. എന്നാൽ ഇങ്ങനെ കൈമാറുന്ന ചെക്കുകളിൽ പലതും മതിയായ നീക്കിയിരുപ്പ് ഇല്ലാത്തത് കൊണ്ടോ, ഒപ്പിൽ ഉള്ള വ്യത്യാസം കൊണ്ടോ മറ്റു കാരണങ്ങളാലോ പണമാക്കാനാവാതെ മടങ്ങാറുണ്ട്. 01.04.2022 മുതൽ 31.3.2023 വരെ ഇത്തരത്തിൽ മടങ്ങിയ ചെക്കുകളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള മടങ്ങിയ ചെക്കുകൾ സമർപ്പിച്ചവർ പിന്നീട് പലിശ സഹിതം പണമടച്ചിട്ടുണ്ടെങ്കിൽ രസീത് നമ്പറും തീയതിയും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ബാങ്ക് ഈടാക്കിയ ഹാന്റ് ലിംഗ് ചാർജ്, പിഴ, സർവീസ് ടാക്സ് എന്നിവ ഈടാക്കിയതിന്റെ വിശദ

വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ 01.12.2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 86/2022-23 ന നൽകിയ മറുപടിയിൽ ആകെ മടങ്ങിയ 148 ചെക്കുകളിൽ 15 ചെക്കുകളുടെ പിഴയും ബാങ്ക് ചാർജ്ജുകളും സഹിതം തുക ഈടാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

ബാങ്ക് ചാർജ് തുകയായ 500/- രൂപ ഈടാക്കാത്ത 4 ചെക്കുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക | ബാങ്ക് ചാർജ് |
|---|---|---|---|---|
| 1. | 017650 | 31.3.2023 | 72050/-രൂപ | 500 |
| 2. | 224731 | 29.3.2022 | 14071/-രൂപ | ” |
| 3. | 156082 | 27.10.2022 | 6400/-രൂപ | ” |
| 4. | 016614 | 29.8.2022 | 27500/-രൂപ | ” |
| ആകെ തുക | | | | 2000/- രൂപ |

ബാക്കിയുള്ള 129 ചെക്കുകളുടെ ആകെ തുകയായ 9017435/- രൂപയും പിഴപലിശയും ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി വിവരങ്ങൾ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ലഭിക്കേണ്ടിയിരുന്ന ആകെ റവന്യു വരുമാനമായ 9019435/-രൂപ (9017435+2000) പൂർണ്ണമായും നഗരസഭാ അക്കൗണ്ടിൽ മുതൽക്കൂട്ടപ്പെട്ടിട്ടുണ്ടെന്ന് റവന്യു ഓഫീസർ ഉറപ്പാക്കേണ്ടതാണ് .

ചെക്ക് മുഖേനയുള്ള റവന്യു വരവ് - 'Due Date' ന മുൻപ് വരവു വരാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം.

മട്ടാഞ്ചേരി മേഖലാ കാര്യാലയത്തിന കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ചെക്ക്/ഡ്രാഫ്റ്റ് മുഖാന്തിരം പല നികുതിദായകരും തങ്ങളുടെ നികുതി 'Due Date' ൽ നഗരസഭാ ഓഫീസുകളിൽ അടവാക്കി വരുന്നതായി ചെക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലായി. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/വ്യക്തി | ഇനം | തുക | ചെക്ക് നം/ തീയതി | വരവ് വച്ച തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | നേവി ചിൽഡ്രൻ സ്കൂൾ | തൊഴിൽ നികുതി | 1,56,750 | 000623/ 30.03.2023 | 06.04.2023 |
| 2. | ഐ.എൻ.എസ് സഞ്ജീവനി നേവൽ ബേസ് | തൊഴിൽ നികുതി | 85,250 | 000141/ 30.03.2023 | 21.04.2023 |
| 3. | ആക്സിസ് ബാങ്ക് | തൊഴിൽ നികുതി | 9,630 | 6000337/ 31.03.2023 | 19.04.2023 |
| 4. | അമാൽ ഗം ഫ്രോസൺ ഫുഡ്സ് | തൊഴിൽ നികുതി | 24,750 | 891221/ 28.03.2023 | 04.04.2023 |
| 5. | പാര മൗണ്ട് ടീ മാർക്കറ്റിംഗ് പ്രൈ.ലി. | തൊഴിൽ നികുതി | 12,500 | 396019/ 27.03.2023 | 05.04.2023 |

ഇത്തരത്തിൽ നികുതി അടയ്ക്കുന്ന നികുതിദായകരുടെ പണം നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നത് 'Due Date' കഴിഞ്ഞ് ദിവസങ്ങൾക്കു ശേഷം മാത്രമാണ്; തന്മൂലം പിഴ പലിശ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു. നഗരസഭ കാര്യാലയത്തിൽ നികുതി അടവാക്കുന്നതിന് ചെക്കുകൾ/ഡ്രാഫ്റ്റുകൾ സ്വീകരിക്കുമ്പോൾ 'Due Date' ന് 7ദിവസങ്ങൾ മുമ്പെങ്കിലും ചെക്കുകൾ/ ഡ്രാഫ്റ്റുകൾ സമർപ്പിക്കണമെന്നും യഥാർത്ഥത്തിൽ അടവു വരുത്തേണ്ട തീയതിക്കുശേഷം മാത്രം അക്കൗണ്ടിൽ വരവുവയ്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്നും അല്ലാത്ത പക്ഷം അത്തരം നികുതിദായകർ പിഴ കൂടി ഒടുക്കണമെന്ന് നിർദ്ദേശം വെക്കുന്നതും ഉചിതമായിരിക്കും.

1-88 സുസ്ഥിര നഗരവികസന പദ്ധതിക്കു കീഴിലെ വാട്ടർ പ്ലാന്റ് നവീകരണ പദ്ധതി - സമയ ബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ നഗരസഭയ്ക്ക് അധികബാധ്യത

ഏഷ്യൻ ബാങ്കിന്റെ ധനസഹായത്തോടെയുള്ള കേരള സംസ്ഥാന സുസ്ഥിര വികസന പദ്ധതി(KSUDP)ക്കു കീഴിൽ 6 കുടിവെള്ള പദ്ധതികൾ നഗരസഭ ഏറ്റെടുത്തിരുന്നു. പ്രസ്തുത പദ്ധതിക്കു കീഴിലെ ധനസഹായ കാലാവധി 2016 മെയ് മാസം വരെയായിരുന്നു. എന്നാൽ നഗരസഭ ഏറ്റെടുത്ത 6 പദ്ധതികളിൽപ്പെട്ടതും 11.79 കോടി രൂപയുടെ അടങ്കലിലുള്ളതുമായ "Improvement To Intake Water Treatment Plant And Transmission Main (KSH – WS01) എന്ന പദ്ധതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ നഗരസഭയ്ക്ക് പൂർത്തിയാക്കാൻ സാധിച്ചില്ല. 2019 ഡിസംബർ മാസത്തിലാണ് പ്രസ്തുത പദ്ധതി പൂർത്തീകരിച്ചത്. കാലാവധി കഴിഞ്ഞതിനാൽ ഈ പദ്ധതിക്കു കീഴിലെ പ്രവൃത്തികൾക്ക് നൽകാൻ ബാക്കിയുള്ള തുക പ്രസ്തുത പദ്ധതി ധനസഹായത്തിൽ നിന്നും നൽകാൻ സാധിക്കാതെ വരുകയും ബില്ലുകൾ കുടിശ്ശികയാകുകയും ചെയ്തു. വാട്ടർ അതോറിറ്റി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിക്ക് കീഴിൽ അവസാനത്തെ രണ്ട് ബില്ലുകൾ പ്രകാരം 15824385/- രൂപയാണ് നൽകേണ്ടിയിരുന്നത്. കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത തുക നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനാണ് 24.9.22 ൽ ചേർന്ന നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ജനറൽ കൗൺസിലിന് ശുപാർശ നൽകിയിട്ടുള്ളത് (തീരുമാനം നം. 33). എന്നാൽ 2022-23 വർഷം പ്രസ്തുത തുക നൽകിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 66/22.2.2023 തീയതി. 22.11.2023) മറുപടി ലഭ്യമായിട്ടില്ല. പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച ധനസഹായം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിനിയോഗിക്കാൻ സാധിക്കാതിരുന്നതുമൂലമാണ് ഇത്തരം അധികബാധ്യത നഗരസഭയ്ക്കുണ്ടായത് എന്ന് വ്യക്തമാകുന്നു. പ്രത്യേക ഉദ്ദേശ ധനസഹായങ്ങൾ അവ വ്യവസ്ഥ ചെയ്യുന്ന കാലപരിധിക്കുള്ളിൽ തന്നെ വിനിയോഗിക്കുന്നതിനും നഗരസഭയ്ക്ക് അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വേണ്ട ജാഗ്രത കാര്യ നിർവ്വഹണോദ്യോഗസ്ഥർ പുലർത്തേണ്ടതാണ്.

1-89 കോടതി വ്യവഹാരത്തിന്റെ പേരിൽ നഗരസഭയ്ക്ക് കിട്ടുവാനുള്ള പരസ്യ ബോർഡ് തറവാടക കുടിശ്ശിക അടവാക്കാതെ കരാറുകാർ കബളിപ്പിക്കുന്നു-നഗരസഭ തുടർ നടപടി സ്വീകരിക്കുന്നില്ല

സൂചന:ഫയൽ നം. MOR17/23199/13

കരാറുകാർ പരസ്യ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് തറവാടകയിനത്തിൽ കുടിശ്ശിക വരുത്തുകയും, ടി കുടിശ്ശിക അടവാക്കാതെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, തുക പിടിക്കാതിരിക്കാൻ വ്യക്തമായി സ്റ്റേ ഓർഡർ ഇല്ലാതിരിക്കുകയും, "കോടതിയിൽ കേസ് ഉണ്ട്"

എന്ന പേരിൽ കാലങ്ങളോളം കോടതിയിൽ കിടക്കുകയും, നഗരസഭ പ്രസ്തുത തുക വിസ്മരിച്ച കളയുകയും ചെയ്യുന്ന പ്രവണത അധികരിക്കുന്നു .

കരാറുകാർ നഗരസഭയ്ക്ക് ഭീമമായ കുടിശ്ശിക വരുത്തുകയും ആയത് അടവാക്കാതിരിക്കാൻ കോടതി കേസ് മറയാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരമുള്ള ഫയൽ പരിശോധിച്ചതിൽ, (ഓഡിറ്റ് അന്വേഷണം നം.81/22-23, തീയതി:04/12/2023 ന് മറുപടി നൽകിയില്ല ) കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ഡയറക്ഷൻസ് മീഡിയ എന്ന സ്ഥാപനം (പ്രൊ. ശ്രീ. ജോളി മണവാളൻ) 2014-17 കാലഘട്ടത്തിൽ പരസ്യ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് തറവാടകയിനത്തിൽ കുടിശ്ശിക വരുത്തുകയും, ടി കുടിശ്ശിക 26.09.2022 തീയതി വരെ പിഴപ്പലിശ അടക്കം ആകെ 33,65,999/-രൂപ അടവാക്കുവാൻ ബാക്കി നിൽക്കുന്നതായി ഇതുമായി ബന്ധപ്പെട്ട ഫയൽ രേഖകൾ വ്യക്തമാക്കുന്നത്.

മേൽ കാലഘട്ടത്തിൽ പരസ്യ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് തറവാടകയിനത്തിൽ വരുത്തിയ കുടിശ്ശിക തുക അടവു വരുത്താതെ ഇളവു ലഭിക്കുന്നതിന്, ജോളി മണവാളൻ ബഹു. ഹൈക്കോടതിയിൽ Wp(c) 9541/2017 കേസ് ഫയൽ ചെയ്യുകയും, നിലവിൽ ഈ കേസ് 2017 മുതൽ നാളിതു വരെ പെൻഡിംഗ് ആയി തന്നെ നിലനിർത്തിയിരിക്കുന്നതായി കാണുന്നു.

ടിയാൻ തന്നെ ഫയൽ ചെയ്ത മറ്റൊരു റിട്ട് പെറ്റീഷനിൽ (Wp(c) 6669/2020) 5.3.2020ലെ വിധി പ്രകാരം 2.1.2020 ടിയാനെ നഗരസഭ നേരിൽ കേട്ടതിനു ശേഷം ടി കേസിൽ തീർപ്പ് കൽപ്പിച്ച MOR10-MOR5/23199/13-ാം നമ്പർ ഉത്തരവ്, 8.9.2021 തീയതി പ്രകാരം, 17,76,086/-രൂപ അടവാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ തുക അടവാക്കാൻ ടിയാന് 3 തവണ ഡിമാന്റ് നോട്ടീസ് നൽകി എന്നാണ് ഫയൽ രേഖകൾ വ്യക്തമാക്കുന്നത്.

ടിയാളിൽ നിന്നും പണം പിരിക്കാതിരിക്കാൻ ഒരു ഘട്ടത്തിലും, റിട്ട് പെറ്റീഷനിലും വ്യക്തമായ സ്റ്റേ ഓർഡർ ഇല്ലാതിരിക്കെ ഓഡിറ്റ് അന്വേഷണംനം. 66 /22-23-9, തീയതി 22-11-2023നു മറുപടിയായി; "കോടതിയിൽ വ്യവഹാരം നടക്കുന്നു" എന്ന കാരണം തുക തിരിച്ച പിടിക്കാതിരിക്കാനുള്ള ന്യായീകരണമല്ല. ബന്ധപ്പെട്ട സെക്ഷൻ ഫയലിൽ മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതിന് മേലധികാരികൾ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിയമപരമായ റിക്കവറി നടപടി സ്വീകരിക്കാതിരിക്കുന്നതിന് മറ്റേതെങ്കിലും കാരണം ഉണ്ടെങ്കിൽ

ഓഡിറ്റിനെ അറിയിക്കാൻ നിർദ്ദേശിച്ചെങ്കിലും മറുപടി ഉണ്ടായില്ല.

2. കൂടാതെ ശ്രീ. പി.വി. വിജയകുമാർ (പ്രിയ അഡ്വർടൈസിംഗ്) പരസ്യ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് തറവാടകയിനത്തിൽ പിഴപ്പലിശയടക്കം 9,09,631/-രൂപ നൽകാനുള്ളതായി ഫയൽ പ്രകാരം കാണുന്നു. Wp(c)8250/2018 പ്രകാരം തുക തിരിച്ചു പിടിക്കാതിരിക്കുന്നതിന് കോടതിയിൽ നിന്ന് സ്റ്റേ ഇല്ലാതിരുന്നിട്ടും നിയമപരമായ റിക്കവറി ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കുന്നില്ല.

3. ക്രമ നം. 1 & 2 മായി ബന്ധപ്പെട്ട് യഥാക്രമം Wp(c) 9541/2017, Wp(c)8250/2018 എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ച് ആരാഞ്ഞെങ്കിലും; നഗരസഭയുടെ ലീഗൽസെൽ വിഭാഗം, വക്കീൽ എന്നിവർ കാര്യക്ഷമമായ യാതൊരു നടപടിയും സ്വീകരിച്ചതായി മറുപടി തന്നിട്ടില്ല.

4. മേൽ 1 & 2 ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ശ്രീ. ജോളി മണവാളൻ (ഡയറക്ഷൻസ് മീഡിയ), ശ്രീ. പി.വി. വിജയകുമാർ (പ്രിയ അഡ്വൈർടൈസിംഗ്) എന്നിവരുടെ ഫയൽ പ്രകാരമുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ പ്രൊപ്പറൈറ്റർ | തുക |
|---|---|---|
| 1. | ശ്രീ. ജോളി മണവാളൻ (ഡയറക്ഷൻസ് മീഡിയ) | 33,65,999/-രൂപ |
| 2. | ശ്രീ. പി.വി. വിജയകുമാർ (പ്രിയ അഡ്വർടൈസിംഗ്) | 9,09,631/-രൂപ |
| ആകെ | | 42,75,630/-രൂപ (നാൽപത്തി രണ്ടു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അറുനൂറ്റി മുപ്പത് രൂപ) |

മേൽ കുടിശ്ശിക, നാളിതുവരെയുള്ള ബാധ്യത അടക്കം മുകളിൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിച്ച് ഓഡിറ്റിനെ അറിയക്കേണ്ടതാണ്. നിലവിൽ ബന്ധപ്പെട്ട സെക്ഷൻ, നിയമപരമായ റിക്കവറി തുടർനടപടികൾ സ്വീകരിക്കാത്തപക്ഷം, സെക്ഷന് ബാധ്യത വരുന്ന രീതിയിൽ വ്യക്തമായ ജോലി വിഭജന രേഖ അടക്കം, ഓർമ്മക്കുറിപ്പ് നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-90 മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണ ചുമതല ഏറ്റെടുത്ത ശേഷം പിൻമാറിയ കരാറുകാരുടെ കരുതൽ നിക്ഷേപം മുതൽക്കൂട്ടിയില്ല

നഗരസഭയുടെ വിവിധ ഡിവിഷനുകളിൽ കനാൽ വൃത്തിയാക്കുന്നതിന് കരാർ ഏറ്റെടുത്ത കരാറുകാർ തുടർന്ന് പ്രവൃത്തി നിർവ്വഹണം ആരംഭിക്കാതിരുന്നതിനെ തുടർന്ന് ഇവരെ കരാർ ചുമതലയിൽ നിന്നൊഴിവാക്കുകയും ടെണ്ടറിൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളെ പകരം പ്രവൃത്തി ചുമതല ഏൽപ്പിക്കുകയും ചെയ്തു. പകരം ചുമതലപ്പെടുത്തിയ കരാറുകാരുമായി കൂടിയാലോചന നടത്തി ആദ്യം ഏറ്റെടുത്ത കരാർ നിരക്കു പ്രകാരം തന്നെയാണ് പ്രവൃത്തി നിർവ്വഹണ ചുമതല കൈമാറിയതെന്നു കാണുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആദ്യ കരാറുകാരൻ | കരാർ തുക (രൂപ) | ചുമതല പകരം ഏൽപ്പിച്ച കരാറുകാരൻ |
|---|---|---|---|
| പള്ളുരുത്തി മേഖല കാനകളിലെ ചെളി നീക്കം ചെയ്യൽ (ഡിവിഷൻ - 13) | സപ്തമി | 853970.19 | സി.കെ. നാസർ |
| വൈറ്റില മുതൽ ചിലവന്നൂർ കനാൽ വരെ തോട് ചെളി കോരി വൃത്തിയാക്കൽ (ഡിവിഷൻ - 52) | ബിനു തോമസ് | 253220 | കെ.എ. വിത്സൻ |
| ബെന്നിത്തോട് ബണ്ട് തോട് - പായൽ പോള നീക്കം ചെയ്യൽ (ഡിവിഷൻ - 52) | ബിനു തോമസ് | 195016.5 | കെ.എ. വിത്സൻ |

എന്നാൽ ആദ്യം ഏറ്റെടുത്ത് കരാർ ഒഴിഞ്ഞവരിൽ നിന്നും അവർ ഒടുക്കിയ നിരതദ്രവ്യം കണ്ടുകെട്ടി നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 66/2022-23 തീയതി. 22.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കരാറുകാരുടെ നിരതദ്രവ്യം PWD Manual Para 2009.6 പ്രകാരം നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടാൻ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-91 യഥാസമയം പണി പൂർത്തീയാക്കാത്തതിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല.

കൊച്ചി നഗരസഭയിലെ 73 -ാം ഡിവിഷനിലെ എസ്സ്ആർഎം റോഡ് (ബാലൻസ്) എൻകെഎസ്സ് റോഡ്, ടോൾ ഗേറ്റ് റോഡ് എന്നിവിടങ്ങളിൽ അമൃത് പദ്ധതിയിൽപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിനാൽ (ഫയൽ നമ്പർ. ഐഎസ്സ്ഓ/എംഓഎച്ച്5/1423/2020) കേടുപാടുകൾ സംഭവിച്ച ടി റോഡുകൾ ബിഎം & ബിസി നിലവാരത്തിൽ പുനരുദ്ധരിക്കുന്നതായിരുന്നു പ്രവൃത്തി. അതിനായി 1,10,30,000/- രൂപ അടങ്കൽ തുകയിൽ ടെന്റർ ക്ഷണിക്കുകയും ശ്രീ. കെ.എസ്സ്. ബിജിലി എന്ന കരാറുകാരൻ 90,01,847/- രൂപയ്ക്ക് ടി പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനായി 01-06-2020ൽ 238/എ/20-21/01-06-2020 നമ്പരായി കരാർ ചമച്ചിട്ടുണ്ട്. 23-06-2020ൽ വർക്ക് ഓർഡർ നൽകി. മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണമെന്നായിരുന്നു കരാർ. അതായത് 22-09-2020ൽ പ്രവൃത്തി പൂർത്തിയാക്കണമായിരുന്നു. എന്നാൽ മൂന്ന് മാസത്തിന് ശേഷം 21-09-2020 ൽ പണി പൂർത്തിയാക്കുന്നതിന്റെ കാലാവധി നീട്ടി നൽകുന്നതിനായി കരാറുകാരൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കുന്നതിന് 30-06-2021 വരെ നഗരസഭ സമയം അനുവദിച്ചു നൽകി. എന്നാൽ മൂന്നു വർഷങ്ങൾക്കു ശേഷവും കരാറുകാരൻ പണി പൂർത്തിയാക്കിയതായി കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ 70 ശതമാനത്തോളം പണി പൂർത്തിയായതായും അതിനായി രണ്ട് പാർട്ട് ബില്ലുകളിലായി ആകെ 37,34,802/- രൂപ കരാറുകാരന് അനുവദിച്ചു നൽകിയതായും കാണുന്നുണ്ട്. ( പാർട്ട് ബിൽ I -30,54,394/-രൂപ. തീയതി 19-07-2021, പാർട്ട് ബിൽ II- 6,80,408/-രൂപ. തീയതി21-05-2022) ഇതിൽ പാർട്ട് ബിൽ I ന്റെ എം. ബുക്ക് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പണി പൂർത്തിയാക്കാൻ അനുവദിച്ചു നൽകിയ സമയത്തിന് ശേഷവും നാളിതുവരെ ടി പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. കാലാവധി നീട്ടി നൽകുവാൻ കാരാറുകാരൻ ആവശ്യപ്പെട്ടിട്ടുമില്ല. 20-07-2022 ൽ കോർപ്പറേഷൻ പണി പൂർത്തിയാക്കുവാൻ ആവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകി. അതിനു ശേഷം 26-08-22, 23-02-2023 എന്നീ തീയതികളിൽ രണ്ട് ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുള്ളതായി കാണുന്നു. കത്തുകൾ നൽകിയിട്ടുള്ളതല്ലാതെ പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് മറ്റ് നിയമപരമായ നടപടികളൊന്നും കോർപ്പറേഷൻ അധികൃതർ സ്വീകരിച്ചതായി കാണുന്നില്ല.

നിലവിൽ ഈ പ്രവൃത്തിയുടെ അവസ്ഥ എന്താണെന്നും, കത്ത് നൽകിയതല്ലാതെ പണി

പൂർത്തീകരിക്കുവാൻ കോർപ്പറേഷൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 33/11-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 23-06-2020ൽ വർക്ക് ഓർഡർ നൽകിയ ഒരു പ്രവൃത്തി മൂന്നു വർഷങ്ങൾക്കു ശേഷവും പൂർത്തിയാക്കാത്തതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്തത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 23-02-2023 ൽ ഓർമ്മക്കുറിപ്പ് നൽകിയതിന് ശേഷം നാളിതു വരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനും ഇക്കാര്യത്തിൽ ബാദ്ധ്യതയുണ്ട്. കൂടാതെ കരാറുകാരൻ നൽകിയിട്ടുള്ള ഇഎംഡി, റീടെൻഷൻ തുക എന്നിവ നഗരസഭാ അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടുകയും, ടി പ്രവൃത്തി തുടർന്ന് കരാർ നൽകുകയാണെങ്കിൽ, നഗരസഭയ്ക്ക് സംഭവിക്കാനിടയുള്ള മുഴുവൻ നഷ്ടവും മുൻ കരാറുകാരനിൽ നിന്ന് PWD Manual Para 2116.1 പ്രകാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-92 അപകടാവസ്ഥയിലായ കെട്ടിടം പൊളിച്ചു നീക്കിയത് - ചെലവ് തുക കെട്ടിടയുടമയിൽ നിന്നും തിരികെയീടാക്കിയില്ല

നഗരസഭയുടെ 8-ാം ഡിവിഷനിലുള്ളതും ശ്രീ. രാജ്കുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ളതുമായ VIII/1606, VIII/1609 എന്നീ നമ്പരുകളിലുള്ള ഇരുനില കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലായതിനെ തുടർന്ന് പൊളിച്ചു നീക്കാൻ നഗരസഭ കെട്ടിടയുടമയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെട്ടിടയുടമ അതിന് തയ്യാറാകാതിരുന്നതിനാൽ ഇതു സംബന്ധിച്ചുയർന്ന പരാതിയുടേയും ആയതിന്മേൽ ബിൽഡിംഗ് ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരസഭ തന്നെ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കാൻ നിർദ്ദേശിച്ചതിൻ പ്രകാരം ബിൽഡിംഗ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ പ്രസ്തുത കെട്ടിടം 15.08.2021 മുതൽ 17.8.21 വരെയുള്ള ദിവസങ്ങളിൽ പൊളിച്ചു നീക്കി. കെട്ടിടം പൊളിച്ചു നീക്കുന്നതിന് 70,000/-രൂപ നഗരസഭാ ഫണ്ടിൽ നിന്നും ചെലവായിരുന്നു. ടി തുക നാളിതുവരെ കെട്ടിടയുടമയിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 66/2022-23 തീയതി. 22.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക കെട്ടിടയുടമയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

1-93 മേഖലാ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഓൺലൈൻ സേവനങ്ങൾ പൂർണ്ണമല്ല.

കൊച്ചി നഗരസഭയുടെ കീഴിലായി 6 മേഖലാ ഓഫീസുകളാണുള്ളത്. ഓരോ മേഖലാ ഓഫീസിന്റെ കീഴിലും 10 മുതൽ 15 വരെ ഡിവിഷനുകൾ ഉണ്ട്. സംസ്ഥാനത്തിന്റെ വ്യാവസായിക തലസ്ഥാനമായ ഈ പ്രദേശത്തെ ഓരോ ഡിവിഷനിലും വളരെയധികം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടുന്നതിനാൽ നികുതി പിരിവ് കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. പക്ഷെ, നിലവിൽ ഓരോ ഡിവിഷനിലും നികുതി പിരിവിന് നിയോഗിക്കപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഇത് തനത് വരുമാനത്തെ വളരെ ദോഷകരമായ രീതിയിൽ ബാധിച്ചിട്ടുണ്ട്. കെട്ടിട നികുതി, തൊഴിൽ നികുതി, പെർമിറ്റ് ഫീസ്, ലേലം, വാടക എന്നിവയാണ് മേഖലാ കാര്യാലയങ്ങളിലെ പ്രധാന വരവിനങ്ങൾ. മേഖലാ കാര്യാലയങ്ങളിൽ നിന്നുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടില്ല. കെട്ടിട നികുതി സ്വീകരിക്കൽ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വിതരണം, ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ എന്നിവയാണ് നിലവിൽ ഓൺലൈനിൽ ലഭ്യമാക്കുവാൻ സാധിക്കുന്ന സേവനങ്ങൾ. മറ്റുള്ള സേവനങ്ങൾ ലഭ്യമാകണമെങ്കിൽ പൊതുജനങ്ങൾ നേരിട്ട് ഓഫീസിലേക്ക് എത്തേണ്ട സ്ഥിതിയാണ് നിലനിൽക്കുന്നത്. ഓൺലൈൻ സേനവങ്ങൾ അപൂർണ്ണമായിരിക്കേത്തന്നെ, ഫീൽഡ് സ്റ്റാഫിന്റെ എണ്ണം കുറച്ചത് വരുമാന ലഭ്യതയെ ബാധിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ, ഫീൽഡ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുകയോ ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപികൾ സ്വീകരിക്കേണ്ടതാണ്.

കമ്പ്യൂട്ടർ ഉപയോഗം - പരിമിതി.

മേഖലാ കാര്യാലയങ്ങളിൽ കമ്പ്യൂട്ടറുകൾക്ക് ആനുപാതികമായി യു.പി.എസ്.കൾ ലഭ്യമാക്കിയിട്ടില്ല. ഇത് പലപ്പോഴും ജീവനക്കാരുടെ ജോലിയിലുള്ള കാര്യക്ഷമതയ്ക്ക് വിഘാതമായി ഭവിക്കുന്നു. വൈദ്യുത തകരാറുകൾ സംഭവിക്കുന്ന അവസരങ്ങളിൽ പൊടുന്നനെ കമ്പ്യൂട്ടറുകൾ ഓഫായി പോകുകയും അതുവരെ ചെയ്തുവച്ചിരുന്ന മാറ്റർ സേവ് ചെയ്യപ്പെടാതെ പോകുകയും ചെയ്യുന്നത് ജീവനക്കാർക്ക് വളരെയധികം സമയനഷ്ടത്തിനിടയാക്കുന്ന അവസ്ഥയുണ്ട്.

കമ്പ്യൂട്ടറുകളുടെയും യു.പി.എസ്.കളുടെയും എണ്ണത്തിലുള്ള ആനുപാതികമില്ലായ്മയ്ക്ക് ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഫോർട്ട്കൊച്ചി മേഖലാ കാര്യാലയ ത്തിൽ താഴെ പറയും പ്രകാരം 28 ഡെസ്ക്ടോപ്പുകളും 7 ലാപ്ടോപ്പുകളും ഉപയോഗത്തിലുണ്ട്.

| വിഭാഗം | ഡെസ്ക്ക്ടോപ്പുകൾ | ലാപ്ടോപ്പുകൾ |
|---|---|---|
| ടൗൺപ്ലാനിംഗ് & എഞ്ചിനീയറിംഗ് | 13 | 5 |
| റവന്യൂ സെക്ഷൻ | 16 | 2 |
| ആകെ | 29 | 7 |

29 ഡെസ്ക്ക്ടോപ്പുകൾ ഉപയോഗത്തിലുള്ള സ്ഥാപനത്തിൽ, റവന്യൂ വിഭാഗത്തിൽ ക്യാഷ് കൗണ്ടറിൽ മാത്രമാണ് കമ്പ്യൂട്ടറിനോട് അനുബന്ധിച്ച് ഒരു യു.പി.എസ്. ഉള്ളത്. എഞ്ചിനീയറിംഗ് സെക്ഷനിലും ഒരു യു.പി.എസ്. ഉപയോഗത്തിലുണ്ട്.

പള്ളുരുത്തി മേഖലാ കാര്യാലയ ത്തിൽ താഴെ പറയും പ്രകാരം 28 ഡെസ്ക്ക്ടോപ്പുകളും 3 ലാപ്ടോപ്പുകളും ഉപയോഗത്തിലുണ്ട്.

| വിഭാഗം | ഡെസ്ക്ക്ടോപ്പുകൾ | ലാപ്ടോപ്പുകൾ |
|---|---|---|
| ടൗൺപ്ലാനിംഗ് & എഞ്ചിനീയറിംഗ് | 12 | 0 |
| റവന്യൂ സെക്ഷൻ | 15 | 2 |
| ഹെൽത്ത് സെക്ഷൻ | 1 | 1 |
| ആകെ | 28 | 3 |

28 ഡെസ്ക്ക്ടോപ്പുകൾ ഉപയോഗത്തിലുള്ള സ്ഥാപനത്തിൽ, ക്യാഷ് കൗണ്ടറിൽ മാത്രമാണ് കമ്പ്യൂട്ടറിനോട് അനുബന്ധിച്ച് ഒരു യു.പി.എസ്. ഉള്ളത്.

വൈറ്റില മേഖലാ കാര്യാലയ ത്തിൽ താഴെ പറയും പ്രകാരം 30 ഡെസ്ക്ക്ടോപ്പുകളും 15 ലാപ്ടോപ്പുകളും ഉപയോഗത്തിലുണ്ട്.

| വിഭാഗം | ഡെസ്ക്ക്ടോപ്പുകൾ | ലാപ്ടോപ്പുകൾ | UPS |
|---|---|---|---|
| ടൗൺപ്ലാനിംഗ് & എഞ്ചിനീയറിംഗ് | 10 | 11 | 0 |
| റവന്യൂ സെക്ഷൻ | 20 | 4 | 1 (Cash Section) |
| ആകെ | 30 | 15 | 1 |

30 ഡെസ്ക്ക്ടോപ്പുകൾ ഉപയോഗത്തിലുള്ള സ്ഥാപനത്തിൽ, റവന്യൂ വിഭാഗത്തിൽ ക്യാഷ് കൗണ്ടറിൽ മാത്രമാണ് കമ്പ്യൂട്ടറിനോട് അനുബന്ധിച്ച് ഒരു യു.പി.എസ്. ഉള്ളത്. എഞ്ചിനീയറിംഗ് സെക്ഷനിൽ യു.പി.എസ്. ഒരെണ്ണംപോലുമില്ല. കമ്പ്യൂട്ടറുകളിൽ യു.പി.എസ്. കണക്ടിവിറ്റി

ഇല്ലാത്തത് പ്രതിദിന ജോലിയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. റവന്യൂ സെക്ഷനിൽ ഉപയോഗത്തിനായി ഒരു യു.പി.എസ്. വാങ്ങിവച്ചിട്ടുണ്ടെങ്കിലും ഇത് കണക്ഷൻ നൽകി ഉപയോഗപ്രദമാക്കുന്നതിന് എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നുള്ള നടപടികൾ ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ കൂടുതൽ യു.പി.എസുകൾ വാങ്ങുകയും, കമ്പ്യൂട്ടറുകളെല്ലാംതന്നെ യു.പി.എസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ഫയലുകൾ സൂക്ഷിക്കുന്നതിന് സ്ഥലപരിമിതി

മേഖലാ കാര്യാലയങ്ങളിൽ പരിമിതമായ സ്ഥലസൗകര്യങ്ങളാണ് ഉള്ളത്. വളരെ പഴയ ഫയലുകൾ മുതൽ സൂക്ഷിച്ചുവയ്ക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. അതിനാൽ ഇവ ചാക്കിൽ കെട്ടി സൂക്ഷിക്കേണ്ട സ്ഥിതിയിലാണ് മേഖലാ ഓഫീസുകൾ. മഴയത്ത് ചോർന്നൊലിക്കുന്നത്ര പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങൾക്ക് ഇത് വലിയ ബാധ്യതയായി മാറുന്നുണ്ട്. ഫയലുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം മേഖലാ ഓഫീസുകൾക്ക് ലഭ്യമാക്കുന്നതിനും, കാലഹരണപ്പെട്ട ഫയലുകൾ നശിപ്പിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

1-94 ഓഡിറ്റിനായി ഫയലുകൾ ഹാജരാക്കിയില്ല – 9484776/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ കൊച്ചി നഗരസഭയിൽ നടപ്പിലാക്കിയ പ്രോജക്ടുകളും അനുബന്ധ രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 15.11.2023ൽ നമ്പർ 105 ആയി ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് ഹെൽത്ത് ഓഫീസർക്ക് വീണ്ടും കത്ത് നൽകി (നം.കെ.എസ്.എ/കെ.സി.സി /എ3 /1091/2023 തീയതി. 28.11.2023). എന്നാൽ നാളിതുവരെ പ്രസ്തുത ഫയലുകളോ രേഖകളോ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ

| ക്രമ | പ്രോജക്ട് | പ്രോജക്ടിന്റെ പേര് | വിഭാഗം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|

| നം. | നം. | | | രൂപ | രൂപ |
|---|---|---|---|---|---|
| 1 | 482 | ABC പദ്ധതി - അനുബന്ധ സൗകര്യങ്ങൾ | ജനറൽ | 500000 | 303173 |
| 2 | 653 | എലി നശീകരണി വാങ്ങൽ | ജനറൽ | 500000 | 495104 |
| 3 | 1284 | ശുചീകരണത്തിനാവശ്യമായ സാമഗ്രികളും തൊഴിൽ ഉപകരണങ്ങളും വാങ്ങൽ | ജനറൽ | 2500000 | 2499000 |
| 4 | 786 | കൊതുക് നശീകരണി വാങ്ങൽ | ജനറൽ | 7650000 | 5187500 |
| 5 | 759 | HIV ബാധിതർക്ക് പോഷക ആഹാരം വിതരണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | ജനറൽ | 1000000 | 999999 |
| | ആകെ | | | | 9484776/- |

1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളും കണക്കുകളും നൽകാൻ വീഴ്ച വരുത്തിയതിനാൽ അത്തരം രേഖകളോ കണക്കുകളോ നിലവിൽ ഇല്ല എന്ന നിഗമനത്തിൽ ഇവയ്ക്കായി ചെലവഴിച്ച 9484776/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-95 ഷീ ലോഡ്ജ് ഫയലുകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

2022-23 വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊച്ചി നഗരസഭ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് ഷീലോഡ്ജ്. ഈ പദ്ധതിയുടെ ഓഡിറ്റിനായി ഫയലുകൾ ഹാജരാക്കുന്നതിലേയ്ക്കായി 97/2022-23 തീയതി. 6.10.2023 നമ്പരായി ഓഡിറ്റ് അഭ്യർത്ഥന നൽകിയെങ്കിലും നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട് തൻവർഷം ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ കാണിച്ച മുഴുവൻ തുകയും 15054929/- തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | തൻവർഷത്തെ ചെലവ് |
|---|---|---|---|---|
| 1 | 48/2022-23 | ഷീലോഡ്ജിലേക്ക് ഫർണിച്ചർ | 1587930 | 1533539 |

| | | | | |
|---|---|---|---|---|
| 2 | 49/2022-23 | ഷീലോഡ്ജിലേക്ക് ഇലക്ട്രിക് വർക് | 1676984 | 1443159 |
| 3 | 51/2022-23 | ഷീലോഡ്ജിലേക്ക് ഇന്റേണൽ വർക് | 7864604 | 6165021 |
| 4 | 55/2022-23 | ഷീലോഡ്ജിലേക്ക് അനുബന്ധ സൗകര്യങ്ങൾ | 500000 | 366857 |
| 5 | 797/2022-23 | ഷീലോഡ്ജിലേക്ക് ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങൾ | 2020000 | 381217 |
| 6 | 799/2022-23 | ഷീലോഡ്ജിലേക്ക് 2,3 നിലകളിലേയ്ക്ക് ആവശ്യമായ ഫർണീച്ചർ | 5400000 | 5165136 |
| | | | ആകെ | 15054929 |

1-96 ശുചീകരണ പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങി - പരിശോധനയിൽ വാഹനങ്ങൾ പലതും കട്ടപ്പുറത്ത്- ലക്ഷങ്ങളുടെ പാഴ് ചെലവ്

ഫയൽ നമ്പർ -ISO/SBM/(SWA)43044/2022

കൊച്ചി ബിനാലയോടനുബന്ധിച്ച് പശ്ചിമ കൊച്ചി മേഖലയിൽ സ്വീകരിക്കേണ്ട മുൻകരുതലുകളേക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി മേയറുടെ ചേമ്പറിൽ 04.12.2022 കൂടിയ യോഗത്തിൽ വെച്ച് കൊച്ചി മുസരീസ് ബിനാലയോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകാമെന്ന് സി.എസ്.എം.എൽ ചെയർമാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 05.12.2022 ലെ നഗരസഭ ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ നഗരസഭ ഹെൽത്ത് ഓഫീസർക്ക് നൽകിയ കത്തിലെ നിർദ്ദേശ പ്രകാരത്തിന്റെയും അടിസ്ഥാനത്തിൽ നഗരസഭയിൽ ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങുന്നതിനുവേണ്ടി ജെം പോർട്ടൽ മുഖാന്തിരമോ അല്ലെങ്കിൽ ഇ-ടെണ്ടർ നടത്തുവാൻ നഗരസഭ ഹെൽത്ത് ഓഫീസറോട് അഭിപ്രായപ്പെടുകയും ആയതിന് തിരുവനന്തപുരം കോർപ്പറേഷനിൽ മാലിന്യനീക്കത്തിനായി ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങുന്നതിനുവേണ്ടി നടത്തിയതിന്റെ ഇ ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. ജെം പോർട്ടലിൽ നിന്നും വാഹനം വാങ്ങാതെ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ മാലിന്യനീക്കത്തിനായി ഇലക്ട്രിക്ക് ട്രൈസൈക്കിൾ (ബാറ്ററി) വാങ്ങുന്നതുമായി ബന്ധപ്പെട്ട ഇ-ടെണ്ടർ നോട്ടീസ്, സ്പെസിഫിക്കേഷൻ, എഗ്രിമെന്റ് എന്നിവ മാതൃകയാക്കി

മതിയായ പ്രവർത്തി പരിചയമുള്ള ഏജൻസികൾ/ നിർമ്മാതാക്കൾ എന്നിവരിൽ നിന്ന് ടെണ്ടർ ക്ഷണിക്കുന്നതിന് നഗരസഭ ആരോഗ്യ സ്ഥിരം സമിതിക്ക് സമർപ്പിച്ചത് 12.12.2022ലെ കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ബഹു.കൗൺസിലിന് നൽകി. അതോടൊപ്പം ബഹു.മേയറുടെ മുൻകൂർ അനുമതിക്കായും സമർപ്പിച്ചു. ആയതിന് മേയർ അനുവാദവും നൽകിയിട്ടുണ്ട്. 14.12.2022 ൽ വിൻഡോ നമ്പർ സി1-83320/2022 ഇ ടെണ്ടർ പ്രസിദ്ധീകരിക്കുകയും ചെയ്തു. നഗരസഭ കൗൺസിലിന്റെ 01.02.23 ലെ 11-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ടെണ്ടറിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | സ്പെസിഫിക്കേഷൻ പ്രകാരം വാഹനത്തിന്റെ വില | എ.എം.സി (വാഹനം, ബാറ്ററി ) | ബാറ്ററി റീപ്ലേസ് | ആകെ |
|---|---|---|---|---|---|
| 1 | പ്രിയം ഇൻഡസ്ട്രീസ് | 199147 | 19914 | 43000 | 262061 |
| 2 | അരുൺ ഇൻഡ്യൻ മോട്ടോഴ്സ് | 221053 | 21905 | 46870 | 289828 |
| 3 | ആധവൻ മോട്ടോഴ്സ് | 229019 | 22701 | 48590 | 300310 |

ഇതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത പ്രിയം ഇൻഡസ്ട്രീസ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാഹനത്തിന്റെ ജി.എസ്.റ്റി, ഒരു വർഷ വാഹന വാറന്റി, 5 വർഷ ബാറ്ററി വാറന്റി ഉൾപ്പെടെ ഒരു ഇലക്ട്രിക്ക് ട്രൈസൈക്കിൾ 199147 രൂപയ്ക്ക് വാങ്ങുവാനും ആയത് പ്രകാരം 120 ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങുന്നതിനും തീരുമാനിച്ചു. ഈ വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി സി.എസ്.എം.എൽ നൽകിയ 2,38,97,640 രൂപ നഗരസഭയുടെ പേരിലുള്ള എച്ച്.ഡി.എഫ്.സി ബാങ്ക് അക്കൗണ്ട് നമ്പർ 50100571289700 ൽ 03.03.2023 ൽ ക്രെഡിറ്റാകുകയും ചെയ്തു. തുടർന്ന് 120 വാഹനങ്ങൾ 03.08.2023 ലെ INV/23-24/001 തീയതി 02.08.23 പ്രകാരം സ്റ്റോക്കിൽ എടുത്ത് ഹെൽത്ത് സർക്കിളുകളിൽ വിതരണത്തിന് നൽകി. 120 വാഹനത്തിന് പ്രിയം ഇൻഡസ്ട്രീസ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന നിരക്കിൽ തുക നൽകി.

| | |
|---|---|
| ആകെ നൽകേണ്ട തുക | 23897639 |

| | |
|---|---|
| കുറക്കുക | |
| ജി.എസ്.ടി 1% | 227597 |
| എസ്.ജി.എസ്.ടി 1% | 227597 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1194882 |
| ഐ.റ്റി 01 % | 22760 |
| ആകെ നൽകിയത് | 22224803 |

ഈ പ്രോജക്ട് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1- ഇൻകം ടാക്സിനത്തിൽ ആദായ നികുതി നിയമം 194 (സി) പ്രകാരം പ്രിയം ഇൻഡസ്ട്രീസ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2% തുകയായ 477953 രൂപക്ക് പകരം 22760 രൂപയാണ് ഉറവിടത്തിൽ കുറവ് ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 455192 രൂപയുടെ കുറവ് നികുതിയിനത്തിൽ സർക്കാരിന് വന്നിട്ടുണ്ട്.

2- അടിയന്തിര സാഹചര്യങ്ങളിലൊഴികെ സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾ ഒരു പ്രോജക്ടായി നടപ്പിലാക്കുകയും ആയതിന് ഡി.പി.സി. അംഗീകാരം നേടിയെടുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ പ്രവർത്തി നടപ്പിലാക്കുന്നതിന് ഈ നിബന്ധനകൾ പാലിച്ചിട്ടില്ല. കൊച്ചി കോർപ്പറേഷനിലെ അടിസ്ഥാനപരമായ സൗകര്യങ്ങൾ പരിഗണിക്കാതെ തിരുവനന്തപുരം കോർപ്പറേഷനിൽ വാങ്ങിയ അതേ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നഗരസഭ ഇലക്ട്രിക്ക് ട്രൈസൈക്കിൾ വാങ്ങിയിരിക്കുന്നത്. വാഹനങ്ങൾ വാങ്ങുന്നതിനായി പ്രോക്യുയർമെന്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടില്ല.

3- ടെണ്ടർ ക്വാളിഫിക്കേഷനിൽ ക്രമ നമ്പർ 1 ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ സമാന മേഖലയിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയ സർട്ടിഫിക്കറ്റ്, ക്രമനമ്പർ 2 ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഒരു വർഷത്തിൽ 10 കോടി രൂപയിൽ കുറയാത്ത വിറ്റുവരവ് നടത്തിയതിന്റെ രേഖകൾ, എന്നിവ ടെണ്ടർ നേടിയെടുത്ത സ്ഥാപനം ഹാജരാക്കിയിട്ടില്ല.

4- 01.02.2023 ൽ നടന്ന സാധാരണ കൗൺസിൽ യോഗത്തിലെ അജണ്ട 11പ്രകാരം കൊച്ചി നഗരസഭക്ക് വൻ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്നതും, കൃത്യമായി പരിശോധന

നടത്താതെയും പദ്ധതി പൂർത്തീകരണത്തിന് അനുയോജ്യമെന്ന് നോക്കാതെയുമാണ് ടെണ്ടർ വിളിച്ചിരിക്കുന്നതെന്നും താഴെപ്പറയുന്ന കാര്യങ്ങളിൽ വിയോജിപ്പുണ്ടെന്നും നഗരസഭ ടാക്സ് അപ്പീൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.പ്രിയ പ്രശാന്ത് വിയോജനക്കുറിപ്പിൽ അറിയിച്ചിട്ടുണ്ട്. അതിലെ പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

1-കൊച്ചി നഗരസഭയിൽ മഴക്കാലത്ത് ഉപയോഗിക്കുന്ന തരത്തിലുള്ള സ്പെസിഫിക്കേഷൻ ഈ വാഹനത്തിന് ഇല്ല. ഗ്രൗണ്ട് കപ്പാസിറ്റി, ടിപ്പിംഗ് സൗകര്യം എന്നിവ നോക്കിയിട്ടില്ല.

2- ഈ വാഹനം ജെം പോർട്ടലിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്. സബ്സിഡിയും ലഭിക്കും. ഇവ പരിശോധിച്ചിട്ടില്ല.

3-തിരുവനന്തപുരം നഗരസഭയിൽ പ്രിയം ഇൻഡസ്ട്രീസ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനം 3 വർഷ ബാറ്ററി വാറണ്ടിയും 2 വർഷ എ.എം.സിയും, 2 വർഷ ഫ്യൂവൽ സെൽ വാറണ്ടിയും നൽകിയിട്ടുണ്ട്. എന്നാൽ കൊച്ചി നഗരസഭയിൽ 01.02.2023 ലെ നഗരസഭ കൗൺസിലിന്റെ 11-ാം നമ്പർ തീരുമാന പ്രകാരം വാഹനത്തിനും, ബാറ്ററിക്കും എ.എം.സി വേണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ട്.

പ്രാദേശിക പരിശോധന

കൊച്ചി നഗരസഭയിൽ പ്ലാസ്റ്റിക്ക് മാലിന്യ നീക്കത്തിനായി വാങ്ങിയ ഇലക്ട്രിക്ക് ട്രൈ സൈക്കിളുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി 22.11.2023, 23.11.2023 തീയതികളിൽ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരോടൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടത് മാലിന്യ സംസ്കരണത്തിനായി നഗരസഭ ആസൂത്രണം ചെയ്യുന്ന കാര്യങ്ങൾ താളം തെറ്റിയ രീതിയിലാണ്. ആസൂത്രണം ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിലെ ഏകോപനമില്ലായ്മയും, നഗരസഭയ്ക്ക് ആവശ്യങ്ങൾക്ക് ഉതകുന്നതരത്തിലുള്ള വാഹനങ്ങൾ വാങ്ങുന്നതിലെ പിടിപ്പുകേടും നഗരസഭയെ വീണ്ടും സാമ്പത്തിക ബാദ്ധ്യതയിലേക്ക് തള്ളി വിടുന്നു. ഗുണ നിലവാരമുള്ള വാഹനങ്ങൾ വാർഷിക അറ്റകുറ്റപ്പണിക്കുള്ള തുക ഉൾപ്പെടെ വാങ്ങുവാൻ ശ്രമിക്കാതെ നഗരസഭയുടെ സാഹചര്യം നോക്കാതെ ഗുണനിലവാരമില്ലാത്ത വാഹനങ്ങൾ വാങ്ങിക്കൂട്ടുന്ന രീതി വീണ്ടും കാണുവാൻ സാധിച്ചു.

പ്രാദേശിക പരിശോധനയിൽ കണ്ട അപാകതകൾ

1- 120 ഇലക്ട്രിക്ക് ട്രൈ സൈക്കിളുകൾ വാങ്ങിയതിൽ 18 എണ്ണം ഇപ്പോഴും വിതരണം ചെയ്യാതെ

മട്ടാഞ്ചേരി ടൗൺഹാളിൽ നിരത്തിയിട്ടുണ്ട്. ഇതിൽ 6 എണ്ണം കേടായ നിലയിലാണ്. അതോടൊപ്പം വിതരണം ചെയ്ത 102 വാഹനങ്ങളിൽ 18 വാഹനങ്ങൾ കേടായ നിലയിലും ഓടിക്കുവാൻ സാധിക്കാതെ നഗരസഭയുടെ പല ഭാഗങ്ങളിലായും വാഹനം ഓടിക്കുന്ന ഡ്രൈവർമാരുടെ വീടുകളിലും ഉപേക്ഷിക്കപ്പെട്ട നിലയിലും കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വിതരണം ചെയ്യാതെ അവശേഷിക്കുന്ന വാഹനങ്ങളിൽ കേടായ വാഹനങ്ങളുടെ വിവരം

| ക്രമ നമ്പർ | ചെയ്സ് നമ്പർ |
|---|---|
| 1 | 5315 |
| 2 | 0062 |
| 3 | 0125 |
| 4 | 5399 |
| 5 | 0346 |
| 6 | 5407 |

2- വിവിധ സർക്കിളുകളിൽ വിതരണം ചെയ്ത ഇലക്ട്രിക്ക് ട്രൈ സൈക്കിളുകളിൽ കേടായതും നിലവിൽ മാലിന്യ നീക്കത്തിന് ഉപയോഗിക്കാത്തതുമായ വാഹനങ്ങളുടെ വിവരം

| ക്രമ നമ്പർ | സർക്കിൾ | കേടായ വാഹനത്തിന്റെ ചേസ് നമ്പർ |
|---|---|---|
| 1 | 3 | 0108 |
| 2 | 2 | 5333 |
| 3 | 8 | 5411 |
| 4 | 10 | 0067,0093, 5393 |
| 5 | 4 | 0113 |
| 6 | 19 | 0089 |
| 7 | 13 | 0100, 0392, 0025, 0126, 0117, 5346 |

| | | |
|---|---|---|
| 8 | 20 | 0368 |
| 9 | 15 | 0114, 5342 |
| 10 | 5 | 5292 |

3- ഗുണ നിലവാരമില്ലാത്തതും, 3/4 ഇഞ്ച് കനത്തിലുള്ള ചതുര പൈപ്പിൽ നിർമ്മിച്ചിട്ടുള്ള ഫ്രെയിമിൽ 3 M.m കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ച് മറച്ചിരിക്കുന്നതുമായ വാഹനമാണ് മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്നത്. അതിൽ പലതും ബാറ്ററി ചാർജ്ജ് നിൽക്കാത്തതുമാണ്. ഫ്രെയിം തുരുമ്പ് എടുത്തിട്ടുണ്ട്. ഹോൺ, ആക്സിലേറ്റർ കേബിളുകൾ, ലൈറ്റ്സംവിധാനം, വയറിംഗ് സംവിധാനം എന്നിവയെല്ലാം തകരാറിലാണ്.

4- തകരാറിലായ വാഹനങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് വാഹനങ്ങൾ നൽകിയ പ്രിയംഇൻഡസ്ട്രീസ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും യാതൊരു നടപടികളും സ്വീകരിക്കുന്നില്ലായെന്ന് വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ ശ്രദ്ധയിൽപ്പെടുത്തി.

മാലിന്യനീക്കത്തിനായി നഗരസഭ വൻ തുകകൾ മുടക്കുമ്പോഴും പ്രവർത്തി നടത്തിപ്പിലെ ആസൂത്രണമില്ലായ്മയും കെടുകാര്യസ്ഥതയും പദ്ധതികൾ താളം തെറ്റിപ്പിക്കും. ഇപ്രകാരം നിലവാരമില്ലാത്ത വാഹനങ്ങൾ വാങ്ങി, അവ കൃത്യമായി പരിപാലിക്കുവാൻ സാധിക്കാതെ വരുന്നത് നഗരസഭക്ക് സാമ്പത്തിക ബാദ്ധ്യത വരുത്തുന്നു. വാഹനങ്ങൾ വാങ്ങുമ്പോൾ അവയ്ക്ക് വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള തുക കൂടി ഉൾപ്പെടുത്തി നിലവാരമുള്ള വാഹനങ്ങൾ വാങ്ങുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-97 ബ്രഹ്മപുരം ഖരമാലിന്യ പദ്ധതി ലോൺ - വിശദ വിവരം ലഭ്യമല്ല

കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്ന പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 158.4232 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക 10 വർഷം കൊണ്ട് 28 തവണകളായി തിരിച്ച് പിടിക്കുവാനാണ് സർക്കാർ തീരുമാനം. ഒന്നാം ഗഡു 2020-21 വർഷത്തെ വികസന ഫണ്ടിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ 2020-21 റിപ്പോർട്ടിലെ ഖണ്ഡിക 1.77 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

തൻവർഷത്തെ അടവിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതി നം. | തുക | തവണ |
|---|---|---|---|
| 1 | സ.ഉ.(സാധാ) 2839/2022/ധന തീയതി. 8.4.22 | 56580000 | 5 |

| | | | |
|---|---|---|---|
| 2 | സ.ഉ.(സാധാ) 6872/2022/ധന തീയതി. 12/10/22 | 56580000 | 6 |
| 3 | സ.ഉ.(സാധാ) 1049/2022/ധന തീ.13/02/23 | 56580000 | 7 |

വായ്പ തുകയുടെ സംക്ഷിപ്തം

| | |
|---|---|
| ലോൺ തുക | 1584232000 |
| മുൻവർഷാവസാനം വരെ അടവാക്കിയ തുക | 226312000 |
| തൻവർഷം അടവാക്കിയ തുക | 169740000 |
| ആകെ അടവാക്കിയ തുക | 396052000 |
| വർഷവസാനം തിരിച്ചടയ്ക്കുവാൻ ബാക്കി തുക | 1188180000 |
| ലോൺ തുക അടവാക്കേണ്ട ആകെ തവണകൾ | 28 |
| (2022-23) ഇതുവരെ അടവാക്കിയ തവണകൾ | 7 |
| ഇനിയും അടവാക്കാനുള്ള തവണകൾ | 21 |

ലോൺ തുക വിശദാംശങ്ങൾ ലഭ്യമല്ല

ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്ന പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ലോൺ സംബന്ധിച്ച് വിശദാംശങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

ലോൺ ബാദ്ധ്യത നഗരസഭയുടെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല .

നഗരസഭ ബ്രഹ്മപുരം പദ്ധതിക്കു വേണ്ടി എടുത്ത ലോൺ തുകയിൽ വർഷാവസാനം ബാക്കി നിൽക്കുന്നത് 1188180000/- രൂപയാണ്. ടി തുക തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപ്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.39/2022-23 തീയതി. 28.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ വിവരങ്ങളെല്ലാം ചേർത്ത് സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-98 അമൃത് ലോൺ - വിശദ വിവരം ലഭ്യമല്ല

അമൃത് പദ്ധതിക്കായി സർക്കാർ നൽകിയ തുക മുതലും 7.5% കൂട്ടു പലിശയും ചേർത്ത് തുല്യ ഗഡുക്കളായി ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം 30 തുല്യ ഗഡുക്കളായി 10 വർഷക്കാലയളവിൽ തിരിച്ചു പിടിക്കണം. ഈ തുക നഗരസഭ സെക്രട്ടറിമാർ വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം നഗരസഭ ടി പദ്ധതിയിൽപ്പെടുത്തി എടുത്തിട്ടുള്ള ലോൺ തുക സംബന്ധിച്ചും, ആയതിന്റെ തിരിച്ചടവ് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (എൻക്വയറി നം. 38/2022-23 തീയതി. 28.10.23) നാളിതുവരെ മറുപടി നൽകിയില്ല.

വികസന ഫണ്ടിൽ നിന്നും തിരിച്ചടവിനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതി നം. | തുക |
|---|---|---|
| 1 | സ.ഉ.(സാധാ) 2839/2022/ധന | 16225287 |
| 2 | സ.ഉ.(സാധാ) 6872/2022/ധന | 16225287 |
| 3 | സ.ഉ.(സാധാ) 1049/2022/ധന | 16225287 |
| | ആകെ | 48675861 |

വായ്പ തുകയുടെ സംക്ഷിപ്തം

| | |
|---|---|
| ലോൺ തുക | 1584232000 |
| മുൻവർഷാവസാനം വരെ അടവാക്കിയ തുക | 226312000 |
| തൻവർഷം അടവാക്കിയ തുക | 169740000 |
| ആകെ അടവാക്കിയ തുക | 396052000 |
| വർഷവസാനം തിരിച്ചടയ്ക്കുവാൻ ബാക്കി തുക | 1188180000 |
| ലോൺ തുക അടവാക്കേണ്ട ആകെ തവണകൾ | 28 |
| (2022-23) ഇതുവരെ അടവാക്കിയ തവണകൾ | 7 |
| ഇനിയും അടവാക്കാനുള്ള തവണകൾ | 21 |

ലോൺ ബാദ്ധ്യത നഗരസഭയുടെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭ 2022-23 വർഷത്തിൽ അമൃത് ലോൺ ഇനത്തിൽ ഉള്ള ബാദ്ധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വാർഷിക കണക്കിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-99 ലൈബ്രറി സെസ്സ് അടവാക്കിയില്ല

കേരള ലൈബ്രറീസ് ആക്ട് 1989 വകുപ്പ് 48(1) പ്രകാരം വസ്തുനികുതി ഈടാക്കുമ്പോൾ നിശ്ചിത ശതമാനം (5%) ലൈബ്രറി സെസ്സ് കൂടി ഈടാക്കണമെന്നും നിശ്ചിത കാലയളവിനുള്ളിൽ ഈയിനത്തിൽ ലഭിച്ച തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ ലഭിച്ച തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കണമെന്നും കാലതാമസത്തിന് സെക്രട്ടറിയും ചെയർ പേഴ്സണും ഉത്തരവാദിയായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ നം.17263/L3/തസ്വഭവ തീയതി.29.12.2000 പ്രകാരം ഓരോ അർദ്ധ വർഷവും പൂർത്തിയായ ശേഷം 30 ദിവസത്തിനകം ലഭിച്ച ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കോർപ്പറേഷനിൽ ഈ ഉത്തരവുകളൊന്നും പാലിക്കപ്പെടുന്നില്ല. വർഷങ്ങളായി വസ്തു നികുതിയോടൊപ്പം ലൈബ്രറി സെസ്സിനത്തിൽ ലഭിച്ച തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല. 2021-22 ലെ വാർഷിക കണക്ക് B9 പ്രകാരം ₹9,63,24,950.98/-രൂപ ലൈബ്രറിയിനത്തിൽ അടവാക്കാൻ അവശേഷിച്ചിരുന്നു. 2022-23 ലെ വാർഷിക കണക്ക് Rp29 പ്രകാരം ₹5,76,24,732 രൂപ വരവും ചേർത്ത് ഈയിനത്തിലെ ബാദ്ധ്യത ₹15,39,49,682.98/-(B9) രൂപയായി ഉയർന്നിട്ടുണ്ട്. 2022-23 വർഷം ടി ഇനത്തിൽ യാതൊരു തുകയും ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ലൈബ്രറി സെസ്സിനത്തിൽ ലഭിച്ച തുക യഥാസമയം അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.75/28.11.23) മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കാനുള്ള തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-100 ലൈഫ് ഭവന പദ്ധതി - വിശദ വിവരം ലഭ്യമല്ല

ലൈഫ് മിഷൻ ഭവന പദ്ധതിക്കായി KURDFC മുഖേന HUDCOയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തുക 2019-20 വർഷം മുതൽ 15 വർഷ കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും കുറവു ചെയ്ത് വരുന്നു. എന്നാൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 37/2022-23 തീയതി. 28.10.23) നാളിതുവരെ നഗരസഭ മറുപടി നൽകിയില്ല.

HUDCOവായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് വികസന ഫണ്ടിൽ നിന്നും ഉത്ഭവത്തിൽ കുറവു ചെയ്തതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതി നം. | തുക |
|---|---|---|
| 1 | സ.ഉ.(സാധാ) 6872/2022/ധന തീ.12/10/22 | 266933334 |
| 2 | സ.ഉ.(സാധാ) 1049/2022/ധന തീ.13/02/23 | 266933334 |
| | ആകെ | 53386668 |

1-101 ഇ-ടെന്റർ ഫീസ്

2022-2023 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ കൊച്ചി കോർപ്പറേഷന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുകയുടെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (82/29.11.2023) ടി തുക സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ എസ്.ബി.ഐ.അക്കൗണ്ടിലേക്ക് (67278951452) ഓൺലൈനായി ക്രെഡിറ്റ് വന്ന 11,11,030/-രൂപ നഗരസഭാ സെക്രട്ടറിയുടെ തനതുഫണ്ടിലേക്ക് പിന്നീട് മാറ്റി ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിനു ഉപയോഗിക്കുന്നു എന്നാണ് മറുപടി ലഭിച്ചത്. ഇ-ടെണ്ടർ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക തനതു ഫണ്ടിൽ ഒടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-102 ആദായനികുതി ഈടാക്കിയില്ല

കുന്നത്തുനാട് സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് രജിസ്റ്ററുകളും ഫോറങ്ങളും പ്രിന്റ് ചെയ്തതിന് വൗച്ചർ നം: 22106148, ചെക്ക് നം: 817631 തീയതി. 07.03.2022 പ്രകാരം 115110/-രൂപ നൽകിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമം, വകുപ്പ് 194C പ്രകാരം ആദായനികുതിയിനത്തിൽ സ്ഥാപനത്തിൽ നിന്നും 2% തുക ടി.ഡി.എസ്. ഈടാക്കണം. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും 2% തുക ഈടാക്കിയില്ല.

ഈടാക്കേണ്ട ആദായ നികുതി – 115110*2%= 2303/- രൂപ

ഇത് സംബന്ധിച്ച് 07.11.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 52/2022-23 ന് ലഭ്യമാക്കിയ മറുപടി അപൂർണ്ണമാണ്.

അധികം നൽകിയ 2303/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

1-103 ഓഡിറ്റ് ഇംപാക്ട്

എ) 64,65,66 ഡിവിഷനുകളിൽ വെള്ളക്കെട്ട് നിവാരണം - ജി.എസ്.റ്റി വിഹിതവും ക്ഷേമനിധി വിഹിതവും ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് കരാറുകാരനിൽ നിന്നും ഈടാക്കി .

64,65,66 ഡിവിഷനുകളിലെ വെള്ളക്കെട്ട് നിവാരണത്തിന് വേണ്ടി 20 എച്ച്പിയുടെ 3 മോട്ടോറുകൾ ഉപയോഗിച്ച് 30 ദിവസത്തേയ്ക്ക് പ്രവൃത്തി നടത്തുന്നതിനാണ് നഗരസഭ 2,70,000/- രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ഇത് പ്രകാരം ശ്രീ. K I മൂസ എന്ന കരാറുകാരനാണ് 2,69,000/- രൂപയുടെ ക്വട്ടേഷൻ എടുത്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് കരാറുകാരന് 2 പാർട്ട്ബില്ലുകളിലായി ആകെ 2,62,629/- രൂപ നൽകിയിട്ടുണ്ട്. ആകെ തുകയുടെ 2% GST യും 1% KCWWF ഉം ഈടാക്കേണ്ടതിനു പകരം ഫൈനൽ ബിൽ തുകയ്ക്ക് മാത്രമാണ് ആയത് ഈടാക്കിയത്. ഹാജരാക്കിയ ഫയൽ പ്രകാരം ബിൽ കണക്കാക്കിയ രീതി താഴെ കൊടുക്കുന്നു.

<u>ഒന്നാം പാർട്ട് ബിൽ - കാലാവധി 20.12.2021 മുതൽ 11.04.2021 വരെ</u>

322 Hrs @ Rs.537.19/Hr = 172975.18

(Add) GST 5% = 8648.75

ആകെ = 181624.00

<u>റിക്കവറികൾ</u>

IT @1% = 1730/-

Retention@2.5% = 4324/-

ആകെ = 6054

ബിൽ തുക = 181624 – 6054 = 1,75,570/- (ചെക്ക് നം. 233406 തീയതി 25.4.2022 )

<u>രണ്ടാം പാർട്ട് ബിൽ കാലാവധി 21.04.2022 മുതൽ 13.05.2022 വരെ</u>

151 Hrs @ Rs.537.19/Hr = 81,115.69

(Add) GST 5% = 4,055.78

Retension @ 2.5% തിരികെ = <u>4,324.00</u>

ആകെ = 89,495.47(89495)

<u>റിക്കവറികൾ</u>

IT @1% = 812.00

SGST @1% = 812.00

CGST @ 1% = 812.00

ആകെ = 2,436.00

89495 – 2436 = 87059 ആണ് രണ്ടാം പാർട്ട് ബിൽ തുക. (ചെക്ക് നം. 472540 തീയതി 3.6.2022 )

രണ്ടു പാർട്ട് ബില്ലുകളിലായി നൽകിയ തുകയിൽ, രണ്ടാം പാർട്ട്ബിൽ തുകയായ 81,115.69/- രൂപയ്ക്ക് മാത്രമാണ് 2% GST ഈടാക്കിയിട്ടുള്ളത്. ആകെ തുക (172975.18+81115.69) 2,54090.18 വരുന്നുണ്ട്. ആയതിന്റെ 1% KCWWF ഈടാക്കേണ്ടതായിരുന്നു.

ജി.എസ്.റ്റി 2% Of 172975.18 = 3460

KCWWF 1% Of 254091 = 2541

ആകെ ഈടാക്കേണ്ട തുക = 6001/-

കുറവായി ഈടാക്കിയ 6001/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് വരവു വയ്ക്കേണ്ടതാണ് എന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി നം.28/2022-23തീയതി 25.09.2023 നൽകിയതു പ്രകാരം ടി തുക രസീത് നം.123020112279 തീയതി 6.12.2023 പ്രകാരം നഗരസഭാ അക്കൗണ്ടിൽ കരാറുകാരൻ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 3460/- രൂപ ജി.എസ്.റ്റി അക്കൗണ്ടിലേയ്ക്കും 2541/- രൂപ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കും അടവാക്കുന്നതാണെന്ന് സൂപ്രണ്ടിംഗ് എൻജിനീയറുടെ ISO/MOE4/33487/2023 തീയതി 6.12.2023 നമ്പർ മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്.

ബി) വസ്തു നികുതി

17.02.2023 ഇൽ 67/1152നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിച്ചീടാക്കിയതിൽ കുറവ് വന്ന തുകയായ 3109/- രൂപയും ആയതിന് 18% പലിശ സഹിതം 3304/- രൂപ 12.05.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2022-23ന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 123020101356 തീയതി 15.05.2023 പ്രകാരം നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

സി) രജിസ്റ്ററുകളും, കേസ് ഷീറ്റുകളും പ്രിന്റ് ചെയ്യുന്നതിന് അധികം തുക നൽകി

വൗച്ചർ നം: 22201070

ചെക്ക് നം: 415736 തീയതി. 20.05.2022

തുക: 332080/-

ഫയൽ നം. PD 10/ 026691/2020

"അരികെ" പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കാവശ്യമായ രജിസ്റ്ററുകളും, കേസ് ഷീറ്റുകളും പ്രിന്റ് ചെയ്യുന്നതിന് 20.01.2021 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് (332080/-) ക്വാട്ട് ചെയ്ത രാജാ പ്രസ്സ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയും സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തതിൻ പ്രകാരം 1 % കുറവ് തുകയ്ക്ക് സപ്ളൈ ചെയ്യാൻ തയ്യാറാണെന്ന് 25.06.2021 ന് അവർ കത്ത് നൽകുകയും, തുടർന്ന് 27.8.2021 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ 20.05.2022 ന് തുക നൽകിയപ്പോൾ 1% കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകി.

1% കുറവ് ചെയ്താൽ നൽകാവുന്ന തുക 332080-3321=328759

2% ഇൻകം ടാക്സ് = 6575

നൽകേണ്ട തുക =322184

നൽകിയ തുക (2% ഇൻകം ടാക്സ് കുറച്ച്) (332080-6642) =325438

അധികം നൽകിയ തുക = 3254/-

07.11.2023 ന് ഓഡിറ്റ് എൻക്വയറി നം.51 നൽകിയതിനെ തുടർന്ന് 21.11.2023 ന് 01/ 123020111904 നമ്പർ രസീത് പ്രകാരം 3254/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി)പ്രതിവർഷം 5% വാടക വർദ്ധന ഈടാക്കിയില്ല

പള്ളുരുത്തി മേഖലാ കാര്യാലയത്തിലെ വാടക ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ വാടക യഥാമസമയം ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. പള്ളുരുത്തി ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ കടമുറി ലൈസൻസിയായ ശ്രീ. മിൽട്ടൺ ഡിക്കോത്ത 2022-23 വർഷാരംഭം മുതൽ നൽകേണ്ട വാടക 7251/- രൂപയായിരുന്നു. എന്നാൽ 2022 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ 6905/- രൂപ മാത്രമാണ് ടിയാളിൽ നിന്നും ഈടാക്കിയത്. പ്രസ്തുത 5 മാസങ്ങളിൽ 6905 രൂപയിൽ നിന്നും 5% വാർഷിക വർദ്ധനവ് വരുത്തിയിട്ടുള്ള തുകയായ 7251/- രൂപ വച്ച് ഈടാക്കിയിട്ടില്ല. ടി തുക ഈടാക്കാനായി നോട്ടീസ് നൽകിയതായും കാണുന്നില്ല. ഈടാക്കേണ്ട

തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

345 X 5 മാസം = Rs. 1725 + Rs. 310 (18% GST) + 259 (P I 15%)

1725 + 310 + 259 = 2,294 രൂപ

ടി തുക അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.5/2022-23 തീയതി 16.08.2023 നൽകിയതിനെത്തുടർന്ന് ടിയാൾക്ക് അന്ന് തന്നെ നഗരസഭ നോട്ടീസ് നൽകുകയും 12301109107 തീയതി 16.08.2023 പ്രകാരം 2294/- രൂപ ടിയാളിൽ നിന്നും ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്.

ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് - നഷ്ടം 4,47,260/- രൂപ

1). വൈറ്റില സോണൽ ഓഫീസ് പരിധിയിൽപ്പെട്ട ഡിവിഷൻ 53 ലെ എ.സി.സമൃദ്ധി റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് (ഫയൽ നമ്പർ -KRE1/4683/22) വേണ്ടി 210 ച.മീറ്റർ അളവിന് 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് ( ക്ലോസ് ഗ്രേഡ് ) കട്ട് ചെയ്യുന്നതിന് 210 ച.മീറ്ററിന് ഒരു ച.മീറ്ററിന് @ 2759.44 രൂപ പ്രകാരം 579482.40 രൂപയും. അതോടൊപ്പം തന്നെ 15ച.മീറ്റർ BM&BC റോഡിന് ഒരു ച.മീറ്ററിന് @ 3633.49 രൂപ പ്രകാരം 54502.35 രൂപയും ഉൾപ്പെടെ 633990 രൂപ 19.12.2022 തീയതിയിൽ 03/12202125524 നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ(എം.എസ് ) 59/2020/പി.ഡബ്ല്യു.ഡി/ തീയതി 30.07.2020 ലെ ഉത്തരവ് പ്രകാരമുള്ള ചാർജ്ജ് ഈടാക്കിയിട്ടില്ല. ആയത് പ്രകാരം 84173 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റോഡ് തരം | ച.മീറ്റർ | ഈടാക്കിയ ചാർജ്ജ് @ 2759.44 | ഈടാക്കേണ്ട ചാർജ്ജ് @ 3129.12 | വ്യത്യാസം |
|---|---|---|---|---|
| 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് | 210 | 579482.40 | 657115.20 | 77633 |
| ആകെ | | | | 77633 |

| റോഡ് തരം | ച.മീറ്റർ | ഈടാക്കിയ ചാർജ്ജ് @ 3633.49 | ഈടാക്കേണ്ട ചാർജ്ജ് @ 4069.51 | വ്യത്യാസം |
|---|---|---|---|---|
| BM&BC | 15 | 54502.35 | 61042.65 | 6540.30 |

| | | | | |
|---|---|---|---|---|
| റോഡ് | | | | |
| ആകെ | | | | 6540.30 |

ആകെ നഷ്ടതുകയായ 77633 + 6540 =84173/- രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2) വൈറ്റില സോണൽ ഓഫീസ് പരിധിയിൽപ്പെട്ട ഡിവിഷൻ 53 ലെ സ്കൈലൈൻ ബിൽഡേഴ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് (ഫയൽ നമ്പർ -KRE2/4947/22) വേണ്ടി 12,417രൂപ 10.01.2023ൽ രസീത് നമ്പർ 03/12202126865 പ്രകാരം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകത താഴെ കൊടുക്കുന്നു.

(I) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സുഗമ എന്ന സോഫ്റ്റ് വെയർ മുഖാന്തിരമാണ് റോഡ് കട്ടിംഗിന് അപേക്ഷ നൽകേണ്ടതും ഫീസ് അടക്കേണ്ടതുമെന്നിരിക്കേ കൊച്ചി നഗരസഭയിൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

(Ii) 4.5 ച.മീറ്റർ അളവിന് 20mm ചിപ്പിംഗ് കാർപ്പറ്റ് റോഡ് (ക്ലോസ് ഗ്രേഡഡ് ) കട്ട് ചെയ്യുന്നതിന് റിസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഒരു ച.മീറ്ററിന് @ 2759.44 പ്രകാരം 12,417/- രൂപ അടച്ചതിനാൽ വൈറ്റില മേഖല ഓഫീസ് അസി.എഞ്ചിനീയറുടെ 10.01.23 ലെ KRE2/4947/22 നമ്പർ കത്ത് പ്രകാരം 25.01.23 നകം പണി പൂർത്തീകരിക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. 120 ച.മീറ്റർ കണക്കാക്കേണ്ടതിന് പകരമാണ് 4.5 ച.മീറ്റർ കണക്കാക്കി പണി പൂർത്തീകരിക്കണമെന്ന് ഉത്തരവായിട്ടുള്ളത്.

(Iii) വാട്ടർ അതോറിറ്റി വൈറ്റില അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നുള്ള 8.11.2022 ലെ കത്തിനൊപ്പം ഹാജരാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രൂപരേഖയിൽ സ്കൈലൈൻ ബിൽഡേഴ്സിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വേണ്ടി ഏകദേശം 80 മീറ്റർ ദൂരത്തിൽ റോഡ് കുഴിക്കണമെന്ന് രേഖപ്പെടുത്തിയത് പരിഗണിക്കാതെയാണ് ഈ തുക അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(Iv) സ്ഥല പരിശോധന റിപ്പോർട്ടിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ കൃത്യമായ ദൂരം രേഖപ്പെടുത്തിയിട്ടില്ല.

(V) റോഡ് കുഴിക്കേണ്ട ദൂരം തെറ്റായി രേഖപ്പടുത്തിയതനുസരിച്ച് 80x1x1.5 = 120 ച.മീറ്റർ ദൂരം റോഡ് കുഴിക്കേണ്ടതിന് റിസ്റ്ററോഷൻ ചാർജ്ജിനത്തിൽ ഒരു ച.മീറ്ററിന് @ 3129.12പ്രകാരം 120

ച.മീറ്ററിന് 375504 രൂപ ഈടാക്കേണ്ടതിന് പകരമാണ് 12417 രൂപ ഈടാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ 363087രൂപയുടെ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന 363087രൂപ ഈടാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 15/09/23 ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ആകെ നഷ്ടമായ തുക 4,47,260/-(3,63,087+84,173) ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയറുടെ പക്കൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2-2 ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസ് ഈടാക്കിയില്ല- നഷ്ടം 60,000/-രൂപ

നഗരസഭയുടെ റോഡുകൾ കുഴിച്ച് കേബിളുകൾ ഇടുന്നതിനുള്ള നിരക്കുകൾ അംഗീകരിച്ച 11.722017 ലെയും 11.07.2018 ലെയും 66-ാം നമ്പർ കൗൺസിൽ തീരുമാനത്തിലെ ഇനം 4 പ്രകാരം സ്വകാര്യ വ്യക്തികൾക്ക് കോർപ്പറേഷൻ റോഡിലൂടെ ഭൂഗർഭ വൈദ്യുത കേബിൾ ഇടുന്നതിന് ഒറ്റത്തവണഫീസായി 1000 രൂപ/ മീറ്റർ നിരക്കിൽ തുക ഈടാക്കേണ്ടതാണ്. ഡിവിഷൻ 64 ൽ റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് ഫ്ലാറ്റിലേക്ക് കെ.എസ്.ഇ.ബി. കണക്ഷന് വേണ്ടി ഭൂഗർഭ വൈദ്യുത കേബിൾ സ്ഥാപിക്കുന്നതിനായി (ഫയൽ നം. MOE7/42739/2021) കോർപ്പറേഷൻ റോഡിലൂടെ ( ലിസ്സി-പുല്ലേപ്പടി) 60 മീറ്റർ നീളത്തിൽ ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് കൗൺസിൽ അംഗീകരിച്ച നിരക്കിലുള്ള റിസ്റ്റോറേഷൻ ചാർജ്ജും സെക്യൂരിറ്റി ഡെപ്പോസിറ്റും മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഒറ്റത്തവണഫീസായി 1000 രൂപ/ മീറ്റർ നിരക്കിൽ 60,000/-(60x1000/-) രൂപ ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.94/08.12.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകത - നഷ്ടം 27635/- രൂപ

1) കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം 22093/- രൂപ(വൈറ്റില സോണൽ)

ഒരേ വ്യക്തിയുടെ പേരിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിനെ ചെറിയ മുറികളായി തിരിച്ച് പ്രത്യേക നമ്പർ നൽകി 100$m^2$ താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നൽകേണ്ട നിരക്കിട്ട് (90രൂപ/$m^2$) നികുതി നിർണ്ണയിച്ചതുമൂലം നികുതി നിർണ്ണയത്തിൽ വന്ന കുറവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് ആകെ വിസ്തീർണ്ണം | ബിൽഡിംഗ് നം. | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയ ഏരിയ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഉഷ ജയൻ<br><br>659 $M^2$ | 51/467(D) | $51.6m^2$ | 51.6 X 160<br><br>=8256 | 51.6 X 90<br><br>= 4644 | 3612 |
| നീലകണ്ഠ അയ്യർ<br><br>258 | 51/2704 A1 | $50.12m^2$ | 50.12 X 120<br><br>=6014.4 | 50.12 X 90<br><br>=4510.8 | 1504 |
| ആൻഡ്രൂസ് സി.ജെ.<br><br>211 $M^2$ | 51/548 E1 | $67.91m^2$ | 67.91 X 120<br><br>= 8149.2 | 67.91 X 90<br><br>=6111.9 | 2038 |
| സി.വി. ജേക്കബ് | 50/200A3 | $76.99m^2$ | 76.99 X 120<br><br>= 9238.8 | 76.99 X 90<br><br>=6929.1 | 2310 |
| സി.വി. ജേക്കബ് | 50/200 A2 | $62.72m^2$ | 62.72 X 120<br><br>= 7526.4 | 62.72 X 90<br><br>=5644.8 | 1882 |
| സി.വി. ജേക്കബ് | 50/200 B2 | 62.71 $M^2$ | 62.71 X 120<br><br>= 7525.2 | 62.71 X 90<br><br>=5643.9 | 1881 |
| സി.വി. ജേക്കബ് | 50/200 B3 | $76.99m^2$ | 76.99 X 120<br><br>= 9238.8 | 76.99 X 90<br><br>=6929.1 | 2310 |
| സിജോ ജോസഫ്<br><br>189 $M^2$ | 50/1164 B | $19.50m^2$ | 19.5 X 120<br><br>= 2340 | 19.5x 90<br><br>=1755 | 585 |
| ഹുമയൂൺ കളിയത്ത് | 50/1617 A | $70.49m^2$ | 70.49 X 120<br><br>= 8458.8 | 70.49 X 90<br><br>=6344.1 | 2115 |
| ഹുമയൂൺ കളിയത്ത് | 50/1617 B | $70.49m^2$ | 70.49 X 120<br><br>= 8458.8 | 70.49 X 90<br><br>=6344.1 | 2115 |
| ഹുമയൂൺ കളിയത്ത് | 50/1617 C | $58.02m^2$ | 58.02 X 120<br><br>= 6962.4 | 58.02 X 90<br><br>=5221.8 | 1741 |
| ആകെ | | | | | 22093/- |

നികുതി നിർണ്ണയത്തിൽ വന്ന കുറവുമൂലം ഉണ്ടായ 22093/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ മേൽ കെട്ടിടങ്ങളുടെ

നികുതി പുനർ നിർണ്ണയിച്ച് അസസ്സമെന്റ് രജിസ്റ്ററിൽ വേണ്ട തിരുത്തലുകൾ വരുത്തേണ്ടതാണ്.

2) തറ വിസ്തൃതിയ്ക്കനുസരിച്ചുള്ള വർദ്ധനവ് ഉൾപ്പെടുത്താത്തതിനാൽ വസ്തുനികുതി വരുമാന നഷ്ടം 5542/- (ഫോർട്ട്കൊച്ചി സോണൽ)

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 6 ക്രമനമ്പർ 5 പ്രകാരം 250 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തൃതിയുള്ള വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധന ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടത്. ഫയൽ നം. FCR3/290/23 പരിശോധിച്ചതിൽ 28-ാം ഡിവിഷനിലെ ആരിഫ നൗഫൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2207-ാം നമ്പർ വാണിജ്യ കെട്ടിടത്തിന്റെ തറ വിസ്തൃതി 307.88 ച.മീ ആണ്. കെട്ടിടത്തിന്റെ വിവര ശേഖരണ ഫോറത്തിൽ തറ നിർമ്മിതി വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ തറ നിർമ്മിതിയ്ക്കനുസരിച്ചുള്ള 15% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതി വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2022-2023 സാമ്പത്തിക വർഷം നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി

ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് - 120/- രൂപ

അടിസ്ഥാന വസ്തുനികുതി- 307.88 X 120=36946/- രൂപ

വർദ്ധനവ് (വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ-20%) -7389.2/-

വർദ്ധനവ് (തറ നിർമ്മിതി-15%) -5542/-

ആകെ വസ്തുനികുതി-36946+7389+5542= 49877/- രൂപ44335

നിർണയിക്കേണ്ടിയിരുന്ന ആകെ വസ്തുനികുതി ---- 49877/-രൂപ

2022-2023 സാമ്പത്തിക വർഷം നിർണയിച്ച വസ്തു നികുതി (15% വർദ്ധനവ് ഉൾപ്പെടുത്താതെ) 44335/-

36946+ 7389.2 = 44335/-

2022-2023 സാമ്പത്തിക വർഷം നഷ്ടമായ തുക-----49877-44335 =5542/-

ഇപ്രകാരം വസ്തുനികുതി നിർണയിച്ചതിലും ലൈബ്രറി സെസ്, സർവീസ് ചാർജ് എന്നീ

ഇനങ്ങളിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/8.9.23) സാധാരണ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച തറയാണെന്ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പരാമർശിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഉൾപ്പെടുത്തുകയോ മറുപടിയോടൊപ്പം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. റവന്യൂ ഇൻസ്പെക്ടറുടെ മേൽ പരാമർശിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. നികുതി പുനർ നിർണയിച്ച് നഷ്ടമായ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -രൂ.8000/- നഷ്ടം

പച്ചാളം മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ജീവനക്കാരന്റെ പേര് | വരുമാനം | അടവാക്കേണ്ട തുക | അടച്ച തുക | രസീത് നമ്പർ/ തിയതി | കുറവ് |
|---|---|---|---|---|---|---|
| I | ചിൻമയ വിദ്യാലയം, എറണാകുളം<br>രണ്ടാം അർദ്ധ വർഷം | | | | | |
| 1 | ലനാ രാജു (ആയ) | 1,41,300 | 1250 | 1000 | 0795/10.03.23 | 250 |
| 2 | മഞ്ജൂഷ (ആയ) | 1,41,300 | 1250 | 1000 | 0795/10.03.23 | 250 |
| II | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 3<br>എഫ്പിഎസ് (രണ്ടാം അർദ്ധ വർഷം) | | | | | |
| 3 | മരിയദാസ് സാംദാസ്<br>എഫ്ഡിഎസ് ഓപ്പറേറ്റർ | 165426 | 1250 | 1000 | 0645/10.04.2023 | 250 |
| 4 | അഹമദ് മാനേജർ ഒ&എം | 270042 | 1250 | 1000 | 0645/10.04.2023 | 250 |
| III | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 1<br>ഫയർ ഫൈറ്റിംഗ് (രണ്ടാം അർദ്ധ വർഷം) | | | | | |
| 5 | വിഷ്ണു രാജ്(എഫ്/റ്റി) | 130818 | 1250 | 1000 | 0645/18.04.23 | 250 |
| 6 | സുരേഷ്(എഫ്/റ്റി) | 168918 | 1250 | 1000 | 0645/18.04.23 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ശ്യം(എഫ്/റ്റി) | 136818 | 1250 | 1000 | 0645/18.04.23 | 250 |
| 8 | പ്രവീൺ കുമാർ(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 9 | മുഹമ്മദ് കാസിം | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 10 | ഗോഡ്‌വിൻ, മാനേജർ | 183084 | 1250 | 1000 | 0645/18.04.23 | 250 |
| 11 | എമിൽ(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 12 | ഡെന്നി(എഫ്/റ്റി) | 139818 | 1250 | 1000 | 0645/18.04.23 | 250 |
| 13 | ബിജു(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| 14 | അനീഷ്(എഫ്/റ്റി) | 149418 | 1250 | 1000 | 0645/18.04.23 | 250 |
| IV | ടെക്നോപാർക്ക്, തിരുവനന്തപുരം ഫേസ് 1 HVAC (രണ്ടാം അർദ്ധ വർഷം) | | | | | |
| 15 | സുവർണ്ണകുമാർ സൂപ്പർവൈസർ | 210000 | 1250 | 1000 | 0645/18.4.23 | 250 |
| 16 | മനു കെ. ആനന്ദ് ബിഎംഎസ് ഓപ്പറേറ്റർ | 150000 | 1250 | 1000 | 0645/18.4.23 | 250 |
| 17 | അഭിജിത്ത് കൃഷ്ണൻ എസ്. എഞ്ചിനീയർ | 150000 | 1250 | 1000 | 0645/18.4.23 | 250 |
| V | കൊച്ചി മെട്രോ റയിൽ ലി.മി. (രണ്ടാം അർദ്ധ വർഷം) | | | | | |
| 18 | സാം വി. റോയി, ടെക്നീഷ്യൻ | 125004 | 1250 | 1000 | 0645/18.4.23 | 250 |
| 19 | സജി പോൾ, ടെക്നീഷ്യൻ | 146784 | 1250 | 1000 | 0645/18.4.23 | 250 |
| 20 | രാജേഷ് എ., ടെക്നീഷ്യൻ | 134274 | 1250 | 1000 | 0645/18.4.23 | 250 |
| 21 | രാഹുൽ പി.കെ., ടെക്നീഷ്യൻ | 132000 | 1250 | 1000 | 0645/18.4.23 | 250 |
| 22 | നിതിൻ കെ.വി., ടെക്നീഷ്യൻ | 125961 | 1250 | 1000 | 0645/18.4.23 | 250 |
| 23 | അഭിലാഷ് സി.കെ., ടെക്നീഷ്യൻ | 131004 | 1250 | 1000 | 0645/18.4.23 | 250 |
| VII | ഇൻഫോ പാർക്ക്, കൊച്ചി (രണ്ടാം അർദ്ധ വർഷം) | | | | | |
| 24 | അഖിൽ പി. ബൈജു, ടെക്നീഷ്യൻ | 136740 | 1250 | 1000 | 0645/18.4.23 | 250 |
| 25 | ജിൻസ്, ടെക്നീഷ്യൻ | 128576 | 1250 | 1000 | 0645/18.4.23 | 250 |
| 26 | വിജയൻ, ടെക്നീഷ്യൻ | 267000 | 1250 | 1000 | 0645/18.4.23 | 250 |
| 27 | വിനു എൽദോസ്, ടെക്നീഷ്യൻ | 163184 | 1250 | 1000 | 0645/18.4.23 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 28 | വിഷ്ണു, ടെക്നീഷ്യൻ | 133800 | 1250 | 1000 | 0645/18.4.23 | 250 |
| | ടിസിഎസ്, കൊച്ചി (രണ്ടാം അർദ്ധ വർഷം) | | | | | |
| 29 | ഓമൽ<br>കെ.വി.,സൂപ്പർവൈസർ | 152034 | 1250 | 1000 | 0645/18.4.23 | 250 |
| 30 | മഹേഷ് റ്റി.ആർ, സൂപ്പർവൈസർ | 163086 | 1250 | 1000 | 0645/18.4.23 | 250 |
| 31 | കൃഷ്ണകുമാർ വി.എസ്., സൂപ്പർവൈസർ | 158702 | 1250 | 1000 | 0645/18.4.23 | 250 |
| 32 | അലോഷ്യസ് ആന്റണി,<br>സൂപ്പർവൈസർ | 141240 | 1250 | 1000 | 0645/18.4.23 | 250 |
| | ആകെ തുക | | | | | 8000 |

മേൽ സൂചന കത്തിൽ ചിന്മയ വിദ്യാലയമൊഴികെയുള്ള സ്ഥാപനങ്ങളുടെ നികുതി തുകയ്ക്ക് തൊട്ടടുത്ത സാമ്പത്തിക വർഷത്തിലാണ് രസീത് നൽകിയിട്ടുള്ളതെന്ന് കാണുന്നു. 2022-23 വർഷം ലഭിക്കേണ്ട നികുതിത്തുക അതേ വർഷത്തെ കണക്കിൽ വരവുവെയ്ക്കപ്പെട്ടിട്ടുണ്ടോ എന്ന് നിർണ്ണയിക്കാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 01/05.09.2023ന് നൽകിയ മറുപടിയിൽ, തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൊതുക് നിവാരണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിലും, ഉപകരണങ്ങൾ വാങ്ങിയതിലും അധികച്ചെലവ്

കൊച്ചി നഗരസഭയിൽ കൊതുക് നശീകരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിനും, കോർപ്പറേഷനിലെ 74 ഡിവിഷനുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിന് രൂപം നൽകുന്നതിനും 29-12-2021 ലെ കൗൺസിൽ യോഗത്തിൽ 1 (D) പ്രകാരം തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 05-01-2022 ൽ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്റെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ, മുൻകാലങ്ങളിൽ നടന്നത് പോലെ പവ്വർ സ്പ്രേയിംഗ് നടക്കുന്നില്ലായെന്നും, അതുകൊണ്ട് 8 വാഹനങ്ങളിലായി പവ്വർ സ്പ്രേയിംഗും,

ഫോഗിങ്ങും ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിൽ 5 വാഹനങ്ങൾ കിഴക്കൻ മേഖലയിലും, 3 വാഹനങ്ങൾ പടിഞ്ഞാറൻ മേഖലയിലുമായി ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കോർപ്പറേഷന്റെ കൈവശം ആകെ 5 വാഹനങ്ങൾ മാത്രമാണ് ഉള്ളതെന്നും അതുകൊണ്ട് 3 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുവാനും തീരുമാനിച്ചു.

അതുപോലെ 8 പവ്വർ സ്പ്രേയറാണ് ആവശ്യമുള്ളത് എന്നാൽ നിലവിൽ പ്രവർത്തന ക്ഷമമായത് 3 പവ്വർ സ്പ്രേയർ മാത്രം. 5 എണ്ണം പുതിയത് വാങ്ങുവാൻ തീരുമാനിച്ചു. ഫോഗിംഗ് മെഷീൻ 8 എണ്ണം ആവശ്യമുള്ളിടത്ത് 4 എണ്ണം മാത്രമാണ് പ്രവർത്തന ക്ഷമമായത്. അതുകൊണ്ട് 4 ഫോഗിംഗ് മെഷീനും പുതുതായി വാങ്ങുവാൻ തീരുമാനിച്ചു. ഇവയൊക്കെയാണ് കമ്മറ്റി തീരുമാനങ്ങൾ എന്നിരിക്കെ വാടകയ്ക്ക് എടുക്കുവാൻ തീരുമാനിച്ച 3 വാഹനങ്ങൾക്ക് പകരം 4 വാഹനങ്ങളും, 5 പവ്വർ സ്പ്രേയറുകൾക്ക് പകരം 7 എണ്ണവും, 4 ഫോഗിംഗ് മെഷീനുകൾക്ക് പകരം 7 എണ്ണവും വാങ്ങിയതായി കാണുന്നു. കമ്മറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള പർച്ചേസുകൾക്കും, വാടകയ്ക്ക് വണ്ടി ഒരെണ്ണം അധികമായി എടുത്തതിന്മേലും നഗരസഭയ്ക്ക് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. അതുപോലെ, വാടകയ്ക്ക് എടുത്ത വണ്ടികളുടെ ആർ സി ബുക്കുകളുടെ ശരിപ്പകർപ്പും, അത് ഓടിക്കുവാൻ നിയോഗിക്കപ്പെട്ട ആൾക്കാരുടെ ഡ്രൈവിംഗ് ലൈസൻസിന്റെ ശരിപ്പകർപ്പും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. സ്പ്രേയറും, ഫോഗിംഗ് മെഷീനും, സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

ആവശ്യമുള്ള സാധനങ്ങളുടെയും, നിലവിലുള്ളവയുടെയും അധികമായി നടത്തിയ വാങ്ങലുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | ആവശ്യമുള്ളത് | നിലവിലുള്ളത് | കുറവ് (വാങ്ങാൻ തീരുമാനിച്ചത്) | വാങ്ങിയത് | അധികം |
|---|---|---|---|---|---|---|
| 1. | പിക് അപ്പ് വാൻ | 08 | 05 | 03 (വാടകയ്ക്ക് എടുക്കാൻ തീരുമാനിച്ചത്) | 04 (വാടകയ്ക്ക് എടുത്തത്) | 01 |
| 2. | പവ്വർ സ്പ്രേയർ | 08 | 03 | 05 | 07 | 02 |
| 3. | ഫോഗിംഗ് മെഷീൻ | 04 | 04 | 04 | 07 | 03 |

തീരുമാനിച്ചതിലും അധികമായി പവ്വർ സ്പ്രേയർ, ഫോഗിംഗ് മെഷീൻ വാങ്ങിയതു മൂലവും, ഒരു പിക് അപ്പ് വാൻ അധികമായി വാടകയ്ക്ക് എടുത്തതിനാലും നഗരസഭയ്ക്ക് സംഭവിച്ച അധികച്ചെലവ് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇന വിവരം | വാങ്ങാൻ തീരുമാനിച്ചത് | വാങ്ങിയത് | അധികം വാങ്ങിയത് | അധികം വാങ്ങിയത് കൊണ്ട് സംഭവിച്ച അധികച്ചെലവ് |
|---|---|---|---|---|---|
| 1. | പിക് അപ്പ് വാൻ (Cheque No.048331/21-06-22, Rs. 88744/- Vr. No. 22201580 | 03 | 04 | 01 (വാടകയ്ക്ക് എടുത്തത്) | @ Rs. 1660 X 27days = 44,820/- (1660/-രൂ. പ്രതിദിനം) |
| 2. | പവ്വർ സ്പ്രേയർ (കെയ്റ്റോ) Cheque No.048328/ 21-06-22 Rs. 7,44,310/- Vr. No.22201578 | 05 | 07 | 02 | 28390+2555(9%SGST) +2555(9%CGST) =33500/- 33500x2 = 67,000/- |
| 3. | ഫോഗിംഗ് മെഷീൻ (കെയ്റ്റോ) Cheque No.048328/ 21-06-22 Rs. 7,44,310/- Vr. No.22201578 | 04 | 07 | 03 | 63559.33+5720.34 (9%SGST)=5720.34 (9%CGST)=75000/- 75000x3 = 2,25,000/- |
| | | | | ആകെ | 3,36,820/- രൂപ. |

മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 20/03-08-2023 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന്മേൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം

സർക്കിളുകളിൽ നിന്നുള്ള ആവശ്യം മുൻനിർത്തി 06-01-2022 ലെ കൗൺസിൽ തീരുമാനപ്രകാരമാണ് പർച്ചേസ് നടത്താനും, വാഹനം വാടകയ്ക്ക് എടുക്കുവാനും തീരുമാനിച്ചത്. എന്നാൽ 22-03-2022 ൽ കൂടിയ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ടി വാങ്ങൽ തീരുമാനം പുനക്രമീകരിച്ച് അധികമായി 3 ഫോഗിംഗ് മെഷീനും, 2 പവ്വർ സ്പ്രേയർ വാങ്ങുന്നതിനും, ഒരു പിക് അപ്പ് വാൻ അധികമായി വാടകയ്ക്ക് എടുക്കുന്നതിനും തീരുമാനിച്ചു. കൗൺസിൽ ആയതിന് അംഗീകാരവും നല്കി. എന്നാൽ അധികമായി ടി സാധനങ്ങൾ വാങ്ങുന്നതിന്റേയും, വാഹനം അധികമായി വാടകയ്ക്ക് എടുക്കുന്നതിന്റേയും ആവശ്യകത എന്തെന്ന് കമ്മറ്റി തീരുമാനങ്ങളിൽ വ്യക്തമാക്കിയിട്ടില്ല. ഇതൊക്കെ വേണമെന്ന് സർക്കിളുകളിൽ ആരും ആവശ്യപ്പെട്ടിട്ടുമില്ല. ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടുമില്ല.

മാത്രമല്ല, ഇങ്ങനെ അധികം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതും, ആയത് അംഗീകരിക്കുന്നതും 22-03-2022 ൽ എന്നാൽ അതിനും മാസങ്ങൾക്ക് മുൻപ് തന്നെ അതായത് 29-01-2022 ൽ തന്നെ കെയ്ക്കോയ്ക്ക് അധിക ഉപകരണങ്ങൾ അടക്കം വാങ്ങുന്നതിന് എംഓഎച്ച്6/1238/22 തീ. 29-01-2022 നമ്പരായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. കോയ്ക്കോയുടെ ഇതേ തീയതിയുള്ള ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 30-01-2022 ൽ തന്നെ ഉപകരണങ്ങൾ ഹെൽത്ത് സർക്കിൾ 22 ൽ എത്തിയതായും, ജൂനി. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കെ വിനോദ് ഉപകരണങ്ങൾ കൈപ്പറ്റിയതായും ഫയലിൽ രേഖയുണ്ട്. ടി കൈപ്പറ്റിൽ ഹെൽത്ത് ഓഫീസർ മേലൊപ്പ് വെച്ചിട്ടുമുണ്ട്. 30-01-2022 ൽ ലഭ്യമായ ഉപകരണങ്ങൾ ഉദ്യോഗസ്ഥൻ കൈപ്പറ്റിയിരിക്കുന്നത് 07-06-2022 ൽ. ടിയാളുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

അതായത് ആവശ്യങ്ങൾ കണക്കിലെടുക്കാതെ, അധികമായി ഉപകരണങ്ങൾ വാങ്ങുകയും, ആയത് കൈപ്പറ്റുകയും ചെയ്ത ശേഷം ഉപയോഗത്തിലിരിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയെന്ന വിചിത്രമായ നടപടികളാണ് നഗരസഭയിൽ നടന്നിട്ടുള്ളത്. ആവശ്യത്തിനനുസൃണമല്ലാതെയും, നടപടി ക്രമങ്ങൾ പാലിക്കാതെയും, നടത്തിയ ടി ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക 3,36,820/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 കേബിൾ സർവ്വീസ് ദാതാക്കൾ ചെയ്യേണ്ട പ്രവൃത്തി നഗരസഭ നിർവ്വഹിച്ചത് - തുക തിരികെ ഈടാക്കിയില്ല

ഫയൽ നം. എ.ഒ.പി.5/22270/21

നഗരപരിധിയിൽ വിവിധ കേബിൾ സർവ്വീസ് നൽകുന്നവരുടെ കേബിളുകൾ അപകടകരമായി തൂങ്ങി നിൽക്കുന്നതു മൂലം വാഹനങ്ങൾക്കും യാത്രക്കാർക്കും സഞ്ചാരതടസ്സവും ആപത് ഭീഷണി ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അപകടകരമായ ഇത്തരം കേബിളുകൾ നീക്കം ചെയ്യുന്ന വിഷയം കോടതി നിർദ്ദേശ പ്രകാരം പരിഹരിക്കുന്നതിനായി കേബിൾ സർവ്വീസ് ദാദാക്കളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം 17.9.2021ലും തുടർന്ന് 29.9.2021ലും മേയറുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. BSNL, DWAN, RJIL, JIO, സിറ്റികേബിൾ, ഏഷ്യാനെറ്റ് മുതലായ കേബിൾ സർവ്വീസ് ദാതാക്കൾ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ഇപ്രകാരം അപകടകരമായി തൂങ്ങി നിൽക്കുന്ന തങ്ങളുടെ കേബിളുകൾ 1.9.2021നകം സേവനദാദാക്കളായ കമ്പനികൾ തന്നെ നീക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാതെ വന്നതിനെതുടർന്ന് പ്രസ്തുത പ്രവൃത്തി നഗരസഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിക്കുകയും ആയതിന് 2,00,000/- രൂപ മരാമത്ത് വിഭാഗം ഓവർസിയർ ശ്രീമതി രാജി കൃഷ്ണന് മുൻകൂർ അനുവദിക്കുകയും ചെയ്തു. (വൗച്ചർ നം. 22105664/20.2.22 ചെക്ക് നം. 561891/20.2.2022) പ്രസ്തുത പ്രവൃത്തികൾ 19.1.22 മുതൽ 22.3.22 വരെയുള്ള കാലയളവിൽ നിർവ്വഹിക്കുകയും ആയതിന് 207200/- രൂപ ചെലവ് വന്നതായി കാണിച്ച് ബില്ലുകൾ സഹിതം മുൻകൂർ ക്രമീകരിക്കുന്നതിന് 25.7.2022ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ 25.11.2022ലെ ജനറൽ കൗൺസിൽ പരിഗണിച്ച് അഡ്വാൻസ് ക്രമീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. (തീരുമാനം 169). ആയതു പ്രകാരം അധികമായി ചെലവഴിച്ച 7200രൂപ ശ്രീമതി രാജി കൃഷ്ണന് താഴെപ്പറയും പ്രകാരം നൽകി മുൻകൂർ ക്രമീകരിച്ചു.

| വൗച്ചർ നം. | തുക | ചെക്ക് നം. |
|---|---|---|
| 22206483 | 7200 | 218988/25.2.2023 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം ഇപ്രകാരം നല്കപ്പെടുന്ന മുൻകൂറുകൾ മുൻകൂർ നൽകി 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത മുൻകൂർ 18% വാർഷിക നിരക്കിലുള്ള പലിശ ഈടാക്കി ക്രമീകരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. ഇവിടെ മുൻകൂർ നൽകി അഞ്ച് മാസത്തിനു ശേഷവും പ്രവൃത്തി നിർവ്വഹണം പൂർത്തിയായതിന് നാല് മാസത്തിന് ശേഷവും മാത്രമാണ് ശ്രീമതി രാജി കൃഷ്ണൻ ബില്ലുകൾ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചത്. പക്ഷേ 18% നിരക്കിലുള്ള പലിശ

ഈടാക്കാതെയാണ് മുൻകൂർ ക്രമീകരിച്ചിട്ടുള്ളത്. പലിശ മുൻകൂർ കൈപ്പറ്റിയ ആളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കേബിൾ സർവ്വീസ് ദാതാക്കൾ നിർവ്വഹിക്കേണ്ട പ്രവൃത്തികളാണ് നഗരസഭ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് നിർവഹിച്ചത്. ഇപ്രകാരം നഗരസഭ നിർവ്വഹിക്കുമ്പോൾ വരുന്ന ചെലവ് ഉത്തരവാദിയായ കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്നും തിരികെ ഈടാക്കണമെന്ന വസ്തുത കൗൺസിൽ പരിഗണിച്ചിരുന്നതാണ്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 66/2023) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് തുക കേബിൾ സർവ്വീസ് ദാതാക്കളിൽ നിന്ന് ഈടാക്കുന്നതിന് നോട്ടീസ് നൽകാൻ 4.8.2022ൽ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് ചെലവായ 207200/- രൂപ സേവനദാതാക്കളായ കേബിൾ കമ്പനിക്കാരിൽ നിന്നും തിരികെ ഈടാക്കിയോ അല്ലാത്ത പക്ഷം യഥാസമയം തുകയീടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

3-3 ജി.എസ്.റ്റി തുക ഉൾപ്പെടെ ക്വാട്ട് ചെയ്ത കരാറിൽ ,കരാർ തുകയ്ക്ക് പുറമേ ജി.എസ്.റ്റി തുക 19256/- രൂപ അധികമായി കരാറുകാരന് നൽകി

64, 66, 67 ഡിവിഷനുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിലവിലുള്ള മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിക്ക്, ഒന്നാം പാർട്ട് ബില്ലിന് 5% ജി.എസ്.റ്റി യും രണ്ടാം പാർട്ട് ബില്ലിന് 12% ജി.എസ്.റ്റിയും കരാറുകാരന് നൽകിയതായി കാണുന്നു. ഒന്നാം പാർട്ട് ബില്ലിൽ (182625 X 5%= 9131/- രൂപ) 9131/- രൂപയും, രണ്ടാം പാർട്ട് ബില്ലിൽ (84375x12%=10125/- രൂപ) 10125/- രൂപയും ജി.എസ്.റ്റി തുകയായി കരാറുകാരന് നൽകിയിട്ടുണ്ട്. ജി.എസ്.റ്റി തുക എന്തിനാണ് അധീഷണലായി നൽകിയെന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.32/2022-23തീയതി 6.10.2023) MOE4/33485/23/Dtd.4.2.2023 പ്രകാരം നൽകിയ മറുപടിയിൽ, കരാറുകാരൻ ക്വാട്ട് ചെയ്ത റേറ്റിൽ GST അധികമായി കൊടുക്കാമെന്നും ജി.എസ്.റ്റി തുക ക്വട്ടേഷനിൽ ഉൾപ്പെടുന്നില്ലായെന്നും മെറ്റീരിയൽ കംപോണന്റ് ഉള്ള പ്രവൃത്തിയായതിനാൽ

12% ജി.എസ്.റ്റി നൽകാമെന്നും ആയതിനാലാണ് ഇപ്രകാരം ബില്ലുകൾ നൽകിയതെന്നുമാണ് പറയുന്നത്. എന്നാൽ GST, ലേബർ ചാർജ്ജ്, ഡീസൽ ഇനങ്ങളിൽ വരുന്ന തുക ഉൾപ്പെടെയുള്ള തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് ശ്രീ. കെ.എ‍ൈ. മൂസ എന്ന കരാറുകാരൻ 30.4.2022 നൽകിയ ക്വട്ടേഷനിൽ സമ്മതിച്ചിട്ടുള്ളതുമാണ്. മാത്രമല്ല ഒരു പാർട്ട് ബില്ലിന് 5% ഉം രണ്ടാം പാർട്ട് ബില്ലിന് 12% വും ജി.എസ്.റ്റി ആയി കരാറുകാരന് നൽകിയതിന് സാധൂകരണമില്ല. കരാറുകാരന് എഗ്രിമെന്റ് പ്രകാരമല്ലാതെ ഒന്നാം പാർട്ട് ബില്ല് മുഖേന നൽകിയ 5% ജി.എസ്.റ്റി തുക 9131/- രൂപയും രണ്ടാം പാർട്ട് ബില്ലിൽ നൽകിയ 12% ജി.എസ്.റ്റി തുകയായ 10125/- രൂപയുമുൾപ്പെടെ 19,256/- രൂപ കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

3-4 വാഹന അറ്റകുറ്റപ്പണി - രേഖകളിൽ അവ്യക്തത - ചെലവ് തുക 35,929/- നിരാകരിക്കുന്നു

കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയറുടെ ഔദ്യോഗിക വാഹനമായി ഉപയോഗിക്കുന്ന KL07 BR 4444 നമ്പർ സ്കോർപ്പിയോ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ശ്രീമതി. സിന്ധു, ഓവർസിയർക്ക് 26,850/-രൂപ (വൗച്ചർ നം. 22200780 ചെക്ക് നം. 233503/30.04.2022) മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 9079/- രൂപ ( വൗച്ചർ നം. 22202012 ചെക്ക് നം. 238944/17.07.2022) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.74/26.05.2022 നമ്പർ തീരുമാന പ്രകാരം അനുവദിച്ച് മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കാണുന്ന അപാകത ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തി ചെയ്തതിന്റെ രണ്ട് ബില്ലുകൾ ആണ് ലഭ്യമാക്കിയിട്ടുള്ളത്.

| സ്ഥാപനം | ബിൽ തുക |
|---|---|
| RIDE AGENCY | 22,504/- |
| FAST COOL | 13,425/- |

പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 22.3.21-ൽ വാഹനത്തിന്റെ ഡ്രൈവർ നൽകിയ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ വയലാട്ട് ഓട്ടോമൊബൈൽസ് എന്ന (Authorised Service Centre) സ്ഥാപനത്തിൽ അറ്റകുറ്റപ്പണി നടത്തുകയും ഇതിനായി 42637/-രൂപ (ചെക്ക് നം. 561938/20.2.22, വൗച്ചർ നം. 22105714) ചെലവാകുകയും ചെയ്തിട്ടുണ്ട്. വയലാട്ട് ഓട്ടോമൊബൈൽസിന്റെ 10.04.2021 ലെ RBR22A000076

നമ്പർ ബില്ലിലെ ഇനങ്ങൾ പരിശോധിച്ചതിൽ, റേഡിയേറ്റർ, A/C റിപ്പയറിംഗ് എന്നീ പ്രവൃത്തികൾ അന്ന് ചെയ്തിട്ടുള്ളതായി മനസ്സിലാക്കാം. ഇത്തരത്തിൽ തലേവർഷം റിപ്പയറിംഗിന് വിധേയമായ ഒരു വാഹനം വീണ്ടും ഇതുമായി ബന്ധപ്പെട്ട് തകരാറുകൾ കാണിച്ചിട്ടും ( ഇക്കാലയളവിനുള്ളിൽ വാഹനം അപകടത്തിൽ പെടാത്ത സാഹചര്യത്തിൽ ഇത്തരം കംപ്ലൈന്റ് വാഹനത്തിന് സംഭവിക്കാൻ പാടില്ലാത്തതാണെന്നിരിക്കെ) വയലാട്ട് ഓട്ടോമൊബൈൽസിനെ സമീപിക്കാതെ മറ്റൊരു A/C റിപ്പയറിംഗ് സ്ഥാപനത്തെ പ്രവൃത്തി ഏൽപിക്കുകയും തുക നൽകുകയും ചെയ്തതിന് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

2. സർക്കാർ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സർക്കാർ അംഗീകൃത വർക്ക് ഷോപ്പുകളിൽ നിന്നും ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ച് മത്സരാധിഷ്ഠിതമായി ചെയ്യണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3. FAST COOL എന്ന A/C റിപ്പയറിംഗ് സ്ഥാപനത്തിലാണ് ഈ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്തതായി പറയുന്നത്. 'ലേബർ ബിൽ' എന്ന ശീർഷകത്തിൽ കൈകൊണ്ട് എഴുതി തയ്യാറാക്കിയ ഒരു ബിൽ ആണ് സമർപ്പിച്ചിരിക്കുന്നത്. ഇതിൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പറോ ജി.എസ്.ടി നമ്പറോ ഒന്നും തന്നെ ലഭ്യമല്ല. സർക്കാർ അംഗീകൃത വർക്ക്ഷോപ്പുകളിൽ മാത്രമാണ് വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ പാടുള്ളൂ എന്ന നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3. FAST COOL എന്ന A/C റിപ്പയറിംഗ് സ്ഥാപനം 26,850/- രൂപയുടെ എസ്റ്റിമേറ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ RIDE AGENCY എന്ന സ്ഥാപനത്തിന് 22504/- രൂപയും, FAST COOL എന്ന സ്ഥാപനത്തിന് 13425/- രൂപയും ഉൾപ്പെടെ 35,929/- രൂപ ചെലവായി. ഇത് എസ്റ്റിമേറ്റ് തുകയേക്കാൾ 9079/- രൂപ അധികമാണ്. എസ്റ്റിമേറ്റിനേക്കാൾ അധികം തുക ചെലവായതിന്റെ കാരണം വ്യക്തമല്ല.

4. ഈ പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ള FAST COOL എന്ന സ്ഥാപനത്തിന് ലേബർ ചാർജ് ഇനത്തിൽ 13,425/- രൂപ നൽകിയപ്പോൾ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ട പ്രവൃത്തി തുകയുടെ 2% തുകയായ 269/-രൂപയും, GST ഇനത്തിൽ ഈടാക്കേണ്ട 18% തുകയായ 2,417/- രൂപയും ബിൽ തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

5. KL07 BR 4444 എന്ന വാഹനത്തിന്റെ Maintenance/purchase സ്റ്റോക്ക് രജിസ്റ്ററിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങളോ അതു സംബന്ധിച്ച ബില്ലുകളോ രേഖപ്പെടുത്തി,

അധികാരക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. തുക കൈപ്പറ്റിയ സ്ഥാപനത്തിൽ ( FAST COOL ) നിന്ന് കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനും, പ്രവൃത്തിയുമായി ബന്ധപ്പെട്ട Estimate, Labour Bill, അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയ സാധനങ്ങൾ എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നതിനാലും, A/C റിപ്പയറിംഗ് സ്ഥാപനം മേൽ പ്രവൃത്തി ചെയ്തു എന്നതിൽ അവ്യക്തത നിലനിൽക്കുന്നതിനാലും, ഈ പ്രവൃത്തിയുടെ ആവശ്യകതയും, ആധികാരികതയും ഈ വാഹനത്തിന്റെ ഓതറൈസ്ഡ് സർവ്വീസ് സെന്ററിൽ നിന്നും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുവാനും കൂടാതെ, മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 13/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ചെലവ് തുകയായ 35,929/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

3-5 GST ഇനത്തിലെ അധിക ചെലവ് - തുക നിരാകരിക്കുന്നു.

കൊച്ചി നഗരസഭയിൽ വസ്തുനികുതി ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി എല്ലാ സോണൽ ഓഫീസുകളിലും UPS സ്ഥാപിക്കുന്നതിനായി പ്രസ്തുത ഓഫീസുകളിൽ വയറിങ്ങ് പ്രവൃത്തികൾ ഡിപ്പാർട്ട്മെന്റൽ ആയി ചെയ്യുന്നതിന് ശ്രീമതി. ബീന പി.ജി, അസി.എഞ്ചിനിയർക്ക് (വൗച്ചർ നം. 22201069 ചെക്ക് നം. 415735/20/05/2022) 1,84,000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുകയും അധികമായി ചെലവായ 13,685/- രൂപ (വൗച്ചർ നം. 22205517 ചെക്ക് നം. 046285/24/12/2022) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ CR.55/24.09.2022 നമ്പർ തീരുമാന പ്രകാരം അനുവദിച്ച് മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. TAG കമ്മിറ്റി 1,84,000/- രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 1,97,685/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നു ഫയലിൽ പരാമർശിക്കുകയും ഈ തുക ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| FIRM | INVOICE NO. | DATE | AMOUNT (Including GST) |
|---|---|---|---|
| ROSE ELECTRICALS | 888\B2C\2022-23 | 06/07/2022 | 25,059/- |

| | | | |
|---|---|---|---|
| | 889\B2C\2022-23 | 06/07/2022 | 29,474/- |
| | 897\B2C\2022-23 | 07/07/2022 | 35,129/- |
| LEAK & SHOCK | PR034/22 | 13/07/2022 | 35,504/- |
| | PR035/22 | 13/07/2022 | 29,843/- |
| | LABOUR CHARGE | 18/07/2022 | 29,000/- |
| | | TOTAL | 1,84,009/- |

M/s.ROSE ELECTRICALS എന്ന സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ടാക്സ് അനാലിസിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| FIRM | INVOICE NO. | DATE | GST |
|---|---|---|---|
| ROSE ELECTRICALS | 888\B2C\2022-23 | 06/07/2022 | 3,822.60/- |
| | 889\B2C\2022-23 | 06/07/2022 | 4,496.04/- |
| | 897\B2C\2022-23 | 07/07/2022 | 5,358.60/- |
| | | TOTAL | 13,677.24/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. M/s.ROSE ELECTRICALS എന്ന സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് GST ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ആണ്. ഇതു പ്രകാരമുള്ള തുകകൾ ആദ്യം നൽകുകയും പിന്നീട് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ടാക്സ് അനാലിസിസ് രേഖകൾ, ബില്ലുകൾ ആയി പരിഗണിച്ച് ചെലവ് തുകയോടൊപ്പം ചേർത്തിരിക്കുകയും ചെയ്തു. തന്മൂലം നഗരസഭയ്ക്ക് 13,677/- രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഈ അപാകതയ്ക്ക് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

2. സോണൽ ഓഫീസുകളിൽ പ്രസ്തുത വയറിങ്ങ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം. 10/2022-23) നൽകിയെങ്കിലും നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയിൽ ഉൾപ്പെടാത്തതും എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെ അശ്രദ്ധമൂലം നഗരസഭ ഫണ്ടിൽ നിന്നും ഉണ്ടായ 13,677/- രൂപയുടെ ചെലവ് നിരാകരിക്കുകയും, ഈ തുക ശ്രീമതി. ബീന പി.ജി, അസി.എഞ്ചിനിയറുടെ പക്കൽ നിന്നും ഈടാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ച് അപാകങ്ങൾ ഈ

റിപ്പോർട്ടിലെ ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ഇ-ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ | 23823/12.7.22 | 5,17,902 | 0 | 5,17,902 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന വായ്പ തുകയിൽ അവ്യക്തതയുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്ന ഖണ്ഡികയിൽ ഉപഖണ്ഡിക 1.1.4 ആയി അപാകതകൾ വ്യക്തമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക യഥാർത്ഥത്തിലുള്ള വായ്പ തുകയുമായി അന്തരമുണ്ട്.

4-6 ഓഡിറ്റ് റിക്കവറി വഴി ഈടാക്കപ്പെട്ട തുകയുടെ വിവരം

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം നഗരസഭയിൽ വരവ് ഇല്ല.

4-7 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷേപം, ഓഹരി നിക്ഷേപം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക (രൂപ) |
|---|---|
| Equity Share | 1,26,00,000 |
| Fixed Deposits | 91964144.35 |
| ആകെ | 104,564,144.35 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | ത്തെ അവസ്ഥ |
| 1996-97 | | നഗരസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപ1998 | 3(ii)ചെക്ക് | (1)അടിയന്തിര അറ്റകുറ്റ പണികളിലെ ക്രമക്കേടുകൾ<br>(2) റോഡ് റോളറുകളുടെ നിഷ്പ്രയോജനകരമായ അവസ്ഥ | പരാമർശം തുടരുന്നു. |
| 1997-98 | | 1999 | IV (2)ചെക്ക് | (A)മാമംഗലം – പൊറ്റക്കുഴി റോഡ് പുനർ നിർമ്മാണം ക്രമക്കേടുകൾ<br>(B)മാനക്കാപ്പറമ്പ് റോഡ് – റീ മെറ്റലിംഗും സെമി ഗ്രൗട്ടിംഗും ആവശ്യത്തി ലധികം മെറ്റൽ സപ്ലൈ ചെയ്തതായി രേഖ | പരാമർശം തുടരുന്നു. |
| 1998-99 | | 1999-2000 | ചെക്കുസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപV | (A)കൊച്ചി നഗരസഭയുടെ പൊതു അവലോകനം<br>(B)നികുതി പിരിവിനത്തിലെ നഷ്ടം (I) മുതൽ (Ii) വരെ<br>(C)നഗരസഭ വാചെക്ക്ഹനങ്ങൾ കോർപ്പറേഷന്റേതല്ലാതെ വർക് ഷോപ്പിൽ അറ്റകുറ്റ പണികളിൾ | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ചെയ്തു.<br>(D)സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചതിൽ അധികച്ചെലവ്<br>(E)പൊതുമരാമത്ത് പണികളിൽ കമ്പോള നിരക്കിൽ വാങ്ങിയ ചെക്ക്ഉപകരണങ്ങൾക്ക് ടെണ്ടർ എക്സസ് നൽകിയത് അനുവദനീയമല്ല | |
| 1997-98 | | 2000-2001 | 5 (2) | (A) ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം മുൻകൂട്ടി ആസൂത്രണം ചെയ്യാത്തതിൽ വന്ന പാഴ്ച്ചെലവ് | പരാമർശം തുടരുന്നു. |
| 2000-01 | | 2000-2001 | 5 (2)രസഭാ ഫണ്ടിന്റെ നഷ്ടം-1,03,85,659/-രൂപ | (B) കൊച്ചി നഗരസഭയ്ക്ക് പമ്പിംഗ് മെഷീൻ വാങ്ങിയതിലെ ക്രമക്കേടുകൾ | പരാമർശം തുടരുന്നു. |
| | | 2001-2002 | VI (1)(3) | (I) മേയേഴ്സ് ഫണ്ട്<br>(Ii) സ്മരണിക 2000 ചട്ടങ്ങളുടെ ലംഘനവും ധൂർത്തും | പരാമർശം തുടരുന്നു. |
| | | 2002-2003 | III(3) | (I)അനധികൃതമായി | പരാമർശം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സബ്സിഡി അനുവദിച്ചു<br>(Ii)ചൂടാറപ്പെട്ടി വിതരണം – ധന ദുർവിനിയോഗം<br>(Iii)വീട് വയറിംഗ് നിർവ്വഹണത്തിലെ ക്രമക്കേടുകൾ<br>(Iv)വീട് റിപ്പയർ – ഉത്തരവുകളുടെ ലംഘനം വഴി അനധികൃത സബ്സിഡി നൽകിയതും, ധനദുർവിനി യോഗവും<br>(V)ഗ്രൂപ്പ് ജനത അപകട മരണ ഇൻഷൂറൻസ് പദ്ധതി – അപാകതകൾ<br>(Vi)കക്കൂസും കുളിമുറിയും നിർമ്മിക്കുന്നതിനുള്ള ധനസഹായം<br>(Vii)മൈത്രി ഭവന നിർമ്മാണ പദ്ധതി<br>(Viii)വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ ചെറുകിട പദ്ധതി<br>(Ix)പേ വിഷ നിർമ്മാർജ്ജനം ഇമ്മ്യൂണൈസേഷൻ | തുടരുന്നു. | |

| | | | | | |
|---|---|---|---|---|---|
| | | | | ചെലവ് 103260 രൂപ<br>അനുവദനീയമല്ല<br>(X)ചെറുകിട പശു<br>വളർത്തൽ യൂണിറ്റ്<br>(Xi)വീട് റിപ്പയർ<br>ധനസഹായ പദ്ധതി<br>(Xii)ഭൂരഹിത ഭവന<br>രഹിതരുടെ<br>പുനരധിവാസം | |
| | | 2003-2004 | I(3) | (I) സർക്കാർ അനുമതി<br>യില്ലാതെ പുതിയ<br>കാർ വാങ്ങി<br>(Ii) സർക്കാർ<br>അനുമതിയില്ലാതെ<br>ദിവസക്കൂലി<br>അടിസ്ഥാനത്തിൽ<br>താൽക്കാലിക<br>നിയമനം നടത്തി<br>(Iii) കൃഷ്ണവിലാസം<br>കൊട്ടാരവളപ്പ്<br>അന്യാധീനപ്പെട്ടു<br>ത്തിയത് സംബന്ധിച്ച്<br>(Iv) ആംഡ് ഫോഴ്സ്<br>ഫ്ലാഗ് ഡേ നികുതി<br>യിനത്തിൽ<br>65,968/-രൂപ<br>അധികം അടച്ചു. | പരാമർശം<br>തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| സ്പെഷ്യൽ റിപ്പോർട്ട് | | 2004-2005 | 4 I(3) | (I)പെൻഷൻ സെക്ഷനുകളിൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയത് ഗുരുതരമായ ക്രമക്കേടുകൾ (Ii)കൊതുക് നിവാരണ പദ്ധതിപ്രവർത്തനത്തിന് സ്പിക് ബയോമാസ് ലാർവിസൈഡ് നഗരസഭയ്ക്ക് 23 ലക്ഷം നഷ്ടം (Iii)വൈറ്റില ഷോപ്പിംഗ് കോംപ്ലക്സ് അനധികൃത കൈവശപ്പെടുത്തൽ സംബന്ധിച്ച് - നഗരസഭയ്ക്ക് റവന്യൂ നഷ്ടം | പരാമർശം തുടരുന്നു. |
| 2001-02 (ഖണ്ഡിക 56) | | 2004-2005 | 4 I(3) | (Iv)ഇടപ്പള്ളി മേഖല ഓഫീസ് പ്രവർത്തനത്തിന് സ്വകാര്യ കെട്ടിടം വാടകയ്ക്ക് എടുത്തത് 205744 രൂപയുടെ പാഴ്ച്ചെലവ് | പരാമർശം തുടരുന്നു. |
| 2001-02-2003-04 (ഖണ്ഡിക | | 2004-2005 | 4 I(3) | (V)വാൽമികി അംബേദ്കർ ആവാസ് യോജന | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 23) | | | | (വാബെ) നഗരസഭയുടെ അനുവാദം ലഭിയ്ക്കാതെ പണിത കെട്ടിടം – അനധികൃത നിർമ്മാണം | |
| 2001-02-2003-04 (ഖണ്ഡിക 25) | | 2004-2005 | 4 I(3) | (Vi)ബി.പി.എൽ. ലിസ്റ്റിൽ പെടാത്ത ഗുണഭോക്താക്കളുടെ ധനസഹായം നൽകി | പരാമർശം തുടരുന്നു. |
| 2002-03 (ഖണ്ഡിക 3.6) | | 2005-2006 | 3(3) | (I) ഖരമാലിന്യം നീക്കം ക്വട്ടേഷൻ ഇല്ലാതെ കരാർ; 1.5 കോടി അംഗീകരിക്കുന്നില്ല. | പരാമർശം തുടരുന്നു. |
| LFCN (S)503/06 25.09.2006 പ്രത്യേക കത്ത് | | 2005-2006 | 3(3) | (Ii) കുടിശ്ശിക തുക നൽകാത്തതി നെതിരെ നൽകിയ കേസ് – കേസ് നടത്തിപ്പിലെ അപാകതകളും പാഴ്ചെലവും | പരാമർശം തുടരുന്നു. |
| 1999-2000 ഖണ്ഡിക 17(എച്ച്) | | 2005-2006 | 3(3) | (Iii) ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തു നികുതി കുറവ് ചെയ്തു. | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2002-03 ഖണ്ഡിക 6(1), 6(2) 2003-04 ഖണ്ഡിക 7 | | 2005-2006 | 3(3) | (Iv) പെൻഷൻ വിതരണത്തിൽ ക്രമക്കേടുകൾ | പരാമർശം തുടരുന്നു. |
| | | 2011-2012 | | ശിശു ക്ഷേമ പദ്ധതികളും അങ്കണവാടികളും പ്രത്യേക പ്രവർത്ത-നാവലോകന റിപ്പോർട്ട് | പരാമർശം തുടരുന്നു. |
| | | 2012-2013 | 2.5 | പരസ്യ നികുതി (പേജ് 23) | പരാമർശം തുടരുന്നു. |
| | | 2012-2013 | 2.6 | ലൈബ്രറികൾ – പേജ് 36 | പരാമർശം തുടരുന്നു. |
| | | 2012-2013 | 2.7 | ദുരിതാശ്വാസ നിധി പേജ് 27 | പരാമർശം തുടരുന്നു. |
| | | 2013-2014 | 11 | കുടിവെള്ള വിതരണം പേജ് 79 | പരാമർശം തുടരുന്നു. |
| | | 2013-2014 | 14 | സംരഭക/ പരിശീലന പദ്ധതികൾ പേജ് 168 | പരാമർശം തുടരുന്നു. |
| | | 2013-14 | 6.4.1 | തെരുവ് വിളക്കുകൾ | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | പേജ് 192 | തുടരുന്നു. |
| 2014-15 | 3.2 | 2016-2017 | | ശരിയായ അന്വേഷണം നടത്താതെ CRZ പരിധിയിൽവരുന്ന സ്ഥലം പുനരധിവാസ പദ്ധതിക്കായി നഗരസഭ വിലയ്ക്കുവാങ്ങി - 1.11കോടിരൂപയുടെ പാഴ് ചെലവ്. | പരാമർശം തുടരുന്നു. |
| 2015-16 | 3.32 | 2016-2017 | | അറ്റ്ലാന്റിസ് മേൽപാല നിർമാണം - അനന്തമായി നീളുന്നു | പരാമർശം തുടരുന്നു. |
| 2014-15 | 3.23 li | 2016-2017 | | ബ്രഹ്മപുരം ഖരമാലിന്യ നിർമ്മാണ പ്ലാന്റിന്റെ നിർമ്മാണ ത്തിനായി ഭൂമി വാങ്ങൽ | പരാമർശം തുടരുന്നു. |
| 2014-15 | 3.16 | 2016-2017 | | കുടുംബശ്രീ യൂണിറ്റുകൾക്ക് ബസ് സർവ്വീസ് – പ്രോജക്റ്റ് നിർവ്വഹണത്തിൽ | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | |
| 2016-17 | 2-6 | 2017-18 | എറണാകുളം കൊച്ചി കോർപ്പറേഷൻ 1 | വണ്ടിപ്പേട്ട പിരിവിൽ 2016-17 വർഷത്തിൽ 25,06,250/- രൂപയുടെ കുറവ് | പരാമർശം തുടരുന്നു. |
| 2016-17 | 3-21 | 2017-18 | എറണാകുളം കൊച്ചി കോർപ്പറേഷൻ 2 | പങ്കാളിത്ത പെൻഷൻ- കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം എൻ.പി.എസ്.അക്കൗണ്ടിൽ അടവാക്കുന്നില്ല. | പരാമർശം തുടരുന്നു. |
| 2016-17 | 3-23 | 2017-18 | എറണാകുളം കൊച്ചി കോർപ്പറേഷൻ 3 | റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല. | പരാമർശം തുടരുന്നു. |
| 2016-17 | 3-28 | 2017-18 | എറണാകുളം കൊച്ചി കോർപ്പറേഷൻ 4 | ലൈബ്രറി സെസ് - സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകാനുള്ളത് - 240894239/- രൂപ | പരാമർശം തുടരുന്നു. |
| 2016-17 | 3-33 | 2017-18 | എറണാകുളം കൊച്ചി കോർപ്പറേഷൻ | ഇ-ഗവേണൻസ്- ജനറം പദ്ധതി- സമയബന്ധിതമായി | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | 5 | പൂർത്തിയാക്കിയില്ല - കേന്ദ്രസഹായം നഷ്ടമായി - ആറ് കോടി രൂപ തനത് ഫണ്ട് കണ്ടെത്തണം. | |
| 2016-17 | | 2017-18 | എറണാകുളം രസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപ കൊച്ചി കോർപ്പറേഷൻ 6 | വാഹനങ്ങളെ സംബന്ധിച്ച പരാമർശം | പരാമർശം തുടരുന്നു. |
| 2017-18 | 2-3 | 2018-19 | | ചട്ടങ്ങൾ ലംഘിച്ച് ഫ്ലാറ്റ് നിർമ്മാണം – വസ്തു നികുതി അടവാക്കാത്തതിനാൽ നഷ്ടം | പരാമർശം തുടരുന്നു. |
| 2017-18 | 2-4 | 2018-19 | | അൾട്രാ ടെക് സിമന്റ് ലിമിറ്റഡ് - അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ചു | പരാമർശം തുടരുന്നു. |
| 2017-18 | 2-17 | 2018-19 | | ചെക്ക് മുഖേനയുള്ള | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | റവന്യൂ വരവ്- ചെക്ക് മടങ്ങിയത് നഗരസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപ | തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കപ്പെട്ട തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 4814976994.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4461099000.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 534885.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 412882.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,13,84,531.00 |

ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ചെലവ് വിവരം |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 2-1 | 447250 | - | ശ്രീ.അൻസാർ.ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈറ്റില മേഖലാ കാര്യാലയം | |
| 2-2 | 60000 | - | സ്മിത.പി.ജെ., എക്സിക്യൂട്ടീവ് എഞ്ചിനീയർ । | |

| | | | | |
|---|---|---|---|---|
| 2-3-1 | 22093 | - | രാജേശ്വരി.എൽ,<br>റവന്യൂ സൂപ്രണ്ട്,<br>വൈറ്റില മേഖലാ കാര്യാലയം. | |
| 2-3-2 | 5542 | - | മുരളി.സി.എസ്,<br>റവന്യൂ സൂപ്രണ്ട്,<br>ഫോർട്ട് കൊച്ചി മേഖലാ<br>കാര്യാലയം | |
| 3-1 | | 336820.00 | ശ്രീ.എ.എസ്.നൈസാം,<br>സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | ചെക്ക് നം.<br>048331/<br>21.6.2022<br>048328/<br>21.6.22<br>048328/<br>21.6.22 |
| 3-2 | | 7200.00 | ശ്രീ.അബ്ദുൾഖാദർ,<br>സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | വൗച്ചർ നം.<br>22206483<br>ചെക്ക് നം.<br>218988/<br>25.2.2023 |
| 3-3 | | 19256..00 | ശ്രീ.എ.എസ്.നൈസാം,<br>സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | |
| 3-4 | | 35929.00 | ശ്രീമതി.സിന്ധു പി.കെ,<br>ഓവർസിയർ | ചെക്ക് നം.<br>561938/<br>20.2.22, |

| | | | | |
|---|---|---|---|---|
| | | | | വൗച്ചർ നം. 22105714 |
| 3-5 | | 13677.00 | ശ്രീമതി.ബീന പി.ജി, അസി.എൻജിനിയർ | വൗച്ചർ നം. 22201069 ചെക്ക് നം. 415735/20 /05/2022 |
| ആകെ | 534885.00 | 412882.00 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ചെലവ് വിവരം ബിൽ നം/തീയതി/തുക |
|---|---|---|---|
| 1-22 | 468875.00 | എസ്.രമേഷ്കുമാർ, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 5/9.3.23/₹676383/- 6/9.3.23/₹121875/- 5/₹18423/- 1664/22.03.23 7/9.3.23/₹676383/- 8/25.3.23/₹624375/- 10/30.3.23/₹624375/- 11/30.3.23/₹112500/- |
| 1-23 | 400000.00 | എസ്.രമേഷ്കുമാർ, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 1/ 2.12.2022/₹4,00,000/- |
| 1-24 | 700000.00 | എസ്.രമേഷ്കുമാർ, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 2/ 2.12.2022/₹7,00,000/- |

| | | | |
|---|---|---|---|
| 1-25 | 200000.00 | എസ്.രമേഷ്കുമാർ, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 1453/6.3.2023/ 2,00,000/- രൂപ |
| 1-26 | 560005.00 | ശ്രീമതി. ഹരിത, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1) 484/25.01.23/4,06,861/-<br>2) 1252/03.02.23/₹64524/-<br>3) 1443/04.03.23/₹56733/-<br>4) 1663/22.03.23/₹13464/-<br>5) 1664/22.03.23/₹18423/- |
| 1-28 | 200062.00 | എസ്.രമേഷ്കുമാർ, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 4/9.3.2023/₹103125/-<br>9/27.3.2023/₹82500/-<br>12/30.3.2023/₹14437/-<br>ആകെ = ₹2,00,062/- |
| 1-31 | 150000.00 | ശ്രീ.സാജു സേവ്യർ, വ്യവസായ വികസന ഓഫീസർ. | ബിൽ നം. 2009/29.03.23 |
| 1-35 | 7697997.00 | ഡോ.പ്രസന്നകുമാരി , മെഡിക്കൽ ഓഫീസർ (അലോപ്പതി) | രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല |
| 1-36 | 4265751.00 | | രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല |
| 1-37 | 136528.00 | | 124/22-23/17-03-2023 /₹91,448/-<br>130/22-23/07-03-2023 /₹45,080 |
| 1-38 | 300000.00 | | 126/22-23/13-03-2023 |

| | | | |
|---|---|---|---|
| 1-39 | 258428.00 | | 125/22-23/17-03-2023/<br>₹2,58,428/- |
| 1-40 | 336000.00 | | 134/22-23/22-03-2023 |
| 1-41 | 63393.00 | | 69/22-23/01-02-2023 |
| 1-42 | 355887.00 | | 01/22-23/05-09-23<br>/₹2,52,110/-<br>02/22-23/05-09-23<br>/₹79,160/-<br>06/22-23/05-09-23<br>/₹10,217/-<br>08/22-23/06-09-23<br>/₹14,400/- |
| 1-44 | 2999998.00 | | 74/22-23/13-02-2023 |
| 1-45 | 63375.00 | | 80/22-23/15-02-2023 |
| 1-46 | 297650.00 | ശ്രീമതി.ലതിക പണിക്കർ,<br>ഹെഡ് മിസ്ട്രസ്സ്,<br>ഗവൺമെന്റ് ഹൈസ്കൂൾ . | 12/31.3.23 |
| 1-47 | 22,84,92,914.00 | ശ്രീ.വി.പി. ഷിബു,<br>അഡീഷണൽ സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | രേഖകൾ ഓഡിറ്റിന്<br>ലഭ്യമായില്ല |
| 1-50 | 13006374.00 | ശ്രീ.വി.പി. ഷിബു ,<br>അഡീഷണൽ സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | 456465/24.03.2023<br>1456451/24.03.2023 |
| 1-53 | 243600.00 | ശ്രീ.വി.പി. ഷിബു | വൗച്ചർ നമ്പർ |

| | | | |
|---|---|---|---|
| | | (സെക്രട്ടറി ഇൻ ചാർജ് ), അഡീഷണൽ സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ. | 22202738, തീ.27/08/22 ചെക്ക് നമ്പർ 16445/27.8.22 |
| 1-58 | 767654.00 | ശ്രീ.വി.പി. ഷിബു , അഡീഷണൽ സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ. | രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല |
| 1-60(2) | 202671.00 | ബീന പി.ജി., അസി.എൻജിനിയർ | ഇൻവോയ്സ് നം. 888/B2C/2223 889/B2C/2223 899/B2C/2223 |
| 1-67(a) | 2854175.00 | ശ്രീ.വിൽസൺ.ജെ., ഹെൽത്ത് സൂപ്പർവൈസർ | ചെക്ക് നമ്പർ 042374/25.6.2022, ചെക്ക് നമ്പർ 238739/7.7.2022 |
| 1-67(b) | 760000.00 | ശ്രീ.വിൽസൺ.ജെ., ഹെൽത്ത് സൂപ്പർവൈസർ | രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല |
| 1-67(c) | 400000.00 | ശ്രീ.വിൽസൺ.ജെ., ഹെൽത്ത് സൂപ്പർവൈസർ | ചെക്ക് നമ്പർ 053141/7.7.2022 |
| 1-74(3) | 8532.00 | ശ്രീ.ഷിബു കെ.എ, അസി.എൻജിനിയർ | വൗച്ചർ നം. 22202340, ചെക്ക് നം. 164198/16 /08/2022 |
| 1-84 | 354957.00 | ബോബൻ കെ., സൂപ്രണ്ടിംഗ്എഞ്ചിനീയർ. | ചെക്ക് നം.22202406/ 19.8.2022 |
| 1-85(2) | 300000.00 | ശ്രീമതി.പാർവ്വതി ഉണ്ണിത്താൻ എൽ, | വൗച്ചർ നം. 22200248 ചെക്ക് നം. 794343/13 |

| | | | |
|---|---|---|---|
| | | അസി.എൻജിനിയർ | /04/2022 |
| 1-94 | 9484776.00 | ശ്രീ.വിൽസൺ.ജെ.,<br>ഹെൽത്ത് സൂപ്പർവൈസർ | രേഖകൾ ഓഡിറ്റിന്<br>ലഭ്യമായില്ല |
| 1-95 | 15054929.00 | സ്മിത.പി.ജെ.,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>അമ്പിളി റ്റി.എ.,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | രേഖകൾ ഓഡിറ്റിന്<br>ലഭ്യമായില്ല |
| ആകെ | 29,13,84,531.00 | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-102 | 2303 | ശ്രീ.എ.എസ്.നൈസാം, സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ.

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്റെ /തടസ്സത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടത്തിയ സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേശ്വരി.എൽ,<br>റവന്യൂ സൂപ്രണ്ട്,<br>വൈറ്റില മേഖലാ<br>കാര്യാലയം. | സൂപ്രണ്ട്,<br>നോർത്ത് പറവൂർ<br>മുനിസിപ്പാലിറ്റി. | മംഗലത്ത് വീട്<br>വലിയശാല പി.ഒ<br>തിരുവനന്തപുരം 695036 |
| കെ.എ.മാത്യു.<br>അക്കൗണ്ട്സ് | അക്കൗണ്ട്സ് ഓഫീസർ,<br>കൊച്ചി കോർപ്പറേഷൻ | കുരിശുപറമ്പിൽ ഹൗസ്,<br>ഹൗസ് നം. TX/108-A ഈസ്റ്റ് |

| | | |
|---|---|---|
| ഓഫീസർ | | ഒടതലവെളി |
| മുരളി.സി.എസ്,<br>റവന്യൂ സൂപ്രണ്ട് | റവന്യൂ സൂപ്രണ്ട്<br>തിരുവനന്തപുരം<br>കോർപ്പറേഷൻ | TC.5/415(13)<br>ചന്ദ്രകാന്തം, SNRA 32B<br>ഇന്ദിരാനഗർ, പേരൂർക്കട,<br>തിരുവനന്തപുരം |
| ശ്രീ.അൻസാർ.ജെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ.<br>വൈറ്റില മേഖലാ<br>കാര്യാലയം | ടി.സി6/1636/2<br>ബെറാക്ക്, പി.ടി.പി നഗർ,<br>തിരുവനന്തപുരം 695006 |
| ശ്രീമതി.സ്മിത.പി.ജെ.<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 | എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ 1 | വള്ളോംപറമ്പത്ത്,<br>പണിക്കശ്ശേരി, കവിക്കടവ്,<br>കൊടുങ്ങല്ലൂർ 680664 |
| ശ്രീമതി.അമ്പിളി.ടി.എ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ 2 | എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ 2 | നെല്ലിക്കൽ വീട്, മങ്ങാട്ടൂർ,<br>കോലഞ്ചേരി.പി.ഒ. 682311 |
| ശ്രീമതി. ഹരിത,<br>ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ,<br>പള്ളുരുത്തി | രാജപ്രിയ ഹൗസ്,<br>അവലുകുന്ന പി.ഒ. |
| ഡോ.പ്രസന്നകുമാരി,<br>മെഡിക്കൽ ഓഫീസർ,<br>അലോപ്പതി | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,<br>ഫോർട്ടുകൊച്ചി | വലുച്ചിറ പറമ്പിൽ,<br>ഏലൂർ നോർത്ത് ,<br>ഉദ്യോഗമണ്ഡൽ പി.ഒ.,<br>എറണാകുളം-683501 |
| ശ്രീ.എസ്.രമേഷ്കുമാർ,<br>അഗ്രിക്കൾച്ചർ ഫീൽഡ്<br>ഓഫീസർ. | അഗ്രിക്കൾച്ചർ ഫീൽഡ്<br>ഓഫീസർ.<br>കൃഷിഭവൻ,<br>വൈറ്റില | വരിക്കര ഹൗസ് |
| ശ്രീമതി. സിന്ധു പി.കെ, | ഓവർസിയർ ഗ്രേഡ് II | സിന്ധു.പി.കെ |

| | | |
|---|---|---|
| ഓവർസിയർ | ചാലക്കുടി മുനിസിപ്പാലിറ്റി | ആനാലിപറമ്പിൽ<br>മൂരിയാട്.പി.ഒ<br>തൃശ്ശൂർ |
| ശ്രീമതി.പാർവ്വതി ഉണ്ണിത്താൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ. | അസി.എഞ്ചിനീയർ<br>തിരുവനന്തപുരം<br>ബോബൻ കെ.,<br>സൂപ്രണ്ടിംഗ്എഞ്ചിനീയർ<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ. | സി1,നർമദ എൻക്ലേവ്<br>വി.പി.മരക്കാർ റോഡ്<br>ഇടപ്പിള്ളി നോർത്ത് .പി.ഒ<br>എറണാകുളം 682024 |
| ശ്രീമതി.ബീന പി.ജി,<br>അസി.എൻജിനിയർ | അസി.എൻജിനിയർ<br>ആലങ്ങാട് ബ്ലോക്ക് | ബീന.പി.ജി<br>ബിന്ദു ഭവൻ<br>പാരഡൈസ് റോഡ്<br>വൈറ്റില.പി.ഒ<br>കൊച്ചിൻ 19 |
| ഷിബു.കെ.എ.,<br>അസി.എൻജിനിയർ | വിരമിച്ചു | ഷിബു.കെ.എ.<br>താജ് മൻസിൽ<br>കുമ്മനം.പി.ഒ<br>കോട്ടയം 686035 |
| ശ്രീ.വിൽസൺ.സി.ജെ<br>ഹെൽത്ത് സൂപ്പർവൈസർ<br>(ഇൻചാർജ് ഹെൽത്ത്<br>ഓഫീസർ) | ഹെൽത്ത് സൂപ്പർവൈസർ<br>(ഇൻചാർജ് ഹെൽത്ത്<br>ഓഫീസർ)<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ | ചക്കാലക്കൽ, വീട് നം.<br>1/871(A), റിഡ്സ് ഡെയ്ൽ<br>ലൈൻ, ഫോർട്ട് കൊച്ചി |
| ശ്രീ.സാജു സേവ്യർ,<br>ഇന്റസ്ട്രീയൽ എക്സ്റ്റൻഷൻ | ഇന്റസ്ട്രീയൽ എക്സ്റ്റൻഷൻ<br>ഓഫീസർ. തൃപ്പൂണിത്തുറ | കറുപ്പശ്ശേരിൽ ഹൗസ്,<br>കമ്പംകല്ല്, |

| | | |
|---|---|---|
| ഓഫീസർ. | | തൊടുപുഴ 685585 |
| ശ്രീ.എ.എസ്.നൈസാം,<br>സെക്രട്ടറി, കൊച്ചി<br>മുനിസിപ്പൽ കോർപ്പറേഷൻ. | സെക്രട്ടറി,<br>ജില്ലാ പഞ്ചായത്ത്,<br>പത്തനംതിട്ട | അൽനൂർ, കരോട് വീട്,<br>നിലമേൽ, കൊല്ലം 691535 |
| ശ്രീമതി.ലതിക പണിക്കർ,<br>ഹെഡ്മാസ്റ്റർ | ഗവ.ഗേൾസ് ഹയർ<br>സെക്കന്ററി സ്കൂൾ,<br>എറണാകുളം | സോപാനം, MBCRRA 36,<br>മാമംഗലം. പാലാരിവട്ടം |
| ശ്രീ.വി.പി.ഷിബു.<br>അഡീഷണൽ സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ | അഡീഷണൽ സെക്രട്ടറി,<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ | വട്ടക്കുന്നേൽ,വാരപ്പെട്ടി.പി.ഒ<br>എറണാകുളം 686691 |
| ബോബൻ കെ.,<br>സൂപ്രണ്ടിംഗ്എഞ്ചിനീയർ. | സൂപ്രണ്ടിംഗ്എഞ്ചിനീയർ<br>LSGD, തിരുവനന്തപുരം | TC19/1842(2)Dr.PNRA-64<br>ദേവാംഗന, Dr. പൈ റോഡ്,<br>പൂജപ്പുര-695012 |
| ശ്രീ.അബ്ദുൾഖാദർ,<br>സെക്രട്ടറി, കൊച്ചി<br>മുനിസിപ്പൽ കോർപ്പറേഷൻ. | -- | C/O കെ.എ. മുഹമ്മദലി<br>ഡോർ നം. 1/3, റായ്യൂർ റോഡ്<br>എംസിഡി ഓഫീസേഴ്സ് ഫ്ലാറ്റ്<br>സിവിൽ ലൈൻസ്<br>നോർത്ത് ഡൽഹി- 110054<br>തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.സി.എൻ.(സി)190/04 - 13.10.04 | |
| 1996-97 | എൽ.എഫ്.സി.എൻ.(സി)321/00 – 25.08.00/ | |

| | | |
|---|---|---|
| | 08.11.00 | |
| 1997-98 | എൽ.എഫ്.സി.എൻ.(സി)179/00- 26.12.00 | |
| 1998-99 | എൽ.എഫ്.സി.എൻ.(സി)400/02- 23.10.02/ 13.12.12 | |
| 1999-00 | എൽ.എഫ്.സി.എൻ.(സി)86/02-07.02.03 /24.04.03 | |
| 2000-01 | എൽ.എഫ്.സി.എൻ.(സി)402/02- 27.11.03/ 17.02.04 | |
| 2001-02 | എൽ.എഫ്.സി.എൻ.(സി)6/04-05.10.04 /21.02.05 | |
| ഇലക്ഷൻ 2000 | എൽ.എഫ്.സി.എൻ.(സി)703/03- 23.12.03/ 02.01.04 | |
| അഖിലേന്ത്യ പ്രദർശനം 2000 | എൽ.എഫ്.സി.എൻ.(സി)675/00- 26.02.03/ 29.03.03 | |
| യു.പി.എ.ഡി. | എൽ.എഫ്.സി.എൻ.(സി)498/04- 07.12.04 | |
| 2002-04 (പെൻഷൻ) | എൽ.എഫ്.സി.എൻ.(സി)286/05- 25.05.05/ 06.07.05 | |
| 1999-00 (വരവ്) | എൽ.എഫ്.സി.എൻ.(സി)287/05- 16.08.05/ 27.12.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.സി.എൻ.(സി)405/04- 31.08.05/ 16.05.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.സി.എൻ.(സി)461/05- 31.12.05/ 16.01.07 | |
| 2004-05 (ചെലവ്) | എൽ.എഫ്.സി.എൻ.(സി1)142/06- 25.02.07/ 24.05.07 | |

| | | |
|---|---|---|
| 2004-06 (പെൻഷൻ) | എൽ.എഫ്.സി.എൻ.(സി1)719/07- 20.08.07/ 27.09.07 | |
| 2004-06 (സി.ഡി.എസ് -ഈസ്റ്റ്) | എൽ.എഫ്.സി.എൻ.(സി1)799/07- 02.11.07 | |
| 2005-06 (ചെലവ്) | എൽ.എഫ്.സി.എൻ.(സി1)398/07- 29.09.07/ 03.12.07 | |
| 2000-01 (വരവ്) | എൽ.എഫ്.സി.എൻ.(സി1)407/08- 04.07.08 | |
| 2001-02 (വരവ്) | എൽ.എഫ്.സി.എൻ.(സി1)166/08- 26.07.08 | |
| 2002-03 (വരവ്) | എൽ.എഫ്.സി.എൻ.(സി1)184/08- 26.07.08 | |
| 2003-04 (വരവ്) | എൽ.എഫ്.സി.എൻ.(സി1)185/08- 28.07.08 | |
| 2004-05 (വരവ്) | എൽ.എഫ്.സി.എൻ.(സി1)224/08- 28.07.08 | |
| 2005-06 (വരവ്) | എൽ.എഫ്.സി.എൻ.(സി1)238(എ)/08- 08.08.08 | |
| 2006-07 | എൽ.എഫ്.സി.എൻ.(സി1)5/08- 28.11.08 | |
| 2006-07, 2007-08 (സി.ഡി.എസ് -വെസ്റ്റ്) | എൽ.എഫ്.സി.എൻ.(സി1)257/09- 15.10.2009/ 13.11.09 | |
| 2006-07, 2007-08 (സി.ഡി.എസ് -ഈസ്റ്റ്) | എൽ.എഫ്.സി.എൻ.(സി1)256/09- 15.10.09/ 13.11.09 | |
| 2007-08 | എൽ.എഫ്.സി.എൻ.(സി1)197/09- 20.02.10 | |
| 2008-09 | എൽ.എഫ്.സി.എൻ.(സി1)283/2010- 09.01.12/ 17.02.12 | |
| 2009-10 | എൽ.എഫ്.സി.എൻ.(സി1)178/2013- 03.04.13/ 11.06.13 | |

| | | |
|---|---|---|
| 2010-11 (ചെലവ്) | എൽ.എഫ്.സി.എൻ.(സി1)606/2012- 20.02.14/ 09.04.14 | |
| 2011-12 (ചെലവ്) | എൽ.എഫ്.സി.എൻ.(സി1)243/13 17.10.14/ 30.12.14 | |
| 2012-13(ചെലവ്) | എൽ.എഫ്.സി.എൻ.(സി1)207/14 -16.07.15 | |
| 2013-14 (ചെലവ്) | കെ. എസ്.എ.കെ.സി.സി (സി1)614/15 – 03.12.2015 | |
| 2010-11, 2011-12, 2012-13, 2013-14 (വരവ്) | കെ. എസ്.എ.കെ.സി.സി (സി1)334/16 – 31.05.2016 | |
| 2014-15 | കെ. എസ്.എ.കെ.സി.സി (സി1)610/16 – 06.08.2016 | |
| 2015-16 | കെ. എസ്.എ.കെ.സി.സി (എസ്7)62/17 – 31.01.2017 | |
| 2016-17 | കെ. എസ്.എ.കെ.സി.സി (എസ്7) 838/17 – 28.11.2017 | |
| 2017-18 | കെ.എസ്.എ-കെ.സി.സി (എസ് 7) 1185/2018- 30.03.2019/ 29.04.2019 | |
| 2018-19 | കെ.എസ്.എ-കെ.സി.സി (എസ് 7)1004/2019 /11.06.2020 | |
| 2019-20 | കെ.എസ്.എ-കെ.സി.സി (എസ് 7)170/2021 /05.02.2022 | |
| 2020-21 | കെ.എസ്.എ-കെ.സി.സി (എസ് 7)608/2022 /14.07.2022 | |
| 2021-22 | കെ.എസ്.എ-കെ.സി.സി (എസ് 7)380/2023 06.05.2023 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 29 dated 22-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cochin Corporation Concurrent Corporation as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cochin Corporation Concurrent Corporation for the year 2022-2023

Date: 05/01/2024

Senior Deputy Director
Kochi Corporation
Kerala State Audit Department

## Audit Report appended to the Audit Certificate of Cochin Corporation Concurrent Corporation for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The Corporation has shown an amoun of Rs. 2,40,000/- as depreciation for bus in the item wise table of depreciation of fixed assets in AFS without having such an asset.
2. The fixed deposit certificate and share investment certificate are not produced for physical verification.
3. The asset register of Kochi Municipal Corporation is not produced for physical verification.
4. The plan grant amount such as Plan Fund (General), Plan Fund (SCP), Plan Fund (TSP) has been taken in ACR without source deduction in loan amounts. This caused a difference in actual allocation of Plan Fund.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കൊച്ചി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## 01.04.2022 മുതൽ 31.03.2023 വരെ പണമാക്കാനാവാതെ മടങ്ങിയ ചെക്കുകൾ

(ഖണ്ഡിക 1-87 കാണുക)

| No. | Cheque No. | Amount | Receipt No. | Office | Bank Name | Reason for return | Return Date | Item |
|---|---|---|---|---|---|---|---|---|
| 1. | 338439/30.4.22 | 1250 | 122150400013 | Main office | Federal bank | Instrument outdated | 5.5.222 | Profession tax |
| 2. | 001982/16.5.22 | 1263 | 122150500721 | Edappally | Kotak bank | Amount in words and figure differs | 18.5.22 | - |
| 3. | 885145/7.4.22 | 1263+8333= 9596 | 122150500150<br>122150500151 | Vyttila | SBI | Insufficient fund | 16.4.22 | Profession tax |
| 4. | 000128/29.4.22 | 2833 | 122150500527 | Main office | - | Account blocked | 29.4.22 | Property tax |
| 5. | 424513/28.4.22 | 347814 | 122150500470-480 | Main office | - | Required information not legible correct | 2.5.22 | Property tax |
| 6. | 012395/15.4.22 | 67133 | 122150500822 | Edappally | Central bank | Insufficient fund | 24.5.22 | Property tax |
| 7. | 738246/17.5.22 | 8301 | 122150500816 | Vyttila | SBI | Instrument post dated | 24.5.22 | Property tax |
| 8. | 012396/20.4.22 | 60354 | 122150500823 | Edappally | Central bank | Insufficient fund | 24.5.22 | Property tax |
| 9. | 059080/22.6.22 | 23760 | 122150501195 | Main office | Ekm. Dist. co.op bank | Alteration on instrument other than date field | 27.6.22 | Property tax |
| 10. | 358855/25.5.22 | 5602 | 122150500871 | Main office | - | Alteration on instrument other than date field | 30.5.22 | Property tax |
| 11. | 515042/10.5.22 | 49028 | 122150500737 | Vyttila zonal | Federal bank | Signature differs | 18.5.22 | Property tax |
| 12. | 050129/18.5.22 | 58748 | 122150500758 | Main office | Bank of Maharashtra | Refer to drawer | 21.5.22 | Property tax |
| 13. | 146693/18.5.22 | 810975 | 122150500784-<br>794 | Main office | - | Amount in words and figures differ | 21.5.22 | - |
| 14. | 000043/...... | 2675+3864 =6539 | 122150501102<br>122150501103 | - | HDFC bank | Alteration on instrument other than date field | 8.7.22 | Profession tax |
| 15. | 578402/28.6.22 | 28301 | 122150501524 | Main office | Federal bank | Instrument outdated | 14.7.22 | Property tax |
| 16. | 000476/15.7.22 | 12917 | 1221505012526 | Main office | Union bank | Instument past dated | 18.7.22 | Property tax |
| 17. | 255363/15.7.22 | 12209 | 12215050622 | Engineering department | PNB | Signature differs | 18.7.22 | Road cutting charge |
| 18. | 032632/30.8.22 | 205677 | 122150502660 | - | SBI | Signature differs | 1.9.22 | Property tax |
| 19. | 282413/29.6.22 | 2500 | 122150502233 | Main office | SBI | Kindly contact drawer/drawee bank | 24.8.22 | Profession tax |
| 20. | 282417/29.7.22 | 76875 | 122150502234 | - | SBI | Kindly contact drawer/drawee | 22.8.22 | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | bank | | |
| 21. | 000741/16.8.22 | 20882 | 122150502055 | Main office | South Indian bank | Alteration on instrument other than date field | 20.8.22 | Property tax |
| 22. | 099038/19.8.22 | 47800 | 122150502595 | Vyttila | Federal bank | Signature incomplete | 27.8.22 | - |
| 23. | 562805/15.9.22 | 48703 | 122150503382 | Main office | Canara bank | No signature | - | Rent on buildings |
| 24. | 000424/31.8.22 | 1250 | 122150502937 | - | Axis bank | Signature illegible | 7.9.22 | Profession tax |
| 25. | 683751/9.9.22 | 12613 | 122150503177 | - | SBI | Kindly contact drawer/drawee bank | 15.9.22 | Property tax |
| 26. | 486251/12.9.22 | 25398 | 122150503206 | Main office | Federal bank | No signature | - | Property tax |
| 27. | 347220/28.9.22 | 67869 | 122150504698 | Main office | Federal bank | Insufficient fund | 1.10.22 | Property tax |
| 28. | 254107/30.9.22 | 206544 | 122150505567 | Vyttila | Federal bank | Amount in words and figure differs | 10.10.22 | Property tax |
| 29. | 767093/15.9.22 | 10400 | 122150503704 | Vyttila | SBI | Alteration on instrument other than date field | 26.9.22 | Profession tax |
| 30. | 561032/30.8.22 | 13750 | 122150504265 | Pachalam | SBI | Signature differs | 26.9.22 | Profession tax |
| 31. | 405777/20.9.22 | 15830 | 122150505132 | Vyttila | Federal bank | Insufficient fund | 4.10.22 | Property tax |
| 32. | 255363/15.7.22 | 12209 | 122150501622 | Main office | PNB | No signature | 22.7.22 | Road cutting |
| 33. | 117311/16.9.22 | 103174 | 122150504261 | Vyttila | SBI | Amount in words and figure differs | 30.9.22 | Property tax |
| 34. | 581344/30.9.22 | 12955 | 122150505314 | Main office | Federal bank | Insufficient fund | 4.10.22 | Property tax |
| 35. | 405776/20.9.22 | 3686 | 122150502128 | Vyttila | Federal bank | Insufficient fund | 4.10.22 | Property tax |
| 36. | 108972/19.9.22 | 6000 | 122150505212 | Vyttila | BOI | Exceeds arraangement | 4.10.22 | Profession tax |
| 37. | 920684/29.9.22 | 14142 | 122150505179 | Main office | Axis bank | Alteration on instrument other than date field | 4.10.22 | Property tax |
| 38. | 920683/28.9.22 | 13110 | 122150505178 | Main office | Axis bank | Alteration on instrument other than date field | 4.10.22 | Property tax |
| 39. | 000012/12.9.22 | 3500 | 122150503618 | Edappally | HDFC | Teared cheque | 18.9.22 | Profession tax |
| 40. | 000286/22.9.22 | 22793 | 122150507502 | Edappally | HDFC | Insufficient data | - | Property tax |
| 41. | 156641/16.9.22 | 3040 | 122150507769 | Fort Kochi | SBI | Insufficient data | - | Property tax |
| 42. | 000026/15.9.22 | - | 122150500886 -887 | Fort Kochi | Kotak bank | Amount different | - | Property tax |
| 43. | 027989/30.9.22 | 16110 | 122150506709 | Vyttila | HDFC | Amount | 13.10.22 | Profession |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | different | | tax |
| 44. | 001573/30.9.22 | 395364 | 122150505475 | Edappally | City union bank | Signature different | 17.10.22 | Property tax |
| 45. | 216632/11.10.22 | 1250 | 122150506394 | Main office | Indian bank | - | 17.10.22 | Profession tax |
| 46. | 002001/12.10.22 | 12639 | 122150506502 | Edappally | HDFC | Alteration on instrument other than date field | - | - |
| 47. | 000001/11.10.22 | 7630 | 122150506432 | Edappally | Rbl bank | Insufficient fund | - | - |
| 48. | 000192/13.9.22 | 59514 | 122150503232-3234 | - | HDFC | Insufficient fund | `- | - |
| 49. | 000086/30.9.22 | 47480 | 122150505429 | Pachalam | HDFC | Insufficient fund | - | Profession tax |
| 50. | 035886/21.10.22 | - | 122150506914 | Pachalam | SBI | Signature different | - | - |
| 51. | 545557/21.10.22 | 1500 | 122150506902 | Vyttila | Federal bank | Required information not legible correct | - | Profession tax |
| 52. | 035893/13.10.22 | 1432 | 122150506584 | - | Union bank | Refer to drawer | - | Rent on building |
| 53. | 214315/20.10.22 | 16730 | 122150506856 | Vyttila | Federal bank | Alteration require drawers authentication | - | Property tax |
| 54. | 000432/13.10.22 | 5059 | 122150506715 | Vyttila | ESAF | Signature differs | - | Property tax |
| 55. | 022840/7.10.22 | 25704 | 122150506107 | Mattanchery | Axis bank | Alteration require drawers authentication | - | Property tax |
| 56. | 392445/11.10.22 | 15448 | 122150506407 | Main office | Federal bank | Amount in word and figure differs | - | Property tax |
| 57. | 526748/.......... | 67148 | 122150506102 | Mattanchery | HDFC | Amount in word and figure differs | - | Property tax |
| 58. | 678552/.......... | 25950 | 122150505772-5773 | Vyttila | ICICI bank | Drawers signature not as per mandate | - | Profession tax |
| 59. | 051285/2.10.22 | 75936 | 122150505739 | Edappally | South Indian bank | Account blocked | - | Profession tax |
| 60. | 051287/2.10.22 | 79769 | 122150505737 | Edappally | South Indian bank | Account blocked | - | - |
| 61. | 007704/.......... | 101450 | 122150505829-5830 | Vyttila | - | Title of account required | - | - |
| 62. | 051286/2.10.22 | 1250 | 122150505738 | Edappally | South Indian bank | Account blocked | - | - |
| 63. | 000002/2.10.22 | 23850 | 122150505887 | Vyttila | HDFC | Drawers signature not as per mandate | - | - |
| 64. | 047402/29.9.22 | 24250 | 122150505884-5885 | Vyttila | HDFC | Signature differs | - | - |
| 65. | 130436/........ | 9677 | 122150505928 | - | Bank of India | Drawers signature not as per mandate | - | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 66. | 259330/........ | 29427 | 122150507058 | - | Canara bank | Operating instruction joint by all | - | - |
| 67. | 130435/2.10.22 | 2268 | 122150505791 | Pachalam | Bank of India | Drawers signature not as per mandate | - | - |
| 68. | 790555/1.10.22 | 2000 | 122150505645 | Edappally | SBI | Signature to operate account not recieved | - | - |
| 69. | 051288/2.11.22 | 1250 | 122150505740 | Edappally | South Indian bank | Account blocked | - | - |
| 70. | 848899/...... | 43350 | 122150505707 | Edappally | Federal bank | Insufficient fund | - | - |
| 71. | 009036/2.9.22 | 178438 | 122150502849 | Vyttila | - | Signature incomplete illegible | - | Property tax |
| 72. | 000363/29.10.22 | 15280 | 122150507205 | Vyttila | - | Payee name required | - | Profession tax |
| 73. | 843316/26.10.22 | 38249 | 122150507076 | Vyttila | - | Insufficient fund | - | Profession tax |
| 74. | 030264/27.10.22 | 38977 | 122150507110 | Main office | `- | Amount in words and figure differs | - | Profession tax |
| 75. | 080417/8.10.22 | 1250 | 122150505869 | Edappally | - | Signature differs | - | Profession tax |
| 76. | 104951/...... | 234374 | 122150507852<br>-7853 | Palluruthy | - | No L.C | - | - |
| 77. | 466384/....... | 20572 | 122150507904 | - | - | Period and library cess not shown | - | Property tax |
| 78. | 021213/....... | 131535 | - | - | - | - | - | Property tax |
| 79. | 831082/19.11.22 | 214146 | 122150507672 | Edappally | Standard charted bank | Insufficient fund | - | - |
| 80. | 846850/23.11.22 | 16223 | 122150507714 | Edappally | - | Insufficient fund | - | - |
| 81. | 846851/23.11.22 | 1288 | 122150507715 | - | - | - | - | - |
| 82. | 248444/........ | 18313 | - | - | - | Amount in words and figure differs | - | - |
| 83. | 021213/........ | - | 122150508372<br>-8375 | - | Union bank | - | - | - |
| 84. | 616647/........ | 9400 | 122150508190 | Mattanchery | Federal bank | GST and PI are not correct | - | - |
| 85. | 513868/........ | 3178057 | 122150508353<br>-8364 | - | - | - | - | Property tax |
| 86. | 269674/....... | 25000 | 122150508796 | - | - | - | - | Property tax |
| 87. | 269675/....... | 25000 | 122150508794 | - | - | - | - | Property tax |
| 88. | 269676/........ | 4334 | 122150508795 | - | - | - | - | Property tax |
| 89. | MA1637361/ | 7700 | 122150508688 | - | Sub treasury | - | Professional tax`- | Profession tax |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 6.2.23 | | | | Ekm | | | |
| 90. | 016611/....... | 1250 | 122150502922 | - | Central bank of India | Contact drawer/ drawee bank | - | Profession tax |
| 91. | 016612/....... | 1250 | 122150502749 | - | Central bank of India | Contact drawer/ drawee bank | - | Profession tax |
| 92. | 016613/....... | 41000 | 122150502921 | - | Central bank of India | Contact drawer/ drawee bank | - | Profession tax |
| 93. | 584066/13.2.23 | 10361 | 122150509319 | - | Federal bank | Insufficient fund | - | Rent on building |
| 94. | 025721/22.2.23 | 5248 | 122150509339 | - | Central bank of India | Insufficient fund | - | Property tax |
| 95. | 316600/20.12.23 | 70125 | 122150509228 | - | Federal bank | Signature differs | - | Property tax |
| 96. | 344842/8.2.23 | 10000 | 122150508756 | - | Indian bank | Instrument outdated | - | Property tax |
| 97. | 639973/8.2.23 | 201000 | 122150508754 | - | South Indian bank | Instrument outdated | - | Property tax |
| 98. | 316597/10.2.23 | 70125 | 122150508807 | - | Federal bank | Signature differs | - | Property tax |
| 99. | 000596/21.2.23 | 2305 | 122150509717 | - | ICICI bank | Amount in words and figure differs | - | Property tax |
| 100. | 102593/21.12.23 | 1968 | 122150509509 | - | Axis bank | Payees endorsement required | - | Property tax |
| 101. | 248444/8.12.22 | 18313 | 122150507907 | - | SBI | Amount in words and figure differs | - | Property tax |
| 102. | 553172/27.2.23 | 22863 | 122150509694 | - | SBI | Insufficient fund | - | Property tax |
| 103. | 510325/24.2.23 | 28069 | 122150509529 | - | SBI | Insufficient fund | - | Property tax |
| 104. | 102590/24.2.23 | 60677 | 122150509562 | - | Axis bank | Alteration on instrument other than date field | - | Property tax |
| 105. | 000203/28.11.22 | 19396 | 122150507774 | - | HDFC | Alteration on instrument other than date field | - | Property tax |
| 106. | 102589/23.2.23 | 5127 | 122150509490 | - | Axis bank | Payees endorsement required | - | Profession tax |
| 107. | 827633/24.2.23 | 61236 | 122150509530 | - | SBI | Insufficient fund | - | Property tax |
| 108. | 000122/3.3.23 | 40670 | 122150510257 | - | ICICI bank | Payee name required | - | Profession tax |
| 109. | 127553/8.3.23 | 41910 | 122150510632 | - | Axis bank | Drawees signature not as per mandate | - | Profession tax |
| 110. | 875843/11.3.23 | 1250 | 122150510001 | - | SBI | Alteration require drawers authentication | - | Profession tax |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 111. | 368212/2.3.23 | 1250 | 122150510040 | - | PNB | Sign not uploaded | - | Profession tax |
| 112. | 878911/13.3.23 | 1250 | 122150509966 | - | SBI | Drawers signature to operate account not reecieved | - | Profession tax |
| 113. | 878912/1.3.23 | 1250 | 122150509965 | - | SBI | Drawers signature to operate account not reecieved | - | Profession tax |
| 114. | 100160/28.3.23 | 10486 | 122150512923 | Edappally | CSB | Payees endorsement required | 4.4.23 | - |
| 115. | 451677/23.2.23 | 11340 | 122150400303 | Mattanchery | Federal bank | Account blocked | 4.4.23 | - |
| 116. | 451673/7.2.23 | 42000 | 122150513064 | Mattanchery | Federal bank | Account blocked | 4.4.23 | - |
| 117. | 213257/27.3.23 | 30800 | 122150512543 | Vyttila | South Indian bank | Exceeds arrangement | 3.4.23 | - |
| 118. | 344497/15.2.23 | 1250 | 122150512621 | Mattanchery | SBI | Insufficient fund | 3.4.23 | - |
| 119. | 415011/27.3.22 | 15880 | 122150512379 | Main office | Indusind bank | Amount in words and figure differs | 3.4.23 | - |
| 120. | 599211/16.3.23 | 1250 | 122150512416 | Edappally | SBI | Insufficient fund | 3.4.23 | - |
| 121. | 021062/29.3.23 | 74508 | 122150513766 | Edappally | Citi Union bank | Payees endorsement required | 5.4.23 | - |
| 122. | 100882/31.3.23 | 53330 | 122150513721 | Edappally | Federal bank | Required information not legible correct | 5.4.23 | - |
| 123. | 344499/15.2.23 | 8850 | 122150512620 | Mattanchery | SBI | Insufficient fund | 3.4.23 | - |
| 124. | 565638/24.3.23 | 118482 | 122150512945 | Palluruthy | - | Contact drawer bank | 4.4.23 | - |
| 125. | 333767/2.3.23 | 22927 | 122150510099 | Edappally | SBI | Contact drawer bank | - | - |
| 126. | 034634/7.3.23 | 43242 | 122150511196 | Edappally | South Indian bank | Alteration on instrument other than date field | - | - |
| 127. | 282432/11.11.22 | 1250 | 122150400171 | - | SBI | Contact drawer bank | - | - |
| 128. | 459974/31.3.23 | 16740 | 122150512344 | - | Federal bank | Amount is words and figure differs | - | - |
| 129. | 022342/28.3.23 | 138313 | 1221505111814<br>-821 | - | South Indian bank | Signature differs | - | - |
| ആകെ തുക | | 9017435 | | | | | | |